ജനകീയാസൂത്രണം

പാടൂം ഗ്രാമ പഞ്ചായത്ത്



വികസനരേഖ

1996

അധികാരം ജനങ്ങളിലേക്ക്

ഒൻപതാം പദ്ധതി ജനകീയ പദ്ധതി


പാടൂം ഗ്രാമ പഞ്ചായത്ത്

വികസന സെമിനാർ

1996 ഡിസംബർ 8നു ഞായറാഴ്ച

വികസനരേഖ

പാടൂം ഗ്രാമ പഞ്ചായത്തിന്റെ ഭൂപടം



പഞ്ചായത്ത് ഭരണസാരഥികൾ



കുററിച്ചി ഭാസ്കരൻ (പ്രസിഡണ്ട്)



ടി. ദാമോദരൻ (വൈ. പ്രസിഡണ്ട്)



സി. പി. നാരായണൻ (സ്റ്റാന്റിങ്ങ് കമ്മിറ്റി ചെയർമാൻ)

കെ. ടി. ഭാസ്കരൻ (മെമ്പർ)
സി. പി. ലളിത ,,
ടി. എൻ. വത്സല ,,
ഇ. എം. സി. മുഹമ്മദ് ,,
കെ. ഭരതൻ മാസ്റ്റർ ,,
ടി വി. ബാലൻ ,,
കെ. ശൈലജ ,,
കെ പി. മാധവിടീച്ചർ ,,

- പഞ്ചായത്തിന്റെ പൊതുവിവരം -

പഞ്ചായത്തിന്റെ പേര്	:	പാടൃം ഗ്രാമപഞ്ചായത്ത്
ഉൾപ്പെടുന്ന വില്ലേജുകൾ	:	പാടൃം, ചെറുവാഞ്ചേരി
ബ്ലോക്ക് പഞ്ചായത്ത്	:	കൂത്തുപറമ്പ്
ജില്ലാ പഞ്ചായത്ത് മണ്ഡലം	:	മൊകേരി
താലൂക്ക്	:	തലശ്ശേരി
അസംബ്ലി മണ്ഡലം	:	പെരിങ്ങളം
വിസ്തീർണ്ണം	:	27.88 ച. കി. മീ.
ഗ്രേഡ്	:	II
അതിരുകൾ	:	വടക്ക് കോട്ടയം ഗ്രാമപഞ്ചായത്ത്, കൂത്തുപറമ്പ് മുൻസിപ്പാലിറ്റി, ചിറ്റാരിപ്പറമ്പ് ഗ്രാമപഞ്ചായത്ത് കിഴക്ക്: ചിറ്റാരിപ്പറമ്പ് ഗ്രാമപഞ്ചായത്ത് കുന്നോത്ത്പറമ്പ് ഗ്രാമപഞ്ചായത്ത് തെക്ക്: മൊകേരി ഗ്രാമപഞ്ചായത്ത് പടിഞ്ഞാറ്: കതിരൂർ ഗ്രാമപഞ്ചായത്ത് കോട്ടയം ഗ്രാമപഞ്ചായത്ത്
ജനസംഖ്യ (based on 1991census):		27589 പുരുഷൻ-13221, സ്ത്രീ-14368
ജനസാന്ദ്രത	:	990/ച. കി. മീ.
സാക്ഷരതാ ശതമാനം	:	പു. - 95.90 സ്ത്രീ - 89.24 ആകെ 92.41
വാർഡുകൾ	:	11

വികസനരേഖ തയ്യാറാക്കിയ കോർഗ്രൂപ്പ്

ചരിത്രം

കെ കരുണൻ മാസ്റ്റർ
എൻ ജനാർദ്ദനൻമാസ്റ്റർ

കൃഷിയും ജലസേചനവും

എം രവീന്ദ്രനാഥ്
വി പത്മനാഭൻ, കൃഷി ആഫീസർ
പാടൃം
എ സുരേഷ്, സിക്രട്ടറി പാടൃം
ഗ്രാമപഞ്ചായത്ത്
സി ചന്ദ്രൻ
എൻ പി പ്രീഗേഷ്

മൃഗസംരക്ഷണവും
ക്ഷീര വികസനവും

കെ സുധാകരൻ
യു വിജയൻ
ഡോ; ശിവദാസൻ

വിദ്യാഭ്യാസം

എം പ്രകാശൻ
വി നാരായണൻമാസ്റ്റർ
സി രാജൻമാസ്റ്റർ

വ്യവസായം

ബി ബിജുമോഹൻ
വി ദാമോദരൻ
കെ പി പ്രമോദൻ
ടി പി ഇബ്രാഹിം

ഗതാഗതം, ഊർജ്ജം, മാർക്കറ്റ്

എം പി ഭക്തദാസൻ
പുതുശ്ശേരി രാജൻ

സാമൂഹ്യക്ഷേമം, പാർപ്പിടം

കെ വി പ്രേമൻ
പി സുധാകരൻ

സംസ്ക്കാരം

കെ ജീവൻ
എം സി രാഘവൻമാസ്റ്റർ

സഹകരണം

വി രാജൻ
കെ കെ മോഹൻദാസ്

കുടിവെള്ളവും,
പൊതുജനാരോഗ്യവും

കെ ബാബു
സുബൈർ

പട്ടികജാതി, പട്ടികവർഗ്ഗം

കെ പി അരുൺകുമാർ
എ സി രാധ
ടി ദാമോദരൻ

വനിതാക്ഷേമം

എം ഇ പത്മനാഭൻ
വി എം സുധാകരൻ
വി കെ ജലജ

വിഭവസമാഹരണം

സി പി നാരായണൻ
ടി ടി രാജൻമാസ്റ്റർ

ഉള്ളടക്കം

ആമുഖം

ഭൂപ്രകൃതി, ജനപ്രകൃതി, ജലപ്രകൃതി

ഭരണചരിത്രം

സാമൂഹ്യ-സാംസ്കാരിക ചരിത്രം

കൃഷി-ജലസേചനം

മൃഗപരിപാലനം, ക്ഷീരവികസനം,
മത്സ്യബന്ധനം

വിദ്യാഭ്യാസം

വ്യവസായം

ഗതാഗതം, ഊർജ്ജം, മാർക്കറ്റ്

സാമൂഹ്യക്ഷേമം, പാർപ്പിടം

സംസ്കാരം

സഹകരണം

പൊതുജനാരോഗ്യവും, കുടിവെള്ളവും

പട്ടികജാതി—പട്ടികവർഗക്ഷേമം

വനിതാക്ഷേമം

വിഭവസമാഹരണം

പാടൃം പഞ്ചായത്തിന്റെ
മുൻകാലഭരണസാരഥികൾ

1961 ഡിസംബർ 28ന് പാടൃം ഗ്രാമപഞ്ചായത്ത് നിലവിൽ വന്നു. 1963ഡിസംബർ 17ന് ഒന്നാമത്തെ ഭരണ സമിതി അധികാരമേറ്റു.
പ്രഥമപ്രസിഡണ്ട് ശ്രീ. എ. സി.കുഞ്ഞമ്പുവും വൈസ്പ്രസിഡണ്ട് പി. പി: ഗോവിന്ദനുമായിരുന്നു.
സമിതി 1979 വരെ അധികാരത്തിൽ തുടർന്നും 1979ൽ നടന്ന തെരഞ്ഞെടുപ്പിന്ശേഷം കെ. പി. ശ്രീധരൻമാസ്റ്റർ പ്രസിഡണ്ടായി. 1984 ഭരണ സമിതിയുടെ കാലാവധി തീർന്നു. പഞ്ചായത്ത് ഭരണം അഡ്മിനിസ്ട്രേറ്ററുടെ കീഴിലു മായി. 1988ൽ നടന്ന തെരഞ്ഞെടുപ്പിനെതുടർന്ന് ശ്രീ കെ. പി. ശ്രീധരൻമാസ്റ്ററെ വീണ്ടും പ്രസിഡണ്ടായി തെരഞ്ഞെടുത്തു. ശ്രീധരൻമാസ്റ്റർ 1990ൽ പ്രസിഡണ്ട് സ്ഥാനം രാജിവെക്കുകയും തുടർന്ന് ശ്രീ എം. കെ. ഗോപാലൻമാസ്റ്റർ പ്രസിഡണ്ടായി. 1995ലെ തെരഞ്ഞെടുപ്പിനെ തുടർന്ന് ശ്രീ കുറ്റിച്ചിഭാസ്കരനെ പ്രസിഡണ്ടായി തെരഞ്ഞെടുക്കുകയും അദ്ദേഹം പ്രസിഡണ്ടായി തുടരുകയും ചെയ്യുന്നു.

ആമുഖം

നിരവധി രംഗങ്ങളിൽ ലോകത്തിന് മാതൃകയായ കേരളം ഇന്ന് ഇന്ത്യയ്ക്കും ഒരു പക്ഷേ ലോകത്തിനു തന്നെയും മാതൃകയാകാൻ പോകുന്ന ഒരു മഹത്തായ യജ്ഞത്തിന്റെ–ജനകീയാസൂത്രണത്തിന്റെ പ്രവർത്തനത്തിലാണല്ലോ. ജനകീയ ആസൂത്രണം എന്നത് കൊണ്ട് ഉദ്ദേശിക്കുന്നത് അധികാര വികേന്ദ്രീകരണം യാഥാർത്ഥ്യമാക്കി അധികാരം ജനങ്ങളിലേക്ക് എത്തിക്കുക എന്നതാണ്. അധികാരം കേന്ദ്രീകരിക്കുകയും ആസൂത്രണം മുകൾ തട്ടിൽ നിന്നു നടത്തി കീഴോട്ടേക്ക് അടിച്ചേൽപ്പിക്കുക എന്ന സമീപനമാണ് നാളിതുവരെ നാം സ്വീകരിച്ചത്. പദ്ധതിയുടെ ആസൂത്രണത്തിലോ നടത്തിപ്പിലോ പ്രത്യക്ഷമായോ പരോക്ഷമായോ പങ്കില്ലാതിരുന്ന ജനതയ്ക്ക് ഈ പദ്ധതികൾ തങ്ങളുടേതാണെന്ന ബോധവുമുണ്ടായില്ല. ഈ അവസ്ഥയ്ക്കൊരു മാറ്റം ജനകീയാസൂത്രണം കൊണ്ടുണ്ടാവുമെന്ന് നമുക്ക് വിശ്വസിക്കാം.

ആസൂത്രണം താഴെ തട്ടിൽ സാധാരണ ജനങ്ങളിൽ നിന്ന് ആരംഭിച്ച് അവരുടെ ആവശ്യങ്ങളെപ്പറ്റി തീരുമാനം എടുക്കാനും അവ നടപ്പിലാക്കുന്നതിൽ പങ്കുവഹിക്കാനും സാധാരണ ജനങ്ങൾക്ക് അവസരം നൽകാൻ ജനകീയാസൂത്രണം സഹായകരമായിത്തീരും എന്നകാര്യത്തിൽ തർക്കമില്ല.

9ാം പഞ്ചവത്സര പദ്ധതിയിൽ പദ്ധതിവിഹിതത്തിന്റെ 40% ത്രിതല പഞ്ചായത്തുകൾക്ക് നൽകുമെന്ന സംസ്ഥാന സർക്കാരിന്റെ പ്രഖ്യാപനം ജനങ്ങളിൽ വലിയ പ്രതീക്ഷിച്ചയുണർത്തിയിട്ടുണ്ട്.

ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ നേതൃത്വത്തിൽ വിവിധ സംഘടനകളെയും ബഹുജനങ്ങളെയും വിദഗ്ധരെയും പ്രാദേശികമായി കോർത്തിണക്കിയാണ് മഹത്തായ യജ്ഞത്തിന്റെ ഒന്നാം ഘട്ടം നാം പൂർത്തിയാക്കിയത്. പഞ്ചായത്തിലെ 11 മണ്ഡലങ്ങളിലെയും പ്രത്യേകം ഗ്രാമസഭകൾ വമ്പിച്ച ജനപങ്കാളിത്തത്തോടെ നടത്താൻ സാധിച്ചു. ഗ്രാമസഭകളിൽ നിന്ന് വന്ന നിർദ്ദേശങ്ങളും അഭിപ്രായങ്ങളും നമ്മുടെ പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്ക് മുതൽക്കൂട്ടാകുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല ഗ്രാമസഭകൾ വിജയിപ്പിക്കുന്നതിനായി മുഴുവൻ മണ്ഡലങ്ങളിലും സംഘാടക സമിതി രൂപീകരിക്കുകയും 5 മുതൽ 10 വരെ സ്കോഡുകൾ മുഴുവൻ വീടുകളും സന്ദർശിച്ച് ഗ്രാമസഭകളിലേക്ക് ജനങ്ങളെ ക്ഷണിക്കുകയും ചെയ്തു. വികസന ദീപമാല, ചെണ്ടകൊട്ടി പ്രചരണം മൈക്ക് പ്രചരണം, ഗാനസന്ധ്യ എന്നീ പ്രചരണ പരിപാടികൾ സംഘടിപ്പിച്ചു. ഗ്രാമസഭകൾക്ക് മുമ്പായും ഗ്രാമസഭകൾക്ക് ശേഷവും പഞ്ചായത്ത് തലത്തിൽ 2 ശിൽപശാലകൾ സംഘടിപ്പിക്കുകയുണ്ടായി. രണ്ടാം ഘട്ട ശിൽപശാലയിൻ വികസനരേഖ എഴുതുന്നതിന് 13 ഗ്രൂപ്പുകളെ നിയോഗിക്കുകയും പഞ്ചായത്ത് ഭരണസമിതിയുടെ സജീവമായ നേതൃത്വത്തിൽ പരിശീലനം ലഭിച്ച ഉദ്യോഗസ്ഥൻമാർ, സന്നദ്ധപ്രവർത്തകർ, വിദഗ്ദ്ധൻമാർ തുടങ്ങി 75ഓളം പേരുടെ അശ്രാന്ത പരിശ്രമത്തിന്റെ ഫലമാണ് ഈ വികസനരേഖ.

പാടൂം ഗ്രാമപഞ്ചായത്തിലെ ബഹുജനങ്ങളുടെ രാഷ്ട്രീയ ബോധത്തിന്റെയും സേവനസന്നദ്ധതയുടെയും അടിത്തറയിൽ മൺമറഞ്ഞ ജനസേവകരുടെ ഓർമ്മകളിൽ നിന്ന് പ്രചോദനമുൾകൊണ്ട് ബഹുജന ശക്തിയെ പൂർണ്ണമായുപയോഗപ്പെടുത്തി ജനകീയാസൂത്രണവും നിർവ്വഹണവും നമുക്ക് യാഥാർത്ഥ്യമാക്കാം. നമ്മുടെ ഗ്രാമപഞ്ചായത്തിന്റെ വികസന വെല്ലുവിളികളെ നേരിടാനും വികസന രേഖ യാഥാർത്ഥ്യമാക്കാനുമുള്ള യജ്ഞത്തിൽ ഒന്നായി നമുക്ക് പങ്ക് ചേരാം.

ഭൂപ്രകൃതി-ജനപ്രകൃതി-ജലപ്രകൃതി

പാടൃം ഗ്രാമപഞ്ചായത്തിന്റെ പശ്ചിമമേഖല ഇടനാടൻ ഭൂപ്രകൃതിയുള്ളതും. പൂർവ്വമേഖല മലനാടിന്റെ ഭൂപ്രകൃതിയുള്ളതുമാണ്. പഞ്ചായത്തിലെ ഏറ്റവും ഉയരംകൂടിയ ഇളമാങ്കൽകുന്നിൽ നിന്നും ഉത്ഭവിക്കുന്ന പാത്തിപ്പുഴ, (തലശ്ശേരിപ്പുഴ) പഞ്ചായത്തിനകത്തുകൂടിയും പഞ്ചായത്തിന്റെ അതിരിൽകൂടിയും ഏകദേശം 14കിലോമീറ്റർദൂരം ഒഴുകുന്നു. പഞ്ചായത്തിന്റെ കിഴക്ക് ഭാഗത്ത് കണ്ണവം റിസർവ്ഫോറസ്റ്റാണ്.

അക്ഷാംശം 11°.4'.5'' മുതൽ11°4'9''വരെയും രേഖാംശം 75°3'8''മുതൽ 75°,41''വരെയുള്ള ഉത്തരമദ്ധ്യമേഖല പ്രദേശത്താണ് പാടൃം ഗ്രാമപഞ്ചായത്ത്. പഞ്ചായത്തിന്റെ പടിഞ്ഞാറ് കതിരൂർ–കോട്ടയം പഞ്ചായത്തും വടക്ക്കോട്ടയം–ചിറ്റാരിപറമ്പ് ഗ്രാമപഞ്ചായത്തുകളും, കൂത്തുപറമ്പ് മുൻസിപ്പാലിറ്റിയും കിഴക്ക് ചിറ്റാരിപറമ്പ് കുന്നോത്തുപറമ്പ് ഗ്രാമപഞ്ചായത്തുകളും തെക്ക് കുന്നോത്തുപറമ്പ് മൊകേരിഗ്രാമപഞ്ചായത്തുകളും സ്ഥിതിചെയ്യുന്നു. പഞ്ചായത്തിന്റെ വിസ്തീർണ്ണം 27 88 ചതുരശ്ര കിലോ മീറ്ററാണ്.

ഭൂപ്രകൃതി അനുസരിച്ച് പഞ്ചായത്തിനെ നാല് ഭാഗങ്ങളാക്കാം.

1 ഉയർന്ന സമതലം
2 ചരിഞ്ഞ പ്രദേശം
3 ചെറു ചെരിവ്
4 സമതലം

പഞ്ചായത്തിന്റെ വിസ്തൃതിയുടെ 5% വന പ്രദേശമാണ്. കരിങ്കല്ലും ചെങ്കല്ലും ഖനനം ചെയ്യപ്പെടുന്ന പ്രദേശങ്ങളും പഞ്ചായത്തിൽ ഉണ്ട്. കരികലിൽ കണ്ണൂർജില്ലയിലെ തന്നെ പ്രശസ്തമായ ചേക്കപ്പാറയുടെ ഭൂരിഭാഗവും നമ്മുടെ പഞ്ചായത്തിലാണ്. 7.5 ഭൂവിഭാഗത്തു ചെങ്കൽ മണ്ണാണ്.

ജനപ്രകൃതി

വിദ്യാഭ്യാസ കാര്യത്തിൽ വളരെ പണ്ട് തന്നെ മുന്നേക്കം നിൽക്കുന്ന പഞ്ചായത്താണ് പാടൃം സാക്ഷരയിൽ ജില്ലയിലെ മുന്നിൽ നിൽക്കുന്ന പഞ്ചായത്തുകളിൽ ഒന്ന് പാടൃമാണ്. വിദ്യാഭ്യാസം നേടിയവരുടെ തൊഴിലില്ലായ്മ പഞ്ചായത്ത് അഭിമുഖീകരിക്കുന്ന ഒരു പ്രസ്നമാണ് എന്നതോടപ്പം തന്നെ സർക്കാർ അർദ്ധസർക്കാർ ജീവനക്കാർ വളരെ അധികം നമ്മുടെ പഞ്ചായത്തിൽ ഉണ്ട് എന്നതു വിസ്മരിച്ചുകൂടാ.

പരമ്പരാഗത വ്യവസായമായ കൈതറി വ്യവസായത്തിന് ഉണ്ടായ തകർച്ചയും ബീഡിവ്യവസായരംഗത്ത് ഉണ്ടായ പ്രതിസന്ധിയും പഞ്ചായത്തിന്റെ സാമ്പത്തിക നിലയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. കാർഷിക രംഗം ആദായകരമല്ലാതായതോടെ മറ്റ്തൊഴിൽ മേഖലകളും തേടി ഈ രംഗത്തുള്ളവർ ഭൂരിഭാഗവും ചെന്നെത്തിയത് കെട്ടിടനിർമ്മാണരംഗത്താണ്.

1991ലെ സെൻസസിന്റെ ഒരു വിശകലനം നടത്തിയാൽ സ്ത്രീകളും പഞ്ചായത്തിൽ കൂടുതലാണ് എന്ന് കാണാം 1000 പുരുഷൻമാർക്ക് 1087 സ്ത്രീകളാണ് പഞ്ചായത്തുകളിൽ ഉള്ളത്. എന്നാൽ പട്ടികജാതി പട്ടികവർഗത്തിന്റെ കാര്യത്തിൽ സ്ത്രീകളും കുറവും പുരുഷൻമാർ കൂടുതലുമാണ്. സാക്ഷരയിൽ പുരുഷൻമാരാണ് മുന്നിൽ.


ജാതീയമായ അസമത്വങ്ങളും അനാചാരങ്ങളും മുമ്പ് നിലനിന്നിരുന്നെങ്കിലും വാഗ്ഭടാനന്ദന്റെ പ്രവർത്തനങ്ങളും ജാതീയമായ അസമത്വങ്ങളും അനാചാരങ്ങളും സമൂഹത്തിൽ നിന്ന് അകറ്റാൻ സഹായികമായി വാഗ്ഭടാനന്ദന്റെ സമരംതാഴ്ന്നതും ഉയർന്നതുമായ ജാതികളിൽ വലിയ സ്വാധീനം ചെലുത്തിയിട്ടുണ്ട്. അത് പഞ്ചായത്തിന്റെ ഇന്നുകാണുന്ന മതനിരപേക്ഷ സംസ്ക്കാരത്തിന്റെ വളർച്ചക്ക് സഹായകരമായി എന്നതും വിസ്മരിക്കാൻ പറ്റില്ല.

ജലപ്രകൃതി


പഞ്ചായത്തിൽ വർഷത്തിൽ ശരാശരി 3467 മില്ലിമീറ്റർ മഴലഭിക്കുന്നു. ജൂൺ, ജൂലായി, ആഗസ്റ്റ് മാസങ്ങളിലാണ് കൂടുതൽ മഴലഭിക്കുന്നത്. ഏറ്റവും കുറച്ച് മഴലഭിക്കുന്നത് മാർച്ച്, ഏപ്രിൽമാസങ്ങളിലാണ്.13ഓളം തോടുകളും നിരവധി നീർച്ചാലുകളും പഞ്ചായത്തിലൂടെ ഒഴുകുന്നുണ്ട്. ജലസേചനത്തിന് ഉപകരിക്കുന്ന 47 കുളങ്ങളും പഞ്ചായത്തിന്റെ വിവിധഭാഗങ്ങളിലായി സ്ഥിതിചെയ്യുന്നു.

പഴശ്ശി ജലസേചന പദ്ധതിയുടെ ഭാഗമായുള്ള മെയ്ൻ കനാലും ഉപകനാലുകളും പഞ്ചായത്തിന്റെ പടിഞ്ഞാറ് ഭാഗത്ത് ഉണ്ടെങ്കിലും ആവശ്യമായ സമയത്ത് കനാലിൽ വെള്ളം ഉണ്ടാവാറില്ല മാർച്ച്, ഏപ്രിൽ, മെയ് മാസങ്ങളിൽ ശുദ്ധജലക്ഷാമം പഞ്ചായത്തിലെ നിരവധി പ്രദേശങ്ങളിൽ അനുഭവപ്പെടുന്നു. ജലക്ഷാമം ഭൂപ്രകൃതിയുമായി ബന്ധപ്പെട്ടതാണ്. കുന്നിൻപ്രദേശങ്ങളിലും ഭൂമിക്കടിയിൽ കരിങ്കൽപാറയുള്ള പ്രദേശങ്ങളിലുമാണ് പൊതുവിൽ ജലക്ഷാമം അനുഭവപ്പെടുന്നത്.

പാടൂർ ഗ്രാമപഞ്ചായത്ത് ഭൂപ്രകൃതി ഭൂപടം



സാമൂഹ്യ-സാംസ്കാരിക ചരിത്രം



''പാഠ്യ''ത്തിൽ നിന്നും പാടുമുണ്ടായി. പഠിക്കാൻ സൗകര്യമുള്ള നാട്. തെളിവുകളും അന്വേഷിച്ച് പരക്കം പായണമെന്നില്ല. കാരണവന്മാരുടെ ഓർമ്മകളിൽ ജീവനുള്ള അനുഭവങ്ങളുണ്ട്. കഴിഞ്ഞ നൂറ്റാണ്ടിൽ തന്നെ സംസ്കൃത പാഠശാലകളും, കുടിപ്പള്ളിക്കൂടങ്ങളും ഇവിടെയുണ്ടായിരുന്നു. അവർണ്ണരായിരുന്നു ഗുരുജനങ്ങളും എന്നതും സ്മരണീയമാണ്. വാഗ്ഭടാനന്ദന്റെ പിതാവായ കോരൻ ഗുരുക്കളും സംസ്കൃതഭാഷയും, ഏക ദൈവ വിശ്വാസവും വളർത്താൻ പാടുപെട്ടു. കൊയമ്പത്തെകുളത്തിനടുത്തുള്ള അദ്ദേഹത്തിന്റെ സംസ്കൃത പാഠശാലയിൽ നിന്നും വിജ്ഞാനികളായി പുറത്ത് വന്ന് അന്ധവിശ്വാസത്തിനും ജാതിസമ്പ്രദായത്തിനുമെതിരെ പോരാടിയവർ നിരവധിയുണ്ട് വാഗ്ഭടാനന്ദൻ. വി. കെ. കെ. ഗുരുക്കളും, കൊട്ടുങ്ങൽ കേളുഗുരുക്കളും ഇനിയും ആളുകളും ഏറെയുണ്ട് സവർണ്ണർ, അവർണ്ണർ പഠിപ്പിച്ചിരുന്ന ഈ പാഠശാലയിൽ വിദ്യ അഭ്യസിച്ചിരുന്നു, പാഠ്യത്തിമാത്രമല്ല മറ്റ് പ്രദേശങ്ങളിലും കോരൻഗുരുക്കളും പാഠശാലകളും നടത്തിയിരുന്നു.

''ഉണരുവിൻ അഖിലേശനെ സ്മരിപ്പിൻ
കഷ്ണമെഴുന്നേൽപിൻ
അനീതിയോടെതിർപ്പിൻ''

1915 കാലഘട്ടത്തിൽ പാട്യക്കാരുടെ നാവിൻ തുമ്പിൽ ഈ വരികളുണ്ടായിരുന്നു...വാഗ്ഭടാനന്ദന്റെ വരികളും മലയാള വർഷം 1060ൽ പാട്യം പുതിയതെരുവിൽ ജനിച്ച വയലേരി കുഞ്ഞിക്കണ്ണൻ ജാതിക്കോട്ടകളും അന്ധവിശ്വാസങ്ങളും, തട്ടിത്തകർത്തുകൊണ്ട് കേരളമാകെ ഒരു കൊടുങ്കാറ്റായി ആഞ്ഞടിച്ചു. യാഥാസ്ഥിതികർ ജാതിയെ ഉറപ്പിച്ചു നിർത്താനും, സവർണ്ണർ അവർണ്ണരെ ചൂഷണം ചെയ്യാനും കരുവാക്കിയ എറ്റുമാറ്റിനെതിരായി സമരം ചെയ്തു. പതിമൂന്നാമത്തെ വയസ്സിൽ ഗുരുക്കളായി തർക്ക ശാസ്ത്രത്തിലും, വ്യാകരണത്തിലും ഉപരിപഠനം നടത്തി ജാതിവ്യത്യാസത്തോടും. അനേക ദൈവ വിശ്വാസത്തോടും ദുഷിച്ച ആരാധന സമ്പ്രദായത്തോടും പടപൊരുതി ആയുർവ്വേദത്തിലും, ജ്യോതിശാസ്ത്രത്തിലും കഴിവുകളും തെളിയിച്ച അന്ധവിശ്വാസങ്ങളുടെ ശത്രു. എഴുത്തുകാരൻ, വാഗ്മി, വാഗ്ഭടാനന്ദന്റെ ആദർശങ്ങൾക്ക് അനുസരണമായി ജീവിതം നയിച്ച് ഭഷ്ട് ഏറ്റുവാങ്ങിയ നിരവധി കുടുംബങ്ങളും പാട്യത്തുണ്ടായിരുന്നു. ബ്രാഹ്മണ മേധാവിത്വത്തേയും, അയിത്തത്തേയും എതിർത്ത വാഗ്ഭടാനന്ദന്റെ ആത്മ വിദ്യാസഭയുടെ 1929ലെ പാട്യത്തെ പ്രസിദ്ധമ് ശ്രീ പുല്ലഞ്ചേരി ഇല്ലത്ത് വലിയ മാധവൻ നമ്പൂതിരിപ്പാടായിരുന്നു. തങ്ങളുടെ ജന്മിത്വവും ആഢ്യബ്രാഹ്മണത്വവും അവഗണിച്ച് ഗുരുദേവന്റെ ധർമ്മയുദ്ധത്തിൽ പങ്കു ചേർന്ന നിരവധി ബ്രാഹ്മണരുണ്ടായിരുന്നു. പാട്യക്കാരുടെ ചിന്തയുടേയും, പ്രവർത്തനങ്ങളുടേയും അന്തർധാരയിൽ ഗുരുദേവ ആദർശങ്ങളുടെ സ്വാധീനം പ്രകടമാണ്.

ജ്യോതിഷപണ്ഡിതനായ കൊട്ടുങ്കൽ കേളു ഗുരുക്കളും ഇന്ത്യ മുഴുവൻ ചുറ്റിസഞ്ചരിച്ച സംസ്കൃതപണ്ഡിതൻ കൂടിയായിരുന്നു. മൂഴിവയൽ ആയിരുന്നു അദ്ദേഹത്തിന്റെ താമസസ്ഥലം.

1880–1920 കാലഘട്ടത്തിൽ പതിനഞ്ചോളം വിദ്യാലയങ്ങളും പാട്യം പഞ്ചായത്തിൽ ഉയർന്നുവന്നു. വി.കെ.കെ. ഗുരുക്കളും അപ്പുഗുരുക്കളും, രാവുണ്ണി ഗുരുക്കളും, ഒതേനൻ ഗുരുക്കളും, മുൻ എം. പി. കടന്നപ്പള്ളി രാമചന്ദ്രന്റെ അച്ഛനായ കൃഷ്ണൻ ഗുരുക്കളും, അസ്സുസൂതി, കോരൻ ഗുരുക്കളും, ആർ. കേളു ഗുരുക്കളും തുടങ്ങിയവർ ഈ കാലഘട്ടത്തിൽ സ്കൂളുകളും സ്ഥാപിക്കാൻ മുന്നോട്ട് വന്നു. വിജ്ഞാനത്തെ ഈശ്വരനായി ആരാധിച്ച ഒരു സമൂഹത്തിന്റെ പിൻമുറക്കാരാണ് നാമെന്ന് നമുക്ക് അഭിമാനിക്കാം.

ആയുർവേദ ചികിൽസാരംഗത്ത് മഹത്തായ പാരമ്പര്യം പാട്യത്തിനുണ്ടായിരുന്നു, കേളു വൈദ്യരും, ചൂര്യൻ കുഞ്ഞാപ്പുവൈദ്യരും, രാവുണ്ണിഗുരുക്കളും, നാരായണൻമാസ്റ്ററും ആയുർവേദത്തിൽ പ്രാഗൽഭ്യം തെളിയിച്ചവരായിരുന്നു.

പാടൃം പഞ്ചായത്തിന്റെ പ്രാചീനകാല ചരിത്രവും. മദ്ധ്യകാല ചരിത്രവും. പുനർ നിർമ്മിക്കാനാവശ്യമായ ഒട്ടനവധി സാമഗ്രികളും പലഭാഗത്തും ചിതറികിടക്കുന്നുണ്ട്.

1. വലിയവെളിച്ചത്തും വേളായിലുമുള്ള ശിലാ ഗുഹകളും
2. പറമ്പ് കിളക്കുമ്പോളും പലപ്പോഴും കിട്ടുന്ന നന്നങ്ങാടികളും
3. കൊട്ടയോടി, കാര്യാട്ടുപുറം ഭാഗങ്ങളിൽ കാണുന്ന പ്രത്യേകതകളുള്ള വലിയ കിണറുകളും
4. കണ്ണാടിച്ചാലുള്ള തകർന്നു കിടക്കുന്ന അമ്പലവും ശിലാപ്രതിമകളും
5. മുണ്ടയോട് റിസർച്ച് ഫോറസ്റ്റിൽ അടുത്തടുത്തായി കാണുന്ന വീടുകളുടെ തകർന്നടിഞ്ഞ തറകളും
6. കിഴക്കെ കതിരൂരിലെ മതിലൂർ ഗുരുക്കളുടെ മേൽക്കൂരയില്ലാത്ത കുഴിക്കളരി
7. ക്ഷേത്രങ്ങളെ കുറിച്ചും പള്ളികളെ കുറിച്ചുമുള്ള ഐതീഹ്യങ്ങൾ
8. പറമ്പുകളുടെയും, സ്ഥലങ്ങളുടെയും പ്രത്യേകതയുള്ള പേരുകൾ.

ചെറുവാഞ്ചേരിക്കടുത്തുള്ള പൂവ്വത്തൂർ പട്ടണമായിരുന്നെന്നും അതിനടുത്തായിവലിയൊരു ക്ഷേത്രമുണ്ടായിരുന്നെന്നും തെളിവുകളുടെ അടിസ്ഥാനത്തിൽ പറയാൻ കഴിയും. ടിപ്പുസുൽത്താന്റെ പടയോട്ടക്കാലത്ത് അതിശയോക്തികലർന്ന കഥകൾ കേട്ട് അനവധി ബ്രാഹ്മണ കുടുംബങ്ങൾ തിരുവിതാംകൂറിലേക്ക് ഓടിപ്പോയി തിരിച്ചു നാട്ടിലേക്ക് വന്നവരാണ് പോലും പുല്ലഞ്ചേരിയിലുള്ളവർ.

ചെറുവാഞ്ചേരിയിലെ വേട്ടക്കൊരുമകൻ ക്ഷേത്രത്തിനും, കോങ്ങാറ്റയിലെ ചക്രപാണി ക്ഷേത്രത്തിനും, ഓട്ടച്ചിമാക്കൂലിലെ കോതാലൂർ ക്ഷേത്രത്തിനും ഐതിഹ്യങ്ങൾ ഏറെയുണ്ട്. പതിനഞ്ചോളം കാവുകൾക്കും, മഠപ്പുരകൾക്കും, മണ്ഡപങ്ങൾക്കും ഏറെകഥകളുണ്ട്.

കണ്ണവത്തിനടുത്തുള്ള വെളുമ്പത്തെ പള്ളിയിലും കിഴക്കെകതിരൂരിലെ നെല്ലേയിലാട്ട് പള്ളിയിലും, മുതിയങ്ങപള്ളിയിലും കഥകളുറങ്ങുന്നു. അറേബ്യയിൽ നിന്നും ശേക്ക് വന്ന് താമസിച്ചസ്ഥലമാണ് ശേക്കപ്പാറ (ചേക്കപ്പാറ). അയാളുടെ ഖബർ മുതിയങ്ങ പള്ളിക്കടുത്തുണ്ടെന്ന് വിശ്വസിക്കുന്നു.

വെളുമ്പത്ത്, കാര്യാട്ടുപുറം, നെല്ലേയിലാട്ട് പള്ളികൾക്ക് ഏറെ പ്രത്യേകതകളുണ്ട്. ഹിന്ദുക്കളും ഇവിടെ ആരാധനനടത്തുന്നു. ഇഷ്ടകാര്യസാദ്ധ്യത്തിനും' ചടങ്ങുകൾ മംഗളകരമായി ത്തീരാനും ഹിന്ദുക്കൾ ഇവിടെ നേർച്ചനേരുന്നു. പണവും, വെളിച്ചെണ്ണയും, ചന്ദനത്തിരിയും ഇപ്പോഴും ഹിന്ദുക്കൾ ഈ പള്ളികളിൽ എത്തിക്കാറുണ്ട്. കാവുകളിൽ മുസ്ലീംങ്ങളും നേർച്ചകൾ നൽകുന്നു. ഇപ്പോഴും ചീരാറ മാപ്പുരയിലെ നിത്യനിദാന ചിലവുകൾ നടത്തിവരുന്നത് മുസ്ലീംങ്ങൾ നൽകുന്ന പൈങ്കുറ്റിപ്പണം കൊണ്ടും, വെളിച്ചെണ്ണകൊണ്ടുമാണ്. മതത്തിന്റെ അതിർ വരമ്പുകളില്ലാതെ അന്യമതസ്ഥരുടെ ആരാധനാലയങ്ങളെ ബഹുമാനിക്കുകയും, വിവാഹച്ചടങ്ങുകളിലും, ആഘോഷങ്ങളിലും വരമ്പുകളില്ലാതെ സഹകരിക്കുന്ന പരസ്പര ബഹുമാനത്തിന്റെ സംസ്ക്കാരം പാടൃത്തുണ്ടായിരുന്നു, ഇന്നുമുണ്ട്.

സ്ഥലനാമങ്ങൾക്ക് പിന്നിലും ഏറെകഥകളുണ്ട്. നംഗാരത്തില്ലത്തിന്റെ നാഗകോട്ടയുള്ള ഓടി(പറമ്പ്) കൊട്ടയോടിയായിമാറി. പൂക്കാടായിരുന്നതിനാൽ പൂക്കോടും, പത്തായത്തിന്റെ ആകൃതിയിലുള്ള കുന്നുള്ളതുകൊണ്ട് പത്തായക്കുന്നെന്നും പേര് വന്നു. കൊങ്ങ (കഴുത്ത്) അറ്റുവീണ സ്ഥലം കോങ്ങാറ്റയായി. കാര്യാട്ട് മുണ്ടയോടൻമാർ താമസിച്ച സ്ഥലം (ഇന്നത്തെ വള്ള്യായി) അപ്പുറമായതുകൊണ്ട് കാര്യാട്ടുപുറം എന്ന് പേര് വന്നു. ചെറുമൻമാരുടെ ചേരി ചെറുവാഞ്ചേരിയായി മാറി എന്നും വിശ്വസിക്കുന്നു.

1801 ൽ ബ്രിട്ടീഷുകാരാൽ തൂക്കിലേറ്റപ്പെട്ട പഴശ്ശിയുടെ പടത്തലവനായ കണ്ണവത്ത് ശങ്കരൻനമ്പ്യാരുടെ പ്രവർത്തന കേന്ദ്രമായിരുന്ന ചെറുവാഞ്ചേരിക്കടുത്തുള്ള അത്യാർക്കാവ്. ബ്രിട്ടീഷുകാരെ വിഷ അമ്പുകളാൽ കിടുകിടാ വിറപ്പിച്ച കുറിച്ച്യരുടെ ആവാസ സ്ഥാനങ്ങളിൽ ഒന്ന് പാടൃം പഞ്ചായത്തിലെ എളമാങ്കൻ മലയായിരുന്നു.

''നമ്മള് കൊയ്യും വയലെല്ലാം നമ്മുടെതായീ'' ജന്മിത്തം പോയി കൃഷിഭൂമി കൃഷിക്കാരന്റെ സ്വന്തമായി. 1934 മുതൽ 72 വരെയുള്ള കാലഘട്ടത്തിൽ തന്നെ പാടൃം വില്ലേജിൽ മാത്രം 1774 പേർക്ക് ഭൂമിയുടെ കൈവശാവകാശ മുണ്ടായിരുന്നു. എന്നാൽ പഞ്ചായത്തിലെ 70 ശതമാനം ഭൂമിയും കോട്ടയം, കോവിലകം, പുല്ലഞ്ചേരിയില്ലം, നിങ്കിലേരി, ചാത്തോത്ത് വരെയാൽ കോട്ടാൽ കേയി തുടങ്ങിയ കുടുംബങ്ങളുടെയും കോങ്ങാറ്റ ദേവസ്വം, വേട്ടക്കൊരുമകൻ ദേവസ്വം പരശുരാമൻ ദേവസ്വം, മാങ്കളത്ത്കാവ് ദേവസ്വം തുടങ്ങിയവരുടേയും കൈയ്യിലായിരുന്നു. പാടൃം വില്ലേജിൽ നിന്ന് കർഷകർ കിഴക്കുഭാഗത്തുള്ള ചെറുവാഞ്ചേരി വംഗളം ഭാഗങ്ങളിൽ

പോയി പുനം കൃഷി നടത്തി അത്യാറയിലെ സ്വർണക്കുന്നുകളെങ്ങ പ്രസിദ്ധമായിരുന്നു. ഉത്പാദനം കൂടി കൃഷിക്കാർക്കും ആവശ്യക്കാർക്കുമിടയിൽ ഇടനിലക്കാർ പലരൂപത്തിൽ വരാൻ തുടങ്ങി കാർഷികോൽപന്നങ്ങൾക്ക് വിപണി കണ്ടെത്തുവാൻ കർഷകർ സ്വയം വഴികൾ കണ്ടെത്തി കാവുകളിൽ കുലകളും ചുമന്ന് പുരുഷന്മാർ കൊട്ടയോടി ഭാഗത്തേക്ക് വന്നു. കുമ്പളങ്ങ, പ്ലാവില, വിറക് തുടങ്ങിയവയുമായി സ്ത്രീകൾ പടിഞ്ഞാറോട്ട് യാത്ര ചെയ്തു കൊട്ടയോടി, വേറൊരുമ്മൽ ഭാഗങ്ങളിൽ ഇത്തരത്തിലുള്ള കച്ചവടം സ്ഥിരം കാഴ്ചയായിരുന്നു.

ഭൂപരിഷ്കരണത്തിലൂടെ ആയിരത്തിലധികം കുടിയാന്മാർക്കും, കുടികിടപ്പുകാർക്കും ഈ ഗ്രാമത്തിൽ ഭൂമി സ്വന്തമായി ലഭിച്ചു. മുണ്ടയോട്, വംഗളം കണ്ണവം കോളനി ഭാഗങ്ങളിൽ ഗവൺമെന്റ് സ്വന്തം ഭൂമിയില്ലാത കുറിച്ച്യ വിഭാഗത്തിന് നൽകി ഏറെ ചൂഷണത്തിന് വിധേയരായവരാണ് കുറിച്ച്യർ. ഗവൺമെന്റ് കുറിച്ച്യർക്ക് നൽകിയ ആനുകൂല്യങ്ങളും, ഭൂമിയും അവരുടെ വിയർപ്പിന്റെ ഫലവും തട്ടിയെടുത്ത് തഴച്ചുവളർന്നവർഅനവധിയുണ്ട്. ചൂഷണത്തിൽ നിന്നും അവരെ രക്ഷപ്പെടുത്താനും കൈകൾ ഉയർന്നിരുന്നു.

ഭൂപരിഷ്കരണത്തെ തുടർന്ന് പാട്ടം കൃഷിക്കാരന് സ്വന്തമായി ഒരു തുണ്ട് ഭൂമിയും തലചായ്ക്കാനൊരിടവും കിട്ടിയപ്പോൾ കാർഷികരംഗത്ത് പുത്തനുണർവ്വുണ്ടായിദീർഘകാല വിളകൾ പെരുകാൻ തുടങ്ങി പലതട്ടുകളിലായി വളരുന്ന സസ്യങ്ങൾ കൊണ്ട് പറമ്പുകൾ നിറഞ്ഞു മാവ്, പ്ലാവ്, തെങ്ങ്, കവുങ്ങ്, ഇരട്ടി തേക്ക് തുടങ്ങിയവ ഉയർന്ന് പടർന്ന് വളരുന്ന വൃക്ഷങ്ങൾ അതിയും വളരാത മുരിങ്ങ, നെല്ലി, പപ്പായ, പേര തുടങ്ങിയവയും കൃഷിചെയ്തു. ഇടവിളയായി കപ്പ, വാഴ, ചേന, ചേമ്പ്, മഞ്ഞൾ, വെണ്ട, തുടങ്ങിയവയുമുണ്ടായിരുന്നു. പയറുകൾ നനക്കിഴങ്ങ്, കാച്ചിൽ തുടങ്ങിയവ മരങ്ങളിലും വരമ്പുകളിലും പടർന്നുകയറി പറമ്പിനു ചുറ്റും ജൈവ വേലികൾ ജൈവവേലികളുപയോഗിച്ചു ജൈവവളം ഓരോ ഇഞ്ച് ഭൂമിയും ഉപയോഗപ്പെടുത്തിയിരുന്നു, മിക്കവീടുകളിലും പാലിനുവേണ്ടി പശു, ആട്, ഉഴുകാൻകാള, മുട്ടയ്ക്കുവേണ്ടി കോഴികൾ എന്നിവയെ വളർത്തുന്നു. മൊട്ടക്കുന്നുകളിൽ അതിവേഗം കശുമാവ് കൃഷി വ്യാപിച്ചു കൃഷി ആകർഷകമായിരുന്നു.

കാലിലെ ചങ്ങലക്കെട്ടുകൾ പൊട്ടിക്കാനായി പെറ്റനാട് വിളിച്ചു കരഞ്ഞു. പെറ്റനാടിന്റെ വിളികേൾക്കാൻ ആ ഗ്രാമത്തിലും ആളുകളുണ്ടായി. എ. കെ. ജി. യുടെ അച്ഛൻ തൈരു നമ്പ്യാർ താമസിച്ചിരുന്നത് കിഴക്കെകതിരൂരിലായിരുന്നു. എ. കെ. ജി. കിഴക്കെകതിരൂരിൽ വരാറുണ്ടായിരുന്നു. അദ്ദേഹം കിഴക്കെകതിരൂരിൽ 1932ൽ കോൺഗ്രസ് കമ്മിറ്റിയുണ്ടാക്കി മെമ്പർഷിപ്പ് വിതരണം ചെയ്തു. എ. എൻ. ഗോപാലൻ, കഞ്ഞമ്പുഗുരുക്കൾ, അമ്പുക്കുട്ടി തുടങ്ങിയ പാട്യം വെസ്റ്റ് യു. പി. സ്കൂൾ അദ്ധ്യാപകർ കോൺഗ്രസ് അംഗങ്ങളായി. അംഗത്വം ഉപേക്ഷിക്കാൻ മാനേജർ നിർബന്ധിച്ചു. കോൺഗ്രസ്സ് അംഗത്വം ഉപേക്ഷിക്കാതിരുന്നതിനാൽ ഈ അദ്ധ്യാപകരെ മാനേജർ പുറത്താക്കി. ജോലിനഷ്ടപ്പെട്ട അദ്ധ്യാപകരെ തിരിച്ചെടുപ്പിക്കാൻ നാട്ടുകാർ പുത്തൻസമരമുറ ഉപയോഗിച്ചു. നാട്ടുകാർ കുട്ടികളെ സ്കൂളിലേക്കയച്ചില്ല. ഗത്യന്തരമില്ലാതെ മാനേജർ അദ്ധ്യാപകരെ തിരിച്ചെടുത്തു. എ. കെ, ജി, യുടെ ശ്രമഫലമായി 1933ൽ പത്തായക്കുന്ന് കേന്ദ്രീകരിച്ച് കോൺഗ്രസ്സ് പ്രവർത്തനംശക്തമായി. കെ. സി. ഗോപാലൻ വൈദ്യരായിരുന്നു സിക്രട്ടറി. പോലീസിന്റെ പിടിയിൽ നിന്ന് രക്ഷപ്പെടാൻ നാടുവിട്ട കെ. സി. ഗോപാലൻ വൈദ്യർ ബോംബെയിലെത്തി. ബി. ടി. രണദിവെയുമായുള്ള പരിചയത്തിലൂടെ കമ്യൂണിസ്റ്റ് പ്രവർത്തകനായി മാറിയ കെ. സി. ഗോപാലൻ വൈദ്യർ ഭീകരമായ പോലീസ്മർദ്ദനത്തിന് വിധേയനായിട്ടുണ്ട്.

ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ സജീവപ്രവർത്തകരായില്ലെങ്കിലും 1937 കാലഘട്ടത്തിൽ വാഗ്ഭടാനന്ദന്റെ ശിഷ്യന്മാരും ബ്രിട്ടീഷ് അനുകൂലികളായപിപ്പിംസ് പാർട്ടിക്കാരും തമ്മിലുള്ള ഏറ്റുമുട്ടലിന് പാട്യം വേദിയായി വാഗ്ഭടാനന്ദന്റെ ശിഷ്യന്മാരുടെ ചെറുത്തുനിൽപിന്റേയും പോരാട്ടത്തിന്റേയും കഥകൾ അനവധി കാരണവന്മാർക്ക് പറയാനുണ്ട്. പ്രത്യക്ഷത്തിൽ കോൺഗ്രസ് പ്രവർത്തനം നടത്താതെ സംസ്കാരിക രംഗത്ത് പ്രവർത്തിച്ച ഇരുപതോളം വാഗ്ഭടാനന്ദ ശിഷ്യന്മാർ പത്തായക്കുന്ന് കേന്ദ്രീകരിച്ചുണ്ടായിരിന്നു.

കണ്ണൂരിൽനിന്നും മദ്രാസിലേക്ക് യാത്രതിരിച്ച എ. കെ. ജിയുടെ നേതൃത്വത്തിലുള്ള പട്ടിണി ജാഥയിൽ പങ്കെടുത്ത കെ. എൻ. ചാത്തുക്കുട്ടിനായർ ഇപ്പോഴും ഈ പഞ്ചായത്തിൽ താമസിക്കുന്നു. ഇ. എം. എസിനെ പോലുള്ള നേതാക്കൾക്ക് ഒളിവ് സങ്കേതങ്ങൾ ഒരുക്കിയ ചാത്തുകുട്ടിനായർ ഷാപ്പ് പിക്കറ്റിങ്ങിൽ പങ്കെടുക്കാൻ വേണ്ടി സെൻസസസ് ഡിപ്പാർട്ട്മെന്റിലെ ജോലി രാജിവച്ചു 1937ൽ എല്ലാ എതിർപ്പുകളെയും പരാജയപ്പെടുത്തി കൊട്ടയോടി, കോൺഗ്രസ്സ് പൊതുയോഗം നടത്തി. K. P. C. C അംഗമായിരുന്ന ചാത്തുകുട്ടിനായർ കോൺഗ്രസ്സിന്റെ താലൂക്ക് സിക്രട്ടറിയായിരുന്നു. 1939ൽ കമ്മ്യൂണിസ്റ്റ് പാർട്ടി പ്രവർത്തകനായിമാറിയ ഇദ്ദേഹം 1942ലെ ക്വിറ്റ് ഇന്ത്യ സമര നിലപാടുമായി യോജിക്കാൻ കഴിയാതെ കമ്മ്യൂണിസ്റ്റ് പാർട്ടിയുമായി അകന്നു.

1942ൽ കൊട്ടയോടി പാട്യം അംശം കച്ചേരി കത്തിച്ച സംഭവുമായി ബദ്ധപ്പെട്ട് ഭീകര മർദ്ദനം പലർക്കും ഏൽക്കേണ്ടിവന്നു. സ്വാതന്ത്ര്യസമര പ്രസ്ഥാനവുമായി ബദ്ധപ്പെട്ടവരും സുഭാഷ് ചന്ദ്രബോസിന്റെ ഐ. എൻ. എയിൽ പ്രവർത്തിച്ചവരുമായ അനവധിയാളുകൾ പാട്യത്തുണ്ട്.

വാഗ്ഭടാനന്ദൻ ഉഴുതുമറിച്ച മണ്ണിൽ കമ്യൂണിസ്റ്റ് ആശയങ്ങൾ അതിവേഗം വേരുപിടിച്ചു. 1944 ൽ കെ. എം. രാഘവന്റെ നേതൃത്വത്തിൽ കോങ്ങാറയിൽ കമ്യൂണിസ്റ്റുകാർ പ്രവർത്തനമാരംഭിച്ചു. 1952ൽ അസംബ്ലി പാസാക്കിയ ബില്ലിന്റെ അടിസ്ഥാനത്തിൽ വാരവും പാട്ടവും കുറക്കാനുള്ള കേമ്പുകളും പാട്യം അംശത്തിൽ നടത്തിയത് കമ്യൂണിസ്റ്റ് പാർട്ടിയായിരുന്നു. കമ്യൂണിസ്റ്റ് പാർട്ടിയുടെ വ്യാപനത്തിന് ഈ പ്രവർത്തനം ആക്കം കൂട്ടി. 1948 ൽ പാട്യം കുമാരൻ മാസ്റ്റർ പഞ്ചായത്തിലെ ആദ്യത്തെ ബി. എ. ഡിഗ്രിക്കാരനായി. മലബാറിൽ പാരലൽ കോളജ് പ്രസ്ഥാനത്തിനു തുടക്കമിട്ട പാട്യം കുമാരൻ മാസ്റ്റർ പുതിയ തലമുറയെ കമ്യൂണിസ്റ്റ് പ്രസ്ഥാനവുമായി ബന്ധപ്പെടുത്തി. 1952 ൽ കണ്ണൂരിൽ വെച്ച് നടന്ന കർഷക സംഘം സമ്മേളനത്തിൽ പാട്യം പഞ്ചായത്തിൽ നിന്നും 30 പേർ പങ്കെടുത്തിരുന്നു.

വിദ്യാർത്ഥി, യുവജന, സാംസ്കാരിക പ്രവർത്തനങ്ങളിലൂടെ വളർന്നുവന്ന പാട്യം ഗോപാലൻ പാട്യം നാടിന്റെ കീർത്തി ഇന്ത്യ മുഴുവനെത്തിച്ചു. ലോകസഭാംഗമായും, നിയമസഭാംഗമായും പ്രവർത്തിച്ച പാട്യം ഗോപാലൻ പ്രഗൽഭ പാർലമെന്റേറിയനും, കവിയും, വാഗ്മിയുമായിരുന്നു. 1978 ൽ 42ാം വയസിൽ അന്തരിക്കുമ്പോഴും അദ്ദേഹം തലശേരി എം. എൽ. എ. ആയിരുന്നു. പാട്യം ഗോപാലന്റെ അനുജനായ പാട്യം രാജനും വിദ്യാർത്ഥി യുവജന പ്രസ്ഥാനത്തിലൂടെ വളർന്നുവന്നു. അദ്ദേഹം രാജ്യസഭാംഗമായിരുന്നു.

രാജസൂയവും തെക്കൻ കോൽക്കളിയും മാത്രമല്ല മാപ്പിള കോൽക്കളിയുടെയും നാടായിരുന്നു പാട്യം. രാജസൂയവും തെക്കൻ കോലടിയും പഠിപ്പിച്ചിരുന്ന ധാരാളം കളരികൾ ഈ നൂറ്റാണ്ടിന്റെ ആദ്യം പഞ്ചായത്തിലുണ്ടായിരുന്നു. രാജസൂയം ഇന്ന് നാമാവശേഷമായി കോൽക്കളി, കളരികൾ ഇന്നും പഞ്ചായത്തിന്റെ പല ഭാഗത്തുമുണ്ട്. കോൽക്കളി ഗുരുക്കൻമാരായ മന്ദൻ ഗുരുക്കളും ചാത്തുക്കുട്ടി ഗുരുക്കളും അയൽ നാടുകളിൽ പോലും അറിയപ്പെട്ടിരുന്നു.

കെ. പി. ബി. പാട്യം അകാലത്തിൽ പൊലിഞ്ഞുപോയ കവി. 1928 ൽ ജനിച്ച കെ. പി. ബി. പാട്യം പത്ത് വർഷക്കാലം മാത്രം നീണ്ടുനിന്ന കാവ്യരംഗത്തുള്ള പ്രവർത്തനം കൊണ്ട് വയലാർ, ചങ്ങമ്പുഴ തുടങ്ങിയവരുടെ സമശീർഷനായിരുന്നെന്ന് പലരും വിശേഷിപ്പിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ അനുജനായ പാട്യം വിശ്വനാഥൻ മലയാളികളുടെ പ്രിയപ്പെട്ട കവിയാണ്.

1948 ൽ ചെറുവാഞ്ചേരിയിൽ കെ. കൃഷ്ണൻ മാസ്റ്ററുടെ നേതൃത്വത്തിൽ ഉയർന്നുവന്ന ഗാന്ധി സ്മാരക കലാസമിതി അമേച്വർ നാടകപ്രസ്ഥാനമുണ്ടാക്കി. അയൽനാടുകളിലടക്കം നാടകം അവതരിപ്പിച്ചിരുന്നു. പൊതുപ്രവർത്തകനായ കൃഷ്ണൻ മാസ്റ്ററുടെ കാലത്ത് ചെറുവാഞ്ചേരി ഭാഗത്ത് നിന്നും ഒറ്റ കേസും കോടതിയിലെത്താതെ നാട്ടിൽ വെച്ച് തന്നെ പരിഹരിച്ചിരുന്നു.

പപ്പൻ പളളിക്കാട് ചെറുവാഞ്ചേരിയിൽ താമസമാക്കിയതോടെ നാടകരംഗത്തുള്ള ചെറുവാഞ്ചേരിയുടെ സുവർണ്ണകാലം തിരിച്ചുവന്നു. മുതിയങ്ങയിലെ ഗ്രാമീണകലാസമിതിയും, കോങ്ങാറയിലെ കൽപനാ തീയ്യറേഴ്സും ഈ രംഗത്ത് ഏറെ സംഭാവനകൾ നൽകിയിട്ടുണ്ട്. സിനിമാനടനും തിരക്കഥാകൃത്തുമായ ശ്രീനിവാസൻ പാട്യത്തുള്ള വിവിധ നാടകക്കളരികളിൽ കൂടെ വളർന്നുവന്നു.

ഈ നൂറ്റാണ്ടിന്റെ ആദ്യം ഗതാഗത സൗകര്യം ഇവിടെ വളരെ കുറവായിരുന്നു. കഴിഞ്ഞനൂറ്റാണ്ടിൽതന്നെ തലശ്ശേരി-കൂർഗ് റോഡ് പഞ്ചായത്തിൽകൂടെ കടന്നുപോയി, കല്ലാച്ചി, നാദാപുരം ഭാഗത്ത് നിന്ന് കൊട്ടിയൂരിലേക്ക് പോകുന്ന ഭക്തർ പത്തായക്കുന്ന് ചെറുവാഞ്ചേരി ഭാഗത്തുകൂടെ യാത്രചെയ്തിരുന്നു. 1935ൽപാനൂർ കൂത്തുപറമ്പ് റോഡുണ്ടാവുകയും 1937ൽ ബസ്സ് സർവ്വീസ് ആരംഭിക്കുകയും ചെയ്തു. കണ്ണങ്കോട് കണ്ണവം റോഡിന്റെ പ്രവൃത്തി ഉദ്ഘാടനം 1936ൽ കേളപ്പജി നിർവ്വഹിച്ചു. പിന്നീട് നിരവധി റോഡുകൾ പഞ്ചായത്തിൽ രൂപം കൊണ്ടു. എല്ലാ റോഡുകളുടേയും നിർമ്മാണത്തിനു പിന്നിൽ ജനങ്ങളുടെ തീരുമാനവും പങ്കാളിത്തവുമായിരുന്നു. പഞ്ചായത്തിൽ ഇന്നുകാണുന്ന വായനശാലകളും ഗ്രന്ഥശാലകളും ഉണ്ടാക്കിയതും ജനകീയ കമ്മിറ്റികളായിരുന്നു. 1934ൽ വാഗ്ഭടാനന്ദ ഗുരുദേവൻ തന്നെയാണ് പത്തായക്കുന്നിലെ വായനശാല ഉദ്ഘാടനം ചെയ്തത്.

ഇന്ന് കൃഷി അനാകർഷകമായിരിക്കുന്നു. കാർഷികരംഗത്ത് ഉൽപാദനവും ഉൽപാദനക്ഷമതയും കുറഞ്ഞിരിക്കുന്നു. വ്യാവസായിക പുരോഗതി ഒച്ചിഴയുന്ന വേഗതയിലാണ്. കാർഷികരംഗത്ത് നിന്ന് കർഷകരും കർഷകതൊഴിലാളികളും പിൻവലിഞ്ഞു കൊണ്ടിരിക്കുന്നു. അഭ്യസ്തവിദ്യരായ തൊഴിലില്ലാത്തവർ പെരുകുന്നു. വിദ്യാഭ്യാസ രംഗത്തുള്ള നിലവാരത്തകർച്ച പ്രകടമാണ്.

കവികളും, പണ്ഡിതരും, ഉൽപതിഷ്ണുക്കളുമായിരുന്നു നമ്മുടെ പൂർവ്വികർ. അധ്വാനത്തിന്റെ മഹത്വം ഉൾക്കൊണ്ട ജനങ്ങളായിരുന്നു പാട്യത്തുണ്ടായിരുന്നവർ. നാടിന്റെ വികസനം സ്വയം തീരുമാനിച്ച് ജനപങ്കാളിത്തത്തോടെ നടപ്പിലാക്കിയവരായിരുന്നു നമ്മുടെ മുൻഗാമികൾ. ആവേശകരവും, അത്ഭുതകരവും, മാതൃകാപരവുമായ നമ്മുടെ നാടിന്റെ ചരിത്രത്തിൽനിന്നും നമ്മുടെ നാടിന്റെ പ്രശ്നങ്ങൾ പരിഹരിക്കാനുള്ള മാതൃകകൾ നമ്മുക്ക് രൂപപ്പെടുത്താം. ●

കൃഷി - ജലസേചനം

പാടൃം, ചെറുവാഞ്ചേരി വില്ലേജുകളും ചേർന്നാണ് പാടൃം പഞ്ചായത്ത് രൂപീകരിച്ചത്. അരനൂറ്റാണ്ട് മുമ്പ് രണ്ട് പുഴകളും ഈ പഞ്ചായത്തിലൂടെ ഒഴുകിയിരുന്നു. കണിയാൻപുഴയും ചാടാലപ്പുഴയും. ഇന്ന് കണിയാൻ പുഴയില്ല. അതേപേരിലുള്ള തോടേയുള്ളൂ. കണിയാൻപുഴയുടെ ഇരുപാർശ്വങ്ങളും നികത്തി കരയോട് ചേർത്തു. ചാടാലപ്പുഴയുടെ പാർശ്വങ്ങളും നികത്തി കൃഷിയോട് ചേർക്കുന്നത് ഇന്നും ദൃശ്യമാണ്. പഞ്ചായത്തിന്റെ കിഴക്ക് ഭാഗം വനങ്ങളാണ്. ചെറുവാഞ്ചേരി വില്ലേജ് മൂന്ന് ഭാഗവും കുന്നുകളാൽ ചുറ്റപ്പെട്ടുകിടക്കുന്നു.

കൃഷിജലസേചനം

അക്ഷാംശം 11.45' മുതൽ 11.49' വരെയും രേഖാംശം 75°38' മുതൽ 75°41' വരെയുമുള്ള ഉത്തര മദ്ധ്യ മേഖലാ പ്രദേശത്താണ് പാടൃം ഗ്രാമപഞ്ചായത്ത്.

വിസ്തീർണ്ണം ; 2987.1984 ഹെക്ടർ

താപനില

ജനുവരി	ഫിബ്രു	മാർച്ച്	ഏപ്രിൽ	മെയ്	ജൂൺ	ജൂലായ്	ആഗസ്ത്	സപ്ത	ഒക്ടോ	നവംബർ	ഡിസം
31.1	32.2	33.4	33 7	31.4	29.8	28 6	28 7	30.1	31 5	33 4	33.1

കാലവർഷ കലണ്ടർ

തെക്കുപടിഞ്ഞാറൻ കാലവർഷം	വടക്കുകിഴക്കൻ കാലവർഷം	ഇടമഴ
2357 എം.എം.	462 എം. എം.	648 എം. എം.
ജൂൺ, ജൂലായ്, ആഗസ്ത് മാസങ്ങൾ	സപ്തംബർ, ഒക്ടോബർ മാസങ്ങൾ	മാർച്ച്, ഏപ്രിൽ, മെയ് നവംബർ മാസങ്ങൾ

ചെറുവാഞ്ചേരി വില്ലേജിലെ എളമാങ്കൂൽ വനങ്ങളിൽനിന്നും ഒരു കൈത്തോടായി പടിഞ്ഞാറോട്ടൊഴുകി കണ്ണവം ട്രൈബൽ കോളനിയിൽ നിന്നും ഉത്ഭവിക്കുന്ന നടുവയൽ തോടുമായി ചേർന്ന് അമ്പലപ്പുഴയായി തെക്കുപടിഞ്ഞാറെത്തുമ്പോൾ ചാടാലപ്പുഴയായിത്തീരുന്നു.
ഇത് കതിരൂർ പഞ്ചായത്തിൽ പ്രവേശിച്ചാൽ പൊന്ന്യം പുഴയായും. പിന്നീട് എരഞ്ഞോളി പുഴയായും അറിയപ്പെടുന്നു.

കോങ്ങാറ ദേവസ്വം, പുല്ലഞ്ചേരിഇല്ലം, കോട്ടയംകോവിലകം, മഞ്ചക്കൽഇല്ലം, നിംഗലേരിതറവാട്, എരുവട്ടിവേട്ടക്കൊരുമകൻ ക്ഷേത്രദേവസ്വം, പരശൂർദേവസ്വം, ചാത്തോത്ത് വേട്ടക്കൊരുമകൻ ക്ഷേത്രദേവസ്വം, പുതിയതെരു ചന്ദ്രമണ്ഡലംദേവസ്വം, കോട്ടാൽതറവാട് എന്നീ ദേവസ്വങ്ങളും പ്രഭുകുടുബങ്ങളുമായിരുന്നു ഭൂഉടമസ്ഥർ.

അൻപതുവർഷത്തിനുമുമ്പ് 2314.4292 ഹെക്ടർ പറമ്പുകളും 530.3805 ഹെക്ടർ നെൽവയലും ഇവിടെ ഉണ്ടായിരുന്നു, 137.3887 ഹെക്ടർ തരിശുഭൂമിയായിരുന്നു. ഇന്ന് നെൽകൃഷി കേവലം 53 ഹെക്ടറിൽ മാത്രമാണ്.

ഭൂവിനിയോഗ പട്ടിക (പഴയത്)

വില്ലേജ്	പുരയിടം	നിലം	പുറമ്പോക്ക്	തരിശ്	ആകെ
ചെറുവാഞ്ചേരി	1426 84 H	155.16 H	137.39 H	ഇല്ല	1720.607 H
പാടൃം	882.59 H	361.34 H	59.736 H	,,	1303.666 H†

† വനം പട്ടികയിൽ ഉൾപ്പെടുത്തിയിട്ടില്ല

ഭൂവിനിയോഗ പട്ടിക (പുതിയത്)

നിലം	പുരയിടം	തരിശ്	വനം
45 ഹെ.	2651 ഹെ.	167 ഹെ.	124 ഹെ.

ജന്മി കുടിയായ്മ വ്യവസ്ഥിതിയിൽ കർഷകന്ന് കൃഷിഭൂമിയിൽ സ്വന്തമിഷ്ടാനുസരണം ഉഴുതുമറിച്ച് പിടിപ്പിക്കാൻ അവകാശമുണ്ടായിരുന്നില്ല. നെൽപ്പാടങ്ങൾ നികത്താനോ, മറ്റ് ഉഴുതുമറിച്ച് കൃഷിചെയ്യാനോ ജന്മിയുടെ മുൻകൂട്ടിയുള്ള അനുവാദം തേടണമായിരുന്നു,

കർഷകന്ന് കൃഷിഭൂമിയിലുള്ള അവകാശം സ്ഥാപിക്കപ്പെട്ടതോടെ അതുവരെ ഉണ്ടായിരുന്ന കൃഷിരീതിക്ക് പൊടുന്നനെതന്നെ മാറ്റമുണ്ടായി. പാട്ടബാക്കി, പുറപ്പാടുബാക്കി എന്നിങ്ങനെ നീരവധി കടക്കെണിയിൽ കുടുങ്ങി ശ്വാസം മുട്ടിക്കഴിഞ്ഞിരുന്ന കർഷകർ കടക്കെണിയിൽ നിന്നും മോചിതരാവാൻ മാർഗ്ഗങ്ങൾ തേടി. നെൽകൃഷിയിൽ നിന്നും നാണ്യവിള കൃഷിയിലേക്കുള്ള മാറ്റം ഇതിന്റെ ഭാഗമായിരുന്നു. ഒപ്പം വൻതോതിൽ മരംവെട്ടും ആരംഭിച്ചു. പറമ്പുകളിൽ സുലഭമായിരുന്നവൻമാവുകളും, പ്ലാവുകളും, ആഞ്ഞിലികളും മുറിച്ച് വിൽപനനടത്തി. 70 കളുടെ ആരംഭത്തിൽ ആരംഭിച്ച ഈ പ്രവണതക്ക് ആക്കം കൂട്ടാൻ ''ഗൾഫ്മണി'' യുടെ പ്രവാഹവും കാരണമായി

മണ്ണിന്റെ ഗുണം നോക്കി ഭൂമിക്ക് വില നിശ്ചയിക്കുന്ന രീതി പാടെ മാറ്റിമറിക്കപ്പെട്ടു. ഭൂമിയുടെ ഗുണവും അതിനു നിശ്ചയിക്കുന്ന വിലയും പൊരുത്തപ്പെടാതായി. ഗതാഗത സൗകര്യമുള്ള പാഴ് ഭൂമിക്ക് പോലും വൻ വിലനൽകാൻ ആവശ്യക്കാർ ഉണ്ടായി തുണ്ടം തുണ്ടം ഭൂമിക്കായിരുന്നു ഏറെ പ്രിയം. ഭൂമിയുടെ വിലക്കും അതിലെ വിളക്കും തമ്മിൽ അനുപാതവു മില്ലാതായി ഭൂമിയുടെ വിലകുതിച്ചുകയറി തുണ്ട് ഭൂമിയുടെ ഉടമകൾക്ക് അതിലെ വിളകൾ ഒരത്യാവശ്യമില്ലാതാവുകയും വിളകളുടെ പരിക്ഷണം അവർക്ക് ഒരു ബാധ്യതയും ആയി.

കഴിഞ്ഞ രണ്ട് പതിറ്റാണ്ട് കാലത്തിനിടയിൽ കാർഷിക രംഗത്തുണ്ടായ മാറ്റങ്ങളുടെ മുഖമായിരുന്നു ഇത്. തുണ്ട് ഭൂമികളിൽ കോൺക്രീറ്റ് മന്ദിരങ്ങൾ ഉയരാൻ തുടങ്ങിയതോടെ കർഷകത്തൊഴിലാളി മേഖലയിൽനിന്നും നിർമ്മാണ തൊഴിലാളി മേഖലയിലേക്ക് ഒഴുക്കു തുടങ്ങി. ഉദയങ്ങൾ വെട്ടിമാറ്റി കെട്ടിടങ്ങൾ പണിയാൻ നേരത്തെ ഉണ്ടായിരുന്ന ഭൂമി മറിച്ച് വിൽക്കാൻ പോലും കർഷകർ തയ്യാറായി. കോൺക്രീറ്റ് മന്ദിരങ്ങൾ അനവരതം ഉയരാൻ തുടങ്ങിയപ്പോൾ കൂലിനിരക്കിലും കുത്തനെ ഉയർച്ചയുണ്ടായി. വളരെയൊന്നും പ്രാവീണ്യമാവശ്യ മില്ലായിരുന്നു. കോൺക്രീറ്റ് തൊഴിലിലെ വേതനം ആകർഷകമായിരുന്നു. അത് ഉയർന്നു കൊണ്ടേയിരുന്നു വൈദഗ്ധ്യ മാവശ്യമുള്ള കാർഷിക തൊഴിൽ ഉപേക്ഷിക്കാൻ തൊഴിലാളികളെ പ്രേരിപ്പിച്ചത് മേൽസൂചിപ്പിച്ച മേന്മയായിരുന്നു.

1965 മുതൽ കർഷകതൊഴിലാളി കുടുംബങ്ങളിലെ യുവജനങ്ങൾ ബീഡിതെറുപ്പ് രംഗത്തേക്ക് നീങ്ങിക്കൊണ്ടിരുന്നു. 70 കളിൽ ഈ കൂടുമാറ്റം സജീവമായി. നന്നേ ചെറുപ്പത്തിലെ സ്ഥിരമായ ഒരു വരുമാനം ബീഡിതെറുപ്പിൽ നിന്നും ലഭിക്കുമെന്നതായിരുന്നു ഈ തൊഴിലിനുണ്ടായിരുന്ന ആകർഷണീയത.

ഇത്തരം ഒരു പരിതസ്ഥിതിയിൽ കർഷകർക്ക് വേണ്ടത്ര കർഷക തൊഴിലാളികളെ ലഭ്യമാവാതെ വന്നു. നിർമ്മാണ രംഗത്തോട് മത്സരി

ച്ച് വേതനം നൽകി കൃഷി ചെയ്യാനുള്ള സാധ്യതയും കൃഷിമേഖലക്കുണ്ടായില്ല. നെൽകൃഷിയോട് വിടപറയുക മാത്രമല്ല നാണ്യവിളകൃഷിയുടെ പരിചരണത്തിലും വീഴ്ച വരുത്തേണ്ടി വന്നു. കാർഷികവൃത്തികൊണ്ട് ഉപജീവിതം കഴിച്ചവർ മറ്റ് മാർഗങ്ങൾ തേടിപ്പോയി നിർമ്മാണ തൊഴിലാളി രംഗത്തേക്ക് കടന്നു ചെന്നവരായിരുന്നു അധികപേരും. കൂലിവർദ്ധനവും കർഷകതൊഴിലാളികളുടെ ലഭ്യതക്കുറവും കാരണം വീളകളുടെ പരിചരണത്തിലുണ്ടായ അലംഭാവം ഏറെവും കൂടുതൽ പ്രകടമായത് ഏറെ പ്രതീക്ഷിച്ച് കൃഷിചെയ്ത തെങ്ങിന്റെ ഉൽപാദനത്തിലായിരുന്നു.

1950കളിൽ ശരാശരി 40 കായ്കം ലഭിച്ചിരുന്നിടത്ത് കുറഞ്ഞ് കുറഞ്ഞ് വന്ന് ഇന്നത് 25 ൽ നിൽക്കുന്നു. കുരുമുളകിന്റെ കാര്യത്തിലും ഈ ഇടച്ചിൽ പ്രത്യക്ഷമായി.

പച്ചക്കറി മേഖലയിൽ നേരത്തെ ഏറെ മുൻപന്തിയിലായിരുന്ന പഞ്ചായത്തിൽ ഇന്ന് പച്ചക്കറി കൃഷി ഒരു വഴിപാടിയിതീർന്നു. എല്ലാവീടുകളിലും നേരത്തെ ഉണ്ടായിരുന്ന അടുക്കളത്തോട്ടം ഇന്ന് എങ്ങും കണ്ടെന്നു വരില്ല പച്ചക്കറി ഉപയോഗം ശതഗുണീഭവിച്ചപ്പോഴും ഒരു കയ്പ വള്ളി വെച്ച് പിടിപ്പിക്കാൻ പോലും അമാന്തിച്ചു. കശുമാവ് കൃഷിയിലും അതിന്റെ ഉൽപാദനത്തിലുമാണ് ഏറെ പുരോഗതിയുണ്ടായത്. ഇതിന്റെ മുഖ്യകാരണം കശുമാവ് ഏറെ പരിചരണമില്ലാത്ത വിളയാണ് എന്നുള്ളതാണ്. പഞ്ചായത്തിലെ ഇന്നത്തെവിളകളും അന്ന് കൃഷി ചെയ്യുന്ന സ്ഥലത്തിന്റെ വിസ്തീർണ്ണവും, ഒരൊത്ത ഉൽപാദനവും, ഉൽപാദനക്ഷമതയും, സംസ്ഥാന ഉൽപാദനക്ഷമതയും താഴെ പട്ടികയിൽ കൊടുക്കുന്നു.

ക്രമ നമ്പ്	വിള	വിസ്തീർണ്ണം	മൊത്തം ഉൽപാദനം	ഉൽപാദന ക്ഷമത	സംസ്ഥാന ഉൽപാദന ക്ഷമത
1	തെങ്ങ്	1825 ഹെ.	6387500	35000 തേങ്ങ_ഹെ	5843 / ഹെക്ടർ
2	കശുമാവ്	380 ,,	425.6 ടൺ	1120 കി.ഗ്രാം ,,	877 കി.ഗ്രാം/ഹെ
3	കുരുമുളക്	270 ,,	288.00 ,,	140.74 ,, ,,	271 ,, ,,
4	നെല്ല് (1ാം വിള)	45 ,,	130.00 ,,	2900 ,, ,,	2018 ,, ,,
5	നെല്ല് (2ാം വിള)	15 ,,	46.55 ,,	3100 ,, ,,	ലഭ്യമല്ല
6	നെല്ല് (3ാം വിള)	1 ,,	2.8 ,,	2800 ,, ,,	ലഭ്യമല്ല
7	വാഴ	125 ,,	2500 ,,	20 ടൺ ഹെ	7.65 ടൺ/ഹെ
8	മരച്ചീനി	82 ,,	2050 ,,	25 ,, ,,	19.47 ,,
9	കവുങ്ങ്	230 ,,	640 ലക്ഷം അടക്ക	300000 അടക്ക ഹെക്ടർ	111195 അടക്ക/ ഹെക്ടർ
10	പയർ	7 ,,	2.1 ടൺ	2800 കി.ഗ്രാം ഹെ	ലഭ്യമല്ല
11	മഞ്ഞൾ	3 ,,	8.7 ,,	2900 ,, ,,	1927 കി.ഗ്രാം/ഹെ
12	ഇഞ്ചി	3 ,,	10.5 ,,	3500 ,, ,,	3258 ,, ,,
13	കൈതച്ചക്ക	8 ,,	160.00 ,,	20 ടൺ ,,	ലഭ്യമല്ല
14	റബ്ബർ	3 ,,	10.5 ,,	3500 കി.ഗ്രാം ഹെ	3258 കി.ഗ്രാം/ഹെ
15	പച്ചക്കറികൾ	31 ,,	930 ,,	3000 ,, ,,	—
16	മാവ്	42 ,,	1260 ,,	30 ടൺ ,,	—
17	പ്ലാവ്	64 ,,	38 ,,	4500 കി.ഗ്രാം ,,	—

മുഖ്യവിളകളായ തേങ്ങ, കുരുമുളക്, എന്നിവയുടെ ഉൽപാദനക്ഷമത ഗണ്യമായി കുറഞ്ഞു. സംസ്ഥാന ശരാശരിയേക്കാൾ വളരെകുറവാണ്. പച്ചക്കറിയുടെ ഉൽപാദനം മൊത്തമായി പകുതിയായി, നീർക്കെട്ടും ജലക്ഷാമവുമാണ് തേങ്ങയുടെ ഉൽപാദന ക്ഷമത കുറക്കാൻ കാരണം. നേരത്തെ ഉണ്ടായിരുന്ന കുളങ്ങളും തോടുകളും നികത്തിയതും അശാസ്ത്രീയമായും അടുപ്പിച്ചുമുള്ള തെങ്ങുകൃഷിയും ഇതിന് മറ്റൊരു കാരണമാണ്. തേങ്ങാഉൽപാദനരംഗത്ത് മുൻപന്തിയിലായിരുന്ന 1, 2. 3, 4, 5 വാർഡുകളിലൂടെ കടന്നുപോകുന്ന പഴശ്ശി ജലസേചനപദ്ധതിയുടെ മാഹിബ്രാഞ്ച് കനാലും അതിന്റെ ഫീൽഡ് ബൂത്തുകളും ഈ പ്രദേശത്തെ തേങ്ങാ ഉൽപാദനം കുറക്കാൻ അതിനേറെതായ പങ്കുവഹിച്ചിട്ടുണ്ട്. വേനൽക്കാലത്ത് ഈ കനാൽ വരണ്ടുകി

ടക്കും. തെങ്ങിൻതോപ്പുകളിലൂടെ കടന്നുപോകുന്ന കനാൽ വളരെ താഴ്ന്നാണ് കിടക്കുന്നത്. പറമ്പുകളിലെ ജലവിതാനം കുറയാൻ ഇത് കാരണമാവുന്നു. ഇവിടങ്ങളിൽ ഇതുമൂലം രൂക്ഷമായ കുടിവെള്ളക്ഷാമവും നേരിടുന്നുമുണ്ട്.

കുരുമുളകിന്റെ ഉൽപാദനത്തെ ബാധിക്കുന്ന പ്രധാനഘടകങ്ങളാണ് അവയ്ക്ക് പിടിപെടുന്ന ദ്രുതവാട്ടവും, കീടബാധയും, അധിവൃഷ്ടിയും, അനാവൃഷ്ടിയുമാണ്. കർഷകർ കുരുമുളക് വള്ളികളുടെ പരിചരണത്തിൽ കാണിക്കുന്ന അലംഭാവവും മറ്റൊരുകാരണമാണ്.

വാഴകൃഷിമേഖലയിൽ പടർന്നു പിടിക്കുന്ന കുറുനാമ്പ് കോക്കൺ രോഗങ്ങളും കർഷകരെ ഏറെ വിഷമത്തിലാക്കുന്നു. നൂറ് കന്നുകളും വെച്ചാൽ അൻപതും അറുപതും എണ്ണം ഇത്തരം രോഗങ്ങളും പിടിപെട്ട് നശിച്ചുപോകുന്നു. ശക്തിതേറിയ കീടനാശിനികളും ഉപയോഗിക്കാൻ അവർ ഇതുമൂലം പ്രേരിതരാകുന്നു. അതുകൊണ്ടുതന്നെ മണ്ണിലെ ജൈവാംശം നഷ്ടപ്പെടുകയും ചെയ്യുന്നു.

പച്ചക്കറികൃഷി ദിനംപ്രതി കുറഞ്ഞുവരികയാണ്. വേനൽക്കാലപ്പച്ചക്കറിക്ക് അനുയോജ്യമായ മുതിയങ്ങവയൽ ജലസേചനത്തിന്റെ അഭാവം കാരണം വേനൽക്കാലങ്ങളിൽ ഒഴിച്ചിടേണ്ടിവരുന്നു. ഉൽപന്നങ്ങൾക്ക് വിപണി ലഭിക്കാത്തതും പച്ചക്കറികൃഷിയോടുള്ള അഭികാമ്യം ഇല്ലാതാക്കുന്ന മറ്റൊരു ഘടകമാണ്.

പ്ലാവ്, മാവ് എന്നീ പഴവർഗ വൃക്ഷങ്ങളും കെട്ടിട നിർമ്മാണപ്രവർത്തനങ്ങളും സജീവമായതോടെ വെട്ടിമാറ്റപ്പെട്ടു. ചെറുവാഞ്ചേരി വില്ലേജിലെ ഇന്നിവ സുലഭമായുള്ളൂ. ഇവയുടെ ഉൽപ്പന്നത്തിന് വിപണി ലഭിക്കാതതു കാരണം കൃഷിക്കാർ മാവും, പ്ലാവും വെച്ച് പിടിപ്പിക്കുന്നില്ല.

സീസൺ കലണ്ടർ

വേനൽക്കാലം	വർഷകാലം	ശരത്കാലം	തണുപ്പുകാലം
മാർച്ച് ഏപ്രിൽ മെയ്	ജൂൺ ജൂലായ് ആഗസ്ത് സപ്തംബർ	ഒക്ടോബർ നവംബർ	ഡിസംബർ ജനുവരി ഫിബ്രുവരി

കാർഷികപ്രവൃത്തി കലണ്ടർ

വിള	മാസം	പ്രവൃത്തി.
നെല്ല് കശുമാവ് തെങ്ങ്	ഏപ്രിൽ ,, ,,	നിലമൊരുക്കൽ, ജൈവവളം ചേർക്കൽ. വിളവെടുപ്പ്. ,, ജലസേചനം.
നെല്ല് തെങ്ങ്	മെയ് ,,	വിത ജലസേചനം, വിളവെടുപ്പ്.
നെല്ല് തെങ്ങ് കവുങ്ങ് കുരുമുളക്	ജൂൺ ,, ,, ,,	ഞാറ് പറിക്കൽ, നടീൽ. ഇടകിളക്കൽ, മുരട്തുറക്കൽ, ജൈവവളപ്രയോഗം. മുരട്തുറക്കൽ, വളപ്രയോഗം. ,, ,,
നെല്ല് തെങ്ങ് കവുങ്ങ്	ജൂലായ് ,, ,,	കളപറിക്കൽ, രാസവളപ്രയോഗം. വളംചേർക്കൽ, ഇടചിളളൽ. ,, ,,
നെല്ല് തെങ്ങ്	ആഗസ്ത് ,,	രണ്ടാംവിളക്ക് നർലറി തയ്യാറാക്കൽ, ഒന്നാംവിള കൊയ്ത്ത് വിളവെടുപ്പ്, രാസവളപ്രയോഗം
നെല്ല് തെങ്ങ്	സപ്തംബർ ,,	വിളവെടുപ്പ്, നിലമൊരുക്കൽ, നടീൽ തടം മൂടൽ, ഇട കിളക്കൽ
നെല്ല് തെങ്ങ്	ഒക്ടോബർ ,,	നടീൽ, കളപറി, വളം ചേർക്കൽ ഇട കിളക്കൽ, വിളവെടുപ്പ്
നെല്ല് തെങ്ങ് കവുങ്ങ് പച്ചക്കറി	നവംബർ ,, ,, ,,	കളപറി, വളം ചെയ്യൽ വിളവെടുപ്പ്, ഇടകിളക്കൽ വിളവെടുപ്പ്, ഇടകിളക്കൽ നിലമൊരുക്കൽ, നടീൽ

വിള	മാസം	പ്രവൃത്തി.
നെല്ല്	ഡിസംബർ	വിളവെടുപ്പ്
തെങ്ങ്	,,	വിളവെടുപ്പ്, ജലസേചനം
കവുങ്ങ്	,,	വിളവെടുപ്പ്
പച്ചക്കറി	,,	നടീൽ, ജലസേചനം
നെല്ല്	ജനവരി	വിളവെടുപ്പ്
തെങ്ങ്	,,	ജലസേചനം
പച്ചക്കറി	,,	വളപ്രയോഗം, ജലസേചനം, വിളവെടുപ്പ്, നടീൽ
കവുങ്ങ്	,,	വിളവെടുപ്പ്
തെങ്ങ്	ഫിബ്രവരി	വിളവെടുപ്പ്, ജലസേചനം.
പച്ചക്കറി	,,	,, ,,
കുരുമുളക്,	,,	വിളവെടുപ്പ്
കശുമാവ്	,,	,,
തെങ്ങ്	മാർച്ച്	ജലസേചനം
പച്ചക്കറി	,,	വിളവെടുപ്പ്,, ജലസേചനം
കുരുമുളക്	,,	വിളവെടുപ്പ്
കശുമാവ്	,,	,,

● ജലസേചന സൗകര്യങ്ങൾ

പഞ്ചായത്തിന്റെ കിഴക്കു കിടക്കുന്ന ചെറുവാഞ്ചേരി വില്ലേജ് അതിർത്തിയിലുള്ള വനങ്ങളിൽ നിന്നാണ് പല പ്രധാന തോടുകളും ഉത്ഭവിക്കുന്നത്. ഇവയിൽ പലതും ഒന്നു ചേർന്നാണ് പടിഞ്ഞാറെത്തുമ്പോഴേക്കും ചാടാലപ്പുഴയായി മാറുന്നത്.

പ്രധാന തോടുകളുടെ പട്ടിക താഴെ ചേർക്കുന്നു.

നമ്പർ	തോടിന്റെ പേര്	നീളം	വീതി
1	മീമുട്ടിത്തോട്	2 കി. മീ.	3 മീറ്റർ
2	കോങ്ങാറ ചാടാലപുഴത്തോട്	3 ,, ,,	1.5 മീ
3	വേളായിത്തോട്	2 ,, ,,	3 മീ
4	കൊട്ടയോടി ചാടാലപുഴത്തോട്	2 ,, ,,	2 മീ
5	മുതിയങ്ങ മഞ്ഞാമ്പംത്തോട്	1.5 ,, ,,	2 മീ
6	നടുവയൽത്തോട്	1.5 ,, ,,	—
7	കല്ലുവളപ്പ്ത്തോട്	2 ,, ,,	—
8	മങ്ങോട്ട്ത്തോട്	—	—
9	കുമ്മഞ്ഞടിച്ചിമണിയാറത്തോട്	—	—
10	അമ്പാട്ട്കുഴിത്തോട്	—	—
11	ഭഗവതിക്കുണ്ട് വടക്കം മാക്കൂൽത്തോട്	—	—
12	ആണിക്കാംപൊയിൽ ചാടാലപുഴത്തോട്	—	—
13	കണിയാൻ ത്തോട്	—	—

ഇവയ്ക്ക് പുറമെ നിരവധി നീർച്ചാലുകളും ഉണ്ട്.

കണ്ണവം കോളനി നടുവയൽത്തോട്, മങ്ങോട്ട് തോട് കല്ലുവളപ്പ്-തോട്, അമ്പാട്ട്കുഴിത്തോട് ഭഗവതിക്കുണ്ട് വടക്കുംമാക്കൂൽ കോരമ്പാറത്തോട്, വേളായിത്തോട് എന്നിവ വടക്കുനിർത്തിയിലെ കുന്നിൻ ചരിവിൽ നിന്നുമാണ് ഉത്ഭവിക്കുന്നത്. മറ്റു തോടുകളും അടുത്തപഞ്ചായത്തുകളിൽ നിന്നും ഉത്ഭവിച്ച് ഒഴുകി വരുന്നവയാണ്.

പഴശ്ശി ജലസേചന പദ്ധതിയുടെ മാഹി ബ്രാഞ്ച്കനാലും ഫീൽഡ് ബൂത്ത് തോടുകളും പഞ്ചായത്തിലെ 1, 2, 3, 4, 5, 6 വാർഡുകളിലൂടെ കടന്നു പോകുന്നുണ്ട്. ഇവയിൽനിന്നും ജലസേചനസൗകര്യങ്ങളും ലഭിക്കാൻ പ്ലാനിൽ ഉൾപ്പെടുത്തിയിരുന്നത് 1,2,3,4 വാർഡുകളിലെ 115 ഹെക്ടർ കൃഷി സ്ഥലങ്ങളിലായിരുന്നു.

പത്താംവാർഡിലെ മീൻമുട്ടിത്തോടിൽ നിർമ്മിച്ച ക്രോസ്ബാർ, ഏഴാംവാർഡിൽ ക്കുറിവയലിൽ മുതിയങ്ങ തോടിനുള്ള ക്രോസ്ബാർ, എട്ടാംവാർഡിലെ ഈസ്റ്റ് വളള്യായി ക്രോസ്ബാർ, ഒന്നാംവാർഡിലെ ചാടാലപ്പുഴ കൊങ്കച്ചി ക്രോ

സ്ബാർ, എന്നിവയാണ് ജലസേചനസൗകര്യത്തിനുപയോഗിച്ചിരുന്ന ക്രോസ്ബാറുകൾ. ഇവ മുഴുവൻ ഉപയോഗ ശൂന്യമാണ്.

കുളങ്ങളും ജലസേചന കിണറുകളും

ജലസേചനത്തിന്നായി 2703 കിണറുകളും 47 കുളങ്ങളും ഇവിടെനിർമ്മിച്ചിട്ടുണ്ട്. ഇവയിൽ പലതും ജലക്ഷാമത്തിന്റെ പിടിയിലായതിനാൽ ഉദ്ദേശിച്ച ജലസേചനം നടത്താൻ കഴിഞ്ഞിട്ടില്ല.

അറകുറപ്പണികൾ നടത്താൻ ഉദ്ദേശിക്കുന്ന ചെറുകിട ജലസേചന പദ്ധതികൾ

1) മുതിയങ്ങതോടിനുമഞ്ഞാമ്പത്ത് താഴെയുള്ള വി. സി. ബി യുടെ അറകുറപ്പണികൾ നടത്തി പ്രവർത്തനയോഗ്യമാക്കൽ. ഏഴാം വാർഡിലെ 20 ഹെക്ടർ നെൽപ്പാടങ്ങളിൽ ജലസേചനം നടത്താൻ ഉദ്ദേശിക്കുന്നത്. അടങ്കൽതുക 2 ലക്ഷം.

2) ആറാം വാർഡിൽ കുഞ്ഞിമൂളിയിൽ ഉള്ള വി. സി. ബി. പുനർനിർമ്മിക്കൽ 2 ലക്ഷം രൂപ അടങ്കൽതുക 20ഹെക്ടർ സ്ഥലത്ത് ജലസേചനവും ഉദ്ദേശിക്കുന്നു.

3) പത്താം വാർഡിലെ മീൻമുട്ടിതോടിലെ വി. സി. ബി. അറകുറപ്പണികൾ നടത്തി 10 ഹെക്ടർ സ്ഥലത്തെ ജലസേചനം കാര്യക്ഷമമാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതിയുടെ അടങ്കൽതുക 2ലക്ഷം രൂപയാണ്.

4) ഏഴാം വാർഡിലെ കക്രത്തോടിലും പതിനൊന്നാം വാർഡിലെ പാച്ചാവയലിലും വി.സി.ബി. നിർമ്മിക്കാൻ യൂറോപ്യൻ സാമ്പത്തിക കമ്മീഷന്റെ സാമ്പത്തിക സഹായം ഉപയോഗിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇത് പ്രാവർത്തികമാക്കപ്പെടുകയാണെങ്കിൽ ഈ വാർഡുകളിലെ 60 ഹെക്ടർ കൃഷിയിടത്ത് ജലസേചന സൗകര്യം ലഭിക്കും.

പമ്പുസെറ്റുകൾ

ജലസേചനം ഉദ്ദേശിച്ച് 85 മണ്ണെണ്ണ, ഡീസൽ പമ്പുസെറ്റുകളും 300 വൈദ്യുതിപമ്പുസെറ്റുകളും പ്രവർത്തിക്കുന്നുണ്ട്. ഇവ കൊണ്ട് ജലസേചനം നടത്തപ്പെടുന്നത് 50 ഹെക്ടർ സ്ഥലത്താണ്.

നീർമറി

8ാം പഞ്ചവത്സര പദ്ധതിയിൽ ചെറുവാഞ്ചേരി വില്ലേജിലെ ഒബതാം വാർഡിന്റെ ഒരുഭാഗവും 10 11 വാർഡുംപ്പെട്ടതുമായ 1525 ഹെക്ടർ സ്ഥലത്ത് നീർമറി വികസന പദ്ധതി നടപ്പിലാക്കിവരുന്നു. 1410 ഹെക്ടറിലാണ് പദ്ധതി ഉപയോഗപ്രദമാകുന്നത്. മൊത്തം പദ്ധതി വിഹിതം 45. 35 ലക്ഷം രൂപയാണ്. മണ്ണ്, ജലസംരക്ഷണം, കൃഷി സാമ്പത്തികമായി പിന്നോട്ട് നിൽക്കുന്നവർക്ക് തൊഴിൽ അവസരം ഉണ്ടാക്കൽ ആട്, കോഴി, പന്നി മുയൽ, തേനീച്ച എന്നിവ വളർത്തുന്നതിന് ആനുകൂല്യങ്ങൾ വനിതകളുടെ തൊഴിലവസരം വർധിപ്പിക്കാനുള്ള പരിപാടികളും ഈ പദ്ധതിയിൽ ഉൾപ്പെടുത്തുന്നു.

1017 കുടുംബങ്ങൾ ഈ പദ്ധതിയുടെ ഗുണഭോക്താക്കളാണ്. നീർച്ചാലുകളിൽ തടയണകളും, ഉയർന്നപ്രദേശങ്ങളിൽ നീർകുഴികളും. കൃഷി ഭൂമികളിൽ ജലസംഭരണത്തിനുള്ള വരമ്പുകളും, കയ്യാലകളും കുളങ്ങളും ഈ പദ്ധതി പ്രകാരം നിർമ്മിച്ചിട്ടുണ്ട്. നീർച്ചാലുകളുടെ സംരക്ഷണപ്രവർത്തനവും നടത്തപ്പെടുന്നുണ്ട്.

● കൃഷിഭവൻ മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ

1 സമഗ്ര നാളീകേര വികസന പദ്ധതി

30 സെന്റിന് മേൽ കൈവശ ഭൂമിയും 25 തെങ്ങെങ്കിലും ഉള്ള കൃഷിക്കാർക്ക് ജലസേചനത്തിന്ന് കിണറും പമ്പുസെറ്റും നൽകാൻ 2500 രൂപവീതം സബ്സിഡി നൽകുന്നു. 94_95ൽ 25 പേർക്ക് പമ്പ്സെറ്റിനും 30 പേർക്ക് കിണറിനും സബ്സിഡി നൽകിയിട്ടുണ്ട്. 95_96ൽ 42 കിണറിനും 31 പമ്പ്സെറ്റിനും സബ്സിഡി നൽകി.

2 പൊതുജലസേചന പദ്ധതി:-

10 ഹെക്ടർ സ്ഥലത്ത് ജലസേചനം നടത്താനുദ്ദേശിക്കുന്ന ഈ പദ്ധതി പ്രകാരം ഗുണഭോക്താക്കൾക്ക് 85% സബ്സിഡി ലഭിക്കുന്നു. മൂഴിവയലിലെ 64 കർഷകർക്ക് പ്രയോജനപ്പെടുന്ന 196000 രൂപ അടങ്കൽ തുകയുള്ള ഒരു പദ്ധതി നടപ്പിലാക്കികൊണ്ടിരിക്കയാണ്.

3) കിലോഗ്രാമിന്ന് 3 രൂപ സബ്സിഡി നിരക്കിൽ പച്ചിലച്ചെടി വിത്തുകൾ വിതരണം ചെയ്യുന്നു.

4) സസ്യസംരക്ഷണ ഉപകരണങ്ങളും തെങ്ങുകയറ്റ യന്ത്രങ്ങളും സബ്സിഡി നിരക്കിൽ കൃഷിക്കാർക്ക് നൽകുന്നുണ്ട്.

● ഊർജിത കശുമാവ് വികസന പദ്ധതികൾ

1) ഒട്ടിച്ച കശുമാവ് തൈകൾ കഴിഞ്ഞ രണ്ട് സാമ്പത്തികവർഷങ്ങളിലായി 2000 കർഷകർക്ക് വിതരണം ചെയ്തിട്ടുണ്ട്. ഇതിന്ന് അഞ്ചു വർഷത്തേക്ക് വളവും സസ്യസംരക്ഷണ മരുന്നുകളും നൽകുന്നു.

2) കശുമാവ് വ്യാപന പദ്ധതിപ്രകാരം 1600 കശുമാവ് ഗ്രാഫ്റ്റുകൾ സൗജന്യമായി വിതര

ണംചെയ്തു. നടീൽകൂലിയായി ഗ്രാഫ്റ്റ് ഒന്നിന്മൂന്ന് രൂപ കൃഷിക്കാർക്ക് നൽകുന്നു.

കുരുമുവിലെ തേയിലക്കൊതുകിനെതിരെ മരുന്ന് തളിക്കുന്നതിന് ഹെക്ടർ ഒന്നിന് മുന്നൂറു രൂപാനിരക്കിൽ കീടനാശിനി നൽകുന്നു.

● സുഗന്ധവിള വികസന പദ്ധതി

കുരുമുളക് പുനരുദ്ധാരണ പദ്ധതി പ്രകാരം മൂന്ന് വർഷത്തേക്ക് സസ്യ സംരക്ഷണ മരുന്നുകളും വളങ്ങളും നൽകുന്നു.

ഇഞ്ചികൃഷി പ്രദർശനത്തോട്ടത്തിന്ന് 25സെന്റിന്ന് 1250രൂപ സബ്സിഡി നൽകുന്നു

കവുങ്ങുകൃഷി വികസന പദ്ധതി പ്രകാരം മഹാളി രോഗത്തിനെതിരെ മരുന്നുതളിക്കാൻ സബ്സിഡി നിരക്കിൽ തുരിശ് വിതരണം ചെയ്യുന്നു.

നെൽകൃഷിക്ക് ഹെക്ടറിന്ന് 250രൂപ ഉൽപാദനച്ചിലവനുവദിക്കുന്നുണ്ട്.

പച്ചക്കറിവികസനപദ്ധതി പ്രകാരം സൗജന്യ വിത്തുവിതരണം നടത്തുന്നു.

ഖണികജലസേചന പദ്ധതിപ്രകാരം ഡ്രിപ്പ് ഇറിഗേഷന്ന് 50ശതമാനം സബ്സിഡി നൽകുന്നു.

പഴവർഗ്ഗ വികസന പദ്ധതി പ്രകാരം നടീൽ വസ്തുക്കൾ വിതരണം ചെയ്യുന്നു.

പയർവർഗ്ഗ വികസനപദ്ധതി പ്രകാരം പയർ വിത്തുകൾ വിതരണം ചെയ്യുന്നു.

● വിപണനം

കാർഷികോത്പന്നങ്ങളുടെ വിപണനം കർഷകർക്കെന്നും ഒരു കീറാമുട്ടിയാണ്. പച്ചക്കറി തൊട്ട് തേങ്ങവരെയുള്ള ഉൽപന്നങ്ങൾക്ക് പലപ്പോഴും യഥാർത്ഥ മാർക്കറ്റ് വില ലഭിക്കുന്നില്ല. ഉൽപാദനം വർധിച്ചാൽ മാർക്കറ്റ് വില കുത്തനെ ഇടിയുന്നു. ഉൽപാദനച്ചിലവിന്പോലും വിറ്റുവരവ് തികയുന്നില്ല.

പ്രധാന വിളയായ തേങ്ങയുടെ സംസ്കരണത്തിന്നോ വിൽപന നടത്തുന്നതിന്നോ വേണ്ട പ്രത സംവിധാനങ്ങൾ ഇല്ല. കൊപ്രവിപണനം തലശ്ശേരി കൂത്തുപറമ്പ് മാർക്കറ്റുകളിലെ മൊത്തവ്യാപാരികളെ ആശ്രയിച്ചിരിക്കുന്നു. പഞ്ചായത്തിനകത്ത് നാല് ചെറുകിട വെളിച്ചെണ്ണ മില്ലുകൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും ഇവയുടെ പ്രവർത്തന ശേഷി പരിമിതമാണ്.

പട്ടണത്തിൽ കൊപ്ര എത്തിക്കുന്നതിന്ന് ചെറുകിടനാമമാത്ര കർഷകർ ഏറെവിഷമം അനുഭവിക്കുന്നു. സെയിൽടാക്സ് ക്ലിയറൻസ് ഫോറം സംഘടിപ്പിക്കുകയും നികുതിശീട്ട് കൊണ്ട് നടക്കുകയും ചെയ്തില്ലെങ്കിൽ മാർക്കറ്റിലേക്ക് കൊണ്ട്പോകേണ്ട കൊപ്രക്ക് വലിയപിഴ നൽകേണ്ടി വരുന്നു. ഈ നിയമത്തെക്കുറിച്ച് ബോധവാൻമാരല്ലാത്ത പല കർഷകരും സ്വന്തംകൊപ്ര വിപണിയിലെത്തിക്കുന്നതിന്ന് നല്ലതുക പിഴ ഒടുക്കേണ്ടി വന്നിട്ടുണ്ട്. വാഹന വാടക ഇനത്തിലും നല്ലൊരുസംഖ്യ മുടക്കേണ്ടിവരുന്നു. മാർക്കറ്റിൽ എത്തിക്കുന്നകൊപ്രക്ക് മാർക്കറ്റ് വില ലഭിക്കുന്നില്ല. മൊത്തവ്യാപാരികളുടെ സൗമനസ്യത്തിന്നനുസരിച്ചാണ് വില നിശ്ചയിക്കുന്നത്.

ഇതുകൊണ്ട് മാർജിനൽ ചെറുകിട കർഷകർ നാളികേരം സംസ്ക്കരിക്കാതെ പറമ്പിൽവെച്ചു തന്നെ വിൽപനനടത്തുന്നു. ഇത്തരം വിൽപന കൊണ്ട് ഇടത്തട്ടുകാർ 20ശതമാനം മുതൽ50ശതമാനംത്തോളം നേട്ടംകൊയ്യുന്നു. ഒരുവർഷത്തേക്ക് തേങ്ങാപാട്ടം കൊടുക്കുന്ന സമ്പ്രദായവും വ്യാപകമാണ്. തെങ്ങുകയറ്റ തൊഴിലാളികളുടെ ലഭ്യതകുറവാണ് ഇതിന്നുള്ള കാരണം. കർഷകരുടേയോ കാർഷികരംഗത്ത് പ്രവർത്തിക്കുന്ന സംഘടനകളുടേയോ നേതൃത്വത്തിൽ ഇവിടെ മാർക്കറ്റിംഗ് സൊസൈറ്റികളോ കോ-ഓപ്പറേറ്റീവ് സൊസൈറ്റികളോ പ്രവർത്തിക്കുന്നില്ല. മറ്റ് കാർഷിക വിളകളുടെയും വിപണി മേൽ പറഞ്ഞ രണ്ടുപട്ടണങ്ങൾ തന്നെ. കശുവണ്ടി സംഭരണത്തിന്ന് സീസണിൽ സർക്കാർ ഏർപ്പാടുകൾ ചെയ്യുന്നുണ്ടെങ്കിലും സ്വകാര്യ കച്ചവട സ്ഥാപനങ്ങളാണ് ഇടത്തട്ടുകാരായി പ്രവർത്തിക്കുന്നത്. ചെറുകിട കർഷകരിൽ നിന്നും കുറഞ്ഞവിലയ്ക്ക് സംഭരിക്കുന്ന കശുവണ്ടി അവർ സംഭരണ കേന്ദ്രങ്ങളിലെത്തിച്ച് പരമാവധി വില ഈടാക്കുന്നു.

വാഴ, മരച്ചീനി എന്നിവയുടെ കാര്യത്തിലും ഇടത്തട്ടുകാരുടെ പ്രവർത്തനം സജീവമാണ്. പച്ചക്കറി ഉത്പ്പാദകരാണ് വിപണനകാര്യത്തിൽ ഏറെ വിഷമമനുഭവിക്കുന്ന മറ്റൊരുവിഭാഗം. പഞ്ചായത്ത് അതിർത്തിക്കുള്ളിലെ പച്ചക്കറി വ്യാപാരികൾ ഇവിടുത്തെ കൃഷിക്കാരിൽനിന്നും പച്ചക്കറി വാങ്ങി വിൽക്കാൻ താല്പര്യപ്പെടുന്നില്ല. പട്ടണത്തിലെ മൊത്തവ്യാപാരികളിൽ നിന്നും ഗുണനിലവാരം കുറഞ്ഞപച്ചക്കറികൾ വാങ്ങി വിലപന നടത്തി കൂടുതൽ ലാഭംനേടുക എന്ന നയമാണ് വ്യാപാരികൾ സ്വീകരിച്ചു വരുന്നത്. പലപ്പോഴും ആവശ്യത്തിന്നുവേണ്ട ഉല്പന്നങ്ങൾ ഇവിടുത്തെ കൃഷിക്കാർക്ക് ഉല്പാദിപ്പിക്കാൻ കഴിയാതിരിക്കുന്നതും പച്ചക്കറി വ്യാപാരികളെ പട്ടണങ്ങളിലെ കമ്പോളങ്ങളെ ആശ്രയിക്കാൻ പ്രേരിപ്പിക്കുന്നു.

ഉല്പാദനത്തിന്ന് പ്രോത്സാഹിപ്പിക്കുന്ന കൃഷിവേൻ വിപണനം കുറെമറെതാക്കാൻ നടപടികളും സ്വീകരിക്കുന്നില്ല. നേന്ത്രവാഴ, പടുവാഴ എന്നിവയുടെ ഉല്പന്ന വിപണനവും കർഷകർക്ക് ആശ്വാസം നൽകുന്ന വിധത്തിലല്ല. ഈ രംഗത്തും കൃഷിയിടത്തിലെത്തി നേരത്തെതന്നെ ഇവ കച്ചവടം ചെയ്യുന്ന ഇടത്തട്ടുകാർ സജീവമാണ്.

അടക്ക, കുരുമുളക്, തുടങ്ങിയ ഉല്പന്നങ്ങളും വിറ്റഴിക്കാൻ പഞ്ചായത്തിൽ സംവിധാനമില്ല.

പയർവർഗങ്ങൾക്ക് ഈ വിപണിയിൽ തീരെ സാധ്യതയില്ലാത്തതുകൊണ്ട് അവ വില്പനാടിസ്ഥാനത്തിൽ കൃഷി ചെയ്യുന്നില്ല. മഞ്ഞൾ, ഇഞ്ചി എന്നിവയുടെയും സ്ഥിതിയും ഇതുതന്നെ, ജാതിക്കകൃഷി പ്രോത്സാഹിപ്പിക്കുന്നുണ്ടെങ്കിലും ജാതിക്കക്ക് തലശ്ശേരി, കൂത്തുപറമ്പ് മാർക്കറ്റുകളിൽ പ്രിയമില്ല. ഇതുകാരണം ജാതിക്ക കൃഷിചെയ്യുന്നതിൽ കർഷകർ താല്പര്യം പ്രകടിപ്പിക്കുന്നില്ല.

കാർഷിക ബന്ധങ്ങൾ

കാർഷികമേഖലയെമാത്രം ആശ്രയിച്ചു കഴിഞ്ഞിരുന്ന ഒരുജനത ഇന്ന് ആ മേഖലയെ പാടെ അവഗണിച്ചിരിക്കുന്ന ചരിത്രമാണ് പഞ്ചായത്തിന്നുള്ളത്. കർഷകകുടുംബങ്ങളും ദിനംപ്രതി കുറഞ്ഞുവരുന്നു.

ജനസംഖ്യ	നാമമാത്ര കർഷകർ (1 ഹെക്ടർ കുറവ്)	ചെറുകിട കർഷകർ (1മുതൽ 2 ഹെ. വരെ)	വൻകിട കർഷകർ (2 ഹെ. മേലെ)	കർഷക തൊഴിലാളികളും
27589	8554	894	178	1714

1991ലെ സെൻസസ് അനുസരിച്ചുള്ള പട്ടികയാണ് മേൽ കൊടുത്തിരിക്കുന്നത്. ഇതിൽ ഇപ്പോഴെ കർഷകത്തൊഴിലാളികളുടെ എണ്ണം കുറഞ്ഞിട്ടുണ്ട്.

1714 കർഷകത്തൊഴിലാളികളിൽ 674പേർ സ്ത്രീകളാണ്. കാർഷിക ജഡസംഖ്യയിൽ കർഷകത്തൊഴിലാളികളും 15.11 ശതമാനമാണ്.

കൂലി സേവന വ്യവസ്ഥകൾ

പഞ്ചായത്ത് മുഴുവൻ ഏകോപിപ്പിച്ച് നടപ്പിലാക്കുന്ന ഒരുകൂലി സേവനവ്യവസ്ഥ ഇവിടുത്തെ കാർഷിക മേഖലയിൽ ഇല്ല. വിവിധ പ്രദേശങ്ങളിൽ ഏറെക്കുറച്ചിലുകളും ഉണ്ട്.

പറമ്പ് കിളക്കൽ, കയ്യാലനിർമ്മാണം, തെങ്ങിന്റെ മൂടുതുറക്കൽ, നെൽപ്പാടത്തെ കിളക്കൽ എന്നിവക്ക് (പ്രത്യേകം വൈദഗ്ധ്യം വേണ്ടാത്ത) പുരുഷന്ന് ഉച്ചവരെയുള്ള ജോലിക്ക് ഇന്ന് അറുപത് രൂപയാണ് കൂലി. ചെറുവാഞ്ചേരി പ്രദേശത്ത് ഈകൂലിക്ക് അൽപസ്വൽപം ഏറെക്കുറച്ചിലുണ്ട്. കാലത്ത് 8.15മുതൽ ഉച്ച ഒരുമണിവരെയാണ് ജോലിസമയം. വൈദഗ്ധ്യം നേടിയ തെങ്ങുകയറ്റ തൊഴിലാളിക്ക് 50രൂപയും 12 തേങ്ങയുമാണ് കൂലി. ശരാശരി 4മണിക്കൂർ ജോലി നടക്കും. മേൽപറഞ്ഞ കൂലിക്ക് പ്രാദേശികാടിസ്ഥാനത്തിൽ മാറ്റമുണ്ട്. കാളപൂട്ട് കാർഷിക മേഖലയിൽ നിന്നും പൂർണ്ണമായി എടുത്തുപോയി.

കളപറിക്കൽ, മണ്ണ് ചുമക്കൽ, കട്ടയുടക്കൽ, വളം ചേർക്കൽ തുടങ്ങിയ ജോലികളും സ്ത്രീകളാണ് ചെയ്തുവരുന്നത്. ഇവർക്ക് മേൽ സൂചിപ്പിച്ച സമയത്ത് 35 രൂപ കൂലി നൽകുന്നു. അത്യാവശ്യം മാത്രമെ നടീൽ ഉള്ളൂ. ഇതിന്ന് വിവിധ ഭാഗങ്ങളിൽ 50 മുതൽ 65 രൂപ വരെകൂലി കൊടുക്കുന്നുണ്ട്. 8 മണിക്കൂറാണ് ജോലിസമയം. കൊയ്ത്തിന് നേരത്തെ കൂലിയായി നെല്ല് തന്നെയാണ് നൽകിയിരുന്നത്. എന്നാൽ ഉല്പാദനം കുറഞ്ഞതുകാരണം നടീലിന്നുള്ള കൂലി തന്നെ കൊയ്ത്തിനു നൽകുന്നു. ചിലർ 7 ഇടങ്ങഴി നെല്ല് പതമായി നൽകുന്നുണ്ട്.

കാർഷിക മേഖലയിലെ തൊഴിലാളികളും കുറഞ്ഞുവരുന്നതിനാൽ കെട്ടിടനിർമ്മാണ പ്രവൃത്തിയിലേർപ്പെട്ട തൊഴിലാളികളെ അത്യാവശ്യം ഉപയോഗപ്പെടുത്തിയാണ് കർഷകർ കാർഷിക പ്രവർത്തനങ്ങളും മുന്നോട്ടു കൊണ്ടുപോകുന്നത്.

വളം ഉപയോഗം

രാസവളങ്ങളുടെ ഉപയോഗം കുറച്ചു കൊണ്ടുവരുന്നതിനുള്ള പ്രവണത കർഷകരിൽ കണ്ടുവരുന്നു. ജൈവവളപ്രയോഗം മുന്നോട്ടു പോയിട്ടില്ല. കഴിഞ്ഞ രണ്ടു പതിറ്റാണ്ടുകളിലായി ജൈവവളപ്രയോഗം വളരെ കുറഞ്ഞുവരികയാണ്. പച്ചിലകളുടെ ദൗർലഭ്യം, കാലിവളർത്തലിലുണ്ടായ ശോഷണം എന്നിവയാണ് ജൈവവളപ്രയോഗം കുറയാൻ കാരണമായത്. കീടനാശിനിയുടെ ഉപയോഗം വർഷംതോറും വർദ്ധിച്ചു വരികയാണ്.

കഴിഞ്ഞ മൂന്ന് വർഷങ്ങളിൽ പഞ്ചായത്തിലുപയോഗിച്ച രാസവളങ്ങളുടെയും കീടനാശിനികളുടെയും അളവ് താഴെ ചേർക്കുന്നു:—

93_94			94_95			95_96		
രാസവളം	കീടനാശിനി		രാസവളം	കീടനാശിനി		രാസവളം	കീടനാശിനി	
	ദ്രവം	ഖരം		ദ്രവം	ഖരം		ദ്രവം	ഖരം
315 ടൺ	126 ലി	740 കി. ഗ്രാം	275 ടൺ	136 ലി	760 കി. ഗ്രാം	280 ടൺ	150 ലി	850 കി. ഗ്രാം

വിളകൾക്ക് കീടബാധ ദിനംപ്രതി വർദ്ധിച്ചുവരികയാണ്. കീടനിയന്ത്രണത്തിന് പരമ്പരാഗതമായി ചെയ്തുവന്നിരുന്ന വിളകളിൽ പ്രത്യാഘാതങ്ങൾ സൃഷ്ടിക്കാതിരിക്കുന്ന പല സമ്പ്രദായങ്ങളും ഇന്നില്ല. ഇതുമൂലം കൃഷിക്കാർ കീടനാശിനിയെതന്നെ ആശ്രയിക്കുന്നു.

ജൈവവള ഉപയോഗം (പരമ്പരാഗതരീതി) പാട്യം വില്ലേജിൽ ഏറെ കുറവാണ്. കിഴക്കൻ ഭാഗമായ ചെറുവാഞ്ചേരി വില്ലേജിൽ അല്പം ഭേദമുണ്ടെങ്കിലും ശരാശരിയിൽ എത്തുന്നില്ല. ജനസാന്ദ്രതയും കാലിവളർത്തലിൽ വന്ന കുറവും, പച്ചില ക്ഷാമവുമാണ് ജൈവവളപ്രയോഗത്തിന്നിവിടെ തടസ്സം നിൽക്കുന്ന മുഖ്യഘടകം.

നിരവധി സ്വകാര്യ ഏജൻസികൾ അവരുടെ ജൈവവളങ്ങൾ വിതരണം ചെയ്യുന്നുണ്ട്. വേപ്പിൻ പുണ്ണാക്ക്, മരോട്ടി പുണ്ണാക്ക്, കടല പ്പുണ്ണാക്ക്, ചെമ്മീൻപൊടി തുടങ്ങിയവയുടെ മിശ്രിതമാണ് ഇത്തരം ജൈവവളങ്ങൾ. 50 കി. ഗ്രാം ബാഗിന്ന് 250 രൂപ മുതൽ 300 രൂപ വരെയാണ് ഇതിന്റെ വില. ഈ ജൈവവളങ്ങളുടെ ഗുണനിലവാരത്തെക്കുറിച്ച് വ്യത്യസ്ഥഅഭിപ്രായമാണ് കർഷകർക്ക്. ഗുണനിലവാരം തിട്ടപ്പെടുത്താൻ വ്യക്തമായ ഒരു പരിശോധനയും ഇതുവരെ ആരും നടത്തിയിട്ടുമില്ല. കാലവർഷാരംഭത്തിലും ഇടവപ്പാതി അവസാനത്തിലുമാണ് ഇവ വിതരണത്തിനെത്തുന്നത്. 50 ടൺ ജൈവവളങ്ങൾ 95_96ൽ പഞ്ചായത്തിൽ വിതരണം ചെയ്തിട്ടുണ്ട്. ഹെക്ടറിന്ന് 1 ടൺ എന്ന ശരാശരിയിലാണ് ഇവിടങ്ങളിൽ ജൈവവളപ്രയോഗം നടക്കുന്നത്.

● ഉൽപാദന പ്രശ്നങ്ങൾ

മഴക്കാലത്തെ നീർക്കെട്ടും വേനൽക്കാലത്തെ വരൾച്ചയും തെങ്ങുൽപാദനത്തെ ബാധിക്കുന്ന പ്രധാന കാരണങ്ങളാണ്. നാളികേരത്തിന്ന് വിപണിയിലുണ്ടായ വിലയിടിച്ചിലും ദിനംപ്രതി കുതിച്ചുകയറുന്ന കർഷകത്തൊഴിലാളികളുടെ കൂലിയും ജൈവവളത്തിന്റെ ലഭ്യതക്കുറവും. തെങ്ങിന്റെ പരിരക്ഷണം സുഗമമാക്കി ഉൽപാദനം ഉയർത്താൻ വിഘാതമായി നിൽക്കുന്ന ഘടകങ്ങളാണ്.

നേരത്തെ ഉണ്ടായിരുന്ന നെൽപ്പാടങ്ങൾ നികത്തി തെങ്ങ് വെച്ചതോടെ പല തോടുകളും കുളങ്ങളും ഇല്ലാതായി. പാടങ്ങളുടെ പാർശ്വങ്ങളിൽ ഉയരത്തിൽ സ്ഥിതി ചെയ്യുന്ന നാളികേരത്തോപ്പുകളിൽ നിന്നും വർഷകാലത്ത് വെള്ളം ഒഴുകിവരുന്നതോടെ തെങ്ങുവെക്കപ്പെട്ട പാടം വെള്ളത്തിലാകുന്നു. വെള്ളം ഒഴുകിപ്പോകാതെ കെട്ടിനിൽക്കുന്നു. പാടത്തെ ജലനിരപ്പുയരുന്നതോടെ പറമ്പുകളിലെ ജലനിരപ്പ് ഉയരുകയും തെങ്ങോല പഴുപ്പും മച്ചിങ്ങ പൊഴിയലും വ്യാപകമാവുകയും ചെയ്യുന്നു. തെങ്ങിന് മാത്രമല്ല കവുങ്ങ്, വാഴ തുടങ്ങിയ കൃഷിക്കും മഴക്കാലത്ത് ഈ ദുരന്തമുണ്ടാകുന്നു.

വേനൽക്കാലമാകുമ്പോൾ വിളകൾക്ക് അത്യാവശ്യം ജലം പോലും ലഭിക്കുന്നില്ല. മേൽപ്പറഞ്ഞ രണ്ട് അത്യാഹിതങ്ങളാണ് നാണ്യവിളകൃഷികളുടെ ഉൽപാദനം കുറക്കുന്ന പ്രധാനഘടകങ്ങൾ.

ജൈവവളപ്രയോഗത്തിലെ കുറവ്, കർഷകത്തൊഴിലാളികളെ ലഭിക്കാത്തതുകൊണ്ട് കൃത്യസമയത്ത് ജോലിചെയ്യാൻ കഴിയാതിരിക്കുക, ഉയർന്ന കൂലിനിരക്ക് ഇതൊക്കെ വിളപരിചരണത്തെ ബാധിക്കുന്ന പ്രശ്നങ്ങളാണ്.

വായ്പാസൗകര്യങ്ങൾ വേണ്ടപ്പോൾ വേണ്ടതോതിൽ ലഭ്യമാകുന്നില്ല. കൃഷിയാവശ്യത്തിന്ന് ധനസഹായം നൽകുന്ന സ്ഥാപനങ്ങൾക്ക് അതിന്നായി വേണ്ടത്ര ധനം വിനിയോഗിക്കാൻ കഴിയുന്നില്ല.

യന്ത്രോപകരണങ്ങൾ ഉപയോഗിച്ച് കൃഷിയിറക്കാൻ ഏറെ സാധ്യത കുറഞ്ഞ പ്രദേശങ്ങളാണ്. പഞ്ചായത്തിലെ ഭൂരിഭാഗവും. പാടങ്ങൾ നികത്തി വളരെ അടുത്ത് തെങ്ങിൻ തൈകൾ വെച്ചുപിടിപ്പിച്ചതിനാൽ ഇത്തരം സ്ഥലങ്ങൾക്ക് മധ്യേ സ്ഥിതിചെയ്യുന്ന നെൽപ്പാടങ്ങളിൽ ഒരു യന്ത്രക്കലപ്പക്കുപോലും എത്തിച്ചേരാൻകഴിയില്ല.

കൃഷിഭവനിൽ നിന്നും ലഭിക്കുന്ന സഹായങ്ങൾ അപര്യാപ്തവും നാമമാത്രവുമാണ്. നെൽകൃഷിക്ക് നൽകുന്ന സഹായധനം കൃഷിക്കാർ കൈപ്പറ്റാത്തതുതന്നെ ഇതിന്നുദാഹരണമാണ്. 113 ഹെക്ടറിൽ ജലസേചന സൗകര്യം പ്രതീക്ഷിച്ച പഴശ്ശി ജലസേചന കനാൽ കൊണ്ടും

ഉദ്ദേശിച്ച ഫലം ലഭിച്ചില്ലെന്ന് മാത്രമല്ല ഏറെ ദോഷങ്ങളും സൃഷ്ടിക്കുകയാണുണ്ടായത്.

പഞ്ചായത്തിലെ തോടുകളിൽ നേരത്തെ നിർമ്മിച്ച ക്രോസ്ബാറുകളും പ്രവർത്തനക്ഷമമല്ലാത്തതിനാൽ നെൽകൃഷി, വാഴ, പച്ചക്കറി തുടങ്ങിയ എല്ലാ കൃഷികൾക്കും പ്രശ്നമുണ്ടാകുന്നു. 50 ഹെക്ടർ വിസ്തീർണ്ണമുള്ള മുതിയങ്ങ, കുറുവയൽ (6, 7 വാർഡുകൾ) പ്രദേശം വേനൽക്കാലത്ത് വരണ്ടുകിടക്കുകയും ഏറെ ഭാഗം തരിശായിടുകയും ചെയ്യുന്നു. മുതിയങ്ങ, കാര്യാട്ടുപുറം വയലുകളിലെ വിളകളും മഴക്കാലത്ത് മാസങ്ങളോളം വെള്ളത്തിനടിയിലാണ്.

കുന്നിൻ ചെരിവുകളും ഏറെയുള്ള പഞ്ചായത്തിന്റെ വടക്ക്കിഴക്കൻ പ്രദേശങ്ങളിൽ മണ്ണൊലിപ്പ് രൂക്ഷമാണ്. ഉയർന്ന പ്രദേശങ്ങളും നിറഞ്ഞ പഞ്ചായത്തിന്റെ മറ്റു ഭാഗങ്ങളും മണ്ണൊലിപ്പ് ഭീഷണിയിൽ നിന്നും മുക്തമല്ല.

● കർഷക സംരംഭങ്ങൾ

കേരവികസന സമിതി, പാടശേഖരസമിതി, കുരുമുളക് വികസനസമിതി എന്നീ കർഷക സംരംഭങ്ങളാണ് പഞ്ചായത്തിൽ പ്രവർത്തിക്കുന്നത്.

കേരവികസന സമിതിയുടെ പ്രവർത്തനം തീർത്തും കാര്യക്ഷമമല്ല. കർഷകരിൽ ഭൂരിപക്ഷവും ഇതിൽ അംഗങ്ങളായിട്ടും ഇതിന്റെ പ്രവർത്തനത്തെ കുറിച്ചുപോലും കർഷകരെ ബോധ്യപ്പെടുത്താൻ ഈ സമിതിക്ക് കഴിഞ്ഞിട്ടില്ല. നാളികേരകർഷകർ ദൈനംപ്രതി അനുഭവിക്കുന്ന പ്രശ്നങ്ങളും ചർച്ചചെയ്യാനോ അതിനുള്ള പോംവഴികളും ഉപദേശിക്കാനോ കടലാസിൽ മാത്രം ഒതുങ്ങി നിൽക്കുന്ന സമിതി വിരൽ ഉയർത്തിയിട്ടില്ല. വിപണനം, സംസ്കരണം തുടങ്ങിയ മേഖലകളിൽ വിപ്ലവം തന്നെ സൃഷ്ടിക്കാൻ കേരവികസന സമിതികൾക്ക് കഴിയുമായിരുന്നു. നൂതന കൃഷി സമ്പ്രദായത്തെക്കുറിച്ചും വളപ്രയോഗങ്ങളെക്കുറിച്ചും കർഷകരെ ബോധവാന്മാരാക്കാൻ കർഷകവകുപ്പുമായി സഹകരിച്ച് ബോധവൽകരണ ക്ലാസുകളും പോലും സംഘടിപ്പിക്കുകയുണ്ടായില്ല. ഇത്തരം നിർജീവമായ സമിതികളെ പുനഃരുജ്ജീവിപ്പിക്കാൻ വേണ്ടനടപടികളും സ്വീകരിക്കുന്നതിൽ വേണ്ടപ്പെട്ടവരും അലംഭാവം കാട്ടുകയായിരുന്നു. പാടശേഖര സമിതികളുടേയും കുരുമുളക് വികസന സമിതിയുടേയും പ്രവർത്തനം ശരാശരിയാണ്.

● നിർദ്ദേശങ്ങൾ

1) ജലനിർഗമന സൗകര്യങ്ങളും ഏർപ്പെടുത്തുക:–

1, 2, 3, 4 വാർഡുകളിലൂടെ ഒഴുകുന്ന മൂന്നര കിലോമീറ്റർ നീളംവരുന്ന കോങ്ങാറ ചാടാലപ്പുഴതോട് പൂർവ്വസ്ഥിതിയിലാക്കി പാർശ്വങ്ങളും സംരക്ഷിക്കുക. ഇതുമൂലം മഴക്കാലത്തെ ജലനിർഗമനവും വേനൽക്കാലത്തെ ജലസേചനവും സുഗമമാക്കാം. 400 ഹെക്ടർ തെങ്ങിൻതോപ്പുകളിലെ ഉൽപാദനം ഇരട്ടിയാക്കാനും ഇതുകൊണ്ട് സാധ്യമാവും. ജനകീയ പങ്കാളിത്തത്തോടെ നടപ്പിലാക്കാൻ കഴിയുന്നതാണ് ഈ പദ്ധതി. കർഷകർ ഇക്കാര്യത്തിൽ അതീവതൽപരരാണ്.

2 കണ്ണവം ട്രൈബൽ കോളനി നടുവയൽ തോടിൽ ''അറ'' യിൽ ചെക്ക്ഡാം നിർമ്മിച്ചാൽ ഓവർഹെഡ് ടാങ്കോ, പമ്പ്സെറ്റോ ഇല്ലാതെ 25 ഹെക്ടർ സ്ഥലത്തെ തെങ്ങ്, വാഴ, പച്ചക്കറി, നെല്ല് എന്നിവക്ക് ജലസേചനം നടത്താം. കൃഷിയിടത്തിൽ നിന്നും 150 അടി ഉയരത്തിലാണ് ഈ നീർച്ചാൽ സ്ഥിതിചെയ്യുന്നത്.

3. കൊട്ടയോടി ചാടാലപ്പുഴ തോടും പാർശ്വങ്ങളും സംരക്ഷിച്ച് ജലനിർഗമനയോഗ്യമാക്കണം. തടയണകൾകെട്ടി വേനലിൽ ജലം സംഭരിക്കുകയുമാവാം. ഈ പ്രവർത്തനത്തിനും ജനപങ്കാളിത്തം ലഭിക്കും.

4. 11ാം വാർഡിലെ മണിയാറപ്പീടികക്ക് സമീപം ഒരു കുളവും പമ്പുസെറ്റും സ്ഥാപിച്ചാൽ 6 ഹെക്ടർ ഒരുപ്പൂ നെൽകൃഷി ഇരുപ്പൂ ആക്കാനും വേനൽക്കാല പച്ചക്കറി നടത്താനും കഴിയും.

5. 10ാം വാർഡിന്റെ അതിർത്തിയിലുള്ള മീൻമുട്ടി നീർചാട്ടം ഉപയോഗപ്പെടുത്തിയാൽ 20 ഹെക്ടർ സ്ഥലത്തെ ജലസേചനം കാര്യക്ഷമമാക്കാം. രണ്ടു പാറകൾക്കിടയിലുള്ള ഈ നീർച്ചാട്ടം തടയാൻ എളുപ്പമാണ്. 100 അടി ഉയരത്തിൽ സ്ഥിതി ചെയ്യുന്ന ഈ നീർച്ചാട്ടത്തിന്റെ താഴ്വരയിൽ തെങ്ങും കവുങ്ങും വാഴയും മരച്ചീനിയും ധാരാളം കൃഷിചെയ്യുന്നുണ്ട്. നെൽകൃഷിയും അത്യാവശ്യത്തിനുണ്ട്. പമ്പ്സെറ്റില്ലാതെ പൈപ്പുകൾവഴി വെള്ളം കൃഷിയിടത്തെത്തിക്കാൻ എളുപ്പവുമാണ്.

6. പതിനൊന്നാം വാർഡിലെ കുമ്മങ്ങാടികുന്നിലെ നീരുറവ സംഭരിച്ചാൽ പൈപ്പ് ജലസേചനത്തിലൂടെ താഴ്വാരത്തെ 6 ഹെക്ടർ സ്ഥലത്തെ കൃഷിയിടങ്ങൾക്ക് ജലസേചനം നടത്താം.

7. ആറാം വാർഡിലെ ചിറക്കക്കാവിന്ന് മു

ന്നിൽ ഒറോണ്ടു തോടും കണിയാൻ തോടും ചേർന്നസ്ഥലത്ത് തടയണ കെട്ടിയാൽ കണിയാൻ തോടിന്ന് കിഴക്ക് കിടക്കുന്ന തെങ്ങിൻ തോട്ടങ്ങൾക്കും, പച്ചക്കറി, വാഴകൃഷിക്കും ഉപയോഗപ്രദമായിരിക്കും. വേനൽക്കാലത്ത് വെള്ളം കിട്ടാത്തതിനാലാണ് 4 ഹെക്ടറോളം വരുന്ന ഫലഭൂയിഷ്ടമായ ഈ വയൽ വരണ്ടു കിടക്കുന്നത്. തടയണകൊണ്ട് ഈ സ്ഥലത്തെ ഭൂഗർഭ ജലനിരപ്പ് ഉയർത്താം.

8. ഏഴാം വാർഡിന്നരികിലൂടെ ഒഴുകുന്ന വേളായി തോടിലെ ജലം വേനൽക്കാലത്ത് ഉപയോഗപ്പെടുത്താതെ മൊകേരി പഞ്ചായത്തിലൂടെ പുഴയിലേക്ക് ഒഴുകിപ്പോവുകയാണ്. തെക്ക് നിന്ന് ചിറമ്മൽകെട്ടിൽ എത്തി പടിഞ്ഞാറോട്ട് തിരിഞ്ഞ് പോകുന്ന തോട്ടിലെ പടിഞ്ഞാറോട്ടുള്ള ഒഴുക്കു തടഞ്ഞാൽ അത് ഒറോണ്ടുവഴി രണ്ട് ശാഖകളിലൂടെ ചിറക്കക്കാവിൽ എത്തും. ഇതുമൂലം ഒറോണ്ടിന്ന് ചുറ്റുമുള്ള 10 ഹെക്ടർ സ്ഥലത്തെ ജലസേചനം സുഗമമാക്കാനും വേനൽകാല പച്ചക്കറി കൃഷി ഉൽപ്പാദനം മൂന്ന് മടങ്ങ് ഉയർത്താനും സാധ്യതയുണ്ട്. ഒറോണ്ട് വേനലിലും വറ്റാത്ത ജലസംഭരണിയാണ്. കുടിവെള്ളപ്രശ്നം പരിഹരിക്കാനും ഈ ജലസംഭരണി ഉപയോഗപ്പെടുത്താം.

9 രണ്ടാം വാർഡിലെ പുത്തരിപ്പുറം വയലിലൂടെ കടന്നുപോകുന്ന ആണിക്കാംപൊയിൽ ചാടാലപ്പുഴത്തോട് (പഴശ്ശി പദ്ധതിയിലെ ഫീൽഡ് ബൂത്ത് ഒന്നിൽ അകപയർ ചെയ്തതാണ്) അറകുറ്റപ്പണികളും നടത്തി പാർശ്വങ്ങളും സംരക്ഷിച്ചാൽ 8 ഹെക്ടർ ഇരുപ്പൂ നിലങ്ങളിൽ നിന്നും ഇരട്ടിമേനി വിളയിക്കാം. ഈ നെൽവയലുകളിൽ വിള പരിക്രമണത്തിന്ന് സാധ്യതയില്ല. മേൽപറഞ്ഞ 8 ഹെക്ടർ വയലുകളിലൂടെ വിദ്യുച്ഛക്തി ഹൈടെൻഷൻ ലൈൻ കടന്നു പോകുന്നുണ്ട്.

10. പക്കകെട്ട്, കുഞ്ഞിമൂളി എന്നിവടങ്ങളിലെ ഉപയോഗശൂന്യമായിക്കിടക്കുന്ന തടയണകളും പ്രവർത്തനക്ഷമമാക്കിയാൽ ആറാം വാർഡിലെ 10 ഹെക്ടർ സ്ഥലത്തെ ജലസേചനം ശക്തിപ്പെടുത്താം. വേനൽക്കാലപച്ചക്കറി കൃഷിക്ക് ഏറെ സാധ്യതയുള്ളതാണിവിടം.

11. പഞ്ചായത്തിലെ പ്രധാന വെള്ളച്ചാട്ടമുള്ള മഞ്ചക്കുണ്ടിന്ന് (വാർഡ് 7) മേൽഭാഗത്ത് നല്ലൊരു തടയണ നിർമ്മിച്ച് കക്കത്തോടിലേക്ക് വെള്ളമൊഴുക്കി പാലേന്റെകീഴിൽ തോടിനും കക്കത്തോടിനും ക്രോസ്ബാർ നിർമ്മിച്ചാൽ 60 ഹെക്ടർ പാടങ്ങളിൽ ജലസേചന മെത്തിക്കാൻ കഴിയും തെങ്ങുകൃഷി നടത്താതെ കിടക്കുന്ന ഈ ഒരുപ്പൂ നിലങ്ങളെ ഇരുപ്പൂ നിലങ്ങളാക്കി മാറ്റാനും വേനൽക്കാല പച്ചക്കറി വ്യാപകമാക്കാനും കഴിയും. നേരത്തെ ഈ പാടശേഖരം വേനൽക്കാല പച്ചക്കറി ഉൽപ്പാദനത്തിന് പ്രസിദ്ധമായിരുന്നു.

12. വർഷക്കാലത്ത് വെള്ളപ്പൊക്കത്തിന്നിരയാവുന്ന മുതിയങ്ങയിലെ മേൽപ്പറഞ്ഞ പാടങ്ങളെ മുക്തമാക്കാൻ പാലേന്റെ കീഴിൽതോടും കക്കത്തോടും വീതികൂട്ടി ഇരുപാർശ്വങ്ങളും സംരക്ഷിക്കേണ്ടിയിരിക്കുന്നു. ഒപ്പം വയലുകളിലൂടെ കുറഞ്ഞത് നാല് തോടുകളെങ്കിലും നിർമ്മിച്ച് അവയെ ഒറോണ്ട് കണിയാൻ തോട് എന്നിവയുമായി ബന്ധിപ്പിക്കണം. ജനപങ്കാളിത്തത്തോടെ മുന്തിയ പരിഗണന നൽകി നടപ്പിലാക്കേണ്ടതാണ് ഈ പരിപാടി. കൂടുതൽ തോടുകളും പാടങ്ങളിൽ വെട്ടുകയാണെങ്കിൽ മഴക്കാലത്തെ ജലനിർഗമനത്തിനും വേനലിലെ ജലസേചനത്തിനും ഉപകരിക്കും.

13. 9ാം വാർഡിലൂടെ ഒഴുകുന്ന തോടിന്ന് വണ്ണാൻപറമ്പിനും താഴെയും ശരംകുത്തിയിലും തടയണയോ വി. സി. ബി. യോ നിർമ്മിച്ചാൽ കുന്നിൻചരിവിലെ തെങ്ങിനും സമതലങ്ങളിലെ വാഴ, പച്ചക്കറി കൃഷിക്കും ഗുണം ചെയ്യും.

14. നവോദയസ്കൂൾ പ്രവർത്തിക്കുന്ന കുന്നിൽനിന്നും ആരംഭിച്ച് ഒമ്പതാം വാർഡിലൂടെ ഒഴുകുന്ന നീരുറവ ജലസേചനത്തിന് ഉപയോഗപ്പെടുത്തിയാൽ തുച്ഛമായ മുതൽ മുടക്ക് കൊണ്ട് മൂന്ന് ഹെക്ടർ പ്രദേശത്ത് ജലസേചനം നടത്താം,

15. പഴശ്ശി ജലസേചന പദ്ധതിയുടെ മാഹി ബ്രാഞ്ച് കനാലിൽ കൃത്യസമയത്ത് വെള്ളം ഒഴുക്കാൻ സംവിധാനമുണ്ടാക്കണം. ഇവയുടെ ഫീൽഡ്ബൂത്തുകളിലൂടെ പുറത്തുവരുന്ന വെള്ളം ഒഴുക്കാനുദ്ദേശിക്കുന്ന തോടുകളുടെ അറകുറ്റപ്പണികളും നടത്തി പാർശ്വങ്ങളും സംരക്ഷിച്ചാൽ 1, 2, 3, 4 വാർഡുകളിലെ നാണ്യവിള ഉൽപാദനം ഇരട്ടിപ്പിക്കാം.

16. പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കാൻ നല്ല ഇനം വിത്തുകളുടെ വിതരണം വ്യാപകമാക്കണം വിപണന വൈഷമ്യമാണ് പച്ചക്കറിക്ക് വിഘാതമായി നിൽക്കുന്ന ഘടകം. ഇത് പരിഹരിക്കാൻ കൃഷിക്കാരുടെ തന്നെ സഹകരണ സംഘങ്ങളും രൂപീകരിച്ച് പഞ്ചായത്തിലെ പ്രധാന അങ്ങാടികളിൽ വിലപന സ്റ്റാളുകളും സ്ഥാപിക്കണം.

17. പച്ചക്കറി കൃഷിക്കാർക്ക് കുറഞ്ഞ പലിശ നിരക്കിൽ ഹ്രസ്വകാല വായ്പകളും യഥാസമയം ലഭ്യമാക്കണം.

18. നേരത്തെ എല്ലാ വീടുകളിലും അടുക്കള

ത്തോട്ടമുണ്ടായിരുന്നു. ഇന്ന് അത്തരം പരിപാടികളൊന്നുമില്ല. വീട്ടമ്മമാരെ അടുക്കളത്തോട്ട കൃഷിയിൽ പ്രോത്സാഹിപ്പിക്കാൻ പരിപാടികളും ആസൂത്രണം ചെയ്യണം. ഇതിനായി ഇരുപത് വീടുകളും അടങ്ങുന്ന വീട്ടമ്മമാരുടെ ഒരു യൂണിറ്റ് സ്ഥാപിക്കാം. ഈ യൂണിറ്റുകളിലൂടെ ആവശ്യമുള്ള വിത്തും വളവും വിതരണം ചെയ്യാം. ചെടികളുടെ പരിചരണം പരിശീലിപ്പിക്കാം വീട്ടുകാരുടെ ആവശ്യം കഴിച്ച് മിച്ചംവരുന്നവ ഈ യൂണിറ്റുകളും മുഖേന വിപണിയിലെത്തിക്കുകയും ചെയ്യാം.

19. പഴവർഗ കൃഷിക്ക് യോജിച്ച കാലാവസ്ഥയും മണ്ണും പഞ്ചായത്തിലുണ്ട്. കൈതച്ചക്ക പേരക്ക, ചാമ്പക്ക, ചെറി, ചെറുനാരങ്ങ എന്നിവ നല്ല വിള നൽകുന്നുമുണ്ട്. നല്ല വിപണന സാധ്യതയുള്ള ഈ പഴവർഗങ്ങളുടെ ഗുണമേന്മയുള്ള ചെടികളും കൃഷിഭവൻ മുഖേന വിതരണം ചെയ്യണം.

20, പുഷ്പ കൃഷിക്ക് ഏറെ സാധ്യതയുണ്ട്. ഹോർട്ടികൾച്ചറൽ സൊസൈറ്റികളും ആരംഭിക്കാൻ മുൻകൈയെടുക്കണം. മുല്ലകൃഷി ലാഭകരമായി നടത്താൻ കഴിയും. മുല്ലപ്പൂവിന്റെ വിപണനവും ഏറെ പ്രയാസമുള്ളതല്ല. വീട്ടമ്മമാർക്ക് ധനാഗമനത്തിനുള്ള ഒരു മാർഗമായിരിക്കും.

21. പഞ്ചായത്തിന്റെ കിഴക്കൻ മലകളുടെ ചരിവുകളും ഔഷധ സസ്യങ്ങളും വളർത്താൻ പറ്റിയ സ്ഥലമാണ് ഈ മലകളിലുള്ള വനങ്ങളിൽ ധാരാളം ഔഷധച്ചെടികളും വളരുന്നുണ്ട്. ഈ പ്രദേശങ്ങളിൽ താമസിക്കുന്ന ആദിവാസികുടുംബങ്ങൾക്ക് ഔഷധസസ്യകൃഷി നടത്താൻ പ്രോത്സാഹനം നൽകിയാൽ നല്ല ആദായം ഉണ്ടാക്കാൻ കഴിയും.

22. പഴശ്ശി പദ്ധതിയുടെ മാഹിബ്രാഞ്ച് കനാലിനും ഫീൽഡ്ബൂത്തുകൾക്കും അക്വയർചെയ്ത സ്ഥലത്തിന്റെ പകുതിഭാഗം പുറംപോക്കായികിടക്കുന്നു. ഇവയിൽ ഹ്രസ്വകാല വിറകുമരങ്ങളും വെച്ചു പിടിപ്പിച്ചാൽ രൂക്ഷമായികൊണ്ടിരിക്കുന്ന വിറകുക്ഷാമം പരിഹരിക്കാൻ കഴിയും.

23. നീർമറിപദ്ധതിയിൽ മലഞ്ചെരിവുകളിൽ നിർമ്മിച്ച കയ്യാലകളിൽ പുൽകൃഷിനടത്താം. കയ്യാലകൾക്ക് ഉറപ്പും കൃഷിക്കാർക്ക് ആദായവും ലഭിക്കും. രാമച്ചം, ഇഞ്ചിപ്പുല്ല്, ഈശ്വരമുല്ല എന്നിവ ഇതിനായി ഉപയോഗിക്കാം.

24. മണ്ണൊലിപ്പ് നേരിടുന്ന പഞ്ചായത്തിലെ മുഴുവൻ പ്രദേശങ്ങളും നീർമറിപദ്ധതിയിൽ ഉൾപ്പെടുത്തണം. എന്നാൽ പദ്ധതി സഹായവും ജനപങ്കാളിത്തവും ഉറപ്പുവരുത്തി മണ്ണിനെയും ജലത്തെയും സംരക്ഷിക്കാം,

25. 7ാം വാർഡിലെ കാരാളക്കുന്നും 1ാം വാർഡിലെ കൊങ്കച്ചി കുന്നും കശുവണ്ടി കൃഷി വ്യാപകമായി ചെയ്യാൻ സൗകര്യമുള്ള പ്രദേശങ്ങളാണ്. ഇവിടെ മാതൃകാ കശുവണ്ടിത്തോട്ടം ഉണ്ടാക്കാൻ നടപടി കൈക്കൊള്ളണം. വലിയവെളിച്ചത്തും കശുവണ്ടികൃഷി വ്യാപിപ്പിക്കാൻ ഏറെ സ്ഥലം ബാക്കിയുണ്ട്.

26. 1ാം വാർഡിലെ കേരകൃഷിക്കാരെ കമ്യൂണിറ്റി ഇറിഗേഷൻ സ്കീമിൽ കൊണ്ടുവന്നാൽ ഉൽപാദനം ഏറെ വർദ്ധിപ്പിക്കാൻ കഴിയും. മെച്ചപ്പെട്ട ഗുണനിലവാരമുള്ളതാണ് ഇവിടുത്തെ തേങ്ങകളും.

27. 3, 4 വാർഡുകളിൽപ്പെടുന്ന കോങ്ങാറ വയലിൽ, സരസ്വതീവിലാസം സ്കൂളിനടുത്ത് ഒരു കിണർ കുഴിച്ച് 250 മീറ്റർ അകലെയുള്ള കാലൂന്നിമൊട്ടയിൽ ഒരു വാട്ടർ ടാങ്ക് സ്ഥാപിച്ച് വെള്ളം പമ്പ്ചെയ്താൽ ഈ രണ്ട്വാർഡുകളിലേയും 29 ഹെക്ടർ തെങ്ങിൻ തോപ്പുകളിൽ ജലസേചനം നടത്താം. കാലൂന്നിമൊട്ട പ്രദേശത്തെ കുടിനീർ പ്രശ്നവും പരിഹരിക്കാൻ കഴിയും.

28. കമ്പോസ്റ്റ് വളനിർമ്മാണം പ്രോൽസാഹിപ്പിക്കാൻ കമ്പോസ്റ്റ് കുഴി നിർമ്മിക്കുന്നതിനുള്ള സഹായം വർദ്ധിപ്പിക്കണം. പച്ചിലവള കൃഷി വിത്തുകളുടെ വിതരണം സൗജന്യമാക്കണം.

29. പഞ്ചായത്തിൽ ഉൽപാദിപ്പിക്കപ്പെടുന്ന 288 ടൺ ചക്കയിൽ ഭൂരിഭാഗവും ഉപയോഗിക്കപ്പെടുന്നില്ല. ചക്കയുടെ വിപണനത്തിനും സംസ്ക്കരണത്തിനും പരിപാടികളും ആസൂത്രണം ചെയ്താൽ നല്ല ആദായം ഉണ്ടാക്കാൻ കഴിയും.

30. തേങ്ങ സംസ്ക്കരണ ഉപകരണങ്ങളും കർഷകർക്ക് കുറഞ്ഞ വിലക്ക് ലഭ്യമാക്കണം. അതില്ലെങ്കിൽ ഒരുകൂട്ടം കർഷകർ അടങ്ങുന്ന സമിതിക്ക് സംസ്ക്കരണികളും നൽകണം.

31. നല്ല വിപണിയുള്ള പടുവാഴ കൃഷി പ്രോൽസാഹിപ്പിക്കണം. തെങ്ങിൻ തോട്ടങ്ങളിൽ വളർത്താൻ ഉതകുന്ന കാർഷിക സർവ്വകലാശാല വികസിപ്പിച്ചെടുത്ത വാഴ കന്നുകളും വിതരണം ചെയ്യുകയും, അവയുടെ പരിപാലനത്തിനുള്ള പരിശീലനവും നൽകണം.

32. അഞ്ചാം വാർഡിലെ 20 കുടുംബങ്ങളെ ഉൾപ്പെടുത്തി കമ്യൂണിറ്റി ഇറിഗേഷൻ പദ്ധതി നടപ്പാക്കിയാൽ 5 ഹെക്ടർ സ്ഥലത്തെ തെങ്ങിൻ കൃഷിക്കും കുടിവെള്ള ക്ഷാമം അനുഭവിക്കുന്ന കുടുംബങ്ങൾക്കും പ്രയോജനപ്പെടും.

33. കാർഷികോൽപ്പന്ന വിൽപ്പനയിൽ നിന്നും ഇടത്തട്ടുകാരെ മാറ്റി നിർത്താൻ കർഷകരുടെ

ഒരു മാർക്കറ്റിംഗ് സൊസൈറ്റി രൂപീകരിച്ച് പ്രവർത്തിക്കേണ്ടിയിരിക്കുന്നു.

34. പട്ടുനൂൽ ഉൽപ്പാദനത്തിന് ഏറെ സാധ്യത പഞ്ചായത്തിലുണ്ട്. ഈ മേഖലയുടെ വികസനം ലക്ഷ്യമാക്കി ഒരു സൊസൈറ്റി രൂപീകരിക്കുകയും മെമ്പർമാർക്ക് പട്ടുനൂൽ കൃഷിയെക്കുറിച്ച് പരിശീലനം നൽകുകയും ചെയ്യേണ്ടതാണ്. വീട്ടമ്മമാർക്ക് പ്രാധാന്യം നൽകിയാൽ കർഷക കുടുംബങ്ങൾക്ക് വരുമാന വർദ്ധനവിനുള്ള ഒരുപാധിയാവും.

35. വളരെയേറെ പോഷക ഗുണമുള്ള കൂൺ കൃഷി പഞ്ചായത്തിൽ നടപ്പിലാക്കാൻ ഇതുവരെ നടപടികൾ ഉണ്ടായിട്ടില്ല. സ്ത്രീകൾക്ക് പരിശീലനം നൽകിയാൽ വീടുകളിൽ തന്നെ ഉൽപ്പാദിപ്പിക്കാൻ കഴിയുന്നതാണ് കൂൺ. പ്രത്യേക സ്ഥലമോ സമയമോ ആവശ്യമില്ലാത്തതും, മുടക്കുമുതൽ തുച്ഛവുമായ കൂൺ കൃഷി പ്രോൽസാഹിപ്പിക്കാൻ പരിപാടികൾ ആസൂത്രണം ചെയ്യണം.

36. കശുമാങ്ങയിൽ നിന്നും ഉണ്ടാക്കാൻ കഴിയുന്ന ജാം, സ്കാഷ് എന്നിവയുടെ ഉല്പാദനം വ്യാവസായികാടി സ്ഥാനത്തിൽ ആരംഭിച്ചാൽ ആദിവാസി മേഖലയായ ചെറുവാഞ്ചേരിയിലെ സ്ത്രീകൾക്ക് തൊഴിൽ അവസരം സൃഷ്ടിക്കപ്പെടും. മാർക്കറ്റിംങ്ങ് സൊസൈറ്റി കളിലൂടെ ഉല്പന്നങ്ങൾ വിറ്റഴിക്കാം

37. പച്ചക്കറി, പഴവർഗങ്ങൾ, നെല്ല്, തെങ്ങ് എന്നിവയ്ക്കുണ്ടാവുന്ന കീടങ്ങളെ നിയന്ത്രിക്കാൻ കർഷകർ ഇന്ന് ചെയ്തുവരുന്ന കീടനാശിനിപ്രയോഗം പരിസര മലിനീകരണത്തിനും കീടങ്ങളുടെ പ്രതിരോധശക്തി വർധിപ്പിക്കാനുമാണ് ഉതകുന്നത് കീടനാശിനി പ്രയോഗത്തിനെതിരെ കർഷകരെ ബോധവൽകരിക്കുകയും ജൈവകീടനാശിനികളുടെ ഉപയോഗം വ്യാപിപ്പിക്കുകയും ചെയ്യണം.

38 വയൽ നികത്തി തെങ്ങിൻ തൈകൾ വച്ചു പിടിപ്പിക്കുന്നത് വയലിൽ നിന്ന് മണ്ണ് കുഴിച്ചെടുത്ത് അവിടം കൃഷിക്ക് അനുയോജ്യമല്ലാതാകുന്നതും ബോധവൽക്കരണത്തിലൂടെയും നിയമം മൂലവും തടയുന്നതിന് നടപടി എടുക്കണം.

39. മണ്ണ് പരിശോധന നടത്തുന്നതിന്ന് പഞ്ചായത്തിനകത്തുതന്നെ സംവിധാനമുണ്ടാക്കണം. മണ്ണ് പരിശോധനക്കയച്ചാൽ അതിന്റെ ഫലം അറിയാൻ കാലതാമസം നേരിടുന്നു. മിക്ക സന്ദർഭങ്ങളിലും ഫലം ലഭിക്കാതെയും വരുന്നു.

40. കേര സമിതികളുടെ പ്രവർത്തനം കാര്യക്ഷമവും വ്യാപകവുമാക്കുക.

★

മൃഗപരിപാലനം, ക്ഷീരവികസനം, മത്സ്യബന്ധനം

പാടൃം പഞ്ചായത്തിൽ കുറേയേറെ തൊഴിൽ സാധ്യതയുള്ള രംഗമാണ് മൃഗ സംരക്ഷണ മേഖല. ശാസ്ത്രീയമായ രീതിയിൽ ശ്രമിക്കുകയാണെങ്കിൽ ഇന്നത്തേതിലും ലാഭകരമായി നടത്താവുന്ന ഒരു മേഖല കൂടിയാണിത്. പഞ്ചായത്തിൽ ഏറ്റവും കൂടുതൽ കണ്ടുവരുന്ന ജീവികളും സങ്കര ഇനത്തിൽപ്പെട്ട പശുക്കളും പക്ഷികളുമാണ് കണക്കുകൾ താഴെ കൊടുക്കുന്നു.

വളർത്തു മൃഗങ്ങൾ

നാടൻ കാളകൾ	—	235
സങ്കരയിനം കാളകൾ	—	335
നാടൻ പശുക്കൾ	—	449
സങ്കരയിനം പശുക്കൾ	—	1662
എരുമ	—	6
പോത്ത്	—	10
ആട്	—	1163
പട്ടി	—	570

വളർത്തുപക്ഷികൾ

പൂവൻകോഴി പിടക്കോഴി	—	2241
മുട്ടയിടുന്നത്	—	2688
മുട്ടയിടാത്തത്	—	2410
താറാവ്	—	45
മറ്റുള്ളവ	—	6

പാടൃം പഞ്ചായത്തിൻ കീഴിലെ ഡിസ്പെൻസറിയിൽ ബീജസങ്കലനത്തിനു എത്തുന്നതു് അധികവും സങ്കരഇനത്തിൽപ്പെട്ട പശുക്കളാണ്. നാടൻ പശുക്കളും എരുമകളും കുറവാണ്. ഓരോ മാസവും 22 മുതൽ 30വരെ കുത്തിവെപ്പുകൾ നടക്കുന്നുണ്ട്.

നടപ്പു പദ്ധതികൾ

1. പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി:

നടപ്പു പദ്ധതികളിൽ ഏറ്റവും പ്രാധാന്യമർഹിക്കുന്ന ഒന്നാണ് പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി. ഒന്നിനു ഗുണമുള്ള പശുക്കുട്ടികൾക്ക് പരിരക്ഷണം നൽകി പ്രസവങ്ങൾ തമ്മിലുള്ള ഇടവേള കുറക്കുക, ആദ്യപ്രസവം 30–40 മാസത്തിനുള്ളിൽ സാധ്യമാക്കുക. ഇൻഷുറൻസ് പരിരക്ഷ നൽകുക തുടങ്ങിയവയാണ് ലക്ഷ്യങ്ങൾ.

2. പേവിഷ നിയന്ത്രണ പദ്ധതി

ഇപ്പോഴും മരുന്നു കണ്ടുപിടിക്കാത്ത ഒരസുഖമാണ് പേവിഷബാധ അഥവാ റേബീസ്. നായ്ക്കളുടെ കടിമൂലമാണ് ഈ അസുഖം അധികവും വരുന്നത്. രോഗം വരുതെ നോക്കുന്നതാണ് ഏറ്റവും ഉത്തമം. അതിനാൽ നായ്ക്കൾക്ക് ഈ രോഗത്തിനെതിരെ പ്രതിരോധ പരിരക്ഷ നൽകുന്നതാണ് ഏറ്റവും ഉത്തമം. അതിന്റെ മുന്നോടിയായി ഇന്ത്യൻ വെറ്ററിനറി അസോസിയേഷനും മൃഗ സംരക്ഷണ വകുപ്പും പഞ്ചായത്തുകളും കൂടി ജനങ്ങളുടെ സഹകരണത്തോടെ ഘട്ടംഘട്ടമായി പേവിഷ നിയന്ത്രണ പദ്ധതിക്ക് രൂപം കൊടുത്തിരിക്കുന്നു. അതിന്റെ ഭാഗമായി വളർത്തു നായ്ക്കൾക്ക് വാക്സിനേഷൻ ചെയ്യുകയും അതിനുശേഷം അലഞ്ഞു നടക്കുന്ന നായ്ക്കളെ നശിപ്പിക്കുകയും ചെയ്യുകയാണ് ഈ പദ്ധതിയുടെ ലക്ഷ്യം വാക്സിനേഷൻ ചെയ്ത നായ്ക്കളെ അറിയുന്നതിനുവേണ്ടി സർട്ടിഫിക്കറും ഒരു കോളറും സമ്മാനിക്കുന്നതാണ്.

3. ആടുവളർത്തൽ

നമ്മുടെ നാട്ടിൽ അധികവും കണ്ടുവരുന്ന ആടുകൾ മലബാറി വർഗ്ഗത്തിൽ പെട്ടവയാണ്. അവയുടെ വംശനാശം ഒഴിവാക്കുന്നതിനുവേണ്ടി തെരഞ്ഞെടുത്ത പഞ്ചായത്തുകളിൽ പ്രജനനാവശ്യത്തിനുള്ള ആടുവളർത്തൽ യൂണിറ്റുകൾ സ്ഥാപിക്കുകയാണ് പദ്ധതി ലക്ഷ്യം. ഈ ആടുകളെ നല്ല രീതിയിൽ മാംസാവശ്യത്തിനായി നോക്കുകയാണെങ്കിൽ ലാഭകരമായിരിക്കും.

4. ഇറച്ചിക്കോഴി വളർത്തൽ

മാംസത്തിനു വേണ്ടിയുള്ള കോഴിവളർത്തൽ (ഇറച്ചിക്കോഴി) വളരെ പ്രതീക്ഷയുണർത്തുന്ന മേഖലയാണ്. 7 മുതൽ 8 ആഴ്ചകളിൽ ഈ കോഴികളെ വില്പനയ്ക്ക് ലഭ്യമാക്കാവുന്നതാണ്.

5. പന്നി വളർത്തൽ വികസന പദ്ധതി:

വികസന ശേഷിയുള്ള ഒരു മേഖലയാണ് പന്നി വളർത്തൽ – എടുക്കുന്ന തീറ്റയെ കൂടുതൽ ഇറച്ചിക്കായി മാറുവാനുള്ള കഴിവ് പന്നികൾക്ക് കൂടുതലാണ്.

6 മുയൽ ഉൽപ്പാദന പദ്ധതി

ആദായകരമായ ഒരു സംരഭമാണ് മുയൽ വളർത്തൽ ഇറച്ചിക്കായി പ്രത്യേക വർഗത്തിൽപെട്ട മുയലുകളും തന്നെയുണ്ട്.

7. ബീജസങ്കലന സൗകര്യങ്ങൾ വികസിപ്പിക്കൽ

ബീജസങ്കലനം വഴി മേൽത്തരം സങ്കരയിനത്തിൽപെട്ട പശുക്കളെ ഉൽപ്പാദിപ്പിക്കാൻ കഴിയുന്നു. ബീജസങ്കലന സൗകര്യങ്ങൾ വർദ്ധിപ്പിക്കൽ ഈ നടപ്പുവർഷത്തിലെ പദ്ധതി ലക്ഷ്യമാണ്.

8. കാളക്കുട്ടി പരിപാലനം.

2–3മാസം പ്രായമായ അഞ്ചുകാള കുട്ടികളെതെരഞ്ഞെടുത്ത് 10 മാസം വരെ ശാസ്ത്രീയമായിപരിചരിച്ച് മാംസാവശ്യത്തിനായി ഉപയോഗിക്കുകയാണ് ഇതിന്റെ ലക്ഷ്യം.

9 ചെറുകിട കാലിത്തീറ്റ യൂനിറ്റുകൾ.

സഹകരണാടിസ്ഥാനത്തിൽ ചെറിയ കാലിത്തീറ്റ നിർമ്മാണ യൂനിറ്റുകൾ സ്ഥാപിച്ച് സൊസൈറ്റികൾ മുഖേന വിപണനം നടത്താവുന്നതാണ്.

10. മിനി ഡയറി യൂനിറ്റുകൾ:

3പശുക്കൾ അടങ്ങുന്നതാണ് ഈ യൂണിറ്റ് പദ്ധതിയുടെ പ്രകൃതി ബാങ്ക് വായ്പ. നാലിലൊന്ന് ധനസഹായം – ബാക്കി ഗുണഭോക്തൃവിന്റെ വിഹിതവും കൂടിയാണ്.

11. വീട്ടുമുറ്റത്തെ കോഴിവളർത്തൽ:

ഏറ്റവും കുറഞ്ഞ ചെലവിൽ വീടുകളിൽ തന്നെ മുട്ട ഉല്പാദിപ്പിക്കാനുതകുന്ന പദ്ധതി – വീട്ടാവശ്യത്തിനുള്ള മുട്ടയുടെ ലഭ്യത ഉറപ്പുവരുത്തുന്നു. ഭക്ഷണത്തിൽ മാംസ്യത്തിന്റെ തോത് ഉയർത്തുകയും വീട്ടമ്മമാർക്ക് വരുമാന മാർഗ്ഗം ലഭിക്കുകയും ചെയ്യുന്നു.

12 എഗ്ഗർ ഇൻസെന്റീവ്:

ഗുണമേന്മയുള്ള മുട്ടകോഴികുഞ്ഞുങ്ങളെ ലഭ്യമാക്കുകയാണ് ലക്ഷ്യം– ഒരു ദിവസം പ്രായമുള്ള കോഴികുഞ്ഞുങ്ങളെ 60 ദിവസം വരെ ശാസ്ത്രീയമായ രീതിയിൽ വളർത്തി വിപണനത്തിന് തയ്യാറാക്കുകയാണ് പദ്ധതി പ്രവർത്തനം.

പ്രശ്നങ്ങൾ

ഓരോ വർഷവും പ്രതിരോധത്തിനാവശ്യമായ വാക്സിൻ ലഭിക്കുന്നില്ല വായ്ക്കുള്ള ലൈസൻസ് നിർബന്ധമാക്കാൻ കഴിയുന്നില്ല.

കാലിവസന്ത, കുളമ്പുരോഗം എന്നിവയെ നിയന്ത്രിക്കുവാനുള്ള പദ്ധതിയിലൂടെ പ്രതിരോധകുത്തിവെപ്പുകൾ നൽകി വരുന്നുണ്ടെങ്കിലും അതിന്റെ പ്രയോജനം എല്ലായിടത്തും ലഭ്യമാകുന്നില്ല. പന്നിയിറച്ചിയുടെ ഉൽപ്പാദനവും ലഭ്യതയും വർദ്ധിപ്പിക്കാൻ ലക്ഷ്യമിട്ടിരിക്കുന്ന പദ്ധതിയിലേക്ക് ആവശ്യമായ പന്നിക്കുഞ്ഞുങ്ങളെ ലഭ്യമാക്കാൻ കഴിയുന്നില്ല. ഇറച്ചികോഴി വളർത്തൽ മേഖല പ്രതീക്ഷയുണർത്തുന്നതാണ്. ഈ മേഖലയിലുള്ളവർ അസംഘടിതരാണ് എന്ന പ്രശ്നമുണ്ട്.

ക്ഷീര വികസനം

പാടൂം പഞ്ചായത്തിൽ വളരെ വികസന സാധ്യതയുള്ള ധാരാളം തൊഴിൽ സാധ്യതയുള്ള മേഖലയാണ് ക്ഷീരവികസന മേഖല, മൊത്തം കന്നുകാലികളിൽ 70%ത്തോളം സങ്കര ഇനങ്ങളാണ് പ്രതിദിന പാലുൽപാദനം ഏകദേശം 4700 ലിറ്റർ ആണ്. ഉൽപ്പാദിപ്പിക്കുന്ന പാലിൽ 870 ലിറ്റർ പഞ്ചായത്തിൽ നിലവിലുള്ള ക്ഷീരസംഘങ്ങൾ കൈകാര്യം ചെയ്യുന്നു ബാക്കി പാൽ കർഷകൻ സ്വന്തം ഉപയോഗത്തിനെടുത്തതിനു ശേഷം തൊട്ടടുത്ത കടകളിലും വീടുകളിലുമായി വിൽപന നടത്തുന്നു ഈ പഞ്ചായത്തിൽ സഹകാര്യ വ്യക്തികളും ആരും തന്നെ പാൽ വിപണന രംഗത്തില്ല. 25–30 വർഷം പുറകോട്ട് നോക്കിയാൽ നാടൻ പശുക്കൾ മാത്രമേ ഇവിടെ ഉണ്ടായിരുന്നുള്ളൂ. സ്വയം തൊഴിൽ പദ്ധതിയായ ''കാറ്റിൽ ഇംപ്രൂവ്മെന്റ് അഡിസ്റ്റൻസ് സ്കീം'' I. C. D. P സെന്റർ മുതലായവയുടെ പ്രവർത്തന ഫലമായി സങ്കരയിനം പശുക്കളുടെ എണ്ണം വർദ്ധിക്കുകയും അതുവഴി പാലുല്പാദനത്തിൽ ഗണ്യമായ വർദ്ധനവ് ഉണ്ടാവുകയും ചെയ്തിട്ടുണ്ട് ഇവിടെ ഉല്പാദിപ്പിക്കുന്ന പാൽ പ്രതിദിനം 200ഗ്രാം ലഭ്യമാക്കാൻ ഉതകുന്നതാണ്. ഈ പഞ്ചായത്തിൽ നിന്ന് പാൽ തൊട്ടടുത്ത ടൗണിൽ സംഘം

വഴി വിലയിരുത്തി വരുന്നുണ്ട്. മിൽമ മുഖേനയും വഴിയും പാൽ വിലയിരുത്തി നടത്തിവരുന്നു. 9ാം പദ്ധതിയുടെ അവസാനത്തോടെ പഞ്ചായത്തിലെ പാലിന്റെ ആളോഹരി ലഭ്യത I. C. M. R നിർദ്ദേശിക്കുന്ന പ്രകാരം 248 ഗ്രാമിൽ എത്തിച്ചേരുന്നതോടൊപ്പം അടുത്ത പട്ടണ പ്രദേശങ്ങളുടെ ആവശ്യകത ഭാഗികമായി നിറവേറ്റുക എന്ന ലക്ഷ്യവും ഇടുന്നു.

നമ്മുടെ പഞ്ചായത്തിൽ പാലുൽപ്പന്നങ്ങൾ നിർമ്മിച്ചു വിപണനം ചെയ്യുന്നു. മൂന്നു യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്.

പണ്ടുകാലങ്ങളിൽ കാളകളെ ഉഴവുനടത്തുന്നതിനും വണ്ടി വലിക്കുന്നതിനും മറ്റും ഉപയോഗിച്ചിരുന്നെങ്കിൽ ഉഴവുകാളകളും വണ്ടിക്കാളകളും ഇന്ന് നാട്ടിൽ നിന്ന് അപ്രത്യക്ഷമായിരിക്കുന്നു

ക്ഷീര വികസന പദ്ധതികൾ:

1 വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ

ഗവേഷണ മേഖലയിൽ ലഭ്യമായിക്കൊണ്ടിരിക്കുന്ന പുതിയ അറിവുകൾ ജനങ്ങളിൽ എത്തിക്കുന്നതിനുവേണ്ടി നടപ്പിലാക്കുന്ന പദ്ധതിയാണിത്.

2. കർഷക സമ്പർക്ക പരിപാടി.

കുറഞ്ഞത് 30 കർഷകരെയെങ്കിലും പങ്കെടുപ്പിച്ചുകൊണ്ട് നടത്തുന്ന ചർച്ചാക്ലാസ്. 200 രൂപ ഓരോ പരിപാടികളുടെയും ചെലവുകൾക്കായി നൽകുന്നു. ഒരു വർഷത്തിൽ മൂന്നിനാലു പരിപാടികൾ പഞ്ചായത്തിൽ നടത്തുന്നുണ്ട്.

3. ക്ഷീരോല്പന്ന നിർമ്മാണ പ്രദർശനം.

പാലിന്റെ ഉപയോഗം വർദ്ധിപ്പിക്കുക, ക്ഷീരോൽപ്പന്നങ്ങൾക്ക് പ്രചാരം നൽകുക തുടങ്ങിയ ഉദ്ദേശങ്ങളോടെ നടത്തുന്ന പ്രദർശനം. 100 രൂപ ധനസഹായം നൽകുന്നു.

I 1. ബ്ലോക്ക് കന്നുകാലി പ്രദർശനം.

കർഷകർക്ക് നല്ലയിനം പശുക്കളെ വളർത്തുന്നതിന് കർഷകർ തമ്മിൽ ആശയവിനിമയം നടത്തുന്നതിനും പ്രോത്സാഹനം നൽകുന്നതിന് കഴിഞ്ഞ അഞ്ചുവർഷത്തിനിടയിൽ പാട്യം പഞ്ചായത്തിൽ ഒരു പ്രദർശനം നടത്തിയിട്ടുണ്ട്.

2. മാതൃകാ ഡയറി യൂനിറ്റ്.

മെച്ചപ്പെട്ട പശുവളർത്തൽ രീതികളവലംബിച്ച്. മാതൃകാപരമായി ഡയറി യൂനിറ്റ് നടത്തുന്നതിന് കർഷകർക്ക് മാർഗ നിർദ്ദേശം നൽകുന്ന പദ്ധതി ഇത്തരത്തിലുള്ള രണ്ട് യൂണിറ്റുകൾ പ്രവർത്തിച്ചു വരുന്നു.

3. മാതൃകാ കാലിത്തൊഴുത്ത് നിർമ്മാണം.

രണ്ടു പശുക്കളെ കെട്ടി സംരക്ഷിക്കുന്നതിനുള്ള ഒരു വൃത്തിയുള്ളതും ഉറപ്പുള്ളതുമായ ആല നിർമ്മിക്കുന്നതിനുള്ള ധനസഹായം നൽകുന്നു 1250 രൂപ ധനസഹായം നൽകുന്ന പഞ്ചായത്തിൽ കഴിഞ്ഞ 5 വർഷത്തിനിടയിൽ 9 പേർക്ക് ആനുകൂല്യം ലഭിച്ചിട്ടുണ്ട്.

4. ശുദ്ധമായ പാലുല്പാദന കിറ്റ്:

ശുദ്ധമായ പാൽ ഉല്പാദിപ്പിക്കുന്നതിനും അകിടുവീക്കം പോലെയുള്ള രോഗങ്ങൾ നിയന്ത്രിക്കുന്നതിനും കർഷകരിൽ അവബോധം സൃഷ്ടിക്കുന്നതിനു വേണ്ടിയുള്ള പദ്ധതി കഴിഞ്ഞ തുടങ്ങിയ പദ്ധതിയിൽ 10 പേർക്ക് സഹായം കിട്ടിയിട്ടുണ്ട്.

5. മിനറൽ മിക്സ്ചർ, വൈറമിൻ സപ്ലിമെന്റ് വിതരണം.

കറവപ്പശുക്കളിലും കിടാരികളിലും വേനൽക്കാലത്ത് ഉണ്ടാകുന്ന പോഷകക്കുറവ് പരിഗണിക്കുന്നതിന് വേണ്ടിയുള്ള പദ്ധതി പകുതി വിലക്ക് ധാതുലവണ മിശ്രിതവും ജീവകം എ. സപ്ലിമെന്റ് വിതരണം ചെയ്യുന്നു.

II തീറ്റപ്പുൽകൃഷി വ്യാപന പരിപാടി:

ആദായകരമായ ക്ഷീരോല്പാദനം നടത്തുന്നതിനും തീറ്റപുല്ലിന്റെ ലഭ്യത വർദ്ധിപ്പിക്കുന്നതിനുമായി വിവിധ പദ്ധതികളും നടത്തി വരുന്നു.

വിത്തുവിതരണം, വാണിജ്യാടിസ്ഥാനത്തിൽ പുൽകൃഷി, തീറ്റപ്പുൽ സംസ്കരണം, തീറ്റപ്പുൽസംഭരണ കേന്ദ്രം എന്നിവ അവയിൽ ചിലതാണ്.

III ക്ഷീരസംഘങ്ങൾക്കുള്ള പദ്ധതികൾ:

ക്ഷീര സഹകരണ രംഗം ശക്തമാക്കുന്നതിനും ക്ഷീരോല്പാദന സംഘങ്ങളുടെ നവീകരണത്തിനും ആധുനിക വൽക്കരണത്തിനും ലക്ഷ്യമിട്ടുകൊണ്ട് ക്ഷീരോല്പാദന സംഘങ്ങൾക്ക് പാൽപരിശോധനാ

ഉപകരണങ്ങളും, ഫ്രീഡ്ജ്, ഫ്രീസർ, മിൽക്ക്കൂളർ ജനറേറ്റർ, പാൽകാൻ മുതലായവ സബ്സിഡി നിരക്കിൽ നൽകുന്നു. കൂടാതെ സംഘം പ്രവർത്തനങ്ങളെ സഹായിക്കുന്നതിനായി മാനേജിരിയൽ സബ്സിഡി, വർക്കിംഗ് ക്യാപിറ്റൽ ഗ്രാന്റ് എന്നിവയും ഫെഡ് സ്റ്റോർ നിർമ്മിക്കുന്നതിനുള്ള ധനസഹായം കെട്ടിട നിർമ്മാണത്തിനുള്ള സഹായം എന്നിവയും നൽകി വരുന്നു. പാട്യം ക്ഷീരോല്പാദക സഹകരണ സംഘത്തിനു ഫ്രീഡ്ജ്, പാൽപരിശോധന ഉപകരണങ്ങളും, പാൽകാൻ, ബിൽഡിങ്ങ് സബ്സിഡി മുതലായവ ഈ പദ്ധതിയിൽ ലഭിച്ചിട്ടുണ്ട്.

ക്ഷീരോല്പന്ന യൂനിറ്റുകൾ.

ക്ഷീരോത്പന്നങ്ങളുടെ വിപണനം പ്രോത്സാഹിപ്പിക്കുക, ക്ഷീരമേഖലയിൽ സ്ത്രീജനങ്ങളുടെ പങ്കാളിത്തവും തൊഴിൽ സാധ്യതകളും വർദ്ധിപ്പിക്കുക, പാലിന്റെ ഉപഭോഗം വർദ്ധിപ്പിക്കുകതുടങ്ങിയ ലക്ഷ്യം. ക്ഷീരസംഘങ്ങൾക്കും മഹിളാ സമാജങ്ങൾക്കും യൂനിറ്റ് നടത്തുന്നതിനു ധനസഹായം നൽകുന്നു. 22000രൂപയാണു ധനസഹായം. പഞ്ചായത്തിൽ 3യൂണിറ്റുകൾ പ്രവർത്തിച്ചു വരുന്നുണ്ട്. യൂനിറ്റുകൾ ശൈശവദശയിലാണിപ്പോൾ.

പ്രശ്നങ്ങൾ

1. കാലിത്തീറ്റയുടെ വിലവർദ്ധന:

വിവിധ കമ്പനികളുടെ തീറ്റകൾ സംഘം മുഖേനയും സ്വകാര്യ കച്ചവടക്കാർ മുഖേനയും വിൽപ്പന നടത്തിവരുന്നുണ്ട്. എന്നാൽ അടിക്കടി ഉണ്ടാകുന്ന വിലവർദ്ധന കർഷകരുടെ നട്ടെല്ലൊടിക്കുകയാണ്. കാലിത്തീറ്റയുടെ ഗുണനിലവാരം ഉറപ്പാക്കാനുള്ള പരിപാടികളൊന്നും ഇല്ല.

2. പച്ചപ്പുല്ലിന്റെ ലഭ്യതക്കുറവ്

ഫെബ്രുവരി മുതൽ ജൂൺ 15വരെയുള്ള കാലത്ത് കർഷകർ തീറ്റപുല്ലിനു വിഷമിക്കുകയാണ്. പച്ചപുല്ലിന്റെ കൃഷി വ്യാപകമാക്കുന്നതിനുള്ള പദ്ധതികൾ വിജയിച്ചിട്ടില്ല ഈ രംഗത്ത് ആവശ്യമായ ബോധവൽക്കരണ പ്രവർത്തനങ്ങൾ ഉണ്ടാക്കേണ്ടിയിരിക്കുന്നു.

3. വൈക്കോലിന്റെ ലഭ്യതക്കുറവ്

നെൽകൃഷിയുടെ കുറവ് ക്ഷീരകർഷകരെ വല്ലാതെ ബാധിച്ചിട്ടുണ്ട്. കന്നുകാലി തീറ്റയ്ക്കും വൈക്കോലിനെയാണ് ആശ്രയിക്കുന്നത്. ഈ രംഗത്തുള്ള സ്വകാര്യ കച്ചവടക്കാർ കർഷകരെ ചൂഷണം ചെയ്യുന്ന പ്രവണതയുണ്ട്.

4 വിപണനരംഗം: ക്ഷീരസംഘം

പാൽ വിപണനം ചെയ്യുന്നുണ്ടെങ്കിലും ഉൽപ്പാദിപ്പിക്കുന്ന പാൽമുഴുവൻ ശേഖരിക്കാൻ കഴിയുന്നില്ല. പുതിയ സംഘങ്ങൾ രൂപീകരിക്കുന്നതിനുള്ള പ്രശ്നങ്ങളും ഉണ്ട്.

5. കൃത്രിമ ബീജദാനം:

നിലവിൽ പഞ്ചായത്തിൽ ഒരു ബീജദാന കേന്ദ്രം ഉണ്ടെങ്കിലും പ്രവർത്തനം കാര്യക്ഷമമല്ല.

6. ചികിത്സാ സൗകര്യം:

മൃഗാശുപത്രി പ്രവർത്തിക്കുന്നുണ്ടെങ്കിലും അതിന്റെ പ്രയോജനം കർഷകർക്ക് ശരിയായവിധം ലഭിക്കുന്നില്ല ICDP സെന്ററിലെ പ്രഥമചികിത്സാസൗകര്യങ്ങൾ നിർത്തലാക്കിയതു കർഷകർക്കു ദോഷകരമാണ്.

7. ബാങ്ക് ലോൺ:

പശുക്കളെ വാങ്ങുന്നതിനു വിവിധ ബാങ്കുകളുടെ വിവിധ പദ്ധതികളും ഉണ്ടെങ്കിലും കൂടുതൽ കർഷകർക്ക് അതിന്റെ പ്രയോജനം ലഭിക്കുന്നില്ല.

8 ക്ഷേമ പദ്ധതികളുടെ അഭാവം:

മറ്റെല്ലാമേഖലകളിലും പണിയെടുക്കുന്നവർക്കു വിവിധ ക്ഷേമപദ്ധതികളുംനിലവിലുണ്ട്. എന്നാൽ ക്ഷീരവികസന മേഖലയിൽ പണിയെടുക്കുന്നകർഷകർക്ക് യാതൊരുവിധ ക്ഷേമപദ്ധതികളും നിലവിലില്ല. കർഷകരെആകർഷിക്കുന്ന വിധം ക്ഷേമപദ്ധതികളും ആവിഷ്കരിക്കേണ്ടതാണ്.

9. കറവക്കാർക്കുള്ള ക്ഷാമം

ക്ഷീരമേഖലയിൽ പശുക്കളെ കറക്കുന്നതിനു പരിചയം ലഭിച്ചവരുടെ അഭാവം പ്രശ്നം സൃഷ്ടിക്കുന്നുണ്ട്. ഈ രംഗത്ത് കൂടുതൽ പേർക്ക് സ്വയം തൊഴിൽ നേടുന്നതിനു പരിശീലനം ഉൾപ്പെടെയുള്ള നടപടികൾ ആവശ്യമാണ്.

10. പൂർണമായി ഉപയോഗപ്പെടുത്താത്ത ഉൽപ്പാദന ക്ഷമത:

പശുപരിപാലനത്തിലെ അജ്ഞതകൊണ്ടും

ശാസ്ത്രീയ മാർഗങ്ങൾ അവംലബിക്കാനുള്ള വിമുഖതകൊണ്ടും പലപ്പോഴും പശുക്കളുടെ ഉൽപ്പാദനം കുറഞ്ഞുപോകുന്നു. ഉൽപ്പാദന ക്ഷമത പൂർണമായി പ്രയോജനപ്പെടുന്നില്ല.

സാധ്യതകൾ:

പഞ്ചായത്തിൽ ക്ഷീര വികസന രംഗത്ത് വളരെ അധികം സാധ്യതകളാണുള്ളത്. കുറഞ്ഞ മൂലധനം മുടക്കി കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാനാവും. സ്ത്രീകളുടെ തൊഴിൽ പങ്കാളിത്തം ഈ രംഗത്ത് വളരെയുണ്ട്. പാലിന്റെ കാര്യത്തിൽ സ്വയം പര്യാപ്തത എന്ന ലക്ഷ്യം മുൻനിർത്തി ക്ഷീരവികസന രംഗം പരിപോഷിപ്പിക്കേണ്ടതുണ്ട്. താഴെക്കാണിച്ചിട്ടുള്ള സാധ്യതകൾ പ്രശ്ന പരിഹാരങ്ങൾ ഉൾപ്പെടുത്തിയുള്ള പ്രവർത്തനങ്ങൾ ആവിഷ്കരിക്കേണ്ടതുണ്ട്.

1. കാലിത്തീറ്റ:

കാലിത്തീറ്റ കുറഞ്ഞ നിരക്കിൽ കർഷകർക്ക് ലഭ്യമാകുന്നതിനുള്ള പദ്ധതികൾ ക്ഷീരസംഘങ്ങൾ വഴി നടപ്പാക്കേണ്ടതാണ്. കാലിത്തീറ്റ സബ്സിഡി മുതലായവ ആലോചിക്കാവുന്നതാണ്.

2 തീറ്റപ്പുൽ കൃഷി:

ആദായകരമായ ക്ഷീരോൽപ്പാദനത്തിന് പച്ചപ്പുൽ കൃഷിവ്യാപിപ്പിക്കേണ്ടത് അത്യാവശ്യമാണ്.

ഇന്ന് നിലവിലുള്ള പദ്ധതികൾ ആവശ്യമായ ഭേദഗതികൾ വരുത്തി കൂടുതൽ ജനപങ്കാളിത്തത്തോടെ നടപ്പിലാക്കണം. സബ്സിഡി വർദ്ധിപ്പിക്കുന്നത് ഉൽപ്പാദനം കുറയുന്നതാണ്.

3 വിജ്ഞാന വ്യാപനം:

ഈ മേഖലയിലുള്ള പ്രശ്നങ്ങൾ കർഷകരുമായി നിരന്തര ബന്ധത്തിലൂടെ ചർച്ച ചെയ്ത് പരിഹാരം കാണേണ്ടതാണ്. പുതിയ പ്രവണതകളും അറിവുകളും നൽകി കർഷകരെ കൂടുതൽ പ്രവർത്തനോന്മുഖരാക്കണം.

4 ക്ഷീര ഭവൻ:

പഞ്ചായത്തിലെ ജനങ്ങളുടെ വരുമാനത്തിന്റെ ശതമാനം ക്ഷീരമേഖലയിൽ നിന്ന് ലഭിക്കുന്നു. എങ്കിലും ഈ രംഗത്തുള്ള സർക്കാർ ധനസഹായവും നിക്ഷേപവും വളരെ നിസ്സാരമാണ്. ബ്ലോക്ക് തലത്തിൽ പ്രവർത്തിക്കുന്ന ക്ഷീരവികസന യൂനിറ്റ് ഈ പഞ്ചായത്തിന്റെ പ്രവർത്തനങ്ങളിൽ കാര്യമായി ഇടപെടാൻ കഴിയുന്നില്ല. ആയതിനാൽ പഞ്ചായത്തുതലത്തിൽ ഒരു ക്ഷീരഭവൻ (ഡയറി എക്സ്റ്റൻഷൻ സർവ്വീസ് യൂനിറ്റ്) സ്ഥാപിക്കേണ്ടതാണ്.

5. ഗുണനിയന്ത്രണം:

പാലിന്റെ ഗുണനിയന്ത്രണത്തിന് ജില്ലാടിസ്ഥാനത്തിലെങ്കിലും ഗുണനിയന്ത്രണ വിഭാഗം ഉണ്ടായിരിക്കണം. കാലിത്തീറ്റ, പാൽ, പാൽഉല്പന്നങ്ങൾ എന്നിവയുടെ ഗുണനിയന്ത്രണവും പരിശോധനയും ആവശ്യമാണ്. അതിനാവശ്യമായ സംവിധാനം ഉണ്ടാകേണ്ടതാണ്.

6. വിപണനം:

പാൽ, പാൽഉല്പന്നങ്ങൾ എന്നിവയുടെ വിപണന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് സഹകരണ സംഘങ്ങൾ പഞ്ചായത്തിൽ ആരംഭിക്കണം.

7. ചികിത്സാ സൗകര്യം:

കന്നുകാലി ചികിത്സ, ഇൻഷ്വറൻസ് എന്നിവ കൂടുതൽ കാര്യക്ഷമവും സൗജന്യവുമാക്കേണ്ടതാണ്.

8 ക്ഷേമ പദ്ധതികൾ;

ക്ഷീര കർഷകർക്ക് ക്ഷേമപദ്ധതികൾ സമയ ബന്ധിതമായി ആവിഷ്കരിച്ച് നടപ്പിലാക്കണം.

9 വായ്പാസൗകര്യം:

ഡയറിയൂനിറ്റുകൾ ആരംഭിക്കുന്നതിന് വിവിധ ബാങ്കുകാർ നൽകുന്ന വായ്പാസൗകര്യങ്ങൾ കൂടുതൽ വ്യാപകവും ഉദാരവുമാക്കേണ്ടതാണ്.

10. പഞ്ചായത്ത് മേഖലയിലെ അഞ്ചുവയസ്സുതാഴെയുള്ള കുട്ടികൾക്ക് ഒരുഗ്ലാസ് (180മി. ഗ്രാം) പാലെങ്കിലും എന്നുറപ്പാക്കുന്നതിനുള്ള പദ്ധതികൾ ക്ഷീരസഹകരണ സംഘത്തിന്റെ സഹായത്തോടെ നടപ്പാക്കാവുന്നതാണ്.

11 ഉല്പന്ന നിർമ്മാണ യൂനിറ്റ്:

സ്വയം തൊഴിൽ എന്ന നിലയിൽ ക്ഷീരോൽപ്പന്ന നിർമ്മാണ യൂനിറ്റ് ആരംഭിക്കുന്നതിന് പ്രോത്സാഹനം നൽകാവുന്നതാണ്.

12 ക്ഷീര കർഷക പരിശീലനം:

ക്ഷീര കർഷകർക്ക് വിവിധ മേഖലകളിൽ പരിശീലനം നടത്തുന്നതിന് കണ്ണൂർ ജില്ലയിൽ ഒരു ക്ഷീര പരിശീലന കേന്ദ്രം ആരംഭിക്കേണ്ടതാണ്.

13. വേനൽകാല പരിചരണം:

തീറ്റയ്ക്കും ഏറ്റവും ക്ഷാമം നേരിടുന്ന മാർച്ച്, മെയ് മാസങ്ങളിൽ ക്ഷീരകർഷകർക്ക് ആശ്വാസമേകാൻ പദ്ധതികൾ ആവിഷ്കരിക്കേണ്ടതാണ്.

മത്സ്യ ബന്ധനം

തലശേരി പട്ടണത്തിൽ നിന്ന് ലഭിക്കുന്ന കടൽ മത്സ്യങ്ങളും പഞ്ചായത്തിന്റെ മദ്ധ്യഭാഗത്തുകൂടി കിഴക്ക് പടിഞ്ഞാറായി ചെറുവാഞ്ചേരി ദേശത്ത് അമ്പലപുഴയായും പാട്യം പഞ്ചായത്തിന്റെപടിഞ്ഞാറെ അറത്തെത്തുമ്പോൾ ചാടാലപുഴയായി ഒഴുകുന്ന നദിയിൽ നിന്നും ലഭിക്കുന്ന പുഴമത്സ്യവും ചെറുതും വലുതുമായ 47 ഓളം കുളങ്ങളിൽ നിന്നും, 13തോടുകളിൽനിന്നും ലഭിക്കുന്ന മത്സ്യങ്ങളാണ് പഞ്ചായത്തിലെ ജനങ്ങൾക്ക് ലഭിക്കുന്ന സമ്പത്ത്. ഏതാണ്ട് 95% ജനങ്ങളും മത്സ്യം കഴിക്കുന്നവരാണ്. മത്സ്യം പ്രത്യേകിച്ച് കടൽ മത്സ്യം ജനങ്ങളുടെ ഭക്ഷണത്തിന്റെ അവിഭാജ്യഘടകമാണ് അയല, മത്തി, ശ്രാവ്, ചെമ്മീൻ, മുള്ളൻ അയക്കൂറ, തിരണ്ടി ആകോലി, ചാമ്പാൻ, ചെമ്പല്ലി, ചൂര, മുതലായ മത്സ്യങ്ങളാണ് ഇവിടെ ലഭിക്കുന്നത്. സീസൺ അനുസരിച്ച് കി. ഗ്രാമിന് 30 രൂപമുതൽ 150രൂപ വരെ വിലയുണ്ട്.

പണ്ടുകാലങ്ങളിൽ കുളങ്ങളും വറ്റിച്ച് ലഭിക്കുന്ന മത്സ്യംഅയൽ വീട്ടുകാർക്ക് സൗജന്യമായി നൽകുന്ന പരിപാടിയുണ്ടായിരുന്നു. എന്നാൽ ഇന്ന് പല കാരണങ്ങളായും കുളങ്ങളിൽ മത്സ്യം കുറവായേ കാണുന്നുള്ളൂ. അനധികൃതമായ നഞ്ചുകലക്കിയുള്ള മീൻ പിടുത്തവും വൈദ്യുതി ഉപയോഗിച്ചുള്ള മീൻപിടുത്തവും മത്സ്യകുഞ്ഞുങ്ങളെയടക്കം നശിപ്പിക്കുന്നതിനാൽമത്സ്യസമ്പത്തിനും വളരെ കുറവുണ്ടായിട്ടുണ്ട്. കൂടാതെ മൂന്നുവർഷം മുൻപുണ്ടായ മത്സ്യരോഗം മത്സ്യലഭ്യതയെ കുറച്ചിട്ടുണ്ട്. പഞ്ചായത്തിൽ കൂടിഒഴുകുന്ന പുഴമത്സ്യ സ്രോതസ്സായി ഉപയോഗപ്പെടുത്തുന്നില്ല. മുഴു, കയിച്ചൽ, കട്ല, പ്രാച്ചി, ചെറുമീൻ, കടുങ്ങാലി, വാള, ഏട്ട, മെലിഞ്ഞിൽ, കണ്ണാറി കുറിയന്ന, ബാലത്താൻ, കൊളപ്പാരം മുതലായവയാണ് പുഴയിലും തോടിലും കണ്ടുവരുന്ന മത്സ്യങ്ങൾ എന്നാൽ സംഘടിത മത്സ്യകൃഷിയോ, മത്സ്യബന്ധനമോ ഈ പഞ്ചായത്തിൽ അനുവദിച്ചിട്ടില്ല. ആയതിന് ഒരു പദ്ധതിയും രൂപീകരിച്ചിട്ടില്ല. പഞ്ചായത്തിൽ തൊട്ടടുത്ത ടൗണായ തലശേരിയിൽ നിന്നും ലോറി, ഓട്ടോറിക്ഷ, ബസ് മുതലായവ വഴി കടൽ മത്സ്യം എത്തിച്ച് സൈക്കിളിലും തലച്ചുമടായും നിരവധി മത്സ്യ തൊഴിലാളികൾ വിവിധ പ്രദേശങ്ങളിലെ ജനങ്ങൾക്ക് വേണ്ടി നേരിട്ട് എത്തിച്ചുകൊടുക്കുന്നു. കൂടാതെ കൊട്ടയോടി, മതിയങ്ങ, ചെറുവാഞ്ചേരി, പത്തായക്കുന്ന് കാര്യാട്ടുപുറം, കണ്ണവംകോളനി എന്നിവിടങ്ങളിൽ വെച്ച് മത്സ്യ വില്പന നടത്തിവരുന്നു എന്നാൽ മത്സ്യം വില്പനയ്ക്ക് നല്ലൊരു മാർക്കറ്റ് ഇവിടങ്ങളിൽ ഇല്ലെന്നു പറയാം.

പ്രശ്നങ്ങൾ:

1. മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിനു പദ്ധതികൾ ഇല്ല.
2. ജലമലിനീകരണം മത്സ്യ സമ്പത്തിനെ കുറക്കുന്നു.
3. നഞ്ചുകലക്കിയും വൈദ്യുതി ഉപയോഗിച്ചുമുള്ള മത്സ്യം പിടുത്തം മത്സ്യബന്ധനത്തിനെ പ്രതികൂലമായി ബാധിക്കുന്നു.
4. മത്സ്യക്കുഞ്ഞുങ്ങൾ ലഭിക്കായ്മ കൃഷിയിൽ കർഷകരെ ആകർഷിക്കുന്നില്ല.
5. പഞ്ചായത്തിൽ മത്സ്യമാർക്കറ്റ് ഇല്ല.

സാദ്ധ്യതകൾ:

1. മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് പദ്ധതികൾ ആവിഷ്കരിക്കുക.
2. അനധികൃതമായ മത്സ്യബന്ധനം നിരോധിക്കുക.
3. ചെറുകിട വ്യവസായങ്ങളിലെ രാസ പദാർത്ഥങ്ങൾ, ജലസ്രോതസ്സിൽ ഒഴുകുന്നതു തടയുക. ജലമലിനീകരണം നിയന്ത്രിക്കുക.
4. പഞ്ചായത്തിലെ പ്രധാനപ്പെട്ട കേന്ദ്രങ്ങളിൽ മത്സ്യമാർക്കറ്റ് സ്ഥാപിക്കുക.
5. നിലവിലുള്ള കുളങ്ങൾ സംരക്ഷിച്ച് മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുക.



വിദ്യാഭ്യാസം

ഈ നൂറ്റാണ്ടിന് മുൻപുതന്നെ വൈജ്ഞാനികമണ്ഡലത്തിൽ സ്ഥിരപ്രതിഷ്ഠം നേടാൻ പാട്യത്തിനു കഴിഞ്ഞിട്ടുണ്ട്. ദേശീയ പ്രസ്ഥാനം ശക്തിപ്പെട്ടുകൊണ്ടിരുന്ന കാലഘട്ടത്തിൽ മാറ്റത്തിന്റെ തേർ തെളിക്കുവാൻ ഈ നാടിനു സാധിച്ചത് വിദ്യാഭ്യാസരംഗത്ത് നാം നേടിയ നേട്ടം കൊണ്ടുതന്നെയായിരുന്നു. കേരളത്തിന്റെ സാംസ്കാരിക ചരിത്രത്തിനു പാട്യം നല്കിയ സൂര്യതേജസ്സായിരുന്നു വാഗ്ഭടാനന്ദ ഗുരുദേവൻ. ആ ധന്യാത്മാവിന്റെ പാദായുഗളങ്ങൾ പതിഞ്ഞ ഈ നാട് എന്നും വിദ്യയുടെ തട്ടകമായിരുന്നു. അദ്ദേഹത്തിന്റെ പിതാവ് തന്നെ ഒരു വിദ്യാഭ്യാസ പരിഷ്ക്കർത്താവായിരുന്നു.

ആയിരത്തി തൊള്ളായിരത്തിനു മുൻപ് തന്നെ നിരവധി കുടിപ്പള്ളിക്കൂടങ്ങൾ ഈ ഗ്രാമത്തിലുണ്ടായിരുന്നു. കൊട്ടയോടിയിലെ കൊയമ്പക്കുളത്തിനു സമീപമുള്ള സംസ്കൃത പാഠശാല അന്നത്തെ കാലത്തിന്റെ ബാക്കിപത്രമായിരുന്നു. പ്രധാനപ്പെട്ട അഞ്ചോളം കുടിപ്പള്ളിക്കൂടങ്ങളിൽ പലതും സംസ്കൃത വിദ്യാപീഠങ്ങളായി പരിലസിച്ചപ്പോൾ ആ തലമുറയിൽ മഹാരഥൻമാരായ നിരവധി പണ്ഡിതൻമാർ രംഗപ്രവേശം ചെയ്തു. ഒട്ടുമിക്ക വിദ്യാലയങ്ങളുടെയും തുടക്കം ഗുരുപരമ്പരകളിലൂടെയായിരുന്നു. എന്നതാണ് പാട്യത്തിന്റെ പ്രത്യേകത കേളുഗുരിക്കൾ, മന്ദൻഗുരിക്കൾ, ചന്തുഗുരിക്കൾ, വി. കെ. കെ. ഗുരിക്കൾ, കൃഷ്ണൻ ഗുരിക്കൾ, ഒതേനൻ ഗുരിക്കൾ, കുഞ്ഞമ്പു ഗുരിക്കൾ, അപ്പു ഗുരിക്കൾ,..... ആ പട്ടിക നീണ്ടുപോകുന്നു. ഇന്ത്യ മുഴുവൻ ചുറ്റിസഞ്ചരിച്ച കൊട്ടുങ്ങൽ കേളുഗുരിക്കൾ പകർന്നു നൽകിയ സംസ്കൃത പീയൂഷം നുകർന്ന ഏറെപേരുണ്ടീനാട്ടിൽ! നളളൻ കേളൻ ഗുരിക്കൾ പാട്യം പുതിയ തെരുവിൽ സ്ഥാപിച്ച പാറക്കൽ സ്കൂൾ, ആർ. കേളുഗുരിക്കൾ സ്ഥാപിച്ച കോങ്ങാറ എൽ. പി, പത്തായക്കുന്ന് സ്കൂൾ എന്നിവ 1870 കാലഘട്ടത്തിൽ സ്ഥാപിക്കപ്പെട്ടതാണെന്ന് പറയപ്പെടുന്നു. സ്ഥാപിക്കപ്പെട്ട വർഷങ്ങളുടെ കാര്യത്തിൽ തർക്കം ഉണ്ടെങ്കിൽപോലും ഏവരാലും അംഗീകരിക്കപ്പെട്ട ഒരു വസ്തുത ഇതാണ്: 1915ന് മുൻപ് സ്ഥാപിക്കപ്പെട്ട സ്കൂളുകൾക്ക് പാട്യം വെസ്റ്റ് യു. പി., ഈസ്റ്റ് കതിരൂർ യു.പി. കോങ്ങാറ എൽ. പി, ചെറുവാഞ്ചേരി യു. പി എന്നിവ.

പാട്യത്തിന്റെ ചരിത്രത്തിൽ രാമുണ്ണി ഗുരുക്കളുടെ സ്ഥാനം അദ്വിതീയമാണ്. വൈദ്യനെന്ന നിലയിൽ അദ്ദേഹത്തിന് വലിയ ശിഷ്യസമ്പത്തുണ്ടായിരുന്നു. സംസ്കൃത പണ്ഡിതനായിരുന്ന വി. കെ. ഗുരുക്കൾ സ്ഥാപിച്ച സൗത്ത് പാട്യം യു. പി. സ്കൂൾ ഭാഷാപഠനത്തിൽ വിശിഷ്യാ ഇംഗ്ലീഷ്, സംസ്കൃതം എന്നി വയ്ക്ക് ഏറെ പ്രാധാന്യം നൽകിയിരുന്നു. 1912ൽ സ്ഥാപിച്ച ചെറുവാഞ്ചേരി ലോവർ പ്രൈമറി സ്കൂളാണ് പിൽക്കാലത്ത് ചെറുവാഞ്ചേരി യു. പി. സ്കൂളായി മാറിയത്. 1920 ആകുമ്പോഴേക്കും നമ്മുടെ പഞ്ചായത്തിൽ ഏതാണ്ട് ഇരുപത്തി മൂന്നോളം സ്കൂളുകൾ സ്ഥാപിക്കപ്പെട്ടിരുന്നു. അതുകൊണ്ട് തന്നെയാണ് കേരളത്തിന്റെ സാംസ്കാരിക ചരിത്രത്തിൽ പാട്യം പ്രശ്നധേയമായി തീർന്നതും. കെ. പി. ബി പാട്യം, പാട്യം കുമാരൻമാസ്റ്റർ എന്നിവർ വിദ്യാഭ്യാസരംഗത്ത് നൽകിയ സംഭാവനകൾ ഏറെ സ്മരണീയമാണ്. പഞ്ചായത്തിലെ ആദ്യ ഹൈസ്കൂൾ 1966ൽ സ്ഥാപിക്കപ്പെട്ടു. ശ്രീ. പുല്ലഞ്ചേരി ഇല്ലത്ത് ശങ്കരൻ നമ്പൂതിരിപ്പാട് ആദ്യ കെട്ടിടം സ്വന്തം ചിലവിൽ നിർമ്മിച്ചു കൊടുക്കുകയായിരുന്നു ചെയ്തത്. മത്സരാടിസ്ഥാനത്തിലാണ് ഒട്ടുമിക്ക വിദ്യാലയങ്ങളും പ്രവർത്തിച്ചിരുന്നത് എന്നതു കൊണ്ടുതന്നെ പ്രഗൽഭരായ പല അദ്ധ്യാപകരേയും ഉയർന്ന പ്രതിഫലത്തിൽ അയൽദേശങ്ങളിൽ നിന്ന് വരുത്തി പഠന നിലവാരം മെച്ചപ്പെടുത്തുവാൻ മാനേജ്മെൻറ് പ്രത്യേകം ശ്രദ്ധിച്ചിരുന്നു.

ഇന്ന് പഞ്ചായത്തിൽ ഒരു നവോദയാ വിദ്യാലയമടക്കം 21 വിദ്യാലയങ്ങൾ പ്രവർത്തിച്ചു വരുന്നു. വിദ്യാഭ്യാസരംഗം പൂർണ്ണമായും പ്രശ്ന

മുക്തമല്ല വിദ്യാഭ്യാസ മൂല്യങ്ങളും, അച്ചടക്കവും ഇന്നത്തെ തലമുറയ്ക്ക് കൈമോശം വന്നുവെന്നത് വിദ്യാഭ്യാസ രംഗത്തുള്ള പ്രധാന പ്രശ്നമായി നിലനില്ക്കുന്നു. വിദ്യാഭ്യാസം വാണിജ്യവൽക്കരിക്കപ്പെടുന്ന ഈ കാലത്ത് അദ്ധ്യാപനം തപസ്യയാക്കിമാറ്റിയ മൺമറഞ്ഞ ത്യാഗിവര്യരായ ഗുരുഭൂതൻമാരുടെ കാൽപ്പാടുകൾ നമുക്ക് പ്രത്യാശയും ചൈതന്യവും നല്കട്ടെ.

നമ്മുടെ പഞ്ചായത്തിലെ ഇന്നത്തെ വിദ്യാഭ്യാസ സംവിധാനത്തെക്കുറിച്ച് അവലോകനം ചെയ്യുമ്പോൾ പ്രീ പ്രൈമറി വിദ്യാഭ്യാസം പൊതുവിദ്യാഭ്യാസം, ഉന്നത വിദ്യാഭ്യാസം, തൊഴിലധിഷ്ഠിത വിദ്യാഭ്യാസം, അനൗപചാരിക വിദ്യാഭ്യാസം എന്നീ മേഖലകളായി വിശകലനം ചെയ്യുന്നത് നല്ലതായിരിക്കും.

പ്രീപ്രൈമറി വിദ്യാഭ്യാസം :

പാടൂം പഞ്ചായത്തിൽ ഇന്ന് 4 പ്രീ പ്രൈമറി വിദ്യാഭ്യാസ സ്ഥാപനങ്ങളാണ് പ്രവർത്തിച്ചു വരുന്നത്. മേല്പറഞ്ഞവയിൽ ഒന്ന് സർക്കാർ മേഖലയിലും മറ്റുള്ളവ സ്വകാര്യ മേഖലയിലുമാണ് പ്രവർത്തിക്കുന്നത്. ജനപങ്കാളിത്തത്തോടെയാണ് ഇവ ആരംഭിക്കുന്നതെങ്കിലും തുടർന്നുള്ള പ്രവർത്തനങ്ങളിൽ ജനപങ്കാളിത്തം കുറഞ്ഞുവരുന്നു. സാമ്പത്തിക നേട്ടത്തെ ലക്ഷ്യം വച്ചാണ് സ്വകാര്യ ശിശുവിദ്യാഭ്യാസ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നത്. യഥാർത്ഥത്തിൽ 5 വയസിനുതാഴെയുള്ള കുഞ്ഞുങ്ങൾക്ക് ആടിപ്പാടി രസിക്കാനുള്ള കേന്ദ്രമായിരിക്കണം ശിശുവിഹാര കേന്ദ്രങ്ങളെങ്കിലും, മിക്കവയിലും ഇംഗ്ലീഷ് ഭാഷയിലാണ് ബോധനം നടക്കുന്നത്. ശിശു വിഹാര കേന്ദ്രങ്ങളിൽ മനഃശാസ്ത്രപരമായ ബോധനരീതി നടക്കുന്നുണ്ടോയെന്ന് പരിശോധിക്കേണ്ടിയിരിക്കുന്നു.

പ്രശ്നങ്ങൾ :

1) ശിശു വിഹാര കേന്ദ്രങ്ങളിൽ അനുചിതവും നിർബന്ധിതവും കർശനവുമായ പഠന രീതികളാണ് നടന്നുവരുന്നത്.

2) മിക്ക ശിശുവിഹാര കേന്ദ്രങ്ങളിലും ബോധന മാധ്യമം ഇംഗ്ലീഷാണ്.

3) മിക്ക കേന്ദ്രങ്ങളിലും അവശ്യം വേണ്ടതായ കെട്ടിടമോ, പഠനോപകരണങ്ങളോ മറ്റു തരത്തിലുള്ള ഭൗതിക സാഹചര്യങ്ങളോ ഇല്ല.

4) ജനസംഖ്യാതോതനുസരിച്ച് ശിശു വിഹാര കേന്ദ്രങ്ങളില്ല.

5) യാതൊരു നിയമാവലിയും പാലിക്കാതെയാണ് പലതും പ്രവർത്തിച്ചുവരുന്നത്.

സാധ്യതകൾ

—ശാസ്ത്രീയമായ സർവ്വേയുടെ അടിസ്ഥാനത്തിൽ മൂന്നിനും അഞ്ച് വയസിനുമിടയിലുള്ള കുട്ടികളെ കണ്ടെത്തി വിദ്യാലയങ്ങൾ ആരംഭിക്കാവുന്നതാണ്,

—പ്രീ പ്രൈമറി വിദ്യാലയങ്ങളിലെ ബോധന മാധ്യമം മാതൃഭാഷയിലായിരിക്കണമെന്ന് നിഷ്കർഷിക്കാവുന്നതാണ്.

—മനശാസ്ത്ര പരമായ പരിശീലനം ലഭിച്ച അധ്യാപികമാരായിരിക്കണം ഇത്തരം സ്ഥാപനങ്ങളിൽ പ്രവർത്തിക്കേണ്ടത്. അവർക്കാവശ്യമായ പുനഃപരിശീലനം നൽകാവുന്നതാണ്.

—ശിശുവിദ്യാലയങ്ങൾക്കാവശ്യമായ പശ്ചാത്തല സൗകര്യങ്ങൾ ജനകീയ സഹകരണത്തോടെ ലഭ്യമാക്കാവുന്നതാണ്.

—പ്രീപ്രൈമറി വിദ്യാഭ്യാസം ആവശ്യമായ എല്ലാ കുട്ടികളേയും അയൽക്കൂട്ടത്തിൽ കൂടി ശിശു കേന്ദ്രത്തിലെത്തിക്കാനുള്ള സംവിധാനം ഉണ്ടാക്കാവുന്നതാണ്.

—5 വയസിനു താഴെയുള്ള കുട്ടികൾക്ക് വിദ്യാഭ്യാസം നല്കുക എന്ന പേരിൽ ആർക്കും എന്തും തുടങ്ങാം എന്ന ഇന്നത്തെ പ്രീ പ്രൈമറി സ്കൂൾ സമ്പ്രദായത്തിന് സർക്കാർ തലത്തിൽ നിയന്ത്രണം വരുത്തേണ്ടതാണ്.

—പഞ്ചായത്തിലെ മുഴുവൻ പ്രീ പ്രൈമറി സ്ഥാപനങ്ങളെയും ഏകോപിപ്പിക്കുന്നതിനു വേണ്ടി പഞ്ചായത്ത് തലത്തിൽ ജനകീയ സമിതി രൂപീകരിക്കുകയും ഇതിൽ എല്ലാ സ്കൂളിലേയും ഒന്നാം ക്ലാസിലെ അധ്യാപികമാരുടെ സാന്നിധ്യം ഉറപ്പുവരുത്തേണ്ടതുമാണ്.

—ശിശുവിഹാര കേന്ദ്രങ്ങൾക്ക് കെട്ടിടം പണിയാനുള്ള സാമ്പത്തിക സഹായം സഹകരണ സ്ഥാപനങ്ങൾ, സാംസ്കാരിക സ്ഥാപനങ്ങൾ എന്നിവ വഴി ശേഖരിക്കാനുള്ള പ്രവർത്തനങ്ങൾക്ക് നേതൃത്വം നല്കാൻ ഗ്രാമപഞ്ചായത്തുകൾക്ക് കഴിയേണ്ടതാണ്.

പൊതുവിദ്യാഭ്യാസം :

വിവിധ വാർഡുകളിലായി ഒരു കേന്ദ്രീയ വിദ്യാലയവും രണ്ട് ഹൈസ്ക്കൂളും ആറ് യു.പി. സ്ക്കൂളും പന്ത്രണ്ട് എൽ.പി.സ്ക്കൂളും

പ്രവർത്തിച്ചുവരുന്നു. കണ്ണവം യു. പി., പാട്യം ഹൈസ്ക്കൂൾ എന്നിവ സർക്കാർ മേഖലയിലും ചെറുവാഞ്ചേരി പാട്യം ഗോപാലൻ മെമ്മോറിയൽ പഞ്ചായത്ത് ഹൈസ്ക്കൂൾ പഞ്ചായത്ത് മാനേജ്മെൻറിൻെറ കീഴിലും എട്ടാം വാർഡിലെ നവോദയ വിദ്യാലയം കേന്ദ്രസർക്കാർ നിയന്ത്രണത്തിലും പ്രവർത്തിച്ചുവരുന്നു.

പ്രശ്നങ്ങൾ :

A) അക്കാദമിക്തലം :

1) പ്രൈമറി, ഹൈസ്കൂൾ എന്നീ തലങ്ങളിൽ നിലവാരം കുറഞ്ഞുവരുന്നു.

2) ആവശ്യമായ കലാ കായിക അദ്ധ്യാപകരില്ലാത്തതിനാൽ പാഠ്യേതര വിഷയങ്ങളിൽ മികവു കൈവരിക്കാനാവുന്നില്ല.

3) മിക്ക വിദ്യാലയങ്ങളിലും കലാ കായിക പ്രോത്സാഹനത്തിന് ആവശ്യമായ പഠനോപകരണങ്ങളില്ല. ഉള്ളവതന്നെ ഫലപ്രദമായ വിധത്തിൽ ഉപയോഗപ്പെടുത്തുന്നില്ല.

4) മിക്ക വിദ്യാലയങ്ങളുടെയും പഠന നിലവാരം മെച്ചപ്പെടുത്തുന്നതിലും വികസന പ്രവർത്തനങ്ങളിലും പി. ടി. എ. സമിതിയുടെ ഇന്നത്തെ പങ്കാളിത്തം തൃപ്തികരമല്ല.

5) ദരിദ്രവിദ്യാർത്ഥികൾക്ക് ആവശ്യമായ യൂനിഫോം പഠനോപകരണങ്ങൾ എന്നിവ വേണ്ടത്ര ലഭ്യമല്ലാത്തതുകൊണ്ടുതന്നെ അവരിൽ പലരും പ്രാഥമിക വിദ്യാഭ്യാസം പോലും പൂർത്തിയാക്കുന്നില്ല.

6) ടി. വി. പോലുള്ള ഇലക്ട്രോണിക് മാധ്യമങ്ങൾ കുട്ടികളുടെ പഠനസമയത്തെ അപഹരിക്കുകയും അത് പഠന നിലവാരത്തെ പ്രതികൂലമായി ബാധിക്കുകയും ചെയ്യുന്നു.

7) വിദ്യാസമ്പന്നരായ ഗൃഹാന്തരീക്ഷത്തിൽ നിന്നുള്ള കുട്ടികൾ പോലും പഠന നിലവാരത്തിൽ പിന്നോക്കമാണ്.

സാധ്യതകൾ

1) ഒരോ അധ്യയന വർഷത്തിൻെറയും അവസാനത്തിൽ ഓരോ തലത്തിലേയും വിദ്യാർത്ഥികൾ അവശ്യം നേടിയിരിക്കേണ്ടുന്ന അറിവ് കുട്ടികൾ നേടിയിട്ടുണ്ടോയെന്ന് പരിശോധിച്ച് ഉറപ്പു വരുത്താവുന്നതാണ്. ഇന്ന് നിലവിലുള്ള പരീക്ഷാ സമ്പ്രദായവും പ്രമോഷൻ സമ്പ്രദായവും കാലോചിതമായി പരിഷ്കരിക്കാവുന്നതാണ്.

2) കലാകായിക രംഗത്ത് ഇന്ന് നിലനില്ക്കുന്ന പിന്നോക്കാവസ്ഥ പരിഹരിക്കാൻ ആവശ്യമായ പരിചയ സമ്പന്നരായ അദ്ധ്യാപകരെ നിയമിക്കുകയും വേണ്ടത്ര ഉപകരണങ്ങൾ യഥാസമയങ്ങളിൽ ലഭ്യമാക്കാവുന്നതുമാണ്.

3) കണ്ണൂർ ജില്ലാ പഞ്ചായത്ത് നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന ഗുരുകുല വിദ്യാഭ്യാസ പദ്ധതിയുടെ ഭാഗമായ അയൽക്കൂട്ടങ്ങളിൽ കൂടി രക്ഷാകർത്താക്കളെ ബോധവൽക്കരിക്കുന്നതു വഴി പി.ടി.എ. പ്രവർത്തനം മെച്ചപ്പെടുത്താവുന്നതാണ്.

4) ദരിദ്രവിദ്യാർഥികൾക്കാവശ്യമായ യൂനിഫോം, പഠനോപകരണങ്ങൾ എന്നിവ പഞ്ചായത്തിലെ സന്നദ്ധസംഘടകൾ മുഖേന ലഭ്യമാക്കാൻ ഗ്രാമപഞ്ചായത്ത് നേതൃത്വം നൽകാവുന്നതാണ്.

5) എസ്. എസ്. എൽ. സി റിസൽട്ടിനെ അടിസ്ഥാനമാക്കി ഹൈസ്ക്കൂൾ വിദ്യാലയങ്ങളെ വിലയിരുത്തുന്നതുപോലെ പ്രൈമറി തലത്തിൽ പൊതു പരീക്ഷ ഏർപ്പെടുത്തി പൊതുപരീക്ഷയുടെ അടിസ്ഥാനത്തിൽ വിലയിരുത്തുന്ന രീതി ഡിപ്പാർട്ടുമെൻറ് തലത്തിൽ ആവിഷ്കരിക്കാവുന്നതാണ്.

6) കുട്ടികളുടെ ഓർമ്മശക്തി പരിശോധിക്കുന്ന ഇന്നത്തെ പരീക്ഷാരീതിക്ക് പകരം കുട്ടികളുടെ എല്ലാതരത്തിലുമുള്ള കഴിവ് മനസിലാക്കാനുള്ള പരീക്ഷാരീതി സ്വീകരിക്കാവുന്നതാണ്.

7) ടെലിവിഷൻ പരിപാടികളുടെ സംപ്രേഷണസമയങ്ങളിൽ ചില നിയന്ത്രണങ്ങൾ ഏർപ്പെടുത്തേണ്ടതാണ്.

8) 'നെയിബറിങ്ങ് സ്കൂൾ' സമ്പ്രദായം (ഓരോ രക്ഷിതാവും തൻെറ കുട്ടിയെ തൊട്ടടുത്ത വിദ്യാലയത്തിലയക്കുക) നടപ്പിലാക്കാവുന്നതാണ്.

B) പശ്ചാത്തല സൗകര്യങ്ങൾ

സ്ഥലസൗകര്യം, കെട്ടിടങ്ങൾ, ലബോറട്ടറി ലൈബ്രറി, മൂത്രപ്പുര, കക്കൂസ്, വൈദ്യുതി ലഭ്യത, കളിസ്ഥലം, കിണർ എന്നിവയാണ് പശ്ചാത്തല സൗകര്യങ്ങളായി പരിഗണിച്ചിട്ടുള്ളത്. പഞ്ചായത്ത് തലത്തിൽ നടത്തിയ സർവേയുടെ അടിസ്ഥാനത്തിൽ ലഭ്യമായ സ്ഥിതിവിവരകണക്ക് പട്ടികരൂപത്തിൽ താഴെ കൊടുക്കുന്നു.

ക്ര. ന	കോഡ്	വിദ്യാലയത്തിന്റെ പേര്	കെട്ടിടം			കെട്ടിടങ്ങളുടെ വിനിയോഗം				മൂത്രപ്പുര		കക്കൂസ്		വൈദ്യുതി		കളിസ്ഥലം		കിണർ		സ്ഥലം വിസ്തീർണ്ണം
			സ്ഥിരം	അസ്ഥിരം	താൽകാലികം	ലാബ്		ലൈബ്രറി		ഉണ്ട്	ഇല്ല	ഉണ്ട്	ഇല്ല	ഉണ്ട്	ഇല്ല	ഉണ്ട്	ഇല്ല	ഉണ്ട്	ഇല്ല	ഉണ്ട്	ഇല്ല	
						ഉണ്ട്	ഇല്ല	ഉണ്ട്	ഇല്ല													
1	001	കൊട്ടയോടി എൽ. പി.	,,				,,	,,			,,		,,		,,		,,		,,		,,	3.6 സെൻറ്
2	002	ഗവ: ഹൈസ്കൂൾ പാടൃം	,,	,,		,,		,,		,,		,,		,,		,,		,,				
3	003	പാടൃം വെസ്റ്റ് യു. പി.	,,	,,		,,		,,		,,		,,			,,	,,		,,				693 sq·ft
4	004	പാടൃം എൽ. പി.	,,				,,	,,		,,			,,		,,	,,		,,				17 സെൻറ്
5	005	സൗത്ത് പാടൃം യു. പി.	,,	,,		,,		,,		,,			,,		,,	,,		,,				679 sq·ft
6	006	ഈസ്റ്റ് കതിരൂർ എൽ. പി.	,,	,,			,,	,,		,,		,,			,,	,,		,,				17 സെൻറ്
7	007	ഈസ്റ്റ് കതിരൂർ യു. പി.	,,				,,	,,			,,		,,		,,		,,	,,				33 സെൻറ്
8	008	കോങ്ങാറ എൽ. പി.	,,				,,	,,		,,			,,		,,		,,	,,				13 സെൻറ്
9	009	സരസ്വതി വിലാസം എൽ. പി.	,,			,,		,,			,,		,,		,,		,,				,,	1230 sq·ft
10	010	മാടത്തിൽ പൂക്കോട് എൽ. പി.	,,				,,	,,			,,		,,		,,	,,					,,	15 സെൻറ്
11	011	ഈസ്റ്റ് പാടൃം എൽ. പി.	,,				,,	,,			,,		,,		,,		,,				,,	8 സെൻറ്
12	012	ശങ്കരവിലാസം യു. പി.	,,			,,		,,		,,		,,			,,	,,				,,		52 സെൻറ്
13	013	മുതിയങ്ങ മാപ്പിള എൽ. പി.	,,			,,		,,		,,			,,		,,		,,	,,		,,		8 സെൻറ്
14	014	മുതിയങ്ങ എൽ, പി.	,,			,,		,,			,,		,,		,,		,,	,,		,,		5 സെൻറ്
15	015	പൂവ്വത്തൂർ ന്യൂ എൽ. പി.	,,				,,	,,			,,		,,		,,	,,				,,		3 ഏ. 64സെ.
16	016	ചെറുവാഞ്ചേരി P·G·M·P·H·S·	,,			,,		,,		,,		,,		,,				,,		,,		3 ഏ. 10സെ.
17	017	ചെറുവാഞ്ചേരി യു. പി.	,,			,,		,,		,,		,,		,,		,,		,,		,,		80 സെൻറ്
18	018	മുതിയങ്ങ ഈസ്റ്റ് എൽ. പി.	,,			,,		,,		,,			,,		,,	,,		,,		,,		13 സെൻറ്
19	019	ചെറുവാഞ്ചേരി വെസ്റ്റ് L. P.	,,			,,		,,		,,		,,			,,	,,					,,	1½ ഏക്കർ
20	020	കണ്ണവം ട്രൈബൽ യു. പി.	,,			,,		,,		,,			,,	,,		,,					,,	½ ഏക്കർ

പൊതുസ്ഥിതി

രണ്ട് ഹൈസ്ക്കൂളുകളൊഴികെ ബാക്കി എല്ലാ സ്ക്കൂളിലേയും ലാബ്, ലൈബ്രറി സൗകര്യങ്ങൾ എന്നിവ നാമമാത്രമാണ്. ഏഴ് സ്കൂളുകൾക്ക് കിണർ ഇല്ല. കളിസ്ഥലം ഇല്ലാത്ത ഏട്ട് സ്ക്കൂളുകളുണ്ട്. ഉള്ള സ്ക്കൂളുകൾതന്നെ പരിമിതമായ സൗകര്യമേ ഉള്ളൂ. 4 സ്ക്കൂളുകൾ മാത്രമേ വൈദ്യുതീകരിച്ചിട്ടുള്ളൂ. 13 സ്ക്കൂളുകളിൽ കക്കൂസും 7 സ്ക്കൂളുകളിൽ മൂത്രപ്പുരയും ഇല്ല.

'ഓരോ ക്ലാസിനും ഓരോ മുറി, കുട്ടികൾക്ക് ഓടിനടക്കാൻ അൽപം തൊടി, പൊടിയിൽനിന്നും രക്ഷപ്പെട്ടു തറ, ഇരിക്കാൻ ഒരുബെഞ്ചിടം, കുടിക്കാൻ ഇത്തിരി വെള്ളം, പ്രാഥമിക നിർവഹണത്തിനൊരിടം. ഇത്രയും നൽകിയശേഷം അവർക്ക് വല്ലതും പഠിപ്പിക്കാൻ ഒരുമ്പെട്ടാൽ പോരെ'.

പാടൂം ഗ്രാമപഞ്ചായത്തിലെ സ്കൂൾ—അദ്ധ്യാപകരുടെയും വിദ്യാർത്ഥികളുടെയും പൊതുവിവര പട്ടിക

സ്കൂളിന്റെ കോഡ്	H.S U.P L.P	സ്കൂളിന്റെ ഉടമസ്ഥത			കുട്ടികളുടെ എണ്ണം			അദ്ധ്യാപകരുടെ എണ്ണം							മറ്റു കുറിപ്പുകൾ
		സർക്കാർ കെട്ടിടം വാടക, സ്വന്തം	എയ്ഡഡ്	അൺ എയ്ഡഡ്	ആൺ	പെൺ	ആകെ	ആകെ വേതനർ	നിലവിലുള്ളവർ	ഒഴിവുകൾ	ട്രെയിൻഡ് അല്ലാത്തവർ	സ്കൂൾ കോംപ്ലക്സിന്റെ വിവരങ്ങൾ	കളിസ്ഥലത്തിന്റെ വിവരങ്ങൾ	ഒന്നിനും ഉപയോഗിക്കാത്ത സ്ഥലം	
001	L.P		സ്വന്തം	—	67	64	131	5	5	—	—	3.6 c.	ഇല്ല	ഇല്ല	—
002	H.S	സ.സ്വ.	—	—	371	370	741	32	31	1	—		200s.m	ഇല്ല	ചുറ്റുമതിൽ റിപ്പേർകെട്ടിമേയൽ
003	U.P		സ്വന്തം	—	190	201	391	15	15	—	—	693 s. f.	1925s.f	—	ചുറ്റുമതിലില്ല
004	L.P		സ്വന്തം	—	85	62	147	7	7	—	1	17 c.	7 c.	—	ചുറ്റുമതിലില്ല
005	U.P		സ്വന്തം	—	128	128	256	14	14	—	—	679 s. f.	9.5 c.	—	ചുറ്റുമതിൽപൂർണ്ണമല്ല
006	L.P		സ്വന്തം	—	57	54	111	6	6	—	—	15 c.	13 c.	—	ചുറ്റുമതിലില്ല റിപ്പേർവേണം
007	U.P		സ്വന്തം	—	129	132	261	12	12	7	—	33 c.	ഇല്ല	—	ചുറ്റുമതിലില്ല
008	L.P		സ്വന്തം	—	53	52	105	6	6	—	—	13 c.	ഇല്ല	—	ചുറ്റുമതിലില്ല
009	L.P		സ്വന്തം	—	71	75	146	6	6	—	—	1230 s. f.	ഇല്ല	—	ചുറ്റുമതിൽ ഭാഗികം
010	L.P		സ്വന്തം	—	53	54	107	4	4	—	—	15 c.	10 c.	—	ചുറ്റുമതിലില്ല
011	L.P		സ്വന്തം	—	32	33	65	4	4	—	—	8 c.	ഇല്ല	—	,,
012	U.P		സ്വന്തം	—	144	146	290	15	15	—	—	52 c.	5 c.	18 c.	,, അ. കു. നടക്കാറുണ്ട്
013	L.P		സ്വന്തം	—	52	50	102	5	5	—	—	8 c.	ഇല്ല	—	ചുറ്റുമതിലില്ല
014	L.P		സ്വന്തം	—	24	48	72	5	5	—	1	5 c.	ഇല്ല	—	,, അ. കു. പ്പണിചെയ്തു
015	L.P		സ്വന്തം	—	76	66	142	6	6	—	—	3 ഏ. 4c	½ ഏ.	1 ഏ	,, റിപ്പേർ നടത്തുന്നത്
016	H.S		സ്വന്തം	—	350	423	773	33	33	—	—	8 c.	ഇല്ല	1a.50c.	,, റിപ്പേർ നടക്കുന്നില്ല
017	U.P		സ്വന്തം	—	323	348	671	24	24	—	—	80 c.	25 c.	ഇല്ല	,, റിപ്പേർ നടക്കുന്നത്
018	L.P		സ്വന്തം	—	49	38	87	5	5	—	—	13 c.	2½ c.	ഇല്ല	,, റിപ്പേർ നടക്കുന്നു
019	L.P		സ്വന്തം	—	122	105	227	10	10	—	—	1½ ഏക്കർ	50 c.	30 c.	ചുറ്റുമതില്ല
020	U.P	സ.സ്വ.	—	—	116	131	247	9	9	—	—	3 ഏ. 10c.	0.75ഏ	½ ഏ	മുൻവശം മതിലുണ്ട് റി.നടക്കും
ആകെ	20	2	18	—	2492	2580	5072	223	222	1	2				

പഞ്ചായത്തിൽ നടത്തിയ സർവേയുടെ അടിസ്ഥാനത്തിൽ 11 എൽ.പി.സ്കൂളുകളിലും 5 യു. പി. സ്കൂളിലുമായി ലൈമറി തലത്തിൽ 1100 ആൺകുട്ടികളും 1038 പെൺകുട്ടികളുമടക്കം 2138 കുട്ടികളും പഠനം നടത്തുന്നുണ്ട്. അപ്പർ പ്രൈമറി തലത്തിൽ 681 ആൺകുട്ടികളും 739 പെൺകുട്ടികളുമടക്കം 1420 കുട്ടികളും ഇന്നുണ്ട്. ഹൈസ്ക്കൂൾ തലത്തിൽ 721 ആൺകുട്ടികളും 793 പെൺകുട്ടികളുമടക്കം 1514 വിദ്യാർത്ഥികളാണുള്ളത്. മേൽപ്പറഞ്ഞ സ്ഥിതിവിവര പട്ടിക പരിശോധിച്ചാൽ പെൺകുട്ടികളാണ് വിദ്യാഭ്യാസം നേടുന്ന കാര്യത്തിൽ മുന്നിട്ട് നിൽക്കുന്നത്. ഈ പഞ്ചായത്തിലെ ആദിവാസിമേഖലയായ കണ്ണവം കോളനിയിലെ വിദ്യാർത്ഥികളിൽ ചെറിയൊരു ശതമാനം മാത്രമേ ഇടയ്ക്കുവെച്ച് പഠനം നിർത്തുന്നുള്ളൂ. ഈ മേഖലയിൽ 107 ആൺകുട്ടികളും 113 പെൺകുട്ടികളുമടക്കം 230 കുറിച്യ വിദ്യാർത്ഥികളും പഠനം നടത്തുന്നുണ്ട്. ഇതിനു പുറമെ ഹോസ്റ്റൽ സൗകര്യം നിലനിൽക്കുന്നതിനാൽ മറ്റു പഞ്ചായത്തിൽപെട്ട 33 വിദ്യാർത്ഥികളും പഠനം നടത്തുന്നു. മറ്റു വിഭാഗങ്ങളിൽ ഉൾപ്പെടുന്ന വിദ്യാർത്ഥികളിലാണ് കൊഴിഞ്ഞുപോക്ക് കൂടുതലായി കാണുന്നത്. വിദ്യാർത്ഥികൾക്ക് കായികപരമായ കഴിവുകൾ വളർത്തിയെടുക്കാനാവശ്യമായ കളിസ്ഥലങ്ങൾ ഭൂരിഭാഗം സ്കൂളുകളിലും ഇന്നില്ല. അതിന്റെ ഫലമായി തന്നെ സംസ്ഥാന തലങ്ങളിലും അന്തർ സംസ്ഥാന തലങ്ങളിലും കായിക പ്രതിഭകളെ സംഭാവന ചെയ്യാൻ നമുക്കായിട്ടില്ല.

വിവിധ വാർഡുകളിലായി സ്ഥിതി ചെയ്യുന്ന വിദ്യാലയങ്ങളിൽ 223 അദ്ധ്യാപികാ-അദ്ധ്യാപകൻമാരാണ് ആവശ്യമായിട്ടുള്ളത്. ഇതിൽ 222 പേർ ഇപ്പോൾ ജോലി ചെയ്യുന്നു. ഇതിൽ പത്തു ഭൂരിഭാഗവും അദ്ധ്യാപികമാരാണ്

വിദ്യാലയങ്ങളിലെ അക്കാദമിക സൗകര്യങ്ങൾ

സ്കൂളിന്റെ കോഡ് നമ്പർ	ലൈബ്രറി ഉണ്ട്/ഇല്ല	ലബോറട്ടറി സയൻസ് കോർണർ ഉണ്ട്/ഇല്ല	പാഠ്യേതരപ്രവർത്തനങ്ങൾക്കുള്ള സ്റ്റേജ്, ഓഡിറ്റോറിയം വേണ്ടത്ര ഉണ്ട്/ഇല്ല	ദൃശ്യശ്രാവ്യ ഉപകരണങ്ങളും / എണ്ണം							ബ്ലോക്ക് ബോർഡ്		95/96 ലെ അദ്ധ്യയന ദിവസം	സ്കൂളിലെ അദ്ധ്യയനദിവസങ്ങളിൽ ഹാജരാകാത്ത കുട്ടികളുടെ ശരാശരി എണ്ണം	ഓഫീസ് മുറിയോടൊപ്പമുള്ള സ്റ്റാഫ് റൂമിന്റെ വിസ്തീർണ്ണം	കാറ്റഗറി സജീവം/ സജീവമല്ല	കുടിവെള്ളം ലഭ്യമാണോ? (പ്രവർത്തിക്കുന്നു/ പ്രവർത്തിക്കുന്നില്ല)
				റേഡിയോ	ടേപ്പ് റെക്കോർഡർ	ടി വി.	വി സി ആർ/ വി. സി. പി	സിനിമ പ്രൊജക്ടർ	സ്ലൈഡ് പ്രൊജക്ടർ	ഓവർ ഹെഡ് പ്രൊജക്ടർ	കംപ്യൂട്ടർ	ആവശ്യമുള്ളത്	നിലവിലുള്ളത്					
001	ഉണ്ട്	ഉണ്ട്	ഇല്ല	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	8	5	187	5	6	സജീവം	ഉണ്ട്
002	,,	,,	,,	,,	,,	ഉണ്ട്	,,	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	18	18	176½	1	6	സജീവമല്ല	ഇല്ല
003	,,	,,	,,	,,	ഇല്ല	ഇല്ല	,,	ഇല്ല	ഇല്ല	ഇല്ല	ഇല്ല	14	12	187	5	6	സജീവം	ഇല്ല
004	,,	ഇല്ല	,,	,,	ഉണ്ട്	,,	,,	,,	,,	,,	,,	5	5	192½	ഇല്ല	6	സജീവം	ഇല്ല
005	,,	ഉണ്ട്	,,	ഇല്ല	ഇല്ല	,,	,,	,,	,,	,,	,,	9	7	193	ഇല്ല	6	സജീവം	ഇല്ല
006	,,	ഇല്ല	ഉണ്ട്	ഉണ്ട്	ഉണ്ട്	,,	,,	,,	,,	,,	,,	5	2	191½	0	6	സജീവം	ഇല്ല
007	,,	,,	,,	,,	ഇല്ല	,,	,,	,,	,,	,,	,,	10	4	189	5	6	സജീവം	ഉണ്ട്
008	,,	ഉണ്ട്	ഇല്ല	,,	ഉണ്ട്	,,	,,	,,	,,	,,	,,	5	2	188½	5	6	സജീവം	ഉണ്ട്
009	,,	ഇല്ല	ഉണ്ട്	ഇല്ല	ഇല്ല	,,	,,	,,	,,	,,	,,	6	2	194	0	6	സജീവം	ഉണ്ട്
010	,,	,,	ഇല്ല	ഉണ്ട്	ഉണ്ട്	,,	,,	,,	,,	,,	,,	5	1	193	0	6	സജീവം	ഉണ്ട്
011	,,	,,	,,	,,	,,	,,	,,	,,	,,	,,	,,	4	4	190	4	6	സജീവം	ഇല്ല
012	,,	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല	,,	,,	,,	,,	,,	,,	10	10	193½	3	2	സജീവം	ഇല്ല
013	,,	ഇല്ല	,,	ഉണ്ട്	ഉണ്ട്	,,	,,	,,	,,	,,	,,	4	4	186½	0	5	സജീവം	ഇല്ല
014	,,	ഉണ്ട്	,,	,,	,,	,,	,,	,,	,,	,,	,,	4	4	189	0	5	സജീവം	ഉണ്ട്
015	,,	ഇല്ല	ഇല്ല	ഇല്ല	ഇല്ല	,,	,,	,,	,,	,,	,,	5	5	193	0	11	സജീവം	ഇല്ല
016	,,	ഉണ്ട്	,,	ഉണ്ട്	ഉണ്ട്	,,	,,	,,	ഉണ്ട്	ഉണ്ട്	,,	19	19	185	0	7	സജീവം	ഇല്ല
017	,,	,,	ഉണ്ട്	ഇല്ല	ഇല്ല	,,	,,	,,	ഇല്ല	ഇല്ല	,,	19	15	193	1	6	സജീവം	L P ഉണ്ട്
018	,,	,,	,,	ഉണ്ട്	ഉണ്ട്	,,	,,	,,	,,	,,	,,	4	4	188	2	3	സജീവം	ഉണ്ട്
019	,,	,,	,,	,,	,,	,,	,,	,,	,,	,,	,,	8	8	187	1	7½	സജീവം	ഉണ്ട്
020	,,	,,	,,	ഇല്ല	ഇല്ല	,,	,,	,,	ഉണ്ട്	,,	,,	7	7	190	0	3	സജീവമല്ല	ഇല്ല

മുകളിൽ കൊടുത്ത പട്ടിക 3 വിശകലനം ചെയ്യുമ്പോൾ പരിമിതമായാണെങ്കിലും ലൈബ്രറി സൗകര്യങ്ങളും മിക്ക സ്ക്കൂളുകളിലുമുണ്ട്. സർക്കാർ ഹൈസ്ക്കൂളൊഴികെ മറ്റെല്ലാ സ്ക്കൂളുകളിലും നാമമാത്രമായാണ് സയൻസ് കോർണർ / ലബോറട്ടറി പ്രവർത്തിക്കുന്നത്. ആധുനിക ദൃശ്യ–ശ്രാവ്യ ഉപകരണങ്ങളും ഗവ: ഹൈസ്ക്കൂളും ഒഴികെ എല്ലാ സ്ക്കൂളിലും അന്യമാണ്. പഞ്ചായത്തിലെ 7 പ്രൈമറി സ്ക്കൂളുകളിൽ അടിസ്ഥാന പഠനോപകരണമായ ബ്ലാക്ക് ബോർഡ് വേണ്ടത്രയില്ല. ഹൈസ്ക്കൂളൊഴികെ വിദ്യാഭ്യാസ സമരങ്ങളിലൂടെ സാധ്യമായ ദിവസങ്ങളും കാര്യമായി നഷ്ടപ്പെട്ടിട്ടില്ല. എല്ലാ സ്ക്കൂളുകളിലും മാതൃസംഗമം ഉണ്ട്. ക്ലാസ്റൂം പി. ടി. എ. പ്രവർത്തനം നടക്കുന്നില്ല.

പ്രശ്നങ്ങൾ

1. സ്കൂൾ ലൈബ്രറികളിൽ അത്യാവശ്യമായ പുസ്തകങ്ങളും ലഭ്യമല്ല. ഇതിനുകാരണം സാമ്പത്തിക പരിമിതിയാണ്.
2. വിദ്യാലയങ്ങളിൽ ലബോറട്ടറിയും വേണ്ടത്ര കെട്ടിട സാമഗ്രികളുമില്ല.
3. ആധുനിക വിദ്യാഭ്യാസ രീതിക്കനുയോജ്യമായ ദൃശ്യ–ശ്രാവ്യ ഉപകരണങ്ങളില്ല. ഭാരിച്ച സാമ്പത്തിക ബാധ്യതയാണ് ഇതിനു കാരണം
4. വിദ്യാഭ്യാസ സമരങ്ങളുടേയും പൊതു അവധികളുടേയും ഫലമായി സാധ്യമായ ദിവസങ്ങളും ഓരോ വർഷവും കൂടുതൽ നഷ്ടപ്പെടുകയും അതു പഠന നിലവാരത്തെ ബാധിക്കുന്നുമുണ്ട്.
5. മാതൃസംഗമം നടക്കുന്നുണ്ടെങ്കിലും വേണ്ടത്ര സജീവമല്ല. ഇത് വിദ്യാലയങ്ങളിലെ പൊതു അച്ചടക്കത്തെ ബാധിക്കുന്നുമുണ്ട്.

സാധ്യതകൾ :

—സ്ക്കൂളുകൾക്കാവശ്യമായ ലൈബ്രറി, ലബോറട്ടറി സൗകര്യങ്ങളും, ദൃശ്യ–ശ്രാവ്യ ഉപകരണങ്ങളും സന്നദ്ധ സംഘടനകളുടെ സഹായത്തോടെയും സർക്കാർ സഹായത്തോടെയും ലഭ്യമാക്കാവുന്നതാണ്.

—പഠനം നഷ്ടപ്പെടുന്ന തരത്തിലുള്ള എല്ലാ സമരരീതികളും ഒഴിവാക്കപ്പെടേണ്ടതാണ്.

—വർദ്ധിച്ചുവരുന്ന പൊതു അവധികളും പരമാവധി പരിമിതപ്പെടുത്തേണ്ടതാണ്, ഈ നിർദ്ദേശങ്ങളും മിക്ക ഗ്രാമസഭകളിലും നടന്ന ചർച്ചകളിൽ ഉയർന്നുവന്നതാണ്.

—മാതൃസംഗമം മാസത്തിലൊന്ന് എന്ന നിലയിൽ വിദ്യാലയാധികൃതർ വിളിച്ചുചേർക്കുകയും കുട്ടികളുടെ പഠന നിലവാരത്തെക്കുറിച്ച് ചർച്ച നടത്തുകയും ചെയ്യാവുന്നതാണ്.

വിദ്യാർത്ഥികളുടെ പൊതു നിലവാരം

സ്ക്കൂൾ	ക്ലാസ്	ആകെ	30%ത്തിനു താഴെ	30%നും 40%തിനും ഇടയിൽ	40%നും 50%നും ഇടയിൽ	50%നും 60%നും ഇടയിൽ	60%നു മുകളിൽ	റിമാർക്സ്
L. P.	3ാം തരം	554	100	61	85	107	201	സർവ്വേയിൽ നിന്നു ലഭിച്ച സ്ഥിതി വിവര കണക്ക്
	4ാം തരം	537	103	74	81	95	181	
U. P.	5ാം തരം	448	132	65	72	78	101	
	6ാംതരം	443	101	109	91	64	78	
	7ാംതരം	529	98	118	116	89	108	
H. S.	8ാംതരം	518	294	105	69	27	23	
	9ാംതരം	558	243	162	85	42	26	

ലഭ്യമായ സ്ഥിതി വിവരക്കണക്ക്വെച്ച് മൂന്നാം തരത്തിൽ പ്രവേശനം നേടുന്ന വിദ്യാർത്ഥികളിൽ ഏകദേശം പകുതിയി ലധികം കുട്ടികൾക്ക് അവശ്യം നേടേണ്ട അറിവ് ലഭിക്കുന്നുണ്ടെങ്കിലും (554ൽ 308) 4ാം തരത്തിൽ എത്തുമ്പോഴേക്കും പിന്നോക്കാവസ്ഥയിലാണ് കാണപ്പെടുന്നത്. (537ൽ 286)

അപ്പർപ്രൈമറി തലത്തിൽ 448 കുട്ടികളിൽ 142 കുട്ടികൾ മാത്രമെ നാലാംതരത്തിൽ പൊതു നിലവാരത്തിലെത്തിച്ചേരുന്നുള്ളു. ഭൂരിഭാഗം കുട്ടികൾക്കും അവശ്യം നേടിയിരിക്കേണ്ട അറിവുലഭിക്കുന്നില്ല. ഏതാണ്ട് ഈ സ്ഥിതിതന്നെയാണ് ആറാം തരത്തിലേയും, ഏഴാം തരത്തിലേയും കണക്കുകൾ വെച്ച് പരിശോധിച്ചപ്പോൾ മനസിലായത്. ഹൈസ്ക്കൂൾ വിഭാഗത്തിൽ എട്ടാം തരത്തിലേയും ഒമ്പതാം തരത്തിലേയും പഠനനിലവാരം പരിശോധിച്ചപ്പോൾ ഭയനീയ ചിത്രമാണ് കണ്ടത്.

ഈ പഞ്ചായത്തിലുള്ള 2 ഹൈസ്കൂളിലേയും അഞ്ചു വർഷത്തെ എസ്.എസ്.എൽ.സി വിജയശതമാനം പരിശോധിച്ചപ്പോൾ ലഭിച്ച വസ്തുതകൾ ചുവടെ കൊടുക്കുന്നു.

S. S L. C. വിജയ ശതമാനം

സ്കൂളിന്റെ പേര്		1991 — 1992	1992 — 1993	1993 — 1994	1994 — 1995	1995 — 1996
പാട്യം ഗവ: ഹൈസ്ക്കൂൾ	പരീക്ഷക്ക് ഇരുന്നവർ	241	240	216	215	205
	വിജയിക്കാ	127	101	77	94	92
	ഡിസ്റ്റിങ്ങ്ഷൻ	3	—	1	3	6
	ഫസ്റ്റ് ക്ലാസ്	16	15	8	19	11
	സെക്കൻറ് ക്ലാസ്	24	15	8	13	18
	തേർഡ് ക്ലാസ്	84	71	60	59	57
	വിജയ ശതമാനം	53%	42%	36%	44%	45%
പാട്യം ബാലൻ സ്മാരക-പഞ്ചായത്ത്ഹൈസ്ക്കൂൾ	പരീക്ഷക്ക് ഇരുന്നവർ	139	139	159	180	184
	വിജയിക്കാ	76	58	64	56	74
	ഡിസ്റ്റിങ്ങ്ഷൻ	—	—	—	—	—
	ഫസ്റ്റ് ക്ലാസ്	5	2	9	3	7
	സെക്കൻറ് ക്ലാസ്	13	12	5	7	12
	തേർഡ് ക്ലാസ്	58	44	50	46	55
	വിജയ ശതമാനം	55%	42%	40%	31%	40%

1991_96 കാലയളവിൽ പഞ്ചായത്തിലെ രണ്ടു ഹൈസ്കൂളുകളും ശരാശരിയിൽ താണ വിജയ ശതമാനം മാത്രമാണ് കൈവരിച്ചത്. ഡിസ്റ്റിങ്ങ്ഷൻ, ക്ലാസുകൾ എന്നിവയിൽ പാട്യം ഗവ: ഹൈസ്കൂൾ മുന്നിട്ടു നിൽക്കുന്നു. കൂടുതൽ വിദ്യാർത്ഥികളെ പരീക്ഷയ്ക്കിരുത്തിയതും ഈ വിദ്യാലയം തന്നെ. ഓരോ വർഷവും പൊതുപരീക്ഷയെഴുതുന്ന വിദ്യാർത്ഥികളിൽ പകുതിയിലധികം പേരും പരാജയപ്പെടുന്നു എന്ന കാര്യം പ്രത്യേകം പ്രാധാന്യമർഹിക്കുന്നു. പഞ്ചായത്തിലെ പലഭാഗങ്ങളിലും വർഷങ്ങളായി നിലനിന്നിരുന്ന വിദ്യാഭ്യാസ പരവും സാമൂഹ്യവും സാമ്പത്തികവുമായ പിന്നോക്കാവസ്ഥ വിദ്യാഭ്യാസ നിലവാരത്തകർച്ചയ്ക്ക് കാരണമായിട്ടുണ്ട്. ഈ മേഖലകളിൽ ഈയിടെയായി കാണപ്പെടുന്ന ചെറുതെങ്കിലും ശ്രദ്ധേയമായ മാറ്റങ്ങൾ ശുഭസൂചകമാണ്.

ഈ ഗ്രാമപഞ്ചായത്തിൽ വിദ്യാഭ്യാസ സാമ്പത്തിക ആനുകൂല്യങ്ങൾ നേടുന്ന വിദ്യാർത്ഥികളുടെ പൊതുവിവരം

ഗ്രാമപഞ്ചായത്ത് മെറിറ്റ് സ്കോളർഷിപ്പ് ഇനത്തിൽ 21 കുട്ടികളും ലംസംഗ്രാന്റ് 402 കുട്ടികൾക്കും, മുസ്ലീം പെൺകുട്ടികൾക്കുള്ള സ്കോളർഷിപ്പ് 269 പേർക്കും വിഗലാംഗ സ്കോളർഷിപ്പ് 49 പേർക്കും, ജവാൻമാർക്കുള്ള ആനുകൂല്യം രണ്ട് പേർക്കും, ബീഡി തൊഴിലാളി സ്കോളർഷിപ്പ് 40 പേർക്കും മറ്റ്വിധത്തിലുള്ള സ്കോളർഷിപ്പ് 37 പേർക്കും ലഭിക്കുന്നു. ഇവിടെ ആകെ വിദ്യാഭ്യാസ ആനുകൂല്യം ലഭിക്കുന്നത് 820 പേർക്കാണ്.

ഗ്രാമ പഞ്ചായത്തിലെ വിദ്യാലയങ്ങളുടെ വരവ് ചെലവ് (ആവർത്തന സ്വഭാവമുള്ളത്) 1995–1996

സ്കൂളിന്റെ പേര്	ചെലവ്								വരവ് A			വരവ് B				ആകെ വരവ്
	കെട്ടിടം അറ്റകുറ്റപ്പണി	ഉപകരണങ്ങൾ ഫർണിച്ചർ റിപ്പയർ	ഉപകരണങ്ങളും രാസവസ്തുക്കളും ഉപയോഗിക്കുന്ന സ്പെഷ്യൽ	സ്പോർട്സ്	കലാ-വിനോദങ്ങൾക്ക്	ലൈബ്രറി	ഉച്ചക്കഞ്ഞി	മറ്റിനങ്ങൾ	സർക്കാർ	തദ്ദേശ സ്ഥാപനങ്ങൾ	ആകെ	ഫീസ് വക	എൻഡോവ്മെന്റ്	പി.ടി.എ.	മറ്റു മാർഗ്ഗങ്ങൾ	
കൊട്ടയോടി എൽ. പി.	1200	500	25	500	500	50	8000	500	2000	ഇല്ല	2000	260	ഇല്ല	1250	ഇല്ല	3510
ഗവ: ഹൈസ്കൂൾ പാടൂം	20000	5000	2500	5000	6000	5000	ഇല്ല	10000	1500	,,	1500	10500	.,	4000	1500	17500
പാടൂം വെസ്റ്റ് യു. പി.	2500	4000	1000	1500	2500	500	20250	5000	5400	,,	5400	2936	,,	ഇല്ല	2000	10336
പാടൂം എൽ. പി.	1000	7500	250	500	500	500	6550	1000	439	,,	439	208	,,	,,	8000	144 7
സൗത്ത് പാടൂം യു. പി.	1000	750	150	500	500	500	12650	1000	768	,,	768	735	,,	,,	1000	250 3
ഈസ്റ്റ് കതിരൂർ എൽ. പി.	2500	500	ഇല്ല	200	500	500	6500	1000	276	,,	276	ഇല്ല	300	,,	200	77 6
ഈസ്റ്റ് കതിരൂർ യു. പി.	4000	500	900	750	4000	ഇല്ല	8000	2000	850	,,	850	1200	575	,,	400	3025
കോങ്ങാറ എൽ. പി.	750	250	ഇല്ല	200	300	50	4750	300	350	,,	350	125	1300	,,	1000	2775
സരസ്വതി വിലാസം എൽ.പി.	600	2300	650	200	500	250	6750	1000	575	,,	575	140	ഇല്ല	3000	ഇല്ല	3715
മാടത്തിൽ പൂക്കോട്	ഇല്ല	250	ഇല്ല	200	300	100	7100	500	250	,,	250	ഇല്ല	,,	ഇല്ല	410	660
ഈസ്റ്റ് പാടൂം എൽ.പി	1000	250	,,	ഇല്ല	500	ഇല്ല	4600	100	169	,,	169	,,	,,	,,	ഇല്ല	169
പി.ജി.എം.പി.എച്ച്.എസ്	ഇല്ല	ഇല്ല	,,	569	150	,,	ഇല്ല	205	ഇല്ല	,,	ഇല്ല	10521	,,	,,	,,	12971
ശങ്കരവിലാസം.യു.പി	2000	600	345	230	ഇല്ല	630	3500	300	3500	,,	3550	1340	,,	—	--	4890
മുതിയങ്ങ മാപ്പിള.എൽ.പി	1940	ഇല്ല	ഇല്ല	ഇല്ല	,,	ഇല്ല	1093	ഇല്ല	647	,,	647	ഇല്ല	,,	ഇല്ല	ഇല്ല	647
മുതിയങ്ങ.എൽ.പി	5200	250	,,	,,	,,	,,	2000	,,	751	,,	751	,,	,,	,,	,,	751
പൂവ്വത്തൂർ നൃൂ.എൽ.പി	10000	ഇല്ല	,,	,,	,,	,,	2251	5000	898	,,	898	261	,,	,,	1253	2412
ചെറുവാഞ്ചേരി യു.പി	15000	1000	,,	185	,,	600	7000	14000	4780	,,	4780	2464	,,	,,	ഇല്ല	7244
മുതിയങ്ങ ഈസ്റ്റ്.എൽ.പി	250	200	,,	ഇല്ല	,,	ഇല്ല	2800	750	363	,,	363	ഇല്ല	,,	800	,,	1763
ചെറുവാഞ്ചേരി വെസ്റ്റ് L. P.	500	500	,,	,,	,,	,,	2770	1000	ഇല്ല	,,	ഇല്ല	,,	,,	250	,,	250
കണ്ണവം ട്രൈബൽ യു.പി	15000	500	,,	,,	,,	,,	8238	500	8267	,,	8267	120	,,	ഇല്ല	5171	13498
ആകെ	84440	24650	5520	10534	9750	8080	114194	44155	31783	—	31783	30810	1875	9300	20934	94702

കെട്ടിടം അറ്റകുറ്റപണികൾക്കായി 84,440 രൂപയും, ഫർണിച്ചർ റിപ്പയർ ഇനത്തിൽ 24,650 രൂപയും, ഉപകരണങ്ങൾ രാസവസ്തുക്കൾ എന്നിവ വാങ്ങുന്നതിനായി 5,520 രൂപയും സ്പോർട്സ് ഇനത്തിൽ 10,534 രൂപയും കലാ വിനോദങ്ങൾക്കായി 9,750രൂപയും ലൈബ്രറിക്ക് 8,080 രൂപയും ഉച്ചക്കഞ്ഞി ഇനത്തിൽ 1,14,144 രൂപയും മറ്റിനങ്ങളിലായി 44,155 രൂപയും ചെലവഴിക്കപ്പെട്ടു. മൊത്തം 3,13,023 രൂപ ചെലവായിട്ടുണ്ട്. ഇതിൽ വലിയൊരുതുക ഉച്ചക്കഞ്ഞിക്കാണ് ചെലവഴിച്ചിട്ടുള്ളത്. സർക്കാർ വകയിനത്തിലും (ഫീസ്) മറ്റിനങ്ങളുമായി

94,702 രൂപയാണ് വരവ്. മേലെ പറഞ്ഞ ചെലവുകളെല്ലാം ആവർത്തനസ്വഭാവങ്ങളുള്ളവയാണ്.

പൊതുപ്രശ്നങ്ങൾ :

1. സ്ക്കൂൾ കെട്ടിടങ്ങളുടെ അറ്റകുറ്റപണികൾ യഥാസമയം ചെയ്തു തീർക്കാത്തതിനാൽ അവയുടെ ദൈനംദിന പ്രവർത്തനങ്ങളിൽ തടസം നേരിടുകയും കൂടാതെ ആവർത്തന ച്ചെലവ് വർദ്ധിക്കുകയും ചെയ്യുന്നു.
2. മിക്ക വിദ്യാലയങ്ങളിലും ക്ലാസ് ഡിവിഷനില്ല. ഇത് പഠന നിലവാരത്തെ പ്രതികൂലമായി ബാധിക്കുന്നു.
3. സർക്കാർ സ്ഥാപനങ്ങളിൽ ഒഴിഞ്ഞു കിടക്കുന്ന അധ്യാപക തസ്തികകൾ യഥാസമയം നികത്താത്തതിനാൽ അധ്യായനത്തെ പ്രതികൂലമായി ബാധിക്കുന്നു.
4. അധ്യാപക രക്ഷാകർതൃ ബന്ധം ദൃഢമല്ലാത്തതിനാൽ വിദ്യാഭ്യാസ നിലവാരത്തെ ബാധിക്കുന്നു.
5. വിദ്യാർത്ഥികളിൽ പൊതുവിജ്ഞാനം വളർത്തിയെടുക്കുവാനുള്ള യാതൊരു വിധ സംവിധാനവും പഞ്ചായത്തിലെ വിദ്യാലയങ്ങളിൽ ഇല്ല.
6. വിദ്യാലയങ്ങളിലെ ആരോഗ്യ പരിരക്ഷാ പരിപാടി കാര്യക്ഷമമായി നടക്കുന്നില്ല
7. ആദിവാസി മേഖലകളിലുള്ള വിദ്യാർത്ഥികളുടെ യാത്രാപ്രശ്നം പഞ്ചായത്ത് ഹൈസ്ക്കൂളിന്റെ പ്രവർത്തനത്തെബാധിക്കുന്നു.

—സാധ്യതകൾ

1. സർക്കാർ വിദ്യാലയങ്ങളുടെ വാർഷിക അറ്റകുറ്റപ്പണികൾ യഥാസമയം നടത്തുന്നതിനും, സ്വകാര്യ സ്ക്കൂളുകളുടെ അറ്റകുറ്റപ്പണികൾ യഥാസമയം നടത്തിയെന്നുറപ്പ് വരുത്തുന്നതിനും ഗ്രാമപഞ്ചായത്തിനെ ചുമതലപ്പെടുത്താവുന്നതാണ്.
2. ഒഴിവുള്ള അധ്യാപക തസ്തികകൾ നികത്തുന്നതിനുള്ള അധികാരം ഉപയോഗിച്ച് ജില്ലാ പഞ്ചായത്തിന് അധ്യാപക ക്ഷാമം പരിഹരിക്കാവുന്നതാണ്.
3. പാട്യം ഗവ: ഹൈസ്ക്കൂളിൽ വൊക്കേഷണൽ ഹയർ സെക്കൻററി കോഴ്സ് ആരംഭിക്കുന്നത് വഴി തൊഴിലധിഷ്ഠിത ഉന്നത വിദ്യാഭ്യാസം മെച്ചപ്പെടുത്താവുന്നതാണ്,
4. ആദിവാസി മേഖലകളിലെ നിരത്തുകൾ ഗതാഗത യോഗ്യമാക്കി ബസ് സൗകര്യം ലഭിക്കുന്നത് വഴി വിദ്യാർത്ഥികളുടെ യാത്രാപ്രശ്നം പരിഹരിക്കാവുന്നതാണ്.

തൊഴിലധിഷ്ഠിത വിദ്യാഭ്യാസം

ഇന്ന് പഞ്ചായത്തിൽ തൊഴിലധിഷ്ഠിത വിദ്യാഭ്യാസ കേന്ദ്രങ്ങളില്ല. S S L C യോ ബിരുദമോ മറ്റ് ഉന്നത വിദ്യാഭ്യാസമോ നേടി പുറത്ത് വരുന്ന വിദ്യാർത്ഥികൾക്ക് കൈത്തൊഴിലുകളിൽ യാതൊരു താല്പര്യവും കണ്ടുവരുന്നില്ല. കേരളത്തിന്റെ ഉല്പാദന മേഖലകളിലെ വളർച്ചയെ ത്വരിതപ്പെടുത്തുന്നതിനും ഇന്ന് നേരിടുന്ന പ്രതിസന്ധികളെ തരണം ചെയ്യാനുതകുന്ന രീതിയിലായിരിക്കണം തൊഴിലധിഷ്ഠിത വിദ്യാഭ്യാസം.

—പ്രശ്നങ്ങൾ

1) ടെക്നിക്കൽ വിദ്യാർത്ഥികൾ ഏറെ പഞ്ചായത്തുകളിൽ ഉണ്ടെങ്കിലും, പരിശീലനം ലഭിച്ച തൊഴിൽ മേഖലയിൽ അവർ കേന്ദ്രീകരിക്കുന്നില്ല.
2) S. S. L. C പഠനം കഴിഞ്ഞാൽ 80% പേരും കോളേജ് വിദ്യാഭ്യാസത്തിനാണ് ശ്രമിക്കുന്നത്.
3) L. P, U. P, H S, തലത്തിലുള്ള സിലബസിൽ സാങ്കേതിക വിദ്യാഭ്യാസത്തിന് യാതൊരു പ്രാധാന്യവും കൊടുക്കുന്നില്ല.
4) പ്രാദേശിക തൊഴിലവസരങ്ങൾക്കുതകുന്ന പരിശീലനം യുവതീ യുവാക്കൾക്ക് കിട്ടുന്നില്ല.
5) തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തെ പ്രോത്സാഹിപ്പിക്കുന്ന സാങ്കേതിക വിദ്യാലയങ്ങളില്ല.
6) വനിത തൊഴിലധിഷ്ടിത വിദ്യാഭ്യാസ പരിശീലന കേന്ദ്രങ്ങളില്ല.

—സാധ്യതകൾ

1) പരിശീലനം ലഭിച്ച വിദ്യാർത്ഥികളെ ഉൽപ്പെടുത്തി തൊഴിൽ സന്നദ്ധസംഘങ്ങൾ രൂപീകരിക്കുന്നതിന് പഞ്ചായത്തിന് ശ്രമിക്കാവുന്നതാണ്.
2) S. S. L. C കഴിഞ്ഞ് പുറത്ത് വരുന്ന വിദ്യാർത്ഥികളെ തൊഴിലധിഷ്ഠിത വിദ്യാഭ്യാസ കേന്ദ്രങ്ങളിലേക്ക് തിരിച്ചുവിടാനുള്ള ബോധവൽക്കരണം സന്നദ്ധസംഘടനകൾക്ക് ചെയ്യാവുന്നതാണ്.
3) L P, U. P, H. S തലങ്ങളിൽ തൊഴിലധിഷ്ഠിത വിദ്യാഭ്യാസം ഉൽപ്പെടുത്താവുന്നതാണ്. ഹൈസ്ക്കൂൾ തലത്തിൽ എത്തുമ്പോഴേക്കും ചെറിയ തൊഴിൽ ചെയ്യാനുള്ള പരിശീലനം സ്ക്കൂളിൽ നിന്ന് നൽകാവുന്നതാണ്.
4) കൈത്തറി മേഖലകളിൽ നെയ്ത്ത്, നല്ലി ചുറ്റൽ, നെയ്ത്ത് യന്ത്രങ്ങളുടെ റിപ്പേറിംഗ് അനുബന്ധ പ്രവർത്തനങ്ങൾ എന്നിവയ്ക്കുള്ള പരിശീലനം അതാത് പ്രദേശത്തെ യുവതീ യുവാക്കൾക്ക് നൽകുന്നതിന് ഗ്രാമപഞ്ചായത്തിന് ശ്രമിക്കാവുന്നതാണ്.
5) വനിതകൾക്ക് കൂടുതൽ തൊഴിലവസരങ്ങൾ പ്രദാനം ചെയ്യുന്നതിനു ഒരു ''എംപ്ലോയിഡറി ടെക്നിക്കൽ ഇൻസ്റ്റിറ്റ്യൂട്ട്'' പഞ്ചായത്തിൽ ആരംഭിക്കുന്നതിന് ഗവൺമെൻറിനോട് ശുപാർശ ചെയ്യാൻ ശ്രമിക്കാവുന്നതാണ്.

വ്യവസായം

വൻകിട വ്യാവസായ സംരംഭങ്ങൾ ഒന്നും നിലവിലില്ലാത്ത പാട്യം ഗ്രാമത്തിന് പരമ്പരാഗത – കുടിൽ വ്യവസായങ്ങളുടെ വിദൂരമല്ലാത്ത ഒരു ഗതകാല ചരിത്രമുണ്ട്. കാർഷികവൃത്തി മുഖ്യഉപജീവനമാക്കിയിരുന്ന ഒരു ജനസമൂഹം കാലചക്രത്തിന്റെ മലക്കംമറിച്ചിലിൽ ആ മേഖലയെ തളളിമാറ്റിക്കൊണ്ട് വിവിധ സേവന–വ്യവസായ രംഗങ്ങളിൽ എത്തിപ്പിടിക്കുകയായിരുന്നുവെന്ന് കാണാം. പരമ്പരാഗത കൈത്തൊഴിലായിരുന്ന ഓലമടയൽ, ചൂൽനിർമ്മാണം അവിൽഇടി, പായനിർമ്മാണം, എണ്ണയാട്ട് നെയ്ത്ത് എന്നിവയിൽ ചിലത് ആധുനീകവൽക്കരിക്കപ്പെടുകയും പലതും നിശ്ശേഷം അപ്രത്യക്ഷമാവുകയും ചെയ്തിരിക്കുന്നു. കണ്ണവം കാടുകളിലെ കുറുച്ചിയർ നിർമ്മിച്ചിരുന്ന പായ, കൂട്ട, ചൂരൽ ഉപകരണങ്ങൾ, ഓലക്കുട എന്നിവ. മറ്റ് ഗ്രാമങ്ങളിൽ പോലും പ്രശസ്തമായിരുന്നു. നെയ്ത്ത് വ്യവസായം ഇന്ന് ആധുനീക വൽകരിക്കപ്പെട്ടതായി കാണുന്നു. കരിങ്കൽ, ചെങ്കൽ വ്യവസായ മേഖലയിൽ വളരെയധിക പുരോഗതിയുണ്ടായിട്ടുണ്ട് വ്യവസായ വികസനകേന്ദ്രമായി പ്രഖ്യാപിക്കപ്പെട്ട വലിയവെളിച്ചത്തിൽ പാട്യം ഗ്രാമത്തിന് 85 ഏക്കർ ഭൂമിയുണ്ട്. വ്യവസായ പുരോഗതിത്വരിതഗതിയിലാക്കാൻ ഈ പ്രദേശം തീർച്ചയായും സഹായിക്കും.

പരമ്പരാഗത കുടിൽവ്യവസായത്തിന്റെ ഇന്നത്തെ സ്ഥിതി പട്ടിക 1ൽ കൊടുത്തിരിക്കുന്നു.

ക്രമ നമ്പർ	ഇനം	തൊഴിലാളികൾ			ശരാശരിദിവസ വേതനം	
		ആൺ	പെൺ	ആകെ	ആൺ	പെൺ
1	കൈത്തറി	39	26	65	85	60
2	ബീഡി തെറുപ്പ്	89	185	274	85	80
3	ബീഡി തെറുപ്പ് ഔട്ട് വർക്കർ രീതി	70	180	250	60	55
4	കരിങ്കല്ല് കൊത്ത്	180	524	704	140	85
5	ചെങ്കല്ല് കൊത്ത്	205	98	303	120	70
6	കളള് ചെത്ത്	55	—	55	95	—
7	സ്വർണ്ണപ്പണി	18	—	18	85	—
8	കൊല്ലപ്പണി	15	6	21	80	60
9	അമ്മി കൊത്ത്	4	—	4	85	—
10	മൺചട്ടി നിർമ്മാണം	3	1	4	70	40
	ആകെ	678	1020	1698	905	450

കൈത്തറി രംഗത്ത് തൊഴിലാളികൾ കുറഞ്ഞുവരികയാണ്. പുരുഷ തൊഴിലാളികളാണ് ഇന്ന് കൂടുതലായി കൈത്തറി രംഗത്തുള്ളത്. ബീഡി തെറുപ്പ് രംഗത്ത് പാട്യത്ത് സഹകരണ മേഖലയിൽ പ്രവർത്തിക്കുന്ന 2 കമ്പനികളുണ്ട്. ഒട്ടനവധി പേർ വീടുകളിൽ വെച്ച് ബീഡി തെ

തെറുക്കുന്നുണ്ട്. ഈ രംഗത്ത് സ്ത്രീതൊഴിലാളികളാണ് കൂടുതൽ. ഇന്ന് ഈ രംഗത്ത് മന്ദഗതിയാണുള്ളത്.

കൂടുതൽ തൊഴിലാളികളും രംഗത്തുള്ള ഒരു മേഖലയാണ് കരിങ്കൽ, ചെങ്കൽ കൊത്തൽ. ഈ രംഗത്ത് സ്ത്രീത്തൊഴിലാളികളാണ് കൂടുതൽ. പാടൃം കരിങ്കൽ തൊഴിലാളി വ്യവസായ സഹകരണ സംഘം ഈ രംഗത്ത് മെച്ചപ്പെട്ട പ്രവർത്തനം നടത്തുന്നുണ്ട്. അസംഘടിതരായ തൊഴിലാളികളാണ് ഈ രംഗത്ത് കൂടുതലുള്ളത്. വളരെയധികം പുരോഗതി നേടിയിട്ടുള്ള ഒരു മേഖലയാണ് ചെങ്കൽ കൊത്ത്. ഈരംഗത്ത് സഹകാര്യവ്യക്തിയുടെ ഉടമസ്ഥതയിൽ ഒരു ചെങ്കൽകൊത്ത് മിഷ്യൻ യൂനിറ്റ് പ്രവർത്തിക്കുന്നുണ്ട്. വിദൂരമല്ലാത്ത ഒരുഭാവിയിൽ ഈ മേഖല മുഴുവനായും യന്ത്രവത്കൃതമാവുമോ എന്നത് തൊഴിലാളികളെ ആശങ്കാകുലരാക്കുന്നു. ഈ രംഗത്ത് സഹകരണമേഖലയിൽ ഒരു സ്ഥാപനം വരുന്നത് തൊഴിൽ സുരക്ഷിതത്വം ഉറപ്പിക്കാൻ സഹായകരമാണ്.

ഗ്രാമത്തിൽ 5 കളള് ഷാപ്പ് പ്രവർത്തിക്കുന്നുണ്ട്. ആകെ ചെത്തുതൊഴിലാളികൾ 55 ആണ് അമ്പലമാസങ്ങളിൽ ഈ വ്യവസായം മന്ദഗതിയിലായിരിക്കും. തദവസരങ്ങളിൽ കളള് ശീതീപാനീയമാക്കി വിപണിയിലിറക്കിയാൽ മന്ദഗതി ഒഴിവാക്കാൻ കഴിയും. ആകെ 18 സ്വർണ്ണപ്പണിക്കാരാണിവിടെ. കൊല്ലപ്പണിയിലേർപ്പെട്ടവർ 2 പേരാണ്. ഈ രംഗത്ത് സ്ത്രീകളും ഉണ്ട് അമ്മികൊത്ത് തൊഴിലാക്കിയിട്ടുള്ളവർ ഈ ഗ്രാമവാസികളല്ല. പക്ഷെ ഇവിടെ ഇതിൽ ഏർപ്പെട്ട 4 പേരുണ്ട്. ഗ്രാമത്തിൽ അനേകം കരിങ്കൽ ലഭ്യമാണെങ്കിലും വലുപ്പം പ്രശ്നംകാരണം പുറംദേശങ്ങളിൽ നിന്നാണ് ഇതിനാവശ്യമായ കരിങ്കൽ കൊണ്ടുവരുന്നത്.

ചെറുകിട ആധുനിക-യന്ത്രവത്കൃത വ്യവസായ യൂനിറ്റുകൾ ഒരുദശകം മുന്നേ നാമമാത്രമായിരുന്നു. എന്നാൽ ഇന്ന് ഈ രംഗത്ത് അൽപ്പം പുരോഗതിയുണ്ടായതായികാണാം.

സഹകാര്യ മേഖല	ക്രമ നമ്പർ	ഇനം	ആകെ യൂനിറ്റ്	തൊഴിലാളികൾ			ശരാശരി ദിവസത്തെ വേതനം	
				ആൺ	പെൺ	ആകെ	ആൺ	പെൺ
	1	ഈർച്ച മിൽ	3	20	—	20	70	—
	2	പ്രിൻറിംഗ് പ്രസ് /പത്രം	4	8	14	17	80	45
	3	ജോയിൻറിംഗ്സ് നിർമ്മാണം	1	—	4	4	—	50
	4	ഫൈബർ	1	3	—	3	80	—
	5	പവർലൂം	5	21	—	21	105	—
	6	അവിൽ മിൽ	3	15	1	16	75	50
	7	ചെങ്കൽ യൂനിറ്	1	13	8	21	120	60
	8	ഗ്രിൽസ്, മെറൽ വെൽഡിംഗ്	6	15	—	15	70	—
	9	ഗാർമെൽറ്സ്	4	12	88	100	80	50
	10	ഹോസിയറി	2	—	40	40	—	45
	11	ഓയിൽമിൽ	4	14	—	14	80	—
	12	ഫ്ളോർമിൽ	4	7	—	7	65	—
	13	ഗ്യാസ് വെൽഡിംഗ്	1	4	—	4	70	—
	14	സോഡ നിർമ്മാണം	2	3	—	3	60	—
	15	ഫർണ്ണിച്ചർ നിർമ്മാണം	5	57	—	57	70	—
	16	കക്കച്ചൂള	2	3	—	3	65	—
		ആകെ	48	195	155	345	1090	300

ചെറുകിട വ്യവസായത്തിൽ ആകെ 45 യൂനിറ്റുകളും പാടൃം പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. നിലവിൽ 3ഈർച്ചമില്ലുകളും ഉണ്ട്. മുഖ്യമായും അതിനെ ആശ്രയിച്ചു കൊണ്ട്തന്നെ 5 ഓളം ഫർണ്ണിച്ചർ നിർമ്മാണ യൂനിറ്റുകളും ഉണ്ട്. മരലഭ്യത പണ്ടത്തെക്കാളും കുറവാണ്. മുസ്ലീം സമുദായങ്ങളുടെ മണിയറ ഒരുക്കാൻ ഫർണ്ണിച്ചർ യൂനിറ്റുകളും തമ്മിൽ മത്സരം തന്നെയുണ്ട്. കടയൽയന്ത്രം സ്വന്തമായുള്ളത് 3 യൂനിറ്റിനാണ്. വിദഗ്ധ തൊഴിലാളികളും

ഈ രംഗത്ത് ഉണ്ട് ആശാരി വർഗക്കാരുടെ കുലത്തൊഴിലായിരുന്ന മരപ്പണിയിലേക്ക് വിവിധ വിഭാഗങ്ങളുടെ മുന്നേറ്റം ഉണ്ടായത് അഭൂതപൂർവ്വമാണ്.

3 പ്രിന്റിംഗ് പ്രസ്സുകളും ഇവിടെ പ്രവർത്തിക്കുന്നുണ്ട്. അവയിൽ ഒന്ന് വനിതാസഹകരണസംഘത്തിന്റെ നിയന്ത്രണത്തിലാണ് പ്രവർത്തിക്കുണത്. സ്വകാര്യമേഖലയിലുള്ള ഒരു പ്രസ്സിൽനിന്നും കൊട്ടയോടി കേന്ദ്രമാക്കി കൂത്തുപറമ്പ് ടൈംസ് എന്ന സായാഹ്ന പത്രവും അച്ചടിക്കുന്നുണ്ട്. ഈ രംഗത്ത് പരിശീലനം ലഭിച്ച നിരവധി വനിതകളും ഉണ്ട് മറ്റ് മേഖലകളെ അപേക്ഷിച്ച് തുച്ഛമായ വരുമാനമാണ് പ്രസിലെ വനിതാ ജീവനക്കാർക്കുള്ളത് 1979ൽ ആരംഭിച്ച സീൽവെൽ ജോയ്ന്റിംഗ് എന്ന സ്വകാര്യ സ്ഥാപനത്തിനാണ് ആധുനീക വിപണിയിൽ കൂടുതൽ സാധ്യതകളുള്ളത് മോട്ടോർ വാഹനങ്ങളുടെ യന്ത്രങ്ങളുലുപയോഗിക്കുന്നഗാസ്ക്കെറ്റ്(ജോയ്ന്റിംഗ്) ആണ് ഇവിടെ നിർമ്മിക്കുന്നത് ഇന്ന് ഈ സ്ഥാപനം പ്രവർത്തന മൂലധനം ഇല്ലാതെ പ്രതിസന്ധിയിലാണ്. നിരവധി സ്ത്രീകൾക്ക് ജോലി സാധ്യതയുള്ള ഈ മേഖലയിൽ ഇതുകൂടാതെ മറ്റൊരു കമ്പനികൂടിയേ കേരളത്തിൽ പ്രവർത്തിക്കുന്നുള്ളൂ. ഫൈബർ ഉപയോഗിച്ച് ഫർണ്ണിച്ചർ, റൂഫ്ഷീറ്റ് എന്നിവ നിർമ്മിക്കുന്ന ഒരു യൂനിറ്റ് പത്തായക്കുന്നിൽ പ്രവർത്തിക്കുന്നുണ്ട്. വിപണികണ്ടെത്താനുള്ള ക്രമം വിഷമകരമാണ്പ സ്വയംതൊഴിൽ പ്രകാരം നടത്തുന്ന ഇത്തരം സ്ഥാപനങ്ങളും വിജയിക്കാൻ ജില്ലാകേന്ദ്രമായി ഒരു വിപണനകേന്ദ്രം ആവശ്യമാണ്.

കൈത്തറി രംഗത്തുനിന്നും യന്ത്രത്തറികളിലേക്കുള്ള മുന്നേറ്റം ആശ്ചര്യജനകമാണ് 5 യൂനിറ്റുകളിലായി 21 യന്ത്രത്തറികളും നിലവിൽ പ്രവർത്തിക്കുന്നുണ്ട്, എല്ലാം സ്വകാര്യ സ്ഥാപനങ്ങളാണ്. ഈ രംഗത്ത് സഹകരണ സ്ഥാപനം വരുന്നത് മേഖലയെ പരിപോഷിപ്പിക്കും. 3 അവിൽമിൽ പ്രവർത്തിക്കുന്നുണ്ട് നെല്ല് അന്യദേശങ്ങളിൽ നിന്നും കൊണ്ടുവന്നാണ് അവിൽ നിർമ്മിക്കുന്നത് വില പിടിച്ചു നിർത്താൻ പറ്റാതതും ഇതാണ് കാരണം 4 ഓയിൽ മില്ലും 4 ഫ്ളോർമില്ലും പാട്യം പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട് പാക്കറ്റ്രൂപത്തിൽ ധാന്യപ്പൊടികളും കമ്പോളത്തിൽ വരുന്നത് ഈ മേഖലയ്ക്ക് ഭീഷണിയാണ്. 6 മെറ്റൽ വെൽഡിംഗുഷോപ്പുകളും ഒരു ഗ്യാസ്വെൽഡിംഗ് ഷോപ്പും ഇവിടെ പ്രവർത്തിക്കുന്നുണ്ട്. വിദഗ്ധ തൊഴിലാളികളെ കിട്ടാത്തതാണ് ഈ മേഖലയിലെ മുഖ്യപ്രശ്നം അപകട സാധ്യത ഏറിയ മേഖലയായതിനാൽ തൊഴിലാളികളും ഇതിലേക്ക് ആകർഷിക്കപ്പെടുന്നില്ല എന്നുതന്നെ പറയാം ആവശ്യക്കാർക്ക് ഉൽപ്പന്നം നൽകാൻ തൊഴിലാളികളുടെ അഭാവം മൂലം സാധിക്കുന്നില്ല.

വലിയവെളിച്ചം കേന്ദ്രമാക്കി സ്വകാര്യ ഉടമസ്ഥതയുടെ കീഴിൽ യന്ത്രവത്കൃത ചെങ്കൽ യൂനിറ്റ് സമീപകാലത്ത് പ്രവർത്തനമാരംഭിച്ചിട്ടുണ്ട്, ഒരു ദിവസത്തെ മനുഷ്യാധ്വാനം കൊണ്ട് 30_40 ഓളം കല്ല് കൊത്തുമ്പോഴും ധാരാളം കല്ലുകളും ചുരുങ്ങിയ സമയം കൊണ്ട് ഈ യന്ത്രം ഉപയോഗിച്ച് ഈർന്നെടുക്കാൻ പറ്റും പ്രത്യക്ഷത്തിൽ 300_ഓളം തൊഴിലാളികളും അനുബന്ധമായി അനേകം തൊഴിലാളികളും ബന്ധപ്പെടുന്ന ഈ മേഖലയിലെ യന്ത്രവൽക്കരണം സമീപഭാവിയിൽ ഭീഷണിയായിരിക്കുമോ എന്ന ആശങ്കയുണ്ട്,

4 റെഡീമെയ്ഡ് നിർമ്മാണ കേന്ദ്രങ്ങളും പാട്യം പഞ്ചായത്തിലുണ്ട്. കയറ്റുമതി ലൈസൻസുള്ള സ്വകാര്യഉടമസ്ഥതയിലുള്ള മുതിയങ്ങയിൽ പ്രവർത്തിച്ചുവരുന്ന ക്രൗൺ ഗാർമെന്റ് സാണ് ഇതിൽ പ്രധാനം. 80 തുന്നൽ യന്ത്രങ്ങളും ഉപയോഗയോഗ്യമായി ഉണ്ടെങ്കിലും സമാനമായി തൊഴിലാളികളില്ല. ഇതിന്റെ പ്രവർത്തനം മന്ദഗതിയിലാണ് നീങ്ങുന്നത്. ഇത് ത്വരിതഗതിയിലാക്കേണ്ടത് ഇതിലേർപ്പെട്ടിരിക്കുന്നവരുടെ തൊഴിൽ സുരക്ഷിതത്വത്തിന് അത്യാവശ്യമാണ്. 40 വനിതകളും പ്രവർത്തിക്കുന്ന രണ്ട് ഹോസിയറി യൂണിറ്റുകളും പഞ്ചായത്തിലുണ്ട്. 2 സോഡാ നിർമ്മാണ യൂണിറ്റുകളും ഇവിടെ പ്രവർത്തിക്കുന്നു. പഞ്ചായത്തിന്റെ ദാഹംമാറാൻ ഈ രണ്ട് യൂണിറ്റുകളെ കൊണ്ടുമാത്രം കഴിയുകയില്ല, 2 കക്കച്ചൂളകളാണ് ശ്രാമത്തിലുള്ളത് കാർഷികവൃത്തി തകർച്ചയിലായതാണ് ചൂളകളുടെതകർച്ചക്ക് പ്രധാനകാരണം കക്കയുടെ വിലവർദ്ധനവും ഇതിന്റെ തകർച്ചക്ക് കാരണമാണ്.

ഖാദിമേഖലയിൽ പ്രവർത്തിക്കുന്ന 3 യൂനിറ്റുകളുണ്ടിവിടെ. വിവരങ്ങൾ 3ൽ കൊടുത്തിരിക്കുന്നു. വനിതകൾ മാത്രമാണിവിടെ ജോലി ചെയ്യുന്നത്.

നമ്പർ	സ്ഥാപനം	തൊഴിലാളികൾ	ശരാശരി 1 ദിവസ വേതനം
1	ഗാന്ധി സ്മാരക നിധി	10	20
2	ഖാദി ഗ്രാമ വ്യവസായ സംഘം	12	25
3	ഖാദി ഗ്രാമോദ്യോഗ്	35	35

പ്രസ്തുത പട്ടികയിൽ നിന്നും ഖാദിമേഖലയുടെ ഇന്നത്തെസ്ഥിതി വിലയിരുത്താം ഗ്രാമങ്ങളെ സ്വയം പര്യാപ്തമാക്കാൻ വേണ്ടി ചർക്ക തിരിച്ച മഹാത്മജി അനുഭവത്തിൽ കൊണ്ടുവന്ന സ്വദേശി പ്രസ്ഥാനം വളർത്തിയെങ്കിൽ മാത്രമേ ഇന്നത്തെ നിലയിൽ നിന്നും ഇത്തരം പരമ്പരാഗത ഉല്പന്നങ്ങൾക്ക് വിപണിയുണ്ടാവുകയുള്ളു തുച്ഛമായ വേതനം പറഞ്ഞിക്കൊണ്ടാണ് ഇന്നിവിടെ വനിതകൾ ജോലിചെയ്യുന്നത്. ഇതിനനുബന്ധമായി തീപ്പെട്ടി, ചന്ദനത്തിരി, മെഴുകുതിരി വ്യവസായം ആരംഭിക്കുകയാണെങ്കിൽ പുരോഗതിയുണ്ടാക്കാൻ സാധ്യതയുണ്ട്.

പ്രാധാന്യമർഹിക്കുന്ന 2 മേഖലയാണ് പട്ടിക 4ൽ കൊടുത്തിരിക്കുന്നത്.

ക്രമ നമ്പർ	ഇനം	ആകെ	തൊഴിലാളികൾ		ശരാശരിദിവസ വേതനം	
			ആൺ	പെൺ	ആൺ	പെൺ
1	ബേക്കറി യൂനിറ്റ്	15	27	3	65	45
2	ക്ഷീര വ്യവസായം	സംഘടിതമായി ഒരുയൂനിറ്റ് മാത്രം				

മ്മുടെ സംസ്ക്കാരത്തിന്റെ തനിമയാർന്ന വിഭവങ്ങൾ ഇന്ന് വിപണിയിൽ വിറ്റഴിക്കപ്പെടുകയാണ്. നമ്മുടെ വീടുകളിൽ ഒരുകാലത്ത് നിർമ്മിച്ചിരുന്ന കിണ്ണത്തപ്പം, കലത്തപ്പം ഉണ്ണിയപ്പം എന്നിവവിഭവങ്ങൾ വാണിജ്യാടിസ്ഥാനത്തിൽ വീടുകൾ കേന്ദ്രീകരിച്ച് നിർമ്മിക്കുന്നുണ്ട്. വിപണനകേന്ദ്രത്തിന്റെ അഭാവം ഈ വ്യവസായത്തിനുണ്ട് പഞ്ചായത്തിലെ മിക്കവാറും എല്ലാവരും പാൽ ഉപയോഗിക്കുന്നവരാണെങ്കിലും ആവശ്യാനുസരണം പാൽ സംഭരിച്ച് നൽകാൻ നമുക്ക് സാധിക്കുന്നില്ല ഒരേഒരു ക്ഷീര സഹകരണ സംഘമാണിവിടെ പ്രവർത്തിക്കുന്നത്. ഇതിന് പാലുൽപന്നങ്ങൾ വിറ്റഴിക്കാൻ വേണ്ടി മിൽകോ എന്ന ഒരു സ്ഥാപനം പ്രവത്തിക്കുന്നുണ്ട്. പ്രവർത്തനം ആരംഭഘട്ടത്തിലായതിനാൽ മന്ദഗതിയിലാണ്.


സഹകാര്യ മേഖലയിലാണ് പഞ്ചായത്തിലെ വ്യവസായങ്ങൾ കൂടുതൽ ഉള്ളത് സഹകരണ മേഖലയിലും നിലവിലുണ്ട്.

ക്രമ നമ്പർ	ഇനം	ആകെ യൂനിറ്റുകൾ	തൊഴിലാളികൾ			ഉൽപാദനം
			ആൺ	പെൺ	ആകെ	
1	കരിങ്കൽതൊഴിലാളി സഹകരണസംഘം	1	44	156	200	ജല്ലിഅടി
2	ക്ഷീര വ്യവസായ സഹകരണസംഘം	1			245	പാൽസംഭരണം, വിതരണം, പാലുൽപ്പന്നം
3	വനിതാ സഹകരണ പ്രസ്	1	2	4	6	പുസ്തകം അച്ചടി
4	കണ്ണവം പട്ടികവർഗ്ഗ സർവ്വീസ് സഹകരണസംഘം	1			635	വനവിഭവസംഭരണം,ബുക്ക് നിർമ്മാണം നിലച്ചു
5	ബീഡിതെറുപ്പ്	2	59	105	164	
6	കൈത്തറിതൊഴിലാളിസഹകരണ സംഘം	1				പ്രവർത്തിക്കുന്നില്ല
7	റെഡിമെയ്ഡ്സ്	2		10	10	മന്ദഗതി
8	പഴസംസ്കരണം അച്ചാർ	1		25	25	തുടക്കം

സഹകരണ മേഖലയിൽ നല്ലരീതിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളാണ് കരിങ്കൽ, കാഷ്യൂ വ്യവസായ സഹകരണ സംഘങ്ങളും. വനിതാ സഹകരണ പ്രസ് ശൈശവഘട്ടത്തിലാണ്. പട്ടികവർഗ്ഗ സർവ്വീസ് സഹകരണ സംഘം വനവിഭവശേഖരണവും ബുക്കിംഗ് നിർമ്മാണം, ബൈൻറിങ്ങ്എന്നിവയാണ് നടത്തിയിരുന്നത്. പട്ടികജാതി-വർഗ്ഗ സഹകരണ ഫെഡറേഷൻ മുഖാന്തരമാണ് വിപണി കണ്ടെത്തിയിരുന്നത്. അസംസ്കൃതവസ്തുവിലുണ്ടായ വില വർദ്ധനവിനാലും പ്രവർത്തനമൂലധനം കുറവായതിനാലും സൊസൈറ്റി പ്രവർത്തനം മന്ദഗതിയിലാണ്. 1985-ൽ തുടങ്ങിയ ബുക്ക് നിർമ്മാണം ഇപ്പോൾ നിലവിലില്ല. വനവിഭവശേഖരണം നടത്തുന്നതോടൊപ്പം തന്നെ അവസംസ്ക്കരിച്ച് ഉദ്പന്നമാക്കി വിറ്റഴിക്കുകകൂടി ചെയ്താൽ സൊസൈറ്റിയുടെ പുരോഗതിയും കണ്ണവം കോളനിയുടെ വികസനവും സാധ്യമാകും. ദിനേശ്ബീഡിയുടെ No. 8, No. 15 ശാഖകളം കൊട്ടയോടിയിലാണ് പ്രവർത്തിക്കുന്നത്. ഈ മേഖലയിൽ തൊഴിലാളികളം കൂടുതലായി വരുന്നില്ല എന്നുതന്നെ പറയാം. പുകയില വ്യവസായം തകർച്ചയുടെ വക്കിലാണെങ്കിൽ തൊഴിലാളികളെ രക്ഷിക്കേണ്ട വഴിഇപ്പോഴംതന്നെ തിരയേണ്ടതുണ്ട്. പഴം സംസ്ക്കരണ രംഗത്തേക്കും മറ്റ് ഉദ്പാദനമേഖലയിലേക്കും ഈ ശക്തി തിരിച്ചുവിടേണ്ടതാണ്

1980 നോടനുബദ്ധിച്ച് പ്രവർത്തനം ആരംഭിച്ച കൈത്തറി തൊഴിലാളി സഹകരണ സംഘം ഇന്ന് നിലവിലില്ല. ഈ രംഗത്ത് ഇന്നും അസംഘടിതരാണ് തൊഴിലാളികളം. പവർലൂം രംഗത്ത് സഹകരണ സംഘം ഇന്ന് പ്രവർത്തിക്കുകയാണെങ്കിൽ വിജയകരമായിരിക്കും. റെഡിമെയ്ഡ് നിർമ്മാണത്തിൽ സഹകരണാടിസ്ഥാനത്തിൽ ചെറുവാഞ്ചേരി കേന്ദ്രമാക്കി പ്രവർത്തിച്ചിരുന്ന ബ്ലോക്ക് റെഡീമെയ്ഡ് എന്നസ്ഥാപനം ഇന്ന് നിലവിലില്ല കിഴക്കേകതിരൂരിൽ ഒരു വനിത റെഡീമെയ്ഡ് യൂനിറ്റ് പ്രവർത്തിക്കുന്നുണ്ട്. രണ്ടും DWCRA പദ്ധതിപ്രകാരം രൂപംകൊണ്ടതാണ്. മാറിവരുന്ന ഡിസൈൻ അറിയാത്തതും വിപണികണ്ടെത്താത്തതും ഈ മേഖലയെ ക്ഷീണിപ്പിക്കുകയാണ് നിർമ്മാണ പദ്ധതിയുടെ ഭാഗമായി ചെറുവാഞ്ചേരി കേന്ദ്രമാക്കി മഹിളാസമാജം പ്രവർത്തകർ പഴസംസ്ക്കരണവും അച്ചാർ നിർമ്മാണവും നടത്തുന്ന ഒരു യൂനിറ്റ് തുടങ്ങിയിട്ടുണ്ട്. കൈവശമായിട്ടുള്ള ഈ സ്ഥാപനത്തിൻെറ ഉൽപനത്തിന് വിപണി നൽകേണ്ടത് പാട്യം ഗ്രാമത്തിലെ ഓരോരുത്തരുടെയും കടമയാണ്.

വനിതാ വ്യവസായ സംരംഭകർ പാട്യത്ത് തീരെയില്ലെന്നുതന്നെ പറയാം പ്രധാനസ്ഥാപനങ്ങളിലെ സ്ത്രീപുരുഷ അനുപാതം താഴെ കൊടുത്തിരിക്കുന്നു.



1. ബീഡി തെറുപ്പ് 2. കരിങ്കൽ കൊത്ത് 3. ചെങ്കൽ കൊത്ത് 4. വസ്ത്രനിർമ്മാണം
5. ഖാദി 6. ഹോസിയറി 7. കൈത്തറി

കരിങ്കൽ മേഖലയിലാണ് സ്ത്രീ തൊഴിലാളികളും വളരെ കൂടുതലുള്ളത് എന്ന് മനസ്സിലാക്കാം. സ്ത്രീകൾക്ക് മാത്രമായുള്ള ലാഭകരമായ ഒരു വ്യവസായ സ്ഥാപനം ഇനിയും നമ്മുടെ പഞ്ചായത്തിൽ ഉണ്ടായിട്ടില്ല. അതുപോലെ പ്രധാനമാണ് നമ്മുടെ നാട്ടിൽ സുലഭമായ കശുവണ്ടി, അടക്ക, നാളികേരം ഇവ ഉപയോഗിച്ച് ഒരു ഉദ്പാദനകേന്ദ്രം ആരംഭിക്കേണ്ടത്. വലിയവെളിച്ചം വികസന പ്പോട്ടിൽ ഇത്തരം ഒരുസ്ഥാപനം തുടങ്ങിയാൽ അനുബന്ധ വ്യവസായം പച്ചപിടിക്കും.

പരമ്പരാഗത മേഖലയിലെ പ്രശ്നങ്ങൾ

1. മൺപാത്ര നിർമ്മാണത്തിനാവശ്യമായ മണ്ണ് ലഭ്യമല്ല.
2. കൈത്തറി രംഗത്ത് നൂൽ, ചായം എന്നിവയുടെ വില വർദ്ധനവ്.
3. സംഘടിത ശ്രമങ്ങൾ ഇല്ലാത്തതു.
4. വിദഗ്ധ തൊഴിൽ പരിശീലനത്തിന്റെ അഭാവം.

ചെറുകിട-ഇടത്തര മേഖല

അനധികൃതമായി ഔട്ട്വർക്ക് രീതിയിൽ നിർമ്മിക്കുന്ന ബീഡിത്തൊഴിലാളികൾ അർഹമായ ആനുകൂല്യമൊന്നും ലഭിക്കാതെ മധ്യവർത്തികളുടെ ചൂഷണത്തിന് വിധേയമാകുകയാണ്. ഈ രംഗം ലേബർ ബീഡി മേഖലയ്ക്ക് വൻ ഭീഷണിയാണ്. പ്രസ്തുത തൊഴിലാളികൾക്ക് അർഹമായ ആനുകൂല്യങ്ങൾ ലഭിക്കാനാവശ്യമായ സത്വര നടപടികൾ സർക്കാർ ഭാഗത്തു നിന്ന് വേണം.

1. വോൾട്ടേജ് ക്ഷാമം പരിഹരിക്കൽ. ലോഡ് ഷെഡ്ഡിംഗ്.
2. വിപണിയുടെ അഭാവം.
3. സാങ്കേതിക വൈദഗ്ധ്യമുള്ള തൊഴിലാളികളുടെ അഭാവം.
4. കാർഷികോൽപ്പന്നങ്ങളെ ആശ്രയിച്ചുള്ള വ്യവസായങ്ങൾ ഇല്ലാത്തത്.
5. സംരഭകർക്ക് ആവശ്യമായ നിർദ്ദേശം കിട്ടാത്തത്.
6. സാമ്പത്തിക സഹായം ആവശ്യമായ രീതിയിൽ കിട്ടാത്തത്.
7. വാർഡു തിരിച്ച് ചില ബാങ്കിന്റെപരിധിയിലാക്കിയത്.
8. സ്വദേശീപ്രസ്ഥാനത്തിന്റെ ശക്തിയില്ലായ്മ.
9. വ്യവസായ വികസനവുമായി ബന്ധപ്പെട്ടുള്ള ബോധവൽക്കരണം നടത്തൽ.

മലിനീകരണം — നിവാരണം

പഞ്ചായത്തിലെ ചേക്കപ്പാറയിലെ കരിങ്കൽ കോറകളിൽ ഒന്നിൽ എപ്പോഴും വെള്ളം കെട്ടിക്കിടക്കുന്നു. തദ്ദേശവാസികൾ എല്ലാ അവശിഷ്ടങ്ങളും അതിലാണ് നിക്ഷേപിക്കാറുള്ളത്. തത്ഫലമായി കൊതുകും കൂത്താടിയും വസിക്കുകയാണ്. ആയതിനാൽ ഈ പ്രവണത തടയേണ്ടതത്യാവശ്യമാണ്. ഈ കോറ ഒന്നുൽ സാഹിച്ചാൽ വലിയ മൽസ്യവളർത്തുകേന്ദ്രമാക്കിമാറ്റുകയും ചെയ്യാം. ഇത്തരം ഒരുസൗകര്യം വിനിയോഗിക്കേണ്ട സമയം അതിക്രമിച്ചിരിക്കുന്നു.

വ്യവസായ പരിശീലനം നൽകുന്നത്

DWCRA പദ്ധതിപ്രകാരം പാടൃം പഞ്ചായത്തിൻ 5 തൊഴിൽ സംരംഭങ്ങൾ ഉണ്ടായിരുന്നതിൽ 1 പ്രവർത്തിക്കുന്നു. പ്രവർത്തനം മന്ദഗതിയിലാണ്.

TRYSM പരിശീലനം നേടിയവർ ആകെ 106 പേരാണ്. ഭൂരിഭാഗവും തൊഴിൽ കണ്ടെത്തിയതായാണ് കാണുന്നത്.

കണ്ണവത്തെ തൊഴിൽ പരിശീലനകേന്ദ്രം

മേൽത്തരം ചൂരൽ ഉപയോഗിച്ച് വീട്ടുപകരണങ്ങളും കൗതുകവസ്തുക്കളും നിർമ്മിക്കാൻ കുറിച്ച്യവിഭാഗങ്ങൾക്കായി കണ്ണവത്ത് പ്രവർത്തിക്കുന്നു. ഏതു ബാച്ചിലും കുട്ടികൾ പഠിക്കാനെത്തുമെങ്കിലും കോഴ്സ് കഴിഞ്ഞവർ ആരുംതന്നെ ഈരംഗത്ത് സംരംഭങ്ങളൊന്നും തുടങ്ങിയിട്ടില്ല. ചൂരൽ ലഭ്യത കുറവായതാണ് ഇതിന്നൊരു കാരണം.

റെഡീമെയ്ഡ് മെയ്ക്കിംഗ്

അംഗീകൃതമല്ലെങ്കിലും വീടുകൾ കേന്ദ്രമാക്കിയും അംഗൻവാടി കേന്ദ്രമാക്കിയും 3 തയ്യൽ ക്ലാസുകൾ നിലവിലുണ്ട്. പലരും കോഴ്സ് പൂർത്തിയാക്കി ഗ്രാമങ്ങളിൽ തന്നെയുള്ള സ്ഥാപനങ്ങളിൽ ചേക്കേറിയിട്ടുണ്ട്.

സാധ്യതകൾ

1. വലിയവെളിച്ചം കേന്ദ്രമാക്കി നാളീകേരത്തെ അടിസ്ഥാനമാക്കിയുള്ള വ്യവസായം
2. ഉപയോഗ ശൂന്യമായ തുണികൾ, മറ്റ് പാഴ്വസ്തുക്കൾ എന്നിവ ഉപയോഗിച്ച് കളിപ്പാട്ടനിർമ്മാണയൂനിറ് വനിതകൾക്ക് മാത്രം ചെയ്യാൻ സാധിക്കുന്നതാണിത്. കരകൗശല നിർമ്മാണ യൂനിറ്.
3. സഹകരണ മേഖലയിൽ പുതിയ വ്യവസായ സംരംഭങ്ങൾ ആരംഭിക്കുക

4. പഞ്ചായത്തിൽ ലഭ്യമായ അസംസ്കൃത വസ്തുക്കളുടെ അടിസ്ഥാനത്തിൽ വ്യവസായ വികസനത്തിന് ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കുക.

5. ഇലക്ട്രോണിക്സ് ഉപകരണനിർമ്മാണം C. F. C ലാമ്പ്, ഇസ്തിരിപ്പെട്ടി നിർമ്മാണം.

6. പ്ലാസ്റ്റർ ഓഫ് പാരീസ് ഉപയോഗിച്ച് പ്രതിമനിർമ്മാണം.

7. ഗ്രാമപഞ്ചായത്തിലെ കണ്ണവം കോളനികളിൽ താമസിക്കുന്ന കുറിച്ച്യർ വിഭാഗത്തിൽപെട്ട ആളുകൾ ചൂരൽ ഉപയോഗിച്ച് കസേര, കൂട്ട എന്നിവ നിർമ്മിക്കുന്നുണ്ടെങ്കിലും സംഘടിതമായരീതിയില്ലാത്തതിനാലും വിപണി കണ്ടെത്താത്തതിനാലും നിലച്ചിരിക്കയാണ്. ഇതിനു പരിഹാരം കാണാനും ഈമേഖലവികസിപ്പിക്കാനും ഉതകുന്ന ഒരു വ്യവസായയൂനിറ്റ് ആരംഭിക്കണം.

8. പട്ടുനൂൽ വ്യവസായം.

6. ബനാന ചിപ്സ് നിർമ്മാണ യൂനിറ്റ്.

10. വ്യവസായ സംരംഭങ്ങൾക്ക് ആവശ്യമായ പ്രോത്സാഹനവും മാർഗനിർദേശവും നൽകുക.

11 ഖാദിവ്യവസായത്തിനനുബന്ധമായി തീപ്പെട്ടി, ചന്ദനത്തിരി, മെഴുകുതിരി യൂനിറ്റ് ആരംഭിക്കണം.

12 കശുവണ്ടി സംസ്കരണ യൂനിറ്റ്.

13 പഴസംസ്കരണ രംഗത്ത് ഒരു വ്യവസായയൂനിറ്റ് (കശുമാങ്ങ, മാങ്ങ, കൈതച്ചക്ക, ചക്ക)

14 റബ്ബർ ചൊരിപ്പ് നിർമ്മിക്കുന്ന യൂനിറ്റ്

15. ബലൂൺ, റബ്ബർബാൻറ്നിർമ്മാണയൂനിറ്റ്.

16. ആണി നിർമ്മാണ യൂനിറ്റ്.

17. സഹകരണാടിസ്ഥാനത്തിൽ കുട ഉദ്പാദനവും സ്കൂൾ സൊസൈറ്റികളിലൂടെ വിപണിയും കണ്ടെത്താം.

18. സഹകരണാടിസ്ഥാനത്തിൽ പവർലൂം നിർമ്മാണം.

19. ബുക്ക് നിർമ്മാണം.

20. ഹോളോ ബ്രിക്സ് നിർമ്മാണ യൂനിറ്റ്.

21. വേസ്റ്റ്പേപ്പർ ഉപയോഗിച്ച് ഹാർഡ് ബോർഡ് നിർമ്മിക്കുന്ന ഒരു വ്യവസായയൂനിറ്റ്.

22. അടക്ക ഉപയോഗിച്ച് ഒരുവ്യവസായ യൂനിറ്റ്.

23. വിനാഗിരി നിർമ്മാണം.

24. അച്ചാർ, മസാലപ്പൊടി എന്നിവ കുടിൽ വ്യവസായം.

25, കൂൺ വ്യവസായം.

26. സഹകരണരംഗത്ത് ഒരു ഫർണ്ണിച്ചർ യൂനിറ്റ്.

★

ഗതാഗതം, ഊർജ്ജം, മാർക്കറ്റ്

ഏതൊരു പ്രദേശത്തിന്റെയും വികസനം ആ പ്രദേശത്തിന്റെ ഗതാഗത പുരോഗതിയുമായി അഭേദ്യമായി ബന്ധപ്പെട്ടു കിടക്കുന്നു. എല്ലാ മേഖലകളുടെയും വികസനത്തിന്റെ അടിസ്ഥാന ഘടകങ്ങളിലൊന്നാണ് ഗതാഗതം. റോഡുകളുമായി സമ്പർക്കപ്പെടാനുള്ള സൗകര്യങ്ങൾ ഭൂസ്വത്ത്, കെട്ടിടങ്ങൾ എന്നീ സ്ഥാവര ആസ്തികളുടെ മൂല്യനിർണ്ണയത്തിലെ പരമപ്രധാനമായ ഘടകമായി മാറിയിരിക്കുന്നു. പാടൂം പഞ്ചായത്തിലെ ഏക ഗതാഗത മാർഗം റോഡാണ്.

പഴശ്ശി രാജാവിന്റെ കലാപകാരികളെ പരാജയപ്പെടുത്താൻ പടയും പടക്കോപ്പുകളും അയക്കുക. കുടക് വയനാട് മേഖലകളിലെ മലഞ്ചരക്കുകൾ തലശ്ശേരി തുറമുഖത്തെത്തിക്കുക എന്നീ ഉദ്ദേശങ്ങളോടെ ഈസ്റ്റ് ഇന്ത്യ കമ്പനി പണിത തലശ്ശേരി - കൂർഗ് റോഡ് പാടൂം പഞ്ചായത്തിന്റെ വടക്കേ അതിർത്തിയിലൂടെ കടന്ന് പോകുന്നു. സുപ്രധാനമായ ഈ സംസ്ഥാനാനന്തരഹൈവേ 650 മീറ്റർ നീളത്തിൽ പഞ്ചായത്തിന്റെ അതിർത്തി പങ്കിടുന്നു. 30 വർഷം മുമ്പ് വരെ പാനൂരും പാനൂരിന്റെ കിഴക്കുള്ള പ്രദേശങ്ങളും വാഹനങ്ങളിൽ പുറംലോകവുമായി ബന്ധപ്പെട്ട ഏക റോഡായ പൂക്കോട് പാനൂർ റോഡ് പഞ്ചായത്തിനെ കുറുകെ മുറിച്ച് മൂന്ന് കിലോമീറ്റർ ദൂരത്തിൽ കടന്ന് പോകുന്നു. ഈ രണ്ട് റോഡുകളുടെയും സാന്നിദ്ധ്യം പാടൂത്തിന്റെ സാമ്പത്തിക - സാംസ്കാരിക മേഖലകളിൽ ചെലുത്തിയ സ്വാധീനം ഗണ്യമാണ്.

പാടൂം പഞ്ചായത്തിലെ മറ്റെല്ലാ റോഡുകളും എഴുപത് വർഷങ്ങൾക്കിപ്പുറം നിർമ്മിച്ചതാണ്. ആത്മവിദ്യാസംഘം സമ്മേളനത്തിന്റെ ആവശ്യാർത്ഥം 1929 ൽ നിർമ്മിക്കപ്പെട്ട വേറ്റുമ്മൽ-പത്തായക്കുന്ന് റോഡ് ഒരു ചരിത്ര സംഭവം തന്നെയായിരുന്നു. പിന്നീട് ഇങ്ങോട്ട് നിർമ്മിക്കപ്പെട്ട എല്ലാ റോഡുകളും അതത് പ്രദേശത്തെ ജനങ്ങൾ നിർമ്മിച്ച് പഞ്ചായത്തിന് കൈമാറിക്കൊടുത്തതാണ്. ജനങ്ങളുടെ കൂട്ടായ്മയും പൊതുപ്രവർത്തന ആഭിമുഖ്യവും വളർത്തുന്നതിന് ഈ റോഡ് നിർമ്മാണങ്ങൾ വഹിച്ച പങ്ക് എടുത്തുപറയേണ്ടതാണ്. രണ്ട് സുപ്രധാന റോഡുകളുടെ സാന്നിദ്ധ്യമുണ്ടായിട്ടും സാംസ്കാരിക രംഗത്ത് വിപ്ലവകരമായ പുരോഗതി കൈവരിച്ചിട്ടും ഉൾനാടൻ റോഡുകൾ പണിയാൻ പാടൂത്തെ ജനങ്ങൾ കാലം വൈകിച്ചു എന്നു പറയുന്നതിൽ തെറ്റില്ല.

പഞ്ചായത്തിന്റെ പടിഞ്ഞാറ് ഭാഗത്തുള്ള പാടൂം മേഖലക്ക് ഇടനാടൻ പ്രദേശത്തിന്റെയും കിഴക്ക് ഭാഗത്തുള്ള ചെറുവാഞ്ചേരി മേഖലക്ക് മലനാടൻ പ്രദേശത്തിന്റെയും സ്വഭാവമാണുള്ളത്. എന്നാൽ രണ്ട് ഭാഗങ്ങളിലേയും ഉൾനാടൻ റോഡുകളുടെ വിസ്തീർണ്ണം/ റോഡുനീള അനുപാതത്തിൽ വലിയ വ്യത്യാസം കാണപ്പെടുന്നില്ല. ടി.സി. റോഡിലും പൂക്കോട്-പാനൂർറോഡിലും പൊതു ഗതാഗത സൗകര്യങ്ങളുടെ കാര്യത്തിൽ മുപ്പത്താണ്ട് കൊണ്ട് വമ്പിച്ച കുതിച്ചു ചാട്ടമാണുണ്ടായത്. കൊട്ടയോടി ചെറുവാഞ്ചേരി റോഡിൽ ബസുഗതാഗതമുണ്ടായത് പാടൂത്തിന്റെ മുഖഛായമാറ്റി മറിക്കാൻ സഹായിച്ചു. പഞ്ചായത്തിലെ ആകെ റോഡിന്റെ നീളം 81.685 കി. മീ. ആണ്. (പട്ടിക 1. കാണുക)

പ്രശ്നങ്ങൾ

1. പഞ്ചായത്തിലെ 60% ത്തിലധികം വരുന്ന ജനങ്ങൾക്ക് പബ്ലിക്ക് കൺവെയൻസ് സൗകര്യങ്ങൾ ഉപയോഗപ്പെടുത്താൻ ഒരു കിലോ മീറ്ററിനും രണ്ടു കിലോ മീറ്ററിനും മദ്ധ്യേയുള്ള ദൂരം നടക്കേണ്ടി വരുന്നു. 5% ജനങ്ങൾ രണ്ടു കിലോമീറ്ററിലധികം ദൂരെ പബ്ലിക്ക് കൺവേയൻസ് സൗകര്യങ്ങൾ ലഭിക്കാൻ നടക്കേണ്ടി വരുന്നു. 35% ജനങ്ങൾ മാത്രമേ ഒരു കിലോമീറ്ററിൽ കുറഞ്ഞ ദൂരം നടന്ന് പൊതു ഗതാഗത സൗകര്യം ഉപയോഗപ്പെടുത്താൻ കഴിയുന്നവരായുള്ളു. വേറ്റുമ്മൽ പത്തായക്കുന്ന് റോഡിൽ ഉള്ള നാമമാത്രമായ ബസു സൗകര്യത്തെ കൂടി ഉൾപ്പെടുത്തിയുള്ളതാണ് ഈ നിഗമനം.
2. താറിട്ട റോഡുകൾ തന്നെ പഞ്ചായത്തിൽ വളരെ പരിതാപകരമായ അവസ്ഥയിലാണ്. പഞ്ചായത്തിൽ $\frac{2}{3}$ ഭാഗം വിസ്തീർണ്ണ

മുള്ള ഭാഗത്ത് മുഴുവൻ ഉപകരിക്കേണ്ട കൊട്ടയോടി – ചെറുവാഞ്ചേരി റോഡിലെ പാലത്തിന്റെ അപ്രോച്ച് റോഡ് പണി തീർന്നിട്ടില്ല. വർഷകാലത്ത് ഈ റോഡ് മുഴുവൻ പൊട്ടിപൊളിഞ്ഞു കിടക്കുന്നു. വേറുമ്മൽ–പത്തായക്കുന്ന് റോഡിന്റെ സ്ഥിതിയും ഇതുതന്നെയാണ്. പത്തു വർഷമായി റീ താർ ചെയ്യാതെ കിടക്കുന്ന ഈ റോഡ് എത്രയോ വർഷങ്ങളായി ഉപയോഗശൂന്യമായി കിടക്കുകയാണ്. താർ റോഡുകളുടെ ഈ അവസ്ഥ കാരണം സ്വകാര്യ ബസുടമകൾ പഞ്ചായത്തിലെ ഈ രണ്ട് പ്രധാന റൂട്ടുകളിലും ബസ് സർവീസ് നടത്താൻ മടിക്കുന്നു. ഇത് പഞ്ചായത്തിലെ പബ്ലിക് കൺവെയൻസ് സൗകര്യത്തെ കാര്യമായി ബാധിക്കുന്നു.

3. പഞ്ചായത്തിലെ ചരൽ റോഡുകൾ ''ചത്തതിനൊക്കുമേ ജീവിച്ചിരിക്കിലും'' എന്ന അവസ്ഥയിലാണ്. വാർഷിക അറ്റകുറ്റപ്പണിനടത്താനോ വശങ്ങളിൽ നീർച്ചാൽ കീറാനോ ഉള്ള വിഭവശേഷിയുടെ കുറവ് നിമിത്തം പഞ്ചായത്ത് അധീനതയിലുള്ള 70% മണ്ണ് റോഡുകളും മഴക്കാലത്ത് ഗതാഗതയോഗ്യമല്ല. 8 ചരൽറോഡുകളിൽ 30 കി.മീ ദൂരം ജൂൺ മുതൽ നവമ്പർ വരെയുള്ള കാലത്ത് തീരെ ഗതാഗതയോഗ്യമല്ല. തേങ്ങ, കുരുമുളക്, അടക്ക എന്നീ ഉൽപന്നങ്ങൾക്ക് മഴക്കാലത്ത് വിലക്കയറ്റമുണ്ടാകുന്നു. ഇത് സംഭരിച്ച് വെക്കുന്ന കർഷകർക്ക് മഴക്കാലത്ത് ഉണക്കാടൻ നിരത്തുകൾ ഉപയോഗശൂന്യമാവുന്നതിനാൽ വിലക്കയറ്റമുണ്ടാകുമ്പോൾ ഉൽപ്പന്നങ്ങൾ വിൽക്കാനാവാതെ വമ്പിച്ച നഷ്ടമുണ്ടാകുന്നു. മഴക്കാലത്ത് അത്യാസന്ന നിലയിലുള്ള രോഗികളെ ആശുപത്രിയിലെത്തിക്കാൻ പോലും കഴിയുന്നില്ല.

4. തീരെ മണ്ണുറോഡുകൾപോലുമല്ലാത്ത ചില ഭാഗങ്ങൾ പഞ്ചായത്തിലുണ്ട്. അത്തരം സ്ഥലങ്ങളിൽ പുതിയ റോഡുകൾ നിർമ്മിക്കാനുള്ള എസ്റ്റിമേറ്റ് നിർദ്ദേശങ്ങൾ ഗ്രാമസഭകൾ ഉണ്ടാക്കിച്ചിട്ടുണ്ട്. കൃഷിഭൂമി നശിപ്പിക്കപ്പെടുന്നതും പ്രകൃതിദത്തമായ നീരൊഴുക്കുകൾ മുട്ടിപ്പോകുന്നതുകൊണ്ടുള്ള പരിസ്ഥിതി പ്രശ്നങ്ങളും പുതിയ നിരത്തുകൾ പഞ്ചായത്തിന് നിർമ്മിക്കാനുള്ള കഴിവില്ലായ്മയും കേന്ദ്രപദ്ധതികളിൽ റോഡിനുള്ള നീക്കിയിരുപ്പ് ഗണ്യമായി കുറച്ചതും ഈ നിർദ്ദേശങ്ങൾക്ക് വിപരീതഘടകങ്ങളാണ്.

5. ഇരുപതോളം ബസുകൾ പാർക്ക് ചെയ്യുന്ന ചെറുവാഞ്ചേരിയിൽ ബസുകൾ നിർത്തിയിടാൻ ഒരു സ്റ്റാൻറില്ല. കൊട്ടയോടിയിൽ ടാക്സികളും ജീപ്പുകളും നിർത്തിയിടാൻ ഒരു സ്റ്റാൻറില്ല. പത്തായക്കുന്ന് കൊട്ടയോടി, പുതിയതെരു, കിഴക്കെ കതിരൂർ എന്നീ സ്ഥലങ്ങളിൽനിന്നും ധാരാളം യാത്രക്കാർ ബസ് കയറുന്നു. ഈ സ്ഥലങ്ങളിലൊന്നും ഷെൽട്ടറുകളില്ല.

6, ധാരാളം ചെറുതോടുകളും ചെറുപുഴകളും നീരൊഴുക്കുകളും ഉള്ള പഞ്ചായത്തിൽ വേണ്ടത്ര നടപ്പാലങ്ങളില്ല. തോട്ടുവരമ്പുകളും തോടുകളും നഷ്ടമായതിനാൽ വയൽവഴി നടന്ന് പോകാൻ കഴിയാതെ വന്നിരിക്കുന്നു. പ്രൈമറി സ്കൂൾ കുട്ടികളടക്കം വയലുകളിലൂടെ യാത്ര ചെയ്യുന്നവർക്ക് വലിയ ക്ലേശങ്ങളുണ്ടാവുന്നു.

7. പല റോഡുകളും വീതി കൂട്ടിയിട്ടും റോഡിന്റെ മദ്ധ്യത്തിൽ വൈദ്യുതി പോസ്റ്റുകൾ മാറാതെ കിടക്കുന്നു. ഇതുകൊണ്ട് റോഡ് വീതികൂട്ടിയതിന്റെ ഗുണം ലഭിക്കുന്നില്ല.

8. പല റോഡുകളിലും വാഹനങ്ങൾ നിർത്തിയിട്ട് കഴുകുന്നു. ഇത് റോഡുകളെയും പരിസരത്തെയും മലിനമാക്കുന്നു,

9. പാട്യം പഞ്ചായത്തിലെ 2, 3, 4 വാർഡുകളിലെ വിദ്യാർത്ഥികളടക്കമുള്ള ജനങ്ങൾ പബ്ലിക് കൺവെയൻസ് സൗകര്യത്തിനു വേണ്ടി ടി. സി. റോഡിനെയാണ് മുഖ്യമായും ആശ്രയിക്കുന്നത്. ഈ റോഡിലൂടെ കണക്കിലധികം ബസുകൾ ഓടുന്നുണ്ടെങ്കിലും യാത്രക്കാർക്ക് പ്രത്യേകിച്ച് വിദ്യാർത്ഥികൾക്ക് രാവിലെ 8.30 മുതൽ 10 വരെയുള്ള സമയത്ത് വേറുമ്മൽ, 6-ാം മൈൽ, കോട്ടയം പൊയിൽ, കനാൽ സ്റ്റോപ്പ്, പൂക്കോട് എന്നീ സ്റ്റോപ്പുകളിൽ ബസുകൾ നിർത്താതെ പോകുന്നു. ചിലപ്പോൾ തുടർച്ചയായി അരമണിക്കൂറോളം ബസുകൾ

നിർത്താതെ പോവുന്നത് ഈ സ്റ്റോപ്പുകളിൽ നിത്യസംഭവമാണ്. ഇതിനെതിരെ ജനകീയ ചെറുത്തുനിൽപ്പുകളുണ്ടായിട്ടും ദുഃസ്ഥിതി തുടരുകയാണ്. മിക്ക ദിവസങ്ങളിലും ഇവയിലേതെങ്കിലും സ്റ്റോപ്പിൽ ബസ് ജീവനക്കാരും യാത്രക്കാരും തമ്മിൽ 'കശപിശ' ഉണ്ടാവുന്നു.

10. ടാക്സി, ടാക്സി ജീപ്പുകൾ, ഓട്ടോറിക്ഷകൾ എന്നിവയും യാത്രക്ക് വിളിച്ചാൽ വേണ്ടപോലെ പോവാത്തത് ജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നു,

സാധ്യതകൾ

1. റോഡ് ഗതാഗത രംഗത്ത് പാടൃം പഞ്ചായത്തിനെ സംബന്ധിച്ച മുഖ്യപ്രശ്നം പബ്ലിക് കൺവെയൻസ് സൗകര്യം കിട്ടാൻ വേണ്ടി അധികദൂരം നടക്കേണ്ടിവരുന്നതാണ്. ഇതിന് പരിഹാരമായി പഞ്ചായത്തിന്റെ പശ്ചിമ മേഖലയിലും പൂർവ്വമേഖലയിലും നിലവിലുള്ള റോഡുകളെ വികസിപ്പിച്ച് പരസ്പരം ബന്ധിപ്പിച്ച് ലാഭകരമായി ബസ്റൂട്ട് നടത്താൻ പറ്റിയ വിധത്തിലുള്ള ലിങ്ക്റോഡുകളായി മാറേണ്ടതാണ്. ആകെ ജനസംഖ്യയുടെ മൂന്നിൽ രണ്ടുഭാഗം തിങ്ങിപ്പാർക്കുന്ന ജനനിബിഡമായ പശ്ചിമമേഖലയിലെ പ്രധാന റോഡുകളായ പൂക്കോട്-കോങ്ങാറ റോഡ് കാലൂന്നിമൊട്ട - പനന്തേരിപറമ്പ് റോഡ്, കേളപ്പൻപീടിക- പനോളിപ്പൊയിൽ റോഡ്, കുളപ്പുറത്ത് വയൽ- ചാടാലപ്പുഴ റോഡ് എന്നിവ തമ്മിൽ വികസിപ്പിച്ച് ഒറ്റ റോഡാക്കി ചാടാലപ്പുഴ പാലത്തെയും പൂക്കോടിനെയും ബന്ധിപ്പിക്കുക. ഇങ്ങനെ വന്നാൽ പന്തക്കൽ, ചമ്പാട്, പള്ളൂർ എന്നീ സ്ഥലങ്ങളിൽ നിന്നും കൂത്തുപറമ്പിലേക്കുള്ള ദൂരം 3 കി. മി. കുറയുന്നതാണ്. ജനനിബിഡമായ ഉൾപ്രദേശത്ത്കൂടി കടന്നുവരുന്നതിനാൽ ഈ റോഡിന് വമ്പിച്ച വികസന സാധ്യതകളുണ്ടാവും. പഞ്ചായത്തിന്റെ മുഖഛായ തന്നെ മാറ്റാൻ കഴിയുന്ന ഈ റോഡ് സംയോജന പരിപാടി പഞ്ചായത്തിന് പരിഗണിക്കാവുന്നതാണ്.

2. പൂക്കോട്-പാനൂർറോഡ് സ്റ്റെയിറ്റ് ഹൈവേയായി മാറുകയാണല്ലൊ. ഗതാഗത രംഗത്ത് ഈ മേഖലയിൽ ഒരു കുതിച്ചുചാട്ടം അനുഭവപ്പെടുന്നതാണ്. പഞ്ചായത്തിന്റെ ഉൾഭാഗത്തേക്ക് പോകുന്ന റോഡുകളുടെ ഗുണമേൻമ വർദ്ധിപ്പിച്ചുകൊണ്ട് ഹൈവേ വികസനമുണ്ടാക്കുന്ന സാധ്യതകൾ പരമാവധി ഉപയോഗപ്പെടുത്താവുന്നതാണ്. വാഹന ഗതാഗതം ഏറെയുള്ളതും ടാർ ചെയ്തുകഴിഞ്ഞാൽ പബ്ലിക്കൺവെയൻസ് സൗകര്യം ഉണ്ടാവാനുള്ള സാധ്യത കൂടിയതുമായ റോഡുകൾ മുൻഗണനാക്രമത്തിൽ താർ ചെയ്യാൻ പരിഗണിക്കാവുന്നതാണ്.
(താർ ചെയ്യാൻ പരിഗണിക്കപ്പെടേണ്ട റോഡുകളുടെ ലിസ്റ്റ്-പട്ടിക-2-കാണുക.)

3. കൃഷിഭൂമിയെയും പരിസ്ഥിതിയെയും ഏറ്റവും കുറച്ചുമാത്രം ബാധിക്കുന്ന രീതിയിൽ തീരെ റോഡ് സൗകര്യമില്ലാത്ത പോയൻറുകളിലേക്ക് പുതിയ റോഡുകൾ ജനങ്ങൾ സ്വയം മുന്നോട്ടുവന്ന് നിർമ്മിക്കാവുന്നതാണ്. ഇതിന് പഞ്ചായത്തിന് പരമാവധി സഹായം നൽകാവുന്നതാണ്.

4. പട്ടികവർഗ്ഗക്കാർ തിങ്ങിപ്പാർക്കുന്ന പഞ്ചായത്തിന്റെ കിഴക്കൻ പ്രദേശങ്ങളിലെ റോഡ് വികസനത്തിന് കേന്ദ്ര-സംസ്ഥാന സർക്കാർ നൽകുന്ന ഫണ്ടുകൾ പരമാവധി അനുവദിച്ചുകിട്ടാൻ പഞ്ചായത്ത് അധികൃതർക്ക് തീവ്രയത്നം നടത്താവുന്നതാണ്.

5. ചെറുവാഞ്ചേരി അപ്രോച്ച് റോഡിന്റെ പണി അടിയന്തിരമായി പൂർത്തിയാക്കാൻ സമ്മർദ്ദം ചെലുത്താവുന്നതാണ്.

6. മരപ്പാലത്ത് ഒരു പാലം പണിത് മുതിയങ്ങയെ ഈസ്റ്റ്വള്ള്യായിയുമായി യോജിപ്പിക്കാവുന്നതാണ്.

7. റോഡുകളുടെ അറകുറപ്പണികൾ ജനപങ്കാളിത്തത്തോടെ നടത്താനുള്ള സംവിധാനം ഉണ്ടാവണം. 500 മീറ്റർ നീളം വരുന്ന ഭാഗത്തെ ഓരോ യൂനിറ്റുകളാക്കി വിഭജിച്ച് ഇത്തരത്തിലുള്ള ഓരോ യൂനിറ്റിന്റെയും അറകുറപ്പണികൾ ചെയ്യാൻ യൂനിറ്റ് മെയിൻറനൻസ് കമ്മിറ്റികൾ രൂപീകരിക്കാവുന്നതാണ്. മുഴുവൻ രാഷ്ട്രീയ-സാംസ്കാരിക സംഘടനകളുടെയും പ്രാതിനിധ്യമുള്ള ഈ കമ്മിറ്റിക്ക് അറകുറപ്പണിക്ക് അവരുടെ യൂനിറ്റിന്റെ അളവിനു തുല്യമായ സംഖ്യ പഞ്ചായത്ത് ഫണ്ടിൽനിന്ന് നൽകാവുന്നതാണ്. യൂനിറ്റിന്റെ അളവു

കം ചെറുതാവുമ്പോഴും ശ്രമദാനം കൊണ്ടു തന്നെ ഈ പണികളും പൂർത്തിയാക്കാൻ മിക്കവാറും കഴിയുന്നതാണ്.

8. ചെറുവാഞ്ചേരിയിൽ ഒരു ബസ് സ്റ്റാന്റ് പണിയാവുന്നതാണ്. ടാക്സി - ജീപ്പ് പാർക്കിങ്ങ് സംവിധാനവും ആവശ്യമാണ്. കൊട്ടയോടി, പത്തായക്കുന്ന്, കിഴക്കേ കതിരൂർ, പുതിയതെരു എന്നിവിടങ്ങളിൽ ബസ് ഷെൽട്ടറുകളും സ്ഥാപിക്കാവുന്നതാണ്.

9. കോട്ടയം പൊയിലിൽനിന്നും പൂക്കാവ് വരെയുള്ള നിർദ്ദിഷ്ഠതോടിന്റെകൂടെ നടക്കാനാവശ്യമായ നല്ലൊരു നടപ്പാതയും ഉണ്ടായിരിക്കേണ്ടതാണ്. കനാൽ പ്ലാലം-തുള്ളിക്കണ്ടിതാഴെ നടപ്പാതയും, കൊട്ടയോടി പഴയടത്തില്ലം തോട്ടിന്റെ നടപ്പാതയും ഇതുമായി ബന്ധിപ്പിക്കുന്നതോടെ കോങ്ങാറ വയലിലെ കാൽനടക്കാർക്കുള്ള പ്രശ്നം തീരുന്നതാണ്. ഗ്രാമസഭ നിർദ്ദേശിച്ചിട്ടുള്ള മറ്റ് 12 നടപ്പാതകളും പരിഗണിക്കാവുന്നതാണ്. ഗ്രാമസഭയിൽ നിർദ്ദേശിച്ചിട്ടുള്ള 14 നടപ്പാലങ്ങളും കെട്ടാനും നടപടികളും സ്വീകരിക്കാവുന്നതാണ്.

10. റോഡിന്റെ നടുവിലുള്ള വൈദ്യുതി പോസ്റ്റുകളും ശ്രമദാനമായി മാറ്റി വെക്കാൻ വൈദ്യുതി ബോർഡുമായി യോജിച്ചുകൊണ്ട് ഒരുപരിപാടി ആവിഷ്കരിക്കാവുന്നതാണ്.

11. വാഹനങ്ങളും കുഴികിയും മാലിന്യങ്ങളും നിക്ഷേപിച്ചും റോഡ് വൃത്തികേടാക്കുന്നത് കർശനമായും തടയാൻ നിയമനടപടികളടക്കം സ്വീകരിക്കാവുന്നതാണ്.

12. പബ്ലിക് കൺവേയൻസ് സൗകര്യങ്ങളും നിഷേധിക്കുകയും റോഡിൽ സംഘർഷമുണ്ടാക്കുന്ന സാഹചര്യങ്ങളും ഒരുക്കുകയും ചെയ്യുന്ന സ്വകാര്യ ബസുകാരുടെ നിയമവിരുദ്ധ പ്രവർത്തനങ്ങളും തടയാൻ ടി. സി റോഡ്, കടന്നുപോകുന്ന മുഴുവൻ ഗ്രാമപഞ്ചായത്ത്-മുനിസിപ്പാലിറ്റി അദ്ധ്യക്ഷരുടെയും ഒരു കോ-ഓർഡിനേഷൻ കമ്മിറ്റി രൂപീകരിച്ച്, പോലീസ്-ട്രാൻസ്പോർട്ട് വകുപ്പുകളെയും ആർ. ഡി. ഒ. വിനെയും ബന്ധപ്പെടുത്തി കൊണ്ട് നിർബന്ധമായി നിർത്തേണ്ട സ്റ്റോപ്പുകളുടെ ലിസ്റ്റ് ഉണ്ടാക്കുകയും ഇത് ലംഘിക്കുന്ന ബസുകാർക്കെതിരെ കർശന നടപടികളും സ്വീകരിക്കാവുന്നതുമാണ്.

പട്ടിക - 1

ക്രമ നം.	ഉടമസ്ഥത	ടാർ ചെയ്യാത്ത നീളം	ടാർ ചെയ്ത നീളം	ആകെ നീളം
1	പി. ഡബ്ല്യു. ഡി.	—	20—	20—
2	പഞ്ചായത്ത്	52 535	9.150	61.685
	ആകെ	52 535	29.150	81.685

പട്ടിക - 2

ഗ്രാമസഭകളും നിർദ്ദേശിച്ച ഏറ്റവും കൂടുതൽ വാഹനങ്ങളും ഉപയോഗിക്കുന്ന താർ ചെയ്യേണ്ട മൺറോഡുകളുടെ പട്ടിക

ക്രമ നം.	റോഡിന്റെ പേര്	
1	പൂക്കോട് - കോങ്ങാറ റോഡ്	സംയോജിത റോഡ് പദ്ധതിയുടെ ഭാഗം
2	കാലൂന്നിമൊട്ട - പനന്തേരിപറമ്പ് റോഡ്	
3	കൊള്ളപ്പത്തുവയൽ - ചാടാലപ്പുഴ റോഡ്	
4	പത്തായക്കുന്ന് കൊങ്കച്ചി - ചാടാലപ്പുഴ റോഡ്	
5	കൊട്ടയോടി എൽ. പി. സ്കൂൾ - കോങ്ങാറ അമ്പലം റോഡ്	
6	പാടൂം ഹൈസ്കൂളിലേക്ക് പോകുന്ന റോഡുകളും (പരസ്പരം ബന്ധിപ്പിച്ച്)	
7	പത്തായക്കുന്ന് - പുതിയതെരു റോഡ്	
8	ബാങ്ക് കേന്ദ്രം - തെക്കേയിൽ മുക്ക് റോഡ്	
9	കല്ല് വളപ്പ് - ശ്രീനാരായണ മഠം റോഡ്	
10	പാറേമ്മൽ പീടിക-കണ്ടൻ പീടിക-ചെറുവാഞ്ചേരി റോഡ്	
11	വെങ്ങളം - ചെറുവാഞ്ചേരി റോഡ്	
12	ചിറ്റാരി പറമ്പ് - ശ്രീനാരായണമഠം - മഞ്ഞാപ്പം റോഡ്	
13	പാടൂം സ്മാരക ഹൈസ്കൂളിലേക്കുള്ള റോഡ്	

പട്ടിക – 5

ഗ്രാമസഭകൾ നിർദ്ദേശിച്ച നടപ്പാലങ്ങൾ

1 കൊങ്കച്ചിയെ മൊകേരി പഞ്ചായത്തുമായി ബന്ധിപ്പിക്കുന്ന നടപ്പാലം

2 കൊങ്ങാറ വയൽ കൊഴുക്ക അനന്തന്റെ വീടിന്റെ മുന്നിൽ നടപ്പാലം

3 മൂഴിവയൽ തോടിന് നടപ്പാലം

4 മഞ്ഞാമ്പം തോടിന് നടപ്പാലം

5 വളള്യായി തോടിന് നടപ്പാലം (കല്ല്കെട്ട്)

6 കളരിതാഴെ വളള്യായി തോടിന് നടപ്പാലം

7 പാലയിൻ കീഴിൽ നടപ്പാലം (PWD റോഡുമായി ബന്ധിപ്പിക്കുന്നത്)

8 എട്ടുകണ്ടം റോഡിന് നടപ്പാലം

9 കുറുവിവയൽ പാലം

10 എട്ടാം വാർഡിൽ അണക്കെട്ടിന് കൈവരി

11 ചന്ത്രോത്ത്മുക്ക്–ചിറക്കകാവ് റോഡിനെ മൊകേരി പഞ്ചായത്തുമായി ബന്ധിപ്പിക്കുന്ന നടപ്പാലം

12 പാട്യം പഞ്ചായത്തിനേയും മൊകേരിയേയും ബന്ധിപ്പിക്കുവാൻ ചാടാലപ്പുഴക്ക് ഫൂട്ട് ഓവർബ്രിഡ്ജ്.

പട്ടിക - 6

ഗ്രാമസഭകൾ നിർദ്ദേശിച്ച പുതിയ റോഡുകൾ

1 പാത്തിപ്പാലം – കൊങ്കച്ചി

2 യുവചേതന – കതിരൂർ കാവ് റോഡ്

3 മഴവഞ്ചേരി പീടിക – ചെങ്ങാടത്ത് വീട് റോഡ്

4 അഴീക്കോടൻ വായനശാല – കോങ്ങാറ എൽ. പി. സ്കൂൾ റോഡ്

5 മുതിയങ്ങ – വളള്യായി നവോദയ റോഡ്

6 ബാദി കേന്ദ്രം – കല്ലാരത്തെ കാട്

7 കളരി താഴെ വയൽ – വളള്യായി റോഡ്

ഊർജ്ജം

ഊർജ്ജം ഉപയോഗത്തിന്റെ അളവിനെ അടിസ്ഥാനമാക്കി സമൂഹത്തിന്റെ ഭൗതിക പുരോഗതി നിർണ്ണയിക്കുന്ന കാലഘട്ടത്തിലാണ് നാം ജീവിക്കുന്നത്. ഗാർഹിക രംഗത്തെ ഊർജ്ജം ഉപഭോഗം നമ്മുടെ ജീവിത നിലവാരത്തിന്റെയും വ്യാവസായിക കാർഷിക രംഗത്തെ ഊർജ്ജ ഉപഭോഗം നമ്മുടെ നാടിന്റെ പുരോഗതിയുടെ സൂചകങ്ങളാണ്.

വൈദ്യുത ഉൽപാദനത്തിലും ഉപഭോഗത്തിലും പിന്നോക്കം നിൽക്കുന്ന നമ്മുടെ സംസ്ഥാനത്തിന്റെ ശരാശരി ഉപഭോഗത്തേക്കാളും എത്രയോ പിന്നോക്കമാണ് ഈ പഞ്ചായത്തിലെ ഉപഭോഗ നിലവാരം. 1957ലാണ് പാടൃം പഞ്ചായത്തിൽ ആദ്യമായി വൈദ്യുതിഎത്തുന്നത്. 1958ൽ കേവലം 16 ഉപഭോക്താക്കൾമാത്രമേ പഞ്ചായത്തിൽ ഉണ്ടായിരുന്നുള്ളു. ഇന്ന് പഞ്ചായത്തിന്റെ മിക്ക ഭാഗങ്ങളിലും വൈദ്യുതി എത്തിച്ചേർന്നിരിക്കുന്നു. വമ്പിച്ച നേട്ടങ്ങളാണ് ഈ മേഖലയിൽ കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ടെങ്കിലും ധാരാളം പ്രശ്നങ്ങളുണ്ട്.

പഞ്ചായത്തിലെ പാടൃം മേഖല കതിരൂർ ഇല: സെക്ഷന്റെയും ചെറുവാഞ്ചേരി കൂത്തുപറമ്പ് ഇല:മേജർ സെക്ഷന്റെയും പരിധിയിലാണ് പഞ്ചായത്തിൽ ആകെയുള്ള 4780. വീടുകളിൽ. 2856 വീടുകളിൽ വൈദ്യുതിയുണ്ട്. 620 വീടുകളാണ് അപേക്ഷ സമർപ്പിച്ച് വൈദ്യുതിക്കുവേണ്ടി കാത്തിരിക്കുന്നു. പഞ്ചായത്തിലെ 28% വീടുകളാണ് വയറിങ്ങ് ചെയ്യാത്തതാണ്. പഞ്ചായത്തിലെ 406 വ്യാപാര കണക്ഷനുകളും 34 വ്യവസായ കണക്ഷനുകളും 174 കാർഷിക കണക്ഷനുകളുമുണ്ട്. പഞ്ചായത്ത് പരിധിയിൽപ്പെട്ട ഉപഭോക്താക്കൾക്ക് 22 ട്രാൻസ്ഫോർമറുകളിൽനിന്നും കണക്ഷൻ ലഭിക്കുന്നു. ജനപങ്കാളിത്തത്തോടെ ''ഫോസ്ഫറസ് വർദ്ധനാ പരിപാടി'' കണ്ണൂർ ജില്ലയിൽ ആദ്യമായി നടപ്പിലാക്കിയത് പാടൃം പഞ്ചായത്തിലെ കോങ്ങാറയിലാണ്. 'ശ്രമദാൻ' പദ്ധതിയിൽ നടപ്പിലാക്കിയ ഈ പരിപാടി മാതൃകാപരമെന്ന് പരക്കെ പ്രശംസിക്കപ്പെട്ടിട്ടുണ്ട്.

പ്രശ്നങ്ങൾ

1 പഞ്ചായത്തിലെ ചില ഭാഗങ്ങളിൽ ഇനിയും വൈദ്യുതി എത്തിച്ചേർന്നിട്ടില്ല. ചാടാലപ്പുഴയോരത്ത് കൊങ്കച്ചിയുടെ ഒരു ഭാഗത്തും ഒസാൻറവിടം, പാടൃം സ്മാരക ഹൈസ്ക്കൂൾ പരിസരം, മുണ്ടയോട്, കാഞ്ഞിരക്കുന്ന്, കൈതക്കുന്ന്, വടക്കൻ മാക്കൂൽ, നെല്ലേരിച്ചാൽ, മാവുള്ളതിൽ, അണിയുള്ളചാൽ, പ്രിയദർശിനി റോഡ് വയ്യാംപൊയിൽ, കൊളത്ത്പറമ്പ്, ഖാദി കേന്ദ്രപരിസരം, വലിയ വെളിച്ചപരിസരം എന്നിവ ഇതിൽപെടുന്നു. 5നും പത്തിനുമിടയിൽ വീടുകളും ഉൾക്കൊള്ളുന്ന വൈദ്യുതി എത്താത്ത മൂലകളും പഞ്ചായത്തിൽ എല്ലാ വാർഡുകളുമുണ്ട്.

2 കോങ്ങാറയിലെ പബ്ലിക് ഹെൽത്ത് സെൻററിൽ വൈദ്യുതി കിട്ടാത്തതിനാൽ അതിന്റെ പ്രവർത്തനം ആരംഭിക്കാൻ കഴിയുന്നില്ല. വായനശാലകളടക്കമുള്ള നിരവധി സാംസ്കാരിക സ്ഥാപനങ്ങളും OYFC അടച്ച് കണക്ഷൻ എടുക്കാൻ കഴിയാതെ വിഷമിക്കുന്നു.

3 വിതരണ രംഗത്ത് ധാരാളം അപാകതകളും ചൂണ്ടിക്കാണിക്കാവുന്നതാണ്. നമ്മുടെ പഞ്ചായത്തിലെ ഭൂരിഭാഗം പ്രദേശം വൃക്ഷനിബിഡവും നിത്യഹരിതവുമായതിനാൽ മരച്ചില്ലകളും തട്ടി കൂടെ കൂടെ വൈദ്യുതി പോയികൊണ്ടിരിക്കുന്നു. ജീവനക്കാരുടെ കുറവ്മൂലം ഇത് നേരയാക്കാൻ ദിവസങ്ങളോളമെടുക്കുന്നു.

4 OYEC യിൽ പണമടച്ചിട്ട് 13 മാസം കഴിഞ്ഞിട്ടും കണക്ഷൻ കൊടുക്കാൻ ബോർഡിനു കഴിയുന്നില്ല. മിനിമം ഗ്യാരണ്ടി നൽകിയ പ്രദേശങ്ങളിൽ വൈദ്യുതി എത്തി

പട്ടിക – 5

ഗ്രാമസഭകൾ നിർദ്ദേശിച്ച നടപ്പാലങ്ങൾ

1 കൊങ്കച്ചിയെ മൊകേരി പഞ്ചായത്തുമായി ബന്ധിപ്പിക്കുന്ന നടപ്പാലം

2 കൊങ്ങാറ വയൽ കൊഴുക്ക അനന്തന്റെ വീടിന്റെ മുന്നിൽ നടപ്പാലം

3 മൂഴിവയൽ തോടിന് നടപ്പാലം

4 മഞ്ഞാമ്പം തോടിന് നടപ്പാലം

5 വള്ള്യായി തോടിന് നടപ്പാലം (കല്ല്കെട്ട്)

6 കളരിതാഴെ വള്ള്യായി തോടിന് നടപ്പാലം

7 പാലയിൻ കീഴിൽ നടപ്പാലം (PWD റോഡുമായി ബന്ധിപ്പിക്കുന്നത്)

8 എട്ടുകണ്ടം റോഡിന് നടപ്പാലം

9 കുറ്റിവയൽ പാലം

10 എട്ടാം വാർഡിൽ അണക്കെട്ടിന് കൈവരി

11 ചന്ത്രോത്ത്മുക്ക്–ചിറക്കകാവ് റോഡിനെ മൊകേരി പഞ്ചായത്തുമായി ബന്ധിപ്പിക്കുന്ന നടപ്പാലം

12 പാട്യം പഞ്ചായത്തിനേയും മൊകേരിയേയും ബന്ധിപ്പിക്കുവാൻ ചാടാലപ്പുഴക്ക് ഫൂട്ട് ഓവർബ്രിഡ്ജ്.

പട്ടിക - 6

ഗ്രാമസഭകൾ നിർദ്ദേശിച്ച പുതിയ റോഡുകൾ

1 പാത്തിപ്പാലം – കൊങ്കച്ചി

2 യുവചേതന – കതിരൂർ കാവ് റോഡ്

3 മൗവ്വഞ്ചേരി പീടിക – ചെങ്ങാടു വീട് റോഡ്

4 അഴീക്കോടൻ വായനശാല – കോങ്ങാറ എൽ. പി. സ്കൂൾ റോഡ്

5 മുതിയങ്ങ – വള്ള്യായി നവോദയ റോഡ്

6 ഖാദി കേന്ദ്രം – കല്ലാരത്തെ കാട്

7 കളരി താഴെ വയൽ – വള്ള്യായി റോഡ്

ഊർജ്ജം

ഊർജ്ജം ഉപയോഗത്തിന്റെ അളവിനെ അടിസ്ഥാനമാക്കി സമൂഹത്തിന്റെ ഭൗതിക പുരോഗതി നിർണ്ണയിക്കുന്ന കാലഘട്ടത്തിലാണ് നാം ജീവിക്കുന്നത്. ഗാർഹിക രംഗത്തെ ഊർജ്ജം ഉപഭോഗം നമ്മുടെ ജീവിത നിലവാരത്തിന്റെയും വ്യാവസായിക കാർഷിക രംഗത്തെ ഊർജ്ജ ഉപഭോഗം നമ്മുടെ നാടിന്റെ പുരോഗതിയുടെ സൂചകങ്ങളാണ്.

വൈദ്യുത ഉൽപാദനത്തിലും ഉപഭോഗത്തിലും പിന്നോക്കം നിൽക്കുന്ന നമ്മുടെ സംസ്ഥാനത്തിന്റെ ശരാശരി ഉപഭോഗത്തേക്കാളും എത്രയോ പിന്നോക്കമാണ് ഈ പഞ്ചായത്തിലെ ഉപഭോഗ നിലവാരം. 1957ലാണ് പാടൂം പഞ്ചായത്തിൽ ആദ്യമായി വൈദ്യുതിഎത്തുന്നത്. 1958ൽ കേവലം 16 ഉപഭോക്താക്കൾമാത്രമേ പഞ്ചായത്തിൽ ഉണ്ടായിരുന്നുള്ളു. ഇന്ന് പഞ്ചായത്തിന്റെ മിക്ക ഭാഗങ്ങളിലും വൈദ്യുതി എത്തിച്ചേർന്നിരിക്കുന്നു. വമ്പിച്ച നേട്ടങ്ങളാണ് ഈ മേഖലയിൽ കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ടെങ്കിലും ധാരാളം പ്രശ്നങ്ങളുണ്ട്.

പഞ്ചായത്തിലെ പാടൂം മേഖല കതിരൂർ ഇല: സെക്ഷന്റെയും ചെറുവാഞ്ചേരി കൂത്തുപറമ്പ് ഇല:മേജർ സെക്ഷന്റെയും പരിധിയിലാണ് പഞ്ചായത്തിൽ ആകെയുള്ള 4780. വീടുകളിൽ. 2856 വീടുകളിൽ വൈദ്യുതിയുണ്ട്. 620 വീടുകളാണ് അപേക്ഷ സമർപ്പിച്ച് വൈദ്യുതിക്കുവേണ്ടി കാത്തിരിക്കുന്നു. പഞ്ചായത്തിലെ 28% വീടുകളാണ് വയറിങ്ങ് ചെയ്യാത്തതാണ്. പഞ്ചായത്തിലെ 406 വ്യാപാര കണക്ഷനുകളും 34 വ്യവസായ കണക്ഷനുകളും 174 കാർഷിക കണക്ഷനുകളുമുണ്ട്. പഞ്ചായത്ത് പരിധിയിൽപ്പെട്ട ഉപഭോക്താക്കൾക്ക് 22 ട്രാൻസ്ഫോർമറുകളിൽനിന്നും കണക്ഷൻ ലഭിക്കുന്നു. ജനപങ്കാളിത്തത്തോടെ ''വോൾട്ടേജ് വർദ്ധനാ പരിപാടി'' കണ്ണൂർ ജില്ലയിൽ ആദ്യമായി നടപ്പിലാക്കിയത് പാടൂം പഞ്ചായത്തിലെ കോങ്ങാറയിലാണ്. 'ശ്രമദാൻ' പദ്ധതിയിൽ നടപ്പിലാക്കിയ ഈ പരിപാടി മാതൃകാപരമെന്ന് പരക്കെ പ്രശംസിക്കപ്പെട്ടിട്ടുണ്ട്.

പ്രശ്നങ്ങൾ

1 പഞ്ചായത്തിലെ ചില ഭാഗങ്ങളിൽ ഇനിയും വൈദ്യുതി എത്തിച്ചേർന്നിട്ടില്ല. ചാടാലപ്പുഴയോരത്ത് കൊങ്കച്ചിയുടെ ഒരു ഭാഗത്തും ഒസാൻറവിടം, പാടൂം സ്മാരക ഹൈസ്ക്കൂൾ പരിസരം, മുണ്ടയോട്, കാഞ്ഞിരക്കുന്ന്, കൈതക്കുന്ന്, വടക്കൻ മാക്കൂൽ, നെല്ലേരിച്ചാൽ, മാവുള്ളതിൽ, അണിയുള്ളചാൽ, പ്രിയദർശിനി റോഡ് വയ്യാംപൊയിൽ, കൊളത്ത്പറമ്പ്, ഖാദി കേന്ദ്രപരിസരം, വലിയ വെളിച്ചപരിസരം എന്നിവ ഇതിൽപെടുന്നു. 5നും പത്തിനു മിടയിൽ വീടുകളും ഉൾപ്പെടുന്ന വൈദ്യുതി എത്താത്ത മൂലകളും പഞ്ചായത്തിൽ എല്ലാ വാർഡുകളുമുണ്ട്.

2 കോങ്ങാറയിലെ പബ്ലിക്ക് ഹെൽത്ത് സെൻററിൽ വൈദ്യുതി കിട്ടാത്തതിനാൽ അതിന്റെ പ്രവർത്തനം ആരംഭിക്കാൻ കഴിയുന്നില്ല. വായനശാലകളടക്കമുള്ള നിരവധി സാംസ്കാരിക സ്ഥാപനങ്ങളും O F C അടച്ച് കണക്ഷൻ എടുക്കാൻ കഴിയാതെ വിഷമിക്കുന്നു.

3 വിതരണ രംഗത്ത് ധാരാളം അപാകതകളും ചൂണ്ടിക്കാണിക്കാവുന്നതാണ്. നമ്മുടെ പഞ്ചായത്തിലെ ഭൂരിഭാഗം പ്രദേശം വൃക്ഷനിബിഡവും നിത്യഹരിതവുമായതിനാൽ മരച്ചില്ലകളും തട്ടി കൂടെ കൂടെ വൈദ്യുതി പോയികൊണ്ടിരിക്കുന്നു. ജീവനക്കാരുടെ കുറവ്മൂലം ഇത് നേരയാക്കാൻ ദിവസങ്ങളോളമെടുക്കുന്നു.

4 OYEC യിൽ പണമടച്ചിട്ട് 13 മാസം കഴിഞ്ഞിട്ടും കണക്ഷൻ കൊടുക്കാൻ ബോർഡിനു കഴിയുന്നില്ല. മിനിമം ഗ്യാരണ്ടി നൽകിയ പ്രദേശങ്ങളിൽ വൈദ്യുതി എത്തി

ക്കാനോ സാധാരണ കണക്ഷൻ ഒരു ചെറിയ ശതമാനമെങ്കിലും കൊടുക്കാനോ ബോർഡ് ശ്രദ്ധിക്കുന്നില്ല.

5 ഉൾനാടുകളിൽ ഉറപ്പിച്ചിട്ടുള്ള ഇലക്ട്രിക് പോസ്റ്റുകളും കുറെയെണ്ണം ദ്രവിച്ചുപോയിരിക്കുന്നു. പലേടത്തും ആളുകളുടെ തലയ്ക്ക് മുട്ടാവുന്ന്ര താഴ്ന്ന ലൈനുകളും ഞാന്ന് കിടക്കുന്നു. സ്കൂൾ പരിസരങ്ങളിലെ ഈ അവസ്ഥ രക്ഷിതാക്കളിൽ ഉത്ക്കണ്ഠയുളവാക്കുന്നു.

6 സ്ട്രീറ്റ് ലൈറ്റുകളിൽ 30% ൽ കുറവ് മാത്രമേ കത്താറുള്ളൂ. ബൾബുകളും പെട്ടെന്ന് കത്തിപോകുന്നതാണ് മിക്ക സ്ഥലത്തെയും പ്രശ്നം. കൃത്യസമയത്ത് തെരുവു വിളക്കുകൾ കത്തിക്കാനും അണയ്ക്കാനും കാര്യമായ സംവിധാനമില്ല. ഉൾനാടൻ റോഡുകളിൽ 90% സ്ട്രീറ്റ് ലൈറ്റും മാസങ്ങൾക്ക് മുമ്പേ കാണാതായിരിക്കുന്നു. ഷേഡുകളും മിക്ക സ്ഥലത്തും നശിച്ചുപോയിരിക്കുന്നു.

7 പാടൃം പഞ്ചായത്തിലെ ചില സ്ഥലങ്ങളിൽ നിന്ന് കതിരൂർ, കൂത്തുപറമ്പ് വൈദ്യുതി ആപ്പീസുകളിൽ എത്തി പണമടയ്ക്കാൻ ഉപഭോക്താക്കൾ വളരെ വിഷമിക്കുന്നു. ഉപഭോക്താക്കളിൽ 30% ത്തോളം കാർഷിക ജോലിയിൽ ഏർപ്പെട്ടവരോ ദിവസകൂലിക്കാരോ ആണ്. വൈദ്യുതിയുടെ പണമടയ്ക്കാൻ പോകുന്നവരിൽ 400 പേർക്കെങ്കിലും ഒരു മാസം ഒരു ദിവസം എന്ന കണക്കിൽ നഷ്ടപ്പെടുന്നുണ്ടെന്ന് കൗണ്ടറിൽ നടത്തിയ സ്പെസിമൻ അന്വേഷണങ്ങൾ വ്യക്തമാക്കിയിട്ടുണ്ട്.

8 ''പീക്ക് ഹവറുകളിൽ'' (വൈകീട്ട് 6മണി തൊട്ട് 10മണിവരെ) ഉള്ള കടുത്ത വോൾട്ടേജ് കുഷ്ഠമാണ് വൈദ്യുതിരംഗത്തെ ഏറ്റവുംവലിയശാപം. കണക്റ്റഡ് ലോഡിന്റെ 80% വിളക്കുകൾ കത്തിക്കാനാണ് പഞ്ചായത്തിലെ ഉപഭോക്താക്കൾ ഉപയോഗിക്കുന്നത്. ഈ വിളക്കുകൾ മുനിഞ്ഞു കത്തുന്നതിനാൽ കണക്ഷന്റെ ഉദ്ദേശം പോലും വ്യർത്ഥമായിപ്പോകുന്നു. ഈ അവസ്ഥയെ മറികടക്കാൻ ചില ഉപഭോക്താക്കൾ അനധികൃതമായി സ്റ്റെപ്-അപ് ഉപകരണങ്ങൾ ഉപയോഗിക്കുന്നു. ഇത് വിതരണ സമ്പ്രദായത്തെ ആകെ അലങ്കോലപ്പെടുത്തുന്നു.

ട്രാൻസ്ഫോമർ പോയിന്റിൽനിന്നും കൺസ്യൂമർ പോയിന്റിലേക്കുള്ള അകലമാണ് വോൾട്ടേജ് പ്രതിസന്ധിയുടെ പ്രധാനകാരണം, പഞ്ചായത്തിലെ മൊത്തം ഉപഭോക്താക്കളിൽ 35% പേർ ട്രാൻസ്ഫോമർ പോയിന്റിൽനിന്നും ഒരു കിലോ മീറ്ററിനും 2 കിലോ മീറ്ററിനും മധ്യേയുള്ള ദൂരപരിധിയിൽ ഉൾപ്പെടുന്നു. 20% പേർ 2 കിലോ മീറ്ററിനും 3 കിലോ മീറ്ററിനും ഇടയിലുള്ള ലൈൻ ഡിസ്റ്റൻസിൽപ്പെടുന്നു. 5% ഉപഭോക്താക്കൾ 3 കിലോ മീറ്ററിലധികം ലൈൻ ഡിസ്റ്റൻസിൽ ലൈൻ കണക്ഷൻ ഉള്ളവരാണ്. പഞ്ചായത്തിലേക്ക് വൈദ്യുതി തരുന്ന 22 ട്രാൻസ്ഫോർമറുകളിൽ 18 എണ്ണവും അമിതഭാരം താങ്ങുന്നവയാണ്. 250%ത്തിലധികം ഭാരം താങ്ങുന്ന ട്രാൻസ്ഫോർമറുകളും ഇവയുടെ കൂട്ടത്തിലുണ്ട്. പീക്ക്ഹവറുകളിൽ പഞ്ചായത്തിലെ 75% ഉപഭോക്താക്കൾക്കും 150 വാൾട്ടിന് താഴെ വൈദ്യുതിമാത്രമേ ലഭിക്കുന്നുള്ളൂ. 100 വോൾട്ടിൽ താഴെ മാത്രം വൈദ്യുതി ലഭിക്കുന്നതാണ് 60% പേരും.

പഞ്ചായത്തിലെ ഉപഭോക്താക്കളിൽ കുറേ പേരെങ്കിലും വൈദ്യുതി എങ്ങനെ ഉപയോഗിക്കണമെന്നതിനെക്കുറിച്ച് അജ്ഞരാണ്. നിയന്ത്രണമില്ലാത്ത വൈദ്യുതി ഉപഭോഗവും പ്രതിസന്ധിയെ രൂക്ഷമാക്കുന്നു.

9 പഞ്ചായത്തിലെ പാടൃം ഉൾപ്പെട്ട പശ്ചിമമേഖലയിൽ കടുത്ത വിറക്ക്ക്ഷാമം അനുഭവപ്പെടുന്ന പാരമ്പര്യരീതിയിലുള്ള അടുപ്പുകളാണ് 80%പേരും ഉപയോഗിക്കുന്നത്. പാരമ്പര്യേതര അടുപ്പുകളുടെ ഉപയോഗത്തെക്കുറിച്ച് പഞ്ചായത്തിലെ വീട്ടമ്മമാരുടെയിടയിൽ ബോധം കുറവാണ്. മണ്ണെണ്ണ, ഗ്യാസടുപ്പുകൾ എന്നിവയും പ്രചാരത്തിലുണ്ട്.

10 ഔദ്യോഗിക ചട്ടങ്ങളുടെ കാഠിന്യവും സിവിൽസപ്ലൈസ് വകുപ്പിലുള്ള ചുവപ്പുനാടയും, സർവോപരി പുതിയ പെർമിറ്റുകൾ നൽകുന്നതും നിർത്തിയതും മണ്ണെണ്ണ

അടുപ്പുകളും ഉപയോഗിക്കുന്നതിനു തടസ്സമാവുന്നു.

11 കണക്ഷൻ ലഭിക്കാൻ ആവശ്യമായ നീണ്ട കാത്തിരിപ്പും റജിസ്ട്രേഷനു ബാധകമായിട്ടുള്ള സ്ഥലപരിധി നിയമങ്ങളും, പാചക ഗ്യാസു ഉപയോഗിക്കുന്നതിനു തടസ്സമാവുന്നു.

സാദ്ധ്യതകൾ:

1 ജനകീയ സഹകരണത്തോടെ വോൾട്ടേജു ഇംപ്രൂവ്മെന്റു പരിപാടി നടപ്പാക്കാൻ പഞ്ചായത്തും ബോർഡും ചേർന്നു രൂപരേഖ തയ്യാറാക്കേണ്ടതാണു. വോൾട്ടേജു ഇംപ്രൂവ്മെന്റു സ്കീമുകളും ആസൂത്രണം ചെയ്യുന്നതിനു മുൻപേ വൈദ്യുതി ബോർഡിന്റെ സഹകരണത്തോടെ വിശദമായ ഒരു പവർ സർവ്വേ പഞ്ചായത്തിൽ നടത്താവുന്നതാണു. വോൾട്ടേജു ഏറ്റവും മോശമായ നിലയിലുള്ള സ്ഥലത്തെ മുൻഗണനാക്രമത്തിൽ എടുത്തു സ്കീമുകളും നടപ്പാക്കാൻ ഇതു വഴി കഴിയും.

2 പഞ്ചായത്തിലെ നിലവിലുള്ള വോൾട്ടേജു ഇംപ്രൂവ്മെന്റു നിർദ്ദേശങ്ങളും അടിയന്തിരമായും നടപ്പാക്കാൻ സമ്മർദ്ദം ചെലുത്താവുന്നതാണു.

3 ഹരിജൻ കോളനികളും, ലക്ഷം വീടു കോളനികളും എന്നിവ വൈദ്യുതീകരിക്കാൻ ഒരു ദ്രുതകർമ്മ സംവിധാനം ഏർപ്പെടുത്താം. കോണ്ടാറ PHC ക്കു കണക്ഷൻ കൊടുക്കാനും, വായനശാലകളും, സാംസ്കാരിക നിലയങ്ങളും തുടങ്ങിയ പൊതുസ്ഥാപനങ്ങൾക്കും, ആതുരാലയങ്ങൾക്കും താമസമില്ലാതെ കണക്ഷൻ നൽകാനുള്ള ഉത്തരവുകളും ഉണ്ടാക്കാൻ സമ്മർദ്ദം ചെലുത്താവുന്നതാണു.

4 ലൈൻടച്ചിംഗ്സു, എടുക്കൽ, സ്ട്രീറ്റു ലൈറ്റു സംരക്ഷണം എന്നിവയിൽ ജനപങ്കാളിത്തം അത്യാവശ്യമാണു. ഇവക്കു ഓരോ ഭാഗങ്ങളിലും പ്രത്യേക കമ്മറ്റികളും രൂപീകരിക്കുക, കരണ്ടു ചാർജ്ജു കൗണ്ടറിലടക്കാനുള്ള എളുപ്പ സംവിധാനങ്ങളും ഈ കമ്മറ്റികൾക്കു ആസൂത്രണം ചെയ്യാവുന്നതാണു.

5 പാട്യത്തെ കേന്ദ്രീകരിച്ചു ഒരു സെക്ഷൻ ഓഫീസു അടിയന്തിരമായും അനുവദിക്കാൻ അപേക്ഷിക്കാവുന്നതാണു. സെക്ഷൻ ആഫീസു അനുവദിക്കുന്നതുവരെയുള്ള സമയത്തു പാട്യത്തും, ചെറുവാഞ്ചേരിയിലും അടിയന്തിരമായും കൗണ്ടർ കലക്ഷൻ ഏർപ്പെടുത്താവുന്നതാണു.

6 മുഴുവൻ സ്ട്രീറ്റുലൈറ്റുകളും കത്തിക്കുക കൊട്ടയോടി പത്തായക്കുന്നു, പുതിയതെരു, കാര്യാട്ടപ്പുറം, കിഴക്കേകതിരൂർ, ഓട്ടച്ചിമാക്കൂൽ, കണ്ണവം കോളനി എന്നീ സ്ഥലങ്ങളിൽ സോഡിയം വേപ്പർ ലാമ്പുകളും സ്ഥാപിക്കാവുന്നതാണു. തെരുവു വിളക്കുകളും ഇല്ലാത്ത പ്രധാന നിരത്തുകളിൽ തെരുവുവിളക്കുകളും സ്ഥാപിക്കാവുന്നതാണു.

7 16 അടിയിലേറെ താഴ്ചയുള്ള മഞ്ചക്കുണ്ടു വെള്ളച്ചാട്ടത്തിൽ നിന്നും 20 അടിയിലേറെ താഴ്ചയുള്ള മിൻറ്റുട്ടി വെള്ളച്ചാട്ടത്തിൽ നിന്നും മിനി സ്കീമിൽ വൈദ്യുതി ഉൽപ്പാദിക്കാൻ കഴിയുന്നതിനു ആവശ്യമായ നടപടികളും അടിയന്തരമായും ആരംഭിക്കാവുന്നതാണു.

8 ഊർജ്ജ സംരക്ഷണത്തിന്റെ ആവശ്യകതയെക്കുറിച്ചും വൈദ്യുതി ഉപയോഗിക്കുന്നവർ അവശ്യം അറിഞ്ഞിരിക്കേണ്ട കാര്യങ്ങളെക്കുറിച്ചും ഉപഭോക്താക്കളെ വിശേഷിച്ചും വീട്ടമ്മമാരെ ബോധവൽക്കരിക്കാൻ പഞ്ചായത്തു തന്നെ മുൻകൈയെടുത്തു പരിപാടികളും സംഘടിപ്പിക്കാവുന്നതാണു.

9 വൈദ്യുതി ഉപഭോഗം കുറയ്ക്കാൻ ഇലക്ട്രിക്ക് ചോക്കു സബ്സിഡി നൽകി പ്രചരിപ്പിക്കാവുന്നതാണു. സി. എഫ്. ലാംബുകളുടെ ഉപയോഗം കൂട്ടാവുന്നതാണു പാരമ്പര്യേതര ഊർജ്ജംകൊണ്ടുള്ള ഉപകരണങ്ങളും പ്രചരിപ്പിക്കാവുന്നതാണു.

10 ബയോഗ്യാസു ഉൽപ്പാദനം പ്രചരിപ്പിക്കാവുന്നതാണു. പുകയില്ലാത്ത അടുപ്പുകളും പ്രചരിപ്പിക്കേണ്ടതും അവ സ്ഥാപിക്കാനുള്ള സംവിധാനം കഴിയുന്നിടത്തോളം സാമ്പത്തിക ഭാരം കുറച്ചുകൊണ്ടു പഞ്ചായത്തു തലത്തിൽ തന്നെ ഏർപ്പെടുത്താവുന്നതാണു.

11 സൗരോർജ്ജമുപയോഗിച്ചു പ്രവർത്തിക്കുന്ന വിളക്കുകളും പ്രചരിപ്പിക്കാവുന്നതാണു. നിലവിൽ വൈദ്യുതിയില്ലാത്ത പ്രദേശങ്ങളിൽ സൗരോർജ്ജമുപയോഗിച്ചു വൈദ്യുതി നിർമ്മിക്കാവുന്നതാണു.

പട്ടിക – 1

വൈദ്യുതി സംബന്ധിച്ച വിവരങ്ങൾ

(പട്ടികകളിൽ)

ക്രമ നം.	നിലവിലുള്ള ഉപഭോക്താക്കൾ	ഉപഭോക്താക്കളുടെ എണ്ണം
1	ഗാർഹികം	2856
2	വ്യാപാരം	406
3	വ്യാവസായികം	34
4	കാർഷികം	174
5	ആകെ	3470

പട്ടിക – 2

കണക്ഷൻ കിട്ടാൻ ബാക്കിയുള്ള ഉപഭോക്താക്കളുടെ എണ്ണം (കാറ്റഗറി തിരിച്ച്)

ക്രമ നം.	കാറ്റഗറി	അപേക്ഷകരുടെ എണ്ണം
1	സാധാരണ	602
2	ഒ. ടി. പി. (മുൻഗണനാക്രമം തെറ്റിച്ച് കൊടുക്കാൻ അർഹതയുള്ളവർ)	8
3	ഒ. വൈ. ഇ. സി. (പണമടച്ച് കണക്ഷനു് അപേക്ഷിച്ചവർ)	40
	ആകെ	650

പട്ടിക - 3

അവസാനം നൽകിയ കണക്ഷന്റെ അപേക്ഷാ തിയ്യതി

ക്രമ നം:	കാറ്റഗറി	കതിരൂർ സെക്ഷൻ	കുത്തുപറമ്പ് സെക്ഷൻ
1	സാധാരണ (പോസ്റ്റില്ലാത്തത്)	28—2—94	31—12—93
2	സാധാരണ (പോസ്റ്റുള്ളത്)	30—9—91	30—9—91
3	ഒ. വൈ. ഇ. സി (പോസ്റ്റില്ലാത്തത്)	31—8—96	31—8—96
4	ഒ. വൈ. ഇ. സി (പോസ്റ്റുള്ളത്)	31—7—95	31—7—95

പട്ടിക – 4

സ്ട്രീറ്റ് ലൈറ്റ് സംബന്ധിച്ച വിവരങ്ങൾ

ബൾബുകളുടെ എണ്ണം	251
ട്യൂബുകളുടെ എണ്ണം	4 (40°W ഡബിൾ)
സോഡിയം വേപ്പർ വിളക്കുകൾ	5
ആകെ അടക്കുന്ന (മാസത്തിൽ) തുക	3293 രൂപ

പട്ടിക – 5

പാട്യം ഗ്രാമ പഞ്ചായത്ത്

10.2 ഹരിജൻ കോളനി വൈദ്യുതീകരണം സംബന്ധിച്ച വിവരങ്ങൾ

വാർഡ് നമ്പർ	ഹരിജൻ കോളനികളുടെ പേര്	വൈദ്യുതി കണക്ഷൻ ലഭിച്ച കുടുംബങ്ങൾ (എണ്ണം)	സൗജന്യ സ്ലാബിൽ വൈദ്യു ഉപ. എണ്ണം	പണം നൽകി വൈദ്യുതി കണ. ലഭിക്കുന്ന കുടും. എണ്ണം
1	2	3	4	5
11	കണ്ണവം കോളനി	72	68	4
10/11	വെങ്ങളം കോളനി	18	18	

മാർക്കറ്റ്

ഗാന്ധിജിയുടെ സ്വപ്നത്തിലുണ്ടായിരുന്ന സ്വയം സമ്പൂർണ്ണ ഗ്രാമങ്ങളിൽ പൊതുചന്ത സ്ഥലങ്ങൾക്ക് ഉയർന്ന പ്രാധാന്യം കല്പിച്ചിട്ടുണ്ട്. ഇടനിലക്കാരന്റെ ഇടപെടലുകളില്ലാതെ ഉല്പാദകൻ നേരിട്ട് ഉപഭോക്താവിനെയും മറിച്ചും തേടുന്ന ലളിതവും ഋജുവും ആയ പ്രക്രിയ ഐശ്വര്യപൂർണ്ണമായ ഒരു കാർഷിക ഗ്രാമത്തിന്റെ ചൈതന്യമാണെന്ന് ഗാന്ധിജി പറഞ്ഞിട്ടുണ്ട്.

ഒരു സമ്പൂർണ്ണ കാർഷിക ഗ്രാമമായ പാടൃത്ത് വിളഞ്ഞിരുന്ന കാർഷികോൽപ്പന്നങ്ങൾക്ക് വടക്കേ മലബാർ പ്രദേശത്തും കുടക് ദേശത്തും വളരെ പ്രിയമായിരുന്നു. പാടൃത്തെ വയലുകളിൽ വിളയുന്ന നേന്ത്രക്കായക്കും മരച്ചീനിക്കും മാർക്കറ്റിൽ ഇപ്പോഴും പ്രിയംകൂടുതൽ തന്നെ. വളരെ വിശിഷ്ടമായ ഔഷധച്ചെടികളും നാട്ടുമരുന്നുകളും തേൻ തുടങ്ങിയുള്ള വനവിഭവങ്ങളും പഞ്ചായത്തിന്റെ കിഴക്കൻ പ്രദേശത്ത് സുലഭമാണ്. ഈ അനുകൂലാവസ്ഥയെ നമ്മുടെ കർഷകർക്ക് പരമാവധി പ്രയോജനപ്പെടുത്താവുന്ന രീതിയിൽ ഒരു മാർക്കറ്റിംഗ് സംവിധാനം രൂപപ്പെടുത്തേണ്ടതാണ്.

പ്രശ്നങ്ങൾ

1 തലശ്ശേരി, കൂത്തുപറമ്പ് മാർക്കറ്റുകളുമായുള്ള പാടൃത്തിന്റെ സാമീപ്യം നമ്മുടെ ഗ്രാമത്തിനുള്ളിൽ തന്നെ ഒരു 'മാർക്കറ്റ്' വളർത്തിയെടുക്കാനുള്ള ശ്രമത്തിന് മങ്ങലേല്പിക്കുന്നു.

2 ആളുകളെ കേന്ദ്രീകരിക്കുന്ന കൊട്ടയോടി പത്തായക്കുന്ന് എന്നീ സ്ഥലങ്ങളിൽ ഒരു മാർക്കറ്റ് തുടങ്ങാനുള്ള സ്ഥലം ലഭിക്കാൻ വിഷമമുണ്ട്. മത്സ്യ-മാംസ മാർക്കറ്റുകൾക്ക് സമീപവാസികളുടെ അനുവാദം ആവശ്യമാണ്.

3 പച്ചക്കറികളും പയർ വർഗ്ഗങ്ങളും അന്യദേശങ്ങളിൽ നിന്നും വന്നിറങ്ങുന്നു. മൊത്തമായി വന്നിറങ്ങുന്ന ഈ സാധനങ്ങൾക്ക് ദേശവാസികളെ ഇവിടെ ഉല്പാദിപ്പിച്ച് മാർക്കറ്റിൽ നേരിട്ടു വിൽക്കുന്ന സാധനങ്ങളെക്കാൾ വിലക്കുറവ് അനുഭവപ്പെടുന്നു. ഉല്പാദന ചെലവ് കൂടുതൽ ആയതിനാൽ വില കുറച്ച് വില്ക്കാൻ കർഷകർക്ക് കഴിയുന്നുമില്ല. ഈ അവസ്ഥ ഗ്രാമത്തിനുള്ളിലെ സാധനങ്ങൾ ഗ്രാമത്തിനുള്ളിൽ തന്നെ വിറ്റഴിക്കുക എന്ന സങ്കല്പത്തെ അപ്രായോഗികമാക്കുന്നു.

4 ലേബലിംഗ്, പാക്കിംഗ് തുടങ്ങിയ സംവിധാനത്തോടെ വിതരണ ഏജൻസികളിലൂടെ വരുന്ന സാധനങ്ങൾക്ക് കൂടുതൽ ഗുണനിലവാരമുണ്ടെന്ന ധാരണയും മാദ്ധ്യമങ്ങളിലൂടെ വരുന്ന പരസ്യങ്ങൾ ഉപഭോക്താക്കളിൽ ചെലുത്തുന്ന സ്വാധീനവും പാരമ്പര്യ രീതിയിൽ അധിഷ്ഠിതമായ ''ചന്ത'' ക്കച്ചവടങ്ങൾക്കുള്ള സാധ്യതകൾ കുറച്ചിരിക്കുന്നു.

സാധ്യതകൾ

1 കൊട്ടയോടിയിൽ ഒരു ആഴ്ചചന്ത തുടങ്ങാവുന്നതാണ്. ശനിയാഴ്ചയാണ് ഏറ്റവും അനുയോജ്യമായ ദിവസം - കാർഷിക വിളകൾ, കന്നുകാലികൾ, വനവിഭവങ്ങൾ, കൗതുക വസ്തുക്കൾ, ഗൃഹോപകരണങ്ങൾ തുടങ്ങിയവ ഈ ആഴ്ച ചന്തയിൽ വിറ്റഴിക്കാവുന്നതാണ്.

2 കൊട്ടയോടിയിൽ ഒരു മത്സ്യമാർക്കറ്റും ഇറച്ചി മാർക്കറ്റും ആരംഭിക്കാവുന്നതാണ്. പഴശ്ശി പദ്ധതി അധികൃതരുമായി ആലോചിച്ച് അതിന്റെ സാങ്കേതിക സൗകര്യങ്ങൾക്ക് വിധേയമായി ഒരു സെയിൽസ് പ്ലാറ്റ് ഫോം കനാലിന്റെ കിഴക്കേ ചരുവിൽ നിർമ്മിക്കാൻ ആലോചിക്കാവുന്നതാണ്.

3 പത്തായക്കുന്ന് പുതിയതെരു, കാര്യാട്ടുപുറം എന്നിവിടങ്ങളിൽ മത്സ്യ മാർക്കറ്റ് ആരംഭിക്കാൻ ആലോചിക്കാം.

4 ചെറുവാഞ്ചേരിയിൽ മത്സ്യ മാർക്കറ്റും ഒരു പൊതുമാർക്കറ്റ് സ്ഥലവും ഏർപ്പെടുത്താവുന്നതാണ്.

സാമൂഹ്യക്ഷേമം - പാർപ്പിടം

സമൂഹത്തിൽ താഴെക്കിടയിലുള്ളവരെ പൊതുധാരയിലേക്ക് ഉയർത്തിക്കൊണ്ടു വരാനുദ്ദേശിച്ചുകൊണ്ട് കേരള കേന്ദ്രസർക്കാറിന്റെ ആഭിമുഖ്യത്തിൽ പലപദ്ധതികളും നടപ്പിലാക്കി വരുന്നുണ്ട്. വിദ്യാഭ്യാസ പരമായ പിന്നോക്കം സാമൂഹികമായ പിന്നോക്കം എന്നീകാരണങ്ങളാൽ സർക്കാർ പദ്ധതിയെക്കുറിച്ച് ജനങ്ങൾക്ക് ശരിയായ ധാരണയില്ലായ്മ സ്ഥിരീയോടൈപ്പ് പദ്ധതി നടപ്പാക്കുന്നതിലൂടെ വരുന്ന ലക്ഷ്യ ബോധമില്ലായ്മ തുടങ്ങിയവകൊണ്ട് ഉദ്ദേശങ്ങൾ നടക്കാതെപോയി. ദുർബല വിഭാഗങ്ങൾ, വിധവകൾ, അബലകൾ, വൃദ്ധൻമാർ, അംഗവൈകല്യം ബാധിച്ചവർ, മാറാരോഗംബാധിച്ചവർ എന്നീ വിഭാഗങ്ങൾക്കുള്ള ആനുകൂല്യങ്ങൾ, ഗർഭിണികൾ, കുട്ടികൾ എന്നീ വിഭാഗങ്ങൾക്ക് പ്രത്യേകമായി ക്ഷേമപദ്ധതികളുണ്ട്.

സംയോജിത ഗ്രാമവികസന പദ്ധതി (IRDP) യും ഘടക പദ്ധതികളായ റൂറൽ ലാൻഡ്ലസ് എംപ്ലോയ്മെൻറ് ഗാരൻറി പ്രോഗ്രാം (RLEGP) ട്രെയിനിംഗ് ഓഫ് റൂറൽ യൂത്ത്സ് ഫോർ സെൽഫ് എംപ്ലോയ്മെൻറ്(TRYSM)DWCRA RAP തുടങ്ങിയ പദ്ധതികളും ഗ്രാമ വികസന വകുപ്പ് സാമൂഹ്യക്ഷേമ വകുപ്പ്, കൃഷിഭവൻ, ഗ്രാമ പഞ്ചായത്ത്, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസ് തുടങ്ങിയവ മുഖേനയാണ് പാടൃം പഞ്ചായത്തിൽ നടപ്പാക്കി വരുന്നത്.

IRDP: വികസനപ്രക്രിയയിൽ ഈ വികസന പദ്ധതിക്കുള്ള പ്രാമുഖ്യം മറൊരു പദ്ധതിക്കും ഇതുവരെ കൈവരിക്കാൻ കഴിഞ്ഞിട്ടില്ല. ആദ്യ അഞ്ചു പദ്ധതിയിലും ദാരിദ്ര്യ നിർമാർജ്ജനത്തിനു പലപേരിലും നടപ്പാക്കിയിരുന്ന പദ്ധതികൾ ആറാം പദ്ധതിയിലാണ് IRDP എന്ന ഒരു സ്ഥായിയായ രൂപം കൈവന്നത്.

1992 95 ലെ കൂട്ടിചേർത്തതുമായ IRDP സർവ്വെ പട്ടികപ്രകാരം ദാരിദ്രരേഖക്ക് താഴെയുള്ളവരുടെ സ്ഥിതി.

ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളആകെ കുടുംബം	സാമ്പത്തിക സഹായം ലഭിച്ച കുടുംബം	ദാരിദ്ര്യരേഖയ്ക്ക് മുകളിൽ എത്തിയവർ	ദാരിദ്ര്യരേഖയ്ക്ക് മുകളിൽ എത്താതവർ
1836	627	255	372

DNCRA പദ്ധതിപ്രകാരം പഞ്ചായത്തിൽ W-2ൽ ഒരു ഗാർമെൻറ്മെയിക്കിംഗ് സെറർ, പശുവളർത്തൽകേന്ദ്രം വാർഡ്- 5 ഓർക്കിഡ്കൃഷി വാർഡ് 8ൽ ജില്ലിനിർമ്മാണകേന്ദ്രം എന്നിവ പ്രവർത്തിച്ചുവരുന്നുണ്ട്. 9ാം വാർഡിൽ തുടങ്ങിയിരുന്ന (90_91) റെഡീമെയ്ഡ് നിർമ്മാണയൂനിറ് പ്രവർത്തിക്കുന്നില്ല,

R.A.P. (Rural Artisans Programme)

ഗ്രാമീണ കൈത്തൊഴിലാളികൾക്ക് പരിഷ്കരിച്ച തൊഴിലുപകരണങ്ങൾ നൽകുന്ന പദ്ധതി 1992_93 മുതലാണ് പാടൃം പഞ്ചായത്തിൽ നടപ്പാക്കിവരുന്നത് 41 പേർക്ക് സഹായം ലഭിച്ചിട്ടുണ്ട്

ഇതുവരെയായി.....ആളുകൾക്ക് മെച്ചപ്പെട്ടതൊഴിലുപകരണങ്ങൾ നൽകിയിട്ടുണ്ട്. ആശാരിപണിക്കാർക്ക് ഇലക്ട്രിക്ഡ്രിൽ, കൊല്ലപ്പണിക്കാർക്ക് ഇലക്ട്രിക്ബ്ലോവർ, ഡ്രിൽ, മെയ്സറിപണിക്കാർക്ക് ടൈൽസ് കട്ടിംഗ്മെഷീൻ, സ്വർണ്ണപ്പണിക്കാർക്ക് ബഫിംഗ്മെഷീൻ എന്നിവയാണ് വിതരണം ചെയ്തിട്ടുള്ളത്.

IRDP സർവ്വെപ്രകാരം കുടുംബങ്ങൾക്ക് ഇനിയും വിതരണം ചെയ്യാറുണ്ട്.

CRSP കക്കൂസ് പ്രകാരം സഹായധനംലഭിച്ച 69 കുടുംബങ്ങളുണ്ട് IRDP സർവ്വെപ്രകാരം 977 കുടുംബത്തിനു ഇനിയും സഹായം ലഭിക്കേണ്ടതുണ്ട്.

TRISM കോട്വഴി 95_96ൽ 106 പേർ പരിശീലനംതേടി ഭൂരിഭാഗംപേരും സ്വയംതൊഴിൽ കണ്ടെത്തിയിട്ടുണ്ട്.

ICDS സംയോജിത ശിശുവികസന പദ്ധതി ഇന്ത്യയിൽ

1975 ലാണ് ആരംഭിക്കുന്നത് മലപ്പുറം ജില്ലയിലെ വേങ്ങര ബ്ലോക്കിലാണ് ആദ്യമായി നടപ്പിലാക്കിയത്. ഈ പദ്ധതി കേരളത്തിൽ 113 ബ്ലോക്കിൽ നടപ്പിലാക്കിവരുന്നു. 1984 ൽ കൂത്തുപറമ്പിലും ആരംഭിച്ചു.

6 വയസ്സുവരെയുള്ള കുട്ടികളുടെ പോഷണ നിലവാരം ഉയർത്തുക, ശിശുവിന്റെ മാനസികവും ശാരീരികവും സാമൂഹികവുമായ വികസനത്തിന് അടിത്തറ പാകുക, ശിശുവിന്റെ ശരിയായ ആരോഗ്യവും പോഷണവും ശ്രദ്ധിക്കാൻ തക്കവിധത്തിൽ മാതാവിന്റെ ശേഷിവർദ്ധിപ്പിക്കുന്നതിന് പോഷണ വിദ്യാഭ്യാസവും ആരോഗ്യ വിദ്യാഭ്യാസവും നൽകുക. ശിശുവികസനത്തിന് അനുയോജ്യമായ വിധത്തിൽ വിവിധ വകുപ്പുകൾ തമ്മിൽ നയരൂപീകരണത്തിലും നടത്തിപ്പിലും സമീകരണം വരുത്തുക എന്നിവയാണ് ഇതിന്റെ ലക്ഷ്യം.

IRDP സർവ്വെയിൽ ഉൾപ്പെടുന്ന കുടുംബങ്ങളെയും, പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽ ഉൾപ്പെടുന്ന കുടുംബാംഗങ്ങൾക്കും മുൻഗണന നൽകിയാണ് നൽകിയാണ് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത്.

ICDS ന്റെ കീഴിൽ പഞ്ചായത്തിൻ 16 അംഗൻവാടികൾ പ്രവർത്തിച്ചു വരുന്നു.

വാർഡ്	എണ്ണം	സ്ഥലം	കുട്ടികളുടെ എണ്ണം	സ്വന്തം കെട്ടിടമുള്ളവ
1	2	തിരുമംഗലം		ഇല്ല
		പത്തായക്കുന്ന്		ഉണ്ട്
2	1	കിഴക്കേ കതിരൂർ		ഇല്ല
3	—	കാലൂന്നിമൊട്ട		ഇല്ല
4	2	പൂക്കോട്		ഇല്ല
		കൊട്ടയോടി		ഉണ്ട്
5	2	പുതിയതെരു		ഇല്ല
		ചിറക്കകാവ്		—
6	1	മുതിയങ്ങ		സൗകര്യംകുറവ്
7	1	കൂറേരിപൊയിൽ		,, ,,
8	1	കലശപറമ്പ്		ഉണ്ട്
9	2	ചീരാറ		പൂർത്തിയായി വരുന്നു
		ചെറുവാഞ്ചേരി		
10	3	കല്ലുവളപ്പ്		
		പൂവ്വത്തൂർ പാലം		
11	1	പൂവ്വത്തൂർ LPS		ഉണ്ട്

അംഗൻവാടികളുടെ പ്രവർത്തനം ഒരുവിധം മെച്ചമാണ് എന്നാൽ ലക്ഷ്യത്തിലെത്തുന്നരീതിയിലുള്ള പ്രവർത്തനം കുറവാണ്. എല്ലാഅംഗൻവാടികളിലും മഹിളാസമാജം ഉണ്ടെങ്കിലും ബഹുഭൂരിപക്ഷവും നിർജീവമാണ്. ഈസ്ഥിതി മാറ്റിയെടുത്താൽ സ്ത്രീകളുടെ തൊഴിലില്ലായ്മ ഒരുപരിധിവരെ പരിഹരിക്കാൻ സാധിക്കും

അംഗൻവാടികളുടെ പ്രവർത്തനം ഊർജിതമാക്കുന്നതിനു വാർഡ്മെമ്പർ ചെയർമാൻമാനായും അംഗൻവാടി വർക്കർ കൺവീനറുമായി 15 അംഗകമ്മിറ്റി നിലവിലുണ്ട്.

പാട്യം പഞ്ചായത്തിലെ 3, 4 വാർഡുകളിലെ അംഗൻവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനുള്ള സാമ്പത്തികസഹായം ലഭിച്ചിട്ടുണ്ട്. കെട്ടിടനിർമ്മാണം ആരംഭിക്കണം.

പഞ്ചായത്തിൽ വിതരണംചെയ്ത വിവിധ പെൻഷൻ (95-96 നടന്ന സർവ്വെ)

		91	92	93	94	95
1	വാർദ്ധക്യകാലപെൻഷൻ	2	—	—	—	—
2	വികലാംഗപെൻഷൻ	4	4	2	4	3
3	തൊഴിലില്ലായ്മ വേതനം					164
4	കർഷകതൊഴിലാളി പെൻഷൻ	542	546	554	563	563
5	ക്ഷയരോഗിപെൻഷൻ	3	2	—	—	1
6	അഗതിപെൻഷൻ	—	3	—	—	—
7	വിധവാപെൻഷൻ	4	1	—	4	3
8	സ്വാതന്ത്ര്യസമരപെൻഷൻ	4	4	4	4	3

ക്ഷേമനിധികളും കർഷകതൊഴിലാളി ക്ഷേമ നിധി, നിർമ്മാണതൊഴിലാളി ക്ഷേമ, തയ്യൽ തൊഴിലാളികളും, മദ്യവ്യവസായ തൊഴിലാളി ക്ഷേമനിധി, മോട്ടോർതൊഴിലാളി ക്ഷേമനിധി കൈതറിതുടങ്ങിയ ക്ഷേമനിധിയിൽ പഞ്ചായത്തിലെ ഉപഭോക്താക്കളും ചേർന്നിട്ടുണ്ട്.

സമൂഹത്തിലെ അശരണരും ആലംബഹീനരുമായ ജനങ്ങളുടെ സംരക്ഷണവും പുനരധിവാസവും ലാക്കാക്കി സംസ്ഥാനസാമൂഹ്യക്ഷേമവകുപ്പ് പലപരിപാടികളും നടപ്പാക്കിവരുന്നുണ്ട്.

അബലാ മന്ദിരങ്ങളും, റസ്ക്യൂഹോമുകളും, ആഫ്റ്റർ കെയർഹോളുകളും, വികലാംഗ സദനങ്ങളും. മന്ദബുദ്ധികൾക്കായുള്ള സ്ഥാപനം, ബാലസദനം, ആശാഭവനം, വൃദ്ധസദനം, കാസ്റ്റോഡിയൻ കെയർ ഹോളുകളും എന്നിവ അതിൽ ചിലതാണ്.

വിദ്യാർത്ഥികൾക്ക് വിവിധ ഇനം സ്കോളർഷിപ്പ് വകുപ്പ് മുഖാന്തിരം നൽകപ്പെടുന്നുണ്ട്. വികലാംഗ വിദ്യാർത്ഥികളും, ബുദ്ധിമാന്ദ്യം സംഭവിച്ച വിദ്യാർത്ഥികളും എന്നിവർക്ക് മെറിറ്റ് സ്കോളർഷിപ്പ് നൽകിവരുന്നുണ്ട്. ഹരിജൻ ഗിരിജൻ വിദ്യാർത്ഥികൾക്കായി 4ാം വാർഡിൽ ഒരു ഹോസ്റ്റൽ പ്രവർത്തിച്ചുവരുന്നുണ്ട്.

മിശ്രവിവാഹിതർക്കുള്ള സാമ്പത്തികാനുകൂല്യം പഞ്ചായത്തിലെ ദമ്പതിമാർക്ക് ലഭിക്കാറുണ്ട്.

സാമൂഹ്യവനവൽക്കരണം

ഈ സ്കീമിൽ 91–96 വർഷങ്ങളിൽ വ്യക്ഷതൈകളും വിതരണം ചെയ്തിട്ടുണ്ടെങ്കിലും യഥാർത്ഥലക്ഷ്യം നേടിയിട്ടില്ലെന്നു പറയാം

പ്രശ്നങ്ങൾ

1 IRDP സർവ്വെ സമഗ്രമല്ല. അനർഹരായവർ സർവ്വെയിൽ ഉൾപ്പെടുന്നു. അർഹരായവർ ഒഴിവാക്കപ്പെടുന്നു.

2 വിവിധ വികസന പദ്ധതിയിൽ കൂടി ലഭിച്ച സാമ്പത്തിക സഹായം നിശ്ചിത പ്രവർത്തനത്തിന് ഉപയോഗിക്കുന്നില്ല.

3 IRDP പദ്ധതികളും വിവിധ ബേങ്കുകളെ ആശ്രയിക്കേണ്ടതിനാൽ നിശ്ചിത സമയത്തിനകം സാമ്പത്തിക സഹായം ലഭിക്കുന്നില്ല.

4 പഞ്ചായത്തിൽ പട്ടികവർഗ്ഗക്കാരുടെ എണ്ണം ആനുപാതികമായി കൂടുതലാണ്. ജനറൽ വിഭാഗക്കാർക്ക് ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് ചില തടസ്സങ്ങൾ ഇതുവഴി വരുന്നുണ്ട്. ഈ ആനുകൂല്യം നിലനിർത്തിക്കൊണ്ട് തന്നെ ജനറൽ വിഭാഗങ്ങൾക്ക് കൂടുതൽ ആനുകൂല്യം നൽകണം

5 ജില്ലാതലത്തിൽ ആസൂത്രണം ചെയ്യപ്പെടുന്ന ചില പദ്ധതികളും പ്രാദേശികമായി വിജയിക്കുന്നില്ല.

6 CWCRA പോലുള്ള പദ്ധതിയിൽ ഫലപ്രദമായ സ്കീം കണ്ടെത്താൻ കഴിയുന്നില്ല. യൂനിറ്റിൽ സമാനചിന്താഗതിക്കാരും കഴിവുള്ളവരുമായ 10 പേരെ കണ്ടെത്താൻ സാധിക്കുന്നില്ല.

7. നെയ്ത്തുകാർക്ക് RAP പദ്ധതി പ്രകാരം ഉപകരണങ്ങൾ നൽകിയിട്ടില്ല.

8 IRDP സർവ്വെപ്രകാരം ലഭിക്കുന്ന ഗ്രാമീണ കൈത്തൊഴിലുകാരുടെ എണ്ണം പൂർണ്ണമല്ല. ജാതിയടിസ്ഥാനത്തിലുള്ളവരെയാണ് ഈ സർവ്വെയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. മറ്റ് ജാതിക്കാർ ഏർപ്പെട്ടിരിക്കുന്ന ഗ്രാമീണ കൈ തൊഴിൽ ഇത്തരം സർവ്വെയിൽ വ്യക്തമാക്കപ്പെടുന്നില്ല.

9 പഞ്ചായത്തിലെ അംഗൻവാടികൾക്ക് ഭൗതിക ചുറ്റുപാടില്ല. (കെട്ടിടം) അംഗൻവാടി വർക്കറുടെയും ആയയുടെയും വേതനം പര്യാപ്തമല്ല.

10 അംഗൻവാടികൊണ്ട് ഉദ്ദേശിക്കുന്ന ലക്ഷ്യങ്ങൾ മുഴുവനും നടക്കുന്നില്ല. അമ്മമാർ. ഗർഭിണികൾ, 14വയസുവരെയുള്ളകുട്ടികൾ എന്നിങ്ങനെ പരിധിയിൽവരുന്ന മുഴുവനാളുകൾക്കും ഗുണം ലഭ്യമല്ല. അംഗൻവാടിയിൽവരുന്ന കുട്ടികളിലും അമ്മമാരിലുമായി പ്രവർത്തനം ഒതുങ്ങിപോകുന്നു.

11 വിവിധപെൻഷനുകൾ യഥാസമയം കിട്ടുന്നില്ല. പെൻഷനു അപേക്ഷനല്കിയത് പരിഗണിക്കപ്പെടാതെ പോകുന്നു.

12 സാമൂഹ്യ വനവല്കരണം വഴിവിതരണംചെയ്യപ്പെടുന്നത് പ്രാദേശികമായി ഉപകാരപ്രദമല്ല.

13 1000 ജനസംഖ്യക്ക് ഒരു അംഗൻവാടി എന്ന നിലയിലാണ് പദ്ധതി 84ൽ ആരംഭിച്ചത്. ജനസംഖ്യാ വർദ്ധനവിന് ആനുപാതികമായി അംഗൻവാടികളില്ല.

14 ചെറുവാഞ്ചേരി വില്ലേജിൽ തൊഴിലില്ലായ്മ വേതനത്തിനു അർഹരായവരുണ്ടെങ്കിലും വേണ്ട സമയത്ത് അപേക്ഷകർ എത്തുന്നില്ല.

നിർദ്ദേശങ്ങൾ

1 IRDP സർവ്വെഗ്രാമപഞ്ചായത്തിന്റെ മേൽനേട്ടത്തിൽ നടത്തണം. സമഗ്രമായ വിവരങ്ങൾ ശേഖരിക്കണം.

2 പദ്ധതികളിൽ നല്കിയ സാമ്പത്തികസഹായത്തിന്റെ ഇവലൂഷ്യൻ നടത്തണം. ഉദ്ദേശിക്കപ്പെട്ട പ്രവർത്തിക്കുതന്നെ ഉപയോഗിക്കണമെന്ന് നിർബന്ധമുണ്ടാകണം.

3 IRDP സാമ്പത്തിക സഹായങ്ങൾ വാർഡ് വികസന സമിതിയുമായി ബന്ധപ്പെട്ട്

പെട്ടെന്നുതന്നെ ലഭിക്കാനുള്ള സാഹചര്യമൊരുക്കണം.

4 പട്ടികവർഗക്കാർക്ക് കിട്ടുന്ന ആനുകൂല്യങ്ങളും നിലനിർത്തികൊണ്ടുതന്നെ ജനറൽ വിഭാഗങ്ങളുടെ വിഹിതം വർദ്ധിപ്പിച്ചുകൊടുക്കണം.

5. CWCRA പോലുള്ള പദ്ധതികളും പ്രാദേശികമായി ആസൂത്രണം ചെയ്യണം.

6. വാർഡുതലത്തിൽ ഒരു വികസന സമിതി രൂപീകരിക്കുകയും വിജയിപ്പിക്കുവാൻ കഴിയുന്ന സംരംഭം ആലോചിക്കുകയും കഴിവുള്ളവരെ പ്രാദേശികമായി കണ്ടെത്തുകയും വേണം.

7. നെയ്ത്തുകാരെRAP പദ്ധതിയിൽ ഉൾപ്പെടുത്തി തൊഴിലുപകരണങ്ങളും വിതരണം ചെയ്യണം.

8. RAP പദ്ധതിക്ക് പ്രത്യേകമായി സർവ്വെ നടത്തി വിവിധ കൈത്തൊഴിലാളികളെ കണ്ടെത്തണം.

9. അംഗനവാടികൾക്ക് ആവശ്യമായ കെട്ടിടം നിർമ്മിച്ച് നല്കുക' കുട്ടികൾക്കാവശ്യമായ പ്രാഥമിക സൗകര്യത്തിനുള്ളവ ഏർപ്പെടുത്തുക. വർക്കരുടെയും ആയയുടെയും സേവന-വേതന വ്യവസ്ഥ പുതുക്കി നിശ്ചയിക്കുക.

10 അംഗൻവാടിയുടെ പരിധിയിൽവരുന്ന എല്ലാ വീടുകളിലെയും അമ്മമാർക്കും, ഗർഭിണികൾക്കും, കുട്ടികൾക്കും ആനുകൂല്യങ്ങളും ലഭ്യമാക്കണം, ഹെൽത്ത് വർക്കേഴ്സ്(ANM) നിരന്തരമായി വീടുകളുമായി ബന്ധപ്പെടണം.

11 വിവിധ പെൻഷനുകൾ ഗ്രാമപഞ്ചായത്ത് വഴി വിതരണം ചെയ്യുക. അപേക്ഷകൾ വില്ലേജ്/പഞ്ചായത്തുകളിൽ തന്നെ തീർപ്പ് കൽപ്പിക്കപ്പെടണം.

12 സാമൂഹിക വനവൽക്കരണ പരിപാടി അനാവശ്യമാണ്. ആവശ്യമായ വൃക്ഷത്തൈകൾ കൃഷിവകുപ്പുകൾ വഴി വിതരണം ചെയ്താൽ മതിയാകും.

13 പഞ്ചായത്തിലെ ജനസംഖ്യയായ 27,589 ന് ആനുപാതികമായി 10 അംഗൻവാടികൾ പുതുതായി അനുവദിക്കണം

14 ചെറുവാഞ്ചേരി വില്ലേജിൽ അർഹരായ തൊഴിലില്ലാത്തവരെ കണ്ടെത്താൻ ബോധവൽക്കരണം നടത്തണം.

● പാർപ്പിടം

പാട്യം പഞ്ചായത്തിൽ ആകെ 4788 വീടുകളാണുള്ളത്. ഇതിൽ 10% ഓലമേഞ്ഞതും 75% ഓടിട്ടതും 15% കോൺക്രീറ്റ് വീടുകളുമാണ്. ആകെയുള്ള 11 വാർഡുകളിൽ 3,4,5,9,7 വാർഡുകളിലാണ് കൂടുതൽ വീടുകളുള്ളത്. 20 വർഷങ്ങൾക്ക് മുൻപ് സാധാരണ വീടുകൾ മാത്രമേ ഉണ്ടായിരുന്നുള്ളു. ഏറ്റവും ദരിദ്രരാവർ ഓലയും പനമ്പട്ടയും കൊണ്ട് കുടിലുകൾ നിർമ്മിച്ചിരുന്നു. തെങ്ങിൻ കഴുക്കോൽ, മൺകട്ട, ഓല, പുല്ല് എന്നിവ ഉപയോഗിച്ച് പണിതവീടുകളും കൂടുതലായി കണ്ടുവരുന്നു. ഒന്നിടവിട്ട വർഷങ്ങളിലാണ് അത്തരം വീടുകളിൽ ഓലമാറിയിരുന്നത്. ധാരാളം നെൽവയലുകൾ ഉണ്ടായിരുന്നതുകൊണ്ട് വൈക്കോലിന് വലിയക്ഷാമം ഉണ്ടായിരുന്നില്ല. ദരിദ്രരുടെ വീട് ഓലകെട്ടിമേയുന്നത് സാമൂഹികസഹായസഹകരണത്താലായിരുന്നു. പുരകെട്ടുന്നതിനുവേണ്ടി അയൽവാസികളെ മുഴുവൻ ക്ഷണിക്കുകയും പുലർകാലത്തുതന്നെ എല്ലാവരും വന്നു പുരകെട്ടുന്നതിന് സഹായിക്കുകയും ചെയ്യും. ഒരു സമൂഹസദ്യയും ഇതോടനുബന്ധിച്ച് ഉണ്ടാകും. മിക്കവാറും കഞ്ഞിയും ചക്കകൊണ്ടുള്ള പുഴുക്കും ഉണ്ടാവുക പതിവാണ്. ഈ രീതികളും നാട്ടിൽനിന്നും ഇന്ന് അപ്രത്യക്ഷമായി.

ഇത്തരം വീടുകൾക്ക് പ്രാഥമിക സൗകര്യങ്ങളും മാത്രമേ ഉണ്ടായിരുന്നുള്ളു. ഒരു അടുക്കളയും രണ്ടോ മൂന്നോ കിടപ്പുമുറികളും ഒരുഇറയവും ഇറയത്തകവുമാണ് ഉണ്ടായിരുന്നത്. കൂട്ടുകുടുംബവ്യവസ്ഥയായതിനാൽ പൊതുവായ സ്ഥലം കൂടുതൽ വേണ്ടിയിരുന്നതിനാൽ വരാന്തയും വരാന്തയിൽനിന്നും പ്രവേശിക്കുന്ന മുറിയും മിക്കവാറും നല്ല സൗകര്യമുള്ളതായിരിക്കും ഒറ്റ നിലപുരകളാണ് മിക്കതും. സാമ്പത്തികമായി ഉയർന്നുവന്നവർക്ക് ഒരു പത്തായപ്പുര, അഞ്ചാംപുര, വലിയനാലുമുറ്റങ്ങൾ, കാലിത്തൊഴുത്ത് എന്നിവ ഉണ്ടാകും, വലിയ കൃഷിക്കാരാണ് ഈ വിഭാഗം ഭൂമിയുടെ ഏറിയ പങ്കും ഈ വിഭാഗക്കാരുടെ കൈവശമായിരിക്കും.

ജൻമിമാരായി നാടുവാണവർ വലിയനാല് കെട്ടോടുകൂടിയ ഭവനങ്ങളായിരുന്നു. നല്ല സുരക്ഷിതത്വം ഉള്ളവയാണിവ. സ്വന്തം ക്ഷേത്രത്തിനുള്ളിലുണ്ടാവാറുണ്ട്, 5-8 കുടുംബങ്ങളെ ഇത്തരത്തിൽ ആകെ ഉണ്ടായിരുന്നുള്ളു.

നല്ല ഭൂസ്വത്തുടമകളുടെ ഭവനങ്ങളും നിർമ്മിക്കാൻ ധാരാളം മരം ഉപയോഗിച്ചിരുന്നു. സാമൂഹിക മാറ്റത്തിൽ പെട്ടെന്നുയർന്നുവന്ന വിഭാഗക്കാരാണ് ഇവർ. ഓടിട്ട വീടുകളായിരുന്നു മിക്കതും. വാസ്തുശില്പചാതുരിയും ഇത്തരം ഭവനങ്ങളിൽ കാണാം.

ഈ അടുത്ത 15 വർഷത്തിനുള്ളിലാണ് സാമൂ

ഹികമായി വലിയൊരു മാറ്റം പ്രത്യക്ഷത്തിൽ കാണുന്നത്. 10 വർഷത്തിനുള്ളിൽ ഭവന നിർമ്മാണത്തെക്കുറിച്ചുള്ള കാഴ്ചപ്പാടിൽതന്നെ വ്യത്യാസമുണ്ടായിട്ടുണ്ട് കുടിലുകൾ പലതും അപ്രത്യക്ഷമായി. ഓലപ്പുരകൾ മാറി ഓട് മേഞ്ഞ വീടുകളായി. കോൺക്രീറ്റ് സദനങ്ങൾ ഉയർന്നു വന്നു. വീട്നിർമ്മാണത്തിന് ചെങ്കൽ ഇന്ന് ധാരാളമായി ഉപയോഗിക്കുന്നു. പഞ്ചായത്തിൽ ചെങ്കല്ല് സുലഭമാണ്. കരിങ്കല്ല് കൊണ്ടാണ് അസ്ഥിവാരം. കരിങ്കല്ലും പഞ്ചായത്തിൽ സുലഭമാണ്.

ഇടത്തരം കുടുംബക്കാരുടെ വീടുകൾ ചെത്തിത്തേച്ച് നല്ല ഭംഗിയുള്ള പെയിന്റിട്ട് മോടിപിടിപ്പിക്കുന്നവയാണ് നിലം ജെല്ലി നിരത്തി സിമൻറിട്ടതാണ്. ഗൾഫ്പണത്തിന്റെ വരവോടു കൂടി നല്ലസൗകര്യങ്ങളുള്ള കോൺക്രീറ്റ് വീടുകൾ നിർമ്മിച്ചിട്ടുണ്ട്. തറ മൊസൈക്കും, ചിപ്സും പലവിധ മാർബിൾ കല്ലുകൾ പതിച്ച വയുമാണ്. ഇവ എണ്ണത്തിൽ കുറവാണെങ്കിലും പഞ്ചായത്തിൽ പല ഭാഗങ്ങളിലും കാണാം 7,8, 9 വാർഡുകളിലാണ് ഇത്തരം വീട് കൂടുതൽ കേന്ദ്രീകരിച്ചിട്ടുള്ളത്.

എന്നിരുന്നാലും പഞ്ചായത്തിൽ 30% വരുന്ന കുടുംബങ്ങളുടെ വീടുകളുടെ അവസ്ഥ പരിതാപകരമാണ്. ലക്ഷംവീട് കോളനികൾ, അംബേദ്കർ കോളനി, ദരിദ്രരായ കുടുംബാംഗങ്ങളുടെ വീടുകൾ എന്നിവ ഇതിൽപെടും. ലക്ഷം വീട് 1,2,7,10,11 വാർഡുകളിലാണുള്ളത്. ഇത്തരം വീടുകൾക്ക് പശ്ചാത്തല സൗകര്യങ്ങളും പ്രാഥമിക സൗകര്യങ്ങളും കുറവാണ്.

പഞ്ചായത്തിൽ ഭവന രഹിതരായ കുടുബങ്ങൾക്ക് IRDP സർവ്വെ പ്രകാരം 484 കുടുബത്തിന്ന് വീട് ആവശ്യമാണ്.

ഭവനങ്ങൾ നിർമ്മിക്കുന്നതിന് ഹൗസിംഗ് സൊസൈറ്റികൾ, പ്രാഥമിക സഹകരണ ബാങ്കുകൾ, ഭൂമിവികസന ബേങ്കുകൾ, ബിൽഡിംഗ് സൊസൈറ്റികൾ എന്നിവയിൽ നിന്നും ലോൺ ലഭ്യമാകുന്നുണ്ട്. ഹൗസിംഗ് ബോഡ് ലോൺ വാങ്ങുന്നവരും പഞ്ചായത്തിലുണ്ട്. ഹൗസിംഗ് സൊസൈറ്റി പഞ്ചായത്തിൽ പ്രവർത്തിക്കുന്നില്ല. നിർമ്മാണ സാധനങ്ങൾ കച്ചവടക്കാരാണ് വിതരണം ചെയ്യുന്നത്.

വിവിധ പദ്ധതികളുടെ സഹായം കിട്ടിയവരുടെ പട്ടിക

ഭവനനിർമ്മാണ പദ്ധതി ബ്ലോക്ക്	എണ്ണം	IRDP അനുവദിച്ച വീട്		പൂർത്തിയാക്കിയത്	ബാക്കി
65-70	6	91_95	146	142	4
71_80	16				
81_90	2				
	24		146	142	4

വിവിധ പദ്ധതിയിലൂടെ നിർമ്മിച്ച കക്കൂസിന്റെ എണ്ണം

വാർഡ്	അനുവദിച്ച കക്കൂസ്	പൂർത്തീകരിച്ചത്
1	4	4
2	7	7
3	4	4
4	3	3
5	3	3
6	3	3
7	4	4
8	1	1
9	18	18
10	20	20
	67	67

നിർമ്മാണ സാമഗ്രികൾ, ചെങ്കല്ല്, കരിങ്കല്ല് പച്ചക്കട്ട എന്നിവകൊണ്ട് ചുമർ നിർമ്മിക്കുന്നത്. ചെങ്കല്ല്, കരിങ്കല്ല്, 8, 9, 10 വാർഡുകളിൽ ലഭ്യമാണ്. സിമൻറ്കട്ട, ഇഷ്ടിക എന്നിവ ഇറക്കുമതി ചെയ്തുപയോഗിക്കുന്നു. സിമൻറ്, കമ്പി എന്നിവയും പുറമെ നിന്നും വൻതോതിൽ വാങ്ങുന്നുണ്ട്. ഇത്തരം സാമഗ്രികളുടെ വില വലിയതോതിൽ വർദ്ധിച്ചിരിക്കയാണ്. നിർമ്മാണ പ്രവർത്തനങ്ങളുടെ കൂലിയും വളരെ കൂടുതലാണ്. മരത്തിന്റെ ലഭ്യത കുറവാണ്.

വിദഗ്ധ തൊഴിലാളികളെ ആവശ്യാനുസരണം പഞ്ചായത്തിൽ ലഭ്യമാണ്. ആധുനിക രീതിയിലുള്ള വീട് നിർമ്മാണത്തിൽ തന്നെ വൈദഗ്ധ്യം നേടിയവർ പഞ്ചായത്തിലുണ്ട്. പുരുഷ തൊഴിലാളിക്ക് ശരാശരി 100-125 രൂപയും, സ്ത്രീകൾക്ക് 50_60 രൂപയും ലഭിക്കുന്നു. കൂലിയിൽ സ്ത്രീ-പുരുഷ അന്തരം ഭീമമാണ്.

വലിയവീടുകൾ നിർമ്മിക്കുന്നത്വഴി കൃഷി ഭൂമി കുറഞ്ഞു വരികയാണ്. പ്ലിൻത് ഏരിയ ഓരോ വീടിനും ഇന്ന് കൂടുതലാണ്. ഇടത്തരം വീടിന് 50 അടിവിസ്തീർണവും, വലിയവീടിന് 80-150അടി വിസ്തീർണ്ണമുണ്ട്. കുന്നുകളും വയലുകളും നിരത്തി വീടെടുക്കുന്ന പ്രവണത പഞ്ചായത്തിൽ കൂടുതലാണ്. കോങ്ങാറ വയൽ ചെറുവാഞ്ചേരി മുണ്ടോൻ വയൽ എന്നിവ പൂർണ്ണമായി നികത്തിയവയാണ്. ഈ പ്രവണത തുടർന്നാൽ പഞ്ചായത്തിൽ വയലുകൾ തീരെ ഇല്ലാത്ത സ്ഥിതി ഉണ്ടായിത്തീരും.

ആർഭാടത്തിനും പ്രതാപത്തിനും വേണ്ടി കൊട്ടാര സദൃശ്യമായ വീട് നിർമ്മിക്കുന്ന പ്രവണത കൂടി വരികയാണ്. പണത്തിന്റെ ധൂർത്ത് ഈ രംഗത്ത് കൂടി വരുന്നു. കണക്കിൽ പെടാത്ത ധനം കെട്ടിടങ്ങളിൽ നിക്ഷേപിക്കുന്ന രീതി പ്രത്യുൽപാദനപരമല്ല. ഇതിനെ നിരുൽസാഹപ്പെടുത്തേണ്ടതുണ്ട്. പ്ലിൻത് ഏരിയ കുറച്ച് കൂടുതൽ നിലകളുള്ള വീട് നിർമ്മാണത്തെ പ്രോൽസാഹിപ്പിക്കേണ്ടതുണ്ട്.

കൂത്തുപറമ്പ ബ്ലോക്കിൽ ഏറ്റവും കൂടുതൽ പട്ടിക വർഗ്ഗക്കാർ താമസിക്കുന്നത് പാട്യം പഞ്ചായത്തിലെ 10, 11 വാർഡുകളിലാണ്. ഈ വിഭാഗത്തിന്റെ ഭവനങ്ങളുടെ സ്ഥിതി ദയനീയമാണ്. കോളനികളായി താമസിക്കുന്ന ഇവരുടെ വീടുകൾക്ക് ഒറ്റ നിലയായി രണ്ട് മുറികളാണുള്ളത്.

പഞ്ചായത്തിലെ പട്ടിക വർഗ്ഗക്കാർക്ക് കണ്ണവത്ത് കോളനിയുണ്ട്. പരിമിതമായ സൗകര്യങ്ങളേ അവിടെയുള്ളു. വിവിധ പദ്ധതികളിലായി 214 വീടുകൾ നിർമ്മിക്കപ്പെട്ടിട്ടുണ്ട്. അതിൽ 69 വീടുകൾ ജീർണ്ണാവസ്ഥയിലാണ്. ഇവരുടെ ആവശ്യത്തിന് 100 ഓളം വീടുകൾ ഇനിയും ആവശ്യമാണ്.

പ്രശ്നങ്ങൾ

1 ഭവന നിർമ്മാണത്തിനാവശ്യമായ സാമ്പത്തിക സഹായം എളുപ്പത്തിൽ ലഭ്യമല്ല. സാങ്കേതികത്വം കൂടുതലുണ്ട്.

2 നിർമ്മാണ സാമഗ്രികളുടെ വലിയ തോതിലുള്ള വില.

3 ലഭിക്കുന്ന വായ്പ തിരിച്ചടക്കുന്നതിനുള്ള കാലദൈർഘ്യം, ഉയർന്ന പലിശ നിരക്ക്, വായ്പ സംഖ്യ കുറവ്.

4 പുതിയ കുടുംബങ്ങൾക്ക് വീട് നിർമ്മിക്കാനാവശ്യമായ ഭൂമിയുടെ ദുർലഭ്യം.

5 പഞ്ചായത്തിൽ കുടിയേറ്റക്കാരായി എത്തുന്ന അന്യസംസ്ഥാനങ്ങളിലെ ജനങ്ങളുടെ (പ്രധാനമായി തമിഴർ) താമസ സൗകര്യം.

6 കണ്ണവം കോളനിയിൽ ഗിരിവർഗ്ഗക്കാർക്ക് വനം വകുപ്പിൽ നിന്നും പട്ടയം ലഭിക്കാത്തതിനാൽ സ്വന്തമായി വീട് നിർമ്മിക്കാനുള്ള പ്രയാസം.

7 ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളവർക്ക് കക്കൂസ് നിർമ്മിക്കുന്നതിനുള്ള സാമ്പത്തിക പ്രയാസം.

നിർദ്ദേശങ്ങൾ

1 ഭവന നിർമാണത്തിനു നൽകുന്ന വിവിധ ലോണുകളുടെ നിബന്ധനകൾ കാലാനുസൃതമായി ഉദാരമാക്കുക, ആവശ്യാനുസരണം വായ്പ തുക വർദ്ധിപ്പിക്കുക.

2 കെട്ടിട നിർമ്മാണ സാമഗ്രികൾ ഹൗസിംഗ് സൊസൈറ്റികൾ മുഖേന വിതരണം ചെയ്യുക. ഉൽപാദനം സഹകരണ മേഖലയിൽ കൊണ്ട് വരിക.

3 വായ്പയ്ക്കുള്ള പലിശ നിരക്ക് കുറക്കുക, വായ്പാ കാലപരിധി കൂട്ടുക.

4 ഭവനങ്ങളുടെ വിസ്തീർണ്ണം പ്ലിൻത് ഏരിയാ കുറച്ച് കൊണ്ട് 2 നിലകളുള്ള വീടുകൾക്ക് പ്രാധാന്യം നൽകുക, ന്യൂക്ലിയർ കുടുംബ വ്യവസ്ഥയ്ക്ക് പകരം കൂട്ടുകുടുംബ വ്യവസ്ഥയുടെ ഗുണഗണങ്ങൾ ജനങ്ങളെ ബോധ്യപ്പെടുത്തണം.

5 അന്യസംസ്ഥാനങ്ങളിലെ കുടിയേറ്റക്കാരെ പഞ്ചായത്തിന്റെ നേതൃത്വത്തിൽ ഭവന കോളനികൾ നിർമ്മിച്ച് പുനഃരധിവസിപ്പിക്കണം.

6 കണ്ണവം കോളനിയിൽ ഫോറസ്റ്റ് അധികൃതരിൽ നിന്നും ഗിരിജന കുടുംബങ്ങൾക്ക് പട്ടയം നൽകികൊണ്ട് വീട് നിർമ്മാണത്തിന് വിവിധ പദ്ധതികൾ പ്രാബല്യത്തിൽ വരുത്തണം.

7 കക്കൂസുകളില്ലാത്ത വീടുകൾക്ക് വായ്പ നൽകണം. ആവശ്യമായ മുഴുവനാളുകൾക്കും വായ്പ നൽകാൻ കഴിയണം. CRSP പോലുള്ള കേന്ദ്രാവിഷ്കൃത പദ്ധതയിൽ കൂടുതൽ പേർക്ക് സഹായം ലഭ്യമാക്കണം.

8 പഞ്ചായത്തിൽ കെട്ടിട നിർമ്മാണ തൊഴിലാളികൾക്കുള്ള കൂലി പ്രാദേശികമായി വ്യത്യസ്തങ്ങളാണ്. ഇത് ഏകീകരിക്കാൻ സാധിക്കണം.

9 മിതവ്യയ രീതിയിൽ ചെലവ് കുറഞ്ഞ വീട് നിർമ്മാണത്തിന് വേണ്ടി പഞ്ചായത്തിൽ പരിശീലന കേന്ദ്രം സ്ഥാപിക്കണം.

10 ചെലവു കുറഞ്ഞ സാധനസാമഗ്രികൾ വീട് നിർമ്മാണത്തിനുപയോഗിക്കണം.

11 പുതിയ വീടുകൾക്ക് വീട് നമ്പർ ലഭിക്കുവാനുള്ള കാലതാമസം ഒഴിവാക്കണം.

12 പഴകി ദ്രവിച്ച് അപകട സ്ഥിതിയിലായ വീടുള്ളവരെയും ഓലപ്പുരയുള്ളവരെയും വീടില്ലാത്തവരായി കണക്കാക്കണം.

13 പാട്യം പഞ്ചായത്തിൽ നടപ്പാക്കിയിരുന്ന VHP (Village Housing Programme) പുനസ്ഥാപിക്കുക. ●

സംസ്കാരം

മതങ്ങളും, ജാതികളും, ഗോത്രങ്ങളും, തറവാടുകളും, ഗ്രാമങ്ങളും, അവയിലെ തൊഴിൽപരവും ഭരണവുമായി ബന്ധപ്പെട്ട സംഘടനകളും, രാഷ്ട്രീയ സംഘടനകളും, മനുഷ്യൻ അംഗീകരിക്കുന്ന തൊഴിലുകളും, ആചാരങ്ങളും, സദാചാര-മൂല്യബോധം, സത്യ സൗന്ദര്യബോധം, ധർമ്മാധർമ്മങ്ങളും, നീതിയും അനീതിയും, നൻമതിൻമകളുമെല്ലാം ചേർന്നതാണല്ലോ സംസ്കാരം എന്ന പദം

നമ്മുടെ ഇന്നുകാണുന്ന പുരോഗതിക്ക് മുൻതലമുറകൊളുത്തിത്തന്ന കെടാവിളക്കുകളും ഉപകരിച്ചിട്ടുണ്ടെന്നത് വസ്തുതമാത്രമാണ്.

അക്കൂട്ടത്തിൽ പ്രഥമഗണനീയൻ സാമൂഹ്യനവോത്ഥാന പ്രസ്ഥാനത്തിന്റെ അഗ്നിനക്ഷത്രമായ വാഗ്ഭടാനന്ദ ഗുരുദേവനാണ്. ദാർശനീകനും. അദ്ധ്യാത്മികാചാര്യനും സാമൂഹ്യപരിഷ്കർത്താവുമായിരുന്ന വാഗ്ഭടാനന്ദനിൽ നിന്നാണ് ഇവുടുത്തെ ആധുനീക സംസ്കാരിക പൈതൃകം ആരംഭിക്കുന്നത്. ആചാരങ്ങളിൽ മാറ്റം വരുത്താനുള്ള പ്രഖ്യാപനം പ്രദർശിപ്പിക്കുകമാത്രമല്ല, ധാർമ്മികത നിലനിർത്തി പരിപോഷിപ്പിക്കാനുള്ള വൈകാരീക ധീരതയും അദ്ദേഹം പ്രകടമാക്കി.

പുതുമയെ പ്രോൽസാഹിപ്പിക്കുകയും, പഴമയെ സംരക്ഷിക്കുകയും ചെയ്തു, ഇവയെ പരസ്പര പൂരകങ്ങളാക്കി സംസ്കാരവൽക്കരണം സാധ്യമാക്കിയ ഒരു തലമുറയും ഇവിടെ ജീവിച്ചിരുന്നു. അവർക്കും സാംസ്കാരിക രംഗത്ത് മുന്നേറാൻ കഴിഞ്ഞ പ്രദേശമാണിവിടം.

15-ാം നൂറ്റാണ്ടുന്റെ അന്ത്യഘട്ടത്തിൽ രചിച്ചതെന്നു വിശ്വസിക്കപ്പെടുന്ന രാമായണം ചമ്പു കർത്താവ് ചെറന്മത്ത് പുനത്തിൽ പുനംനമ്പൂതിരി ഇവിടെ ജനീച്ചു വളർന്നതാണെന്നും ഐതീഹ്യമുണ്ട്.

കഴിഞ്ഞ നൂറ്റാണ്ടിന്റെ അന്ത്യഘട്ടത്തിൽ പോലും ഇവിടെ സംസ്കൃത വിദ്യാലയങ്ങളും ഉണ്ടായിരുന്നു. ശ്രീ വാഴവളപ്പിൽ കോരൻഗുരുക്കളാണ് അതിനെനയിച്ചിരുന്നത്.

കലാ-സാഹിത്യ രംഗങ്ങളിൽ വിരജിച്ച ഒട്ടേറെ പേർ പാട്യം പഞ്ചായത്തിലുണ്ട്. പിതൃവിലാപം, ഗുരുദേവസമാധി ശങ്കരാചാര്യരുടെ ആത്മബോധം (വിവർത്തനം) തുടങ്ങി നിരവധി സംസ്കൃത - മലയാളം കൃതികളുടെ കർത്താവായിരുന്നു ശ്രീ വി. കെ. കെ. ഗുരുക്കൾ. തന്റെ ചുരുങ്ങിയകാലത്തെ സാഹിത്യ പ്രവർത്തനം കൊണ്ടുതന്നെ മലയാള കവിതയിൽ സ്വന്തം വ്യക്തിമുദ്ര പതിപ്പിക്കാൻ കഴിഞ്ഞവ്യക്തിയാണ് ശ്രീ കെ. പി. ബി. പാട്യം. സർവ്വശ്രീ പാട്യം കുമാരൻ മാസ്റ്ററും പാട്യം ഗോപാലനും സാഹിത്യരംഗത്തിന് തങ്ങളുടേതായ സംഭാവനകൾ നൽകിയിട്ടുണ്ട്. നേപ്പാൾ ഡയറി, ഉത്തരഖണ്ഡത്തിലേക്ക്, ലക്ഷദ്വീപ് യാത്രാസ്മരണകൾ. വേരിനു നീരു, ചോരപ്പുഴ, കൂട്ടുകുഞ്ഞുങ്ങൾ തുടങ്ങിയ നിരവധി സഞ്ചാരസാഹിത്യകൃതികളും വിവർത്തനങ്ങളും കൊണ്ട് മലയാളസാഹിത്യത്തിൽ സജീവസാന്നിദ്ധ്യം നിലനിർത്തുന്ന ഡോ. ഒ. കൃഷ്ണൻ പാട്യം 1996 ലെ സഞ്ചാരസാഹിത്യത്തിനുള്ള കേരളസാഹിത്യ അക്കാദമി അവാർഡ് നേടിക്കൊണ്ട് നമ്മുടെ നാടിന്റെ അഭിമാനമായി മാറിയിരിക്കുകയാണ്. കെ. പി. ബി. പാട്യത്തിന്റെ സഹോദരനും മലയാള കവികളിൽ പ്രമുഖനുമായ പാട്യം വിശ്വനാഥും, ശ്രീ പാട്യം രാമകൃഷ്ണനും സാഹിത്യ ലോകത്തിനു നമ്മുടെ പഞ്ചായത്ത് നൽകിയ സംഭാവനകളാണ്.

സർവ്വശ്രീ കെ. കെ. ജി. നായർ, അന്തരിച്ച കെ. ബാലചന്ദ്രൻമാസ്റ്റർ, എം. രവീന്ദ്രനാഥ് എന്നിവർ നാടകരചനാരംഗത്തും അഭിനയരഗത്തും പ്രാഗൽഭ്യം തെളിയിച്ചവരാണ്.

ശ്രീ. കെ.സി.ജി. കാര്യാട്ട്, ഗാനരചനയിലും ശ്രീ. എ. ദാസൻ ഓടക്കുഴൽ വായനയിലും മുഴുകുന്നു. നാടകരചയിതാവായ ശ്രീ. പപ്പൻ വളളിക്കാടും കഥാകാരനായ ശ്രീധരൻ ചമ്പാടും തങ്ങളുടെ സാഹിത്യ പ്രവർത്തനങ്ങളും കൊണ്ട് നമ്മുടെ ഗ്രാമമത്ത സമ്പന്നമാക്കുന്നു.

പ്രശസ്ത ശാസ്ത്രജ്ഞനായ കെ. പി. പ്രഭാകരൻ, പത്രപ്രവർത്തകനായ കെ. പി. വിജയൻ പ്രശസ്ത ശിൽപ്പിയും ചിത്രകാരനുമായ വത്സൻ കൊല്ലേരി എന്നിവർ പാട്യത്ത് ജനിച്ചുവളർന്നവരാണ്.

സിനിമാ രംഗത്ത് നിറഞ്ഞു നിൽക്കുന്ന ശ്രീ ശ്രീനിവാസനോടപ്പം ശ്രീ. കെ. പ്രഭാകരനും നമ്മുടെ നാടിന്റെ യശസ്സുയർത്തി സംസ്കാ

രിക കേരളത്തിന് പൊൻതൂവലണിയിക്കുന്നു.

ഇവിടെ ഹിന്ദു,മുസ്ലീം മതവിഭാഗങ്ങൾ ഇടകലർന്ന് ജീവിക്കുന്നു. വിരലിലെണ്ണാവുന്ന ക്രൈസ്തവൻ കുടുംബങ്ങളും ഉണ്ട്.

ഹിന്ദുക്കളുടെ അമ്പലങ്ങളിൽ ഉൽസവങ്ങളും കാവുകളിൽ തിറയാഘോഷങ്ങളും നടത്തുന്നു. മന്ത്രതന്ത്രങ്ങളും, പൂജകളും, നൃത്തശക്തിപ്രകടനങ്ങളും തിറയുടെ ഭാഗമാണ്. ക്ഷേത്രത്തിനു പുറത്ത് തറകളിൽ താന്ത്രികാനുഷ്ഠാനങ്ങളോടുകൂടി സായന്തന പൂജയും നിർവ്വഹിക്കുന്നു. കൈതച്ചാമണ്ടി, കണ്ഠകർണ്ണൻ, കരുവാപോതി, വെളളാട്ടക്കോലം, വസൂരിമാല, അത്യാറഭഗവതി, ഗുളികൻ, ബാലി, ഉച്ചട്ടമുത്തപ്പൻ, ചോമപ്പൻ, ഇളയവളും മൂത്തവളും തുടങ്ങിവകെട്ടിയാടുന്നു. അതോടനുബന്ധിച്ച് മുതക്കലശവും കരിങ്കലശവും കുളുത്താറലും നടക്കുന്നു.

ക്ഷേത്രോൽസവങ്ങൾക്ക് പ്രധാന്യം കൂടിവരികയാണ്. മണ്ണടിഞ്ഞുപോയെന്ന് കരുതിയ പഴയകാലപ്രതാപത്തിന്റെ സ്മാരകങ്ങളായ പല അമ്പലങ്ങളും പുനഃപ്രതിഷ്ഠയും മറ്റുംനടത്തി ഉയർത്തെഴുന്നേൽക്കുന്ന ഒരു കാലഘട്ടത്തിലാണ് നാം സാക്ഷ്യം വഹിക്കുന്നത്. ഇതിന്റെ നടത്തിപ്പിനു അവർണ്ണ–സവർണ്ണ ഭേദമില്ലാതെ എല്ലാവരും പങ്കാളികളാവുന്നു.

ചില ഹിന്ദു ക്ഷേത്രങ്ങളിൽ ഉൽസവം കാണാനായി മുസ്ലീംങ്ങളും എത്തുന്നുണ്ട്. മുസ്ലീം ദേവാലയങ്ങളിൽ ഹിന്ദുക്കളും ഹിന്ദു ദേവാലയങ്ങളിൽ മുസ്ലീംങ്ങളും നേർച്ചകൊടുക്കുന്നത് സാധാരണമാണ്.

തൃക്കണ്ണാപുരം ശ്രീകൂർമ്പഭഗവതിയുടെ ആരൂഢം സ്ഥിതി ചെയ്യുന്നത് മുതിയങ്ങയിലെ വാഴവളപ്പിലാണ്. അടിയറയേടുകൂടി തമ്പുരാട്ടിയെ കൊണ്ടുപോകുന്നതും ഇവിടെ നിന്നാണ് കൂറേറരിപ്പൊയിലിൽ നിന്നാണ് മൂര്യാട്, മാങ്കളത്ത് ഭഗവതിക്ഷേത്രത്തിലേക്കുള്ള 'വൈക്കലശം കൊണ്ടുപോകുന്നത്. ഇത് രണ്ട് പ്രദേശത്തുള്ള ജനങ്ങളെ സാംസ്ക്കാരികമായി കൂട്ടിയോജിപ്പിക്കാൻ പ്രേരകശക്തിയാകുന്നു.

ആരാധനാലയങ്ങൾ

1	ശ്രീ കോതാലൂർ മഹാവിഷ്ണു ക്ഷേത്രം പാട്യം	18	താഴെ മുതിയങ്ങ പളളി
2	ശ്രീ ചിറക്കക്കാവ് പാട്യം	19	ചീരാറ പളളി
3	ശ്രീ വേട്ടക്കൊരുമകൻ ക്ഷേത്രം ചെറുവാഞ്ചേരി	20	കുയ്യേരി സാമ്പ്രി
4	,, അത്യാറക്കാവ് ചെറുവാഞ്ചേരി	21	ചീരാറ സാമ്പ്രി
5	,, നുളളിക്കണ്ടി കോങ്ങാറ	22	മുണ്ടയോട് സാമ്പ്രി
6	,, ചക്രപാണി ക്ഷേത്രം കോങ്ങാറ	23	ശ്രീനാരായണ മഠം - കാര്യാട്ടുപുറം
7	,, പാറായിക്കാവ് കിഴക്കേകതിരൂർ	24	ശ്രീനാരായണ മഠം - പൂവത്തൂർ
8	,, ആശാരിക്കാവ് പത്തായയക്കുന്ന്	25	ശ്രീനാരായണ മഠം - മുതിയങ്ങ
9	,, കുണ്ടൻചാലിൽ കാവ് പാട്യം	26	ശ്രീ കൊങ്കച്ചി ദേവത
10	,, കതിരൂർ കാവ്	27	ശ്രീ മുത്തപ്പൻ കാവ് - ചെറുവാഞ്ചേരി
11	,, ചീരാറ മാപ്പുര	28	നുച്ചിലോട്ട് കാവ് - ചെറുവാഞ്ചേരി
12	ശ്രീ മുത്തപ്പൻ കാവ് – പത്തായക്കുന്ന്	29	നൂറാനി കാവ് - പൂവത്തൂർ
13	ശ്രീ പോതിയേടം – ചെറുവാഞ്ചേരി	30	തമ്പുരാട്ടിക്കുന്ന് - ചീരാറ
14	ശ്രീ കുഞ്ഞിപ്പുനം കാവ് - മുതിയങ്ങ	31	കുപ്പിയാട്ട് - പത്തായക്കുന്ന്
15	മണ്ഡപം - ചെറുവാഞ്ചേരി	32	ആനോളി - കോങ്ങാറ
16	മണ്ഡപം – പാട്യം	33	കോങ്ങാറ മാപ്പുര - കോങ്ങാറ
17	മീത്തലെ മുതിയങ്ങ പളളി	34	കുറത്തിക്കാവ് - കോങ്ങാറ
		35	കണ്ണവം വെളുമ്പത്തെ പളളി

കണ്ണവം കോളനിയിലെ വായോട്ടും കാവ് ഫോറസ്റ്റിനിടയിൽ സ്ഥിതി ചെയ്യുന്നു. കെട്ടിടങ്ങളൊന്നും ദൃശ്യമല്ലാത്ത അവിടെ 10 ഏക്കറോളം ക്ഷേത്രത്തിനു വേണ്ടി നീക്കിവെച്ചിട്ടുണ്ട്. ശ്രീ അത്യാർക്കാവ് ഉൽസവത്തിന്റെ ഭാഗമായി 14 ദിവസം മുമ്പ് കോളനിവാസികൾ മലക്കാരി ദൈവത്തെ ഉപാസിച്ച് മുടിവെക്കാതെ തിറ കെട്ടിയാടുക പതിവാണ്. അത്യാറ ഉൽസവത്തിന്റെ തുടക്കം അവിടെനിന്നാണെന്നാണ് അവരുടെ വിശ്വാസം. ക്ഷേത്ര കെട്ടിടമൊന്നുമില്ലാത്ത അവിടെ രണ്ട് തറ മാത്രമുണ്ട്.

പാട്യത്ത് പ്രധാനപ്പെട്ട 4 ബ്രാഹ്മണ ഇല്ലങ്ങളുണ്ട്. പഴയിടത്തില്ലം, പുല്ലഞ്ചേരിയില്ലം, രാമമംഗലത്തില്ലം, മഞ്ചക്കലില്ലം എന്നിവയാണവ.

വിടെയും നിലനിന്നിരുന്നു. ചില പ്രദേശങ്ങളിൽ ജാതീയതയ്ക്ക് വലിയ പ്രാധാന്യം കൊടുത്തിരുന്നില്ല. അതിനു കാരണമായി കാണുന്നത്, ഇവിടെ വർഷങ്ങൾക്കു മുമ്പ് സ്ഥാപിച്ച വിദ്യാകേന്ദ്രങ്ങളാണ്. 15 ഓളം ജാതികളിൽപ്പെട്ടവർ ഇവിടെ അധിവസിക്കുന്നു. ജാതിക്കും മതത്തിനും അതീതമായ ചിന്താഗതി വെച്ചുപുലർത്തുന്നവരാണ് ഭൂരിപക്ഷവും.

ചെകുത്താൻ കൂടലും കണ്ണേറുകൊള്ളലും ഇന്നുമുണ്ടെന്നു വിശ്വസിക്കുന്നവരുണ്ട്. മന്ത്രിച്ചു കെട്ടലും, ജപിച്ചു ഊതലും ഇന്നും തുടരുന്നു. ബലി, കാതുകുത്ത് ചടങ്ങ് തുടങ്ങിയവയ്ക്കു പ്രാധാന്യം കുറഞ്ഞിട്ടുണ്ടെങ്കിലും, ലളിതമായ ചടങ്ങോടെ ഇന്നും നിർവ്വഹിക്കുന്നു. അത്യാർക്കാവിൽ കോഴിയറുത്ത് കലശം അടുത്ത കാലം വരെ നിലവിലുണ്ടായിരുന്നു. കെ. കൃഷ്ണൻ മാസ്റ്ററുടെ ശ്രമഫലമായി ഇതവസാനിപ്പിച്ചു. പക്ഷേ കോളനിയിൽ മലക്കാരി ദൈവത്തിനു കോഴിയെ കൊടുക്കൽ ഇന്നും നടന്നുവരുന്നുണ്ട്.

ശിവരാത്രി വ്രതം ഇന്നും അനുഷ്ഠിക്കുന്ന കുടുംബങ്ങളുണ്ട്. പക്ഷേ കാർത്തിക വിളക്കിനു പ്രാധാന്യമേയില്ല. തെരട്ടുകുളി പോയി മറഞ്ഞു. അയിത്തം കോളനി നിവാസികളിൽ ഒരു കൂട്ടരുടേതു മാത്രമായി ഒതുങ്ങി. പൊന്നിൻ ചിങ്ങത്തിലെ കോതാമൂരിപ്പാട്ടും കളളക്കർക്കടകത്തിലെ വേടൻപാട്ടും സ്മരണകളിൽ മാത്രമായി. അയ്യപ്പവിളക്കിന്റെ ഭാഗമായി മാമ്പാപാട്ട് കോളനിയിൽ ഇന്നും നടന്നുവരുന്നു. പണിയൻമാരുടെ തുടികൊട്ടിപ്പാട്ട് ഇന്നുമുണ്ട്. ബാലായ്മ ഇല്ലാതായി. കാളിക്കും കൂളിക്കും ചോറ് കൊടുക്കാനാളില്ല. കുമ്മിയടി കാണാൻ ടി. വി. ഓൺ ചെയ്യേണ്ട ഗതികേടിലെത്തി. വെളേളരി നാടകങ്ങളും നാടൻ പാട്ടുകളും, നാടൻ കലകളും അവതരിപ്പിക്കപ്പെട്ട പാടങ്ങളും കലാപ്രകടനങ്ങളില്ലാതെ നിദ്രയിലാണ്ടുകിടക്കുകയാണ്.

ഇന്ന് എല്ലാ ജാതി മതസ്ഥരുടെയും വിവാഹം പകലാണ് നടക്കുന്നത്. സംബന്ധത്തിന്റെയും പുടമുറി കല്ല്യാണത്തിന്റെയും സ്ഥാനത്ത് 'താലികെട്ട് കല്ല്യാണം' വന്നു. അവിലും ചക്കരയും കുഴച്ചൂണും വഴി മാറി. ആങ്ങളപ്പണവും, കാരണവപ്പണവും, അടിമപ്പണവും, മച്ചൂനൻ പണവും ഇല്ലാതായി. എങ്കിലും ചിലേടങ്ങളിൽ കാണപ്പണം നിലനിൽക്കുന്നതായി കാണുന്നു. മംഗളപത്രവും വായനയും ക്യാമറയ്ക്കും വീഡിയോയ്ക്കും വഴിമാറിക്കൊടുത്തു. മുസ്ലീം കല്ല്യാണത്തിനുണ്ടായിരുന്ന ബാൻറ് മേളവും മാപ്പിളക്കോലടിയും ഓർമ്മകളിൽ മാത്രമായി. അവയിൽ 'മഹ്റ' മാത്രം ഇന്നും തുടരുന്നു. എല്ലാ ജാതി മതസ്ഥരുടേയും വിവാഹം ആർഭാടത്തിന്റെ പര്യായമായി മാറി.

കെട്ടിടസംസ്കാരത്തിന്റെ ഭാഗമായി കൂറ്റൻ മണിമാളികകളും പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ കാണാൻ സാധിക്കും. നമ്മുടെ നാട്ടി ഡെഡ്ഇൻവെസ്റ്റ്മെൻറുകൾക്ക് പ്രത്യക്ഷോദാഹരണമാണ് ഇവ.

പാടൂം ഗ്രാമപഞ്ചായത്തിലെ ഗ്രന്ഥാലയങ്ങൾ

പേര്	വാർഡ്	സ്ഥാപിച്ച വർഷം	പുസ്തകങ്ങളുടെ എണ്ണം	ശരാശരി പ്രതിമാസവിതരണം	കെട്ടിടം സ്വന്തം/അല്ല	മെമ്പർമാർ
വാഗ്ഭടാനന്ദ ഗുരുദേവ വിലാസം പത്തായക്കുന്ന് ഗാന്ധി സ്മാരക	1	1934	11000	800 മുകളിൽ	സ്വന്തം	400
വായനശാല & ഗ്രന്ഥായയം ചെറുവാഞ്ചേരി	10	1946	6668	500 ,,	സ്വന്തം	364
പട്ടേൽ സ്മാരക വായനശാല & ഗ്രന്ഥാലയം പുതിയതെരു	5	1954	5400	700 ,,	സ്വന്തം	540
ഗ്രാമീണ ഗ്രന്ഥാലയം മുതിയങ്ങ	7	1956	2820	400 ,,	സ്വന്തം	194
മഹാത്മഗാന്ധി സ്മാരക വായനശാല & ഗ്രന്ഥാലയം പൂക്കോട് (പബ്ലിക്ക് ലൈബ്രറി)	4	1964	5000	400 ,,	സ്വന്തം	540
ജ്ഞാനപ്രകാശിനി വായനശാല & ഗ്രന്ഥാലയം കൂറേറരിപൊയിൽ	8	1671	1137	400 ,,	സ്വന്തം	143

പാട്യം ഗോപാലൻ സ്മാരക വായനശാല & ഗ്രന്ഥാലയം കൊട്ടയോടി	5	1972	5860	500 മുകളിൽ	സ്വന്തം	1393
കുമാരനാശാൻ സ്മാരക വായനശാല & ഗ്രന്ഥാലയം പൂവത്തൂർ	11	1967	2539	400 ,,	സ്വന്തം	260
ജനതാ വായനശാല&ഗ്രന്ഥാലയം കിഴക്കെകതിരൂർ	2	1947	4483	500 ,,	സ്വന്തം	722

സാമൂഹ്യവികാസത്തിനും സാംസ്ക്കാരികനവോത്ഥാനത്തിനും വേണ്ടി ഏറ്റവും വലിയ പങ്ക് വഹിച്ചിരുന്നത് ഗ്രന്ഥാലയങ്ങളാണ്. ദേശീയ സ്വാതന്ത്ര്യത്തിനു് മുമ്പ് തന്നെ സാംസ്കാരികമായി മുന്നോട്ട് കുതിക്കാനുള്ള പ്രവണത ഈ പ്രദേശംകാണിച്ചിട്ടുണ്ട് എന്നത് സ്മരണീയമാണ് ദേശീയസ്വാതന്ത്ര്യ പ്രസ്ഥാനത്തിന്റെ സജീവകേന്ദ്രങ്ങളായി ഈ മഹൽസ്ഥാപനങ്ങൾ വിളങ്ങിയിരുന്നു. മാത്രമല്ല അവ ജാതിക്കും അന്ധവിശ്വാസത്തിനും എതിരെ പോരാടുകയും ചെയ്തിരുന്നു. പത്തായക്കുന്നിൽ ശ്രീ എ. പി. ചാത്തുക്കുട്ടി സംഭാവനചെയ്ത സ്ഥലത്ത്നിർമ്മിച്ച 'വാഗ്ഭോനന്ദ ഗുരുദേവ വിലാസം' ഗ്രന്ഥാലയമാണ് ഈ പ്രദേശത്തെ ആദ്യത്തെ ഗ്രന്ഥാലയം.

ഇവിടെയുള്ള ഗ്രന്ഥാലയങ്ങൾ മെച്ചപ്പെട്ടനിലയിൽ പ്രവർത്തിക്കുന്നു റഫറൻസ്ലൈബ്രറി സൗകര്യവും ഇവിടെയുണ്ട്. ഭൂരിഭാഗത്തിന് ടെലിവിഷൻ സെറ്റുകളുണ്ട്. ലൈബ്രറിയുടെ പ്രധാനവരുമാനം അംഗവരിയും, സംഭാവനയും ഗ്രാന്റുമാണ്. ഇതിൽ ചിലവ സാമ്പത്തിക പരാധീനതകൾ അനുഭവിക്കുന്നു. പുസ്തകപാരായണം കുറഞ്ഞിട്ടുണ്ട്. ഗഹനവിഷയങ്ങൾ വായിക്കുന്നവരുടെ എണ്ണം പരിമിതമാണ് യൂനിവേർസിറ്റിതലപുസ്തകങ്ങൾ വിദ്യാർത്ഥികൾ ഉപയോഗിച്ചുവരുന്നു. പുസ്തകങ്ങളുടെ സംഖ്യാ പരമായ വർദ്ധനവുണ്ടാകാതതിനു് പ്രധാനകാരണം തുച്ഛമായഗ്രാന്റും, വർദ്ധിച്ച വിലയുമാണ് വനിതകളുടെ പ്രാധിനിധ്യവും, വായനശീലവും കുറവുതന്നെയാണ്. വായിക്കുന്നവരിൽ ഭൂരിഭാഗവും നോവലുകളിൽ അഭയം പ്രാപിക്കുക്കുന്നു.

മാതൃഭൂമി, ദേശാഭിമാനി, മലയാളമനോരമ, കേരളകൗമുദി ഇന്ത്യൻഎക്സ്പ്രസ്, ദിഹിന്ദു, ചിന്ത ദ വീക്ക് എന്നീപത്രങ്ങളും, മംഗളം, മനോരമ, ദേശാഭിമാനി, മാതൃഭൂമി, കലാകൗമുദി, കേരളശബ്ദം, ഇന്ത്യാടുഡെ, വനിത, ഗൃഹലക്ഷ്മി, നാന, ചിത്രഭൂമി, ബാലരമ, പൂമ്പാറ, ടുക്ക എന്നീആനുകാലികങ്ങളും ഇവിടെ പ്രചാരത്തിലുണ്ട്,

റജിസ്റ്റർ ചെയ്യപ്പെട്ട കലാസമിതികളും, ക്ലബ്ബുകളും ഗുണപരമായിമെച്ചപ്പെട്ടതാണെങ്കിലും ഗുണപരമായി മെച്ചമുള്ളതാണെന്ന് പറഞ്ഞുകൂടാ. ഒരുകാലത്ത് ബോംബയിലും മറ്റും നാടകങ്ങളവതരിപ്പിച്ച ഗാന്ധിസ്മാരക കലാസമിതി, യുവകലാവേദി ചെറുവാഞ്ചേരി തുടങ്ങിയവപ്രവർത്തനകഷ്ടമല്ല. ഒരുപാട് നാടകങ്ങളവതരിപ്പിച്ച് കണ്ണൂർജില്ലയിലെ അമേച്ചർ രംഗത്ത് ശോഭിച്ചിരുന്ന ഗ്രാമീണകലാസമിതി മുതിയങ്ങയും ഇന്ന് പ്രവർത്തിക്കുന്നില്ല. അഖിലകേരള നാടക മത്സരം സംഘടിപ്പിച്ച കലാപന ആട്സ് കേങ്ങാറ്റയും നിലവിലില്ല ചുരുക്കം ചില കലാസമിതികളും ക്ലബ്ബുകളം നല്ലനിലയിൽ പ്രവർത്തിക്കുന്നുണ്ട്. യുവകലാസാംസ്കാരിക വേദിപുതിയതെരു ചെസ്പരിശീലനവും ഉപാസന കൂറേറരിപൊയിൽ നൃത്തപരിശീലനവും, കോൽക്കളിപരിശീലനവും നൽപ്പെടുന്നു. പാട്യം ഗോപാലൻമെമ്മോറിയൽക്ലബ്ബ്, കൊട്ടയോടി, വർഷംതോറും നൽകിവരുന്ന പാട്യംഅവാർഡ് ശ്രദ്ദേയമാണ്.

കലാസമിതികളും, ക്ലബ്ബുകളും പുരുഷമേധാവിത്വത്തിന്റെ കേന്ദ്രങ്ങളാണ്. ടെലിവിഷൻ ജനങ്ങളെ വളരെയധികം സ്വാധീനിക്കുന്നു. ഗണപരമായി കുറവാണെങ്കിലും ഉള്ള സ്ഥലത്ത് ജനം ഒന്നിച്ചിരുന്ന് കലാപരിപാടികളും മറ്റും ആസ്വദിക്കുന്നു.

കുറച്ച് വർഷങ്ങൾക്ക് പിന്നോട്ടൊന്ന് തിരിഞ്ഞ് നോക്കിയാൽ നമ്മുടെ കായിക സംസ്ക്കാരത്തെ കുറിച്ച് ഏകദേശമൊരുധാരണയിലെത്താം. സാമ്പത്തികബുദ്ധിമുട്ടുകളും, വേണ്ടവിധിക്കാലവും കളിക്കാൻ മാത്രം വിനിയോഗിച്ച ഒരു കാലം കടന്നു പോയിരിക്കുന്നു. ഇന്ന് ഈ സമയങ്ങളിൽ വിദ്യാർത്ഥികളിൽ ഭൂരിപക്ഷവും 'വിദ്യാഭ്യാസ'ത്തിന്റെ തടവുകാരായി മാറിയിട്ടുണ്ട്. കളിക്കിറങ്ങുന്നവർ കുട്ടീം കോലും (ചുള്ളീം കോലും)

ആട്ടക്കളിയും, ഗോലികളിയും, കൊത്തൻകല്ല് കളിയും, കണ്ണാരംപൊത്തിക്കളിയും മാറിമാറിവെച്ച് ക്രിക്കറ്റിന്റെയും മറ്റും പിന്നാലെ പോകുന്ന വലിപ്പ-ചെറുപ്പമില്ലാതെ ഇവിടെ ക്രിക്കറ്റ് ജ്വരം ബാധിച്ചിരിക്കുന്നു.

വായനശാലകൾ

1 യുവചേതന വായനശാല - കിഴക്കെകതിരൂർ
2 പാട്യം ഗോപാലൻ സ്മാരകവായനശാല - കാര്യാട്ടുപുറം
3 ഏ. കെ. ജി. സ്മാരക വായനശാല - കോങ്ങാറ്റ
4 മൊയാരത്ത് വായനശാല - കോങ്ങാറ്റ
5 അഴീക്കോടൻസ്മാരകവായനശാല - കോങ്ങാറ്റ
6 പാട്യംഗോപാലൻ സ്മാരക വായനശാല - വേളായി
7 പാട്യംഗോപാലൻ സ്മാരക വായനശാല - മൂഴിവയൽ
8 പാട്യംഗോപാസൻ സ്മാരക വായനശാല - ചീരാറ്റ
9 ശ്രീനാരായണ വായനശാല - കണ്ണാടിച്ചാൽ

ഡാംസ്ക്കാരികനിലയം :

1 പാട്യം ഗ്രാമപഞ്ചായത്ത് സാംസ്ക്കാരിക നിലയം - പാച്ചപ്പൊയിൽ

സ്റ്റേഡിയറർ : ഫുട്ബോൾ ടാക്കീസ്, കൊട്ടയോടി

ആർട്സ് & സ്പോർട്സ് ക്ലബ്ബുകൾ,

കലാസമിതികൾ

1 ഉപാസനകലാസമിതി, കൂറേരിപ്പൊയിൽ
2 പാട്യം ഗോപാലൻ മെമ്മോറിയൽ ക്ലബ്, കൊട്ടയോടി
3 അർജ്ജുന, ചെറുവഞ്ചേരി
4 പാട്യം ഗോപാലൻ മെമ്മോറിയൽ ക്ലബ്, വേളായി
5 യുവകലാ സാംസ്ക്കാരികവേദി, പാട്യം പുതിയതെരു
6 ഇന്ദിരാജി സ്മാരക ആർട്സ് & സ്പോർട്സ് ക്ലബ്, പൂവത്തൂർ
7 യുവചേതന ആർട്സ് ക്ലബ്, കിഴക്കെ കതിരൂർ
8 മൽസര, കൊട്ടയോടി
9 യുവകലാ കായികവേദി, മുതിയങ്ങ
10 ശ്രീനാരായണ കലാകായികവേദി, മുതിയങ്ങ
11 പാട്യംഗോപാലൻ സ്മാരക സ്പോർട്സ് ക്ലബ്, ചീരാറ്റ
12 ബ്രദേർസ് ആർട്സ & സ്പോർട്സ് ക്ലബ് ചീരാറ്റ
13 ഗാന്ധിസ്മാരക കലാസമിതി, ചെറുവാഞ്ചേരി
14 ശ്രീനാരായണ ആർട്സ് ക്ലബ്. പൂവത്തൂർ
15 വീരപഴശ്ശി ആർട്ട്സ് & സ്പോർട്ട്സ് കണ്ണവം കോളനി
16 പ്രസ്റ്റീജ്, പാട്യം
17 യുവശക്തി തിയേറ്റേർസ്, കാര്യാട്ടുപുറം
18 ഗാണ്ഡീവം, കണ്ണവംകോളനി
19 ഫിനിക്സ്, ഓട്ടച്ചിമാക്കൂൽ
20 ജ്വാല, കൊട്ടയോടി
21 പാട്യം ഗോപാലൻ സ്മാരക ആർട്ട്സ് & സ്പോർട്ട്സ് ക്ലബ്, കാര്യാട്ടുപുറം
22 ചന്ദ്രൻ സ്മാരക ക്ലബ്, ചീരാറ്റ

ഇവ കൂടാതെ സ്റ്റഡിസർക്കിളുകളും, ബാലവേദികളും, മഹിളാസമാജങ്ങളും സാംസ്ക്കാരികസന്ദേശം പരത്തുന്നു,

മാമ്പഴത്തിനായി കാത്ത് നിൽക്കുന്ന കുട്ടിയും 'അണ്ണാരക്കണ്ണാ പൂവാല ഒരു പൂള് മാങ്ങ കടം തായൊ' തുടങ്ങിയ നാടൻ ശീലുകളും അപ്രത്യമായി. മണ്ണപ്പം ചുട്ടുകളിച്ചും, അച്ഛനുമമ്മയുമായികളിച്ചും വളർന്ന തലമുറയുടെ മക്കൾ ഇന്ന് കളിപ്പാട്ട സംസ്കാരത്തെ പുണരുന്നതാണ് കാണുന്നത്.

പാട്യത്ത് 'പാട്യം ഗോപാലൻ മെമ്മോറിയൽ മിനിസ്റ്റേഡിയം' ഉണ്ട്. കനാലിന്റെ ഭാഗങ്ങളും, വയലുകളും, സ്ക്കൂൾ ഗ്രൗണ്ടുകളും കളിക്കായി ഉപയോഗിക്കുന്നു. കൊട്ടയോടിയിൽ ഒരു ജിംനേഷ്യ കേന്ദ്രവും, കോങ്ങാറ്റയിലും, വേളായിലും. പാച്ചപ്പൊയിലും കളരിയും നടത്തപ്പെടുന്നു. ഇവിടെ കരാട്ടെ സ്ക്കൂളുകൾ ഇല്ല. എങ്കിലും ചില പ്രദേശങ്ങളിൽ വെച്ച് കരാട്ടെ പരിശീലനം നൽകുന്നുണ്ട്. കായികരംഗത്ത് സ്ത്രീ പ്രാതിനിധ്യം വളരെ കുറവാണ്. കണ്ണവം കോളനിയിലും, മുണ്ടയാടും വർഷം തോറും വോളിബാൾ മൽസരം നടന്നുവരുന്നു. പാട്യം ഗോപാലൻ മെമ്മോറിയൽ ക്ലബ്ബ് കൊട്ടയോടിയുടെ നേതൃത്വത്തിൽ 1992 ഏപ്രിലിൽ നടത്തിയ അഖിലേന്ത്യാ യൂത്ത് വോളിബാൾ മൽസരം ഈ ഗ്രാമത്തിന് എന്നും ഓർമ്മിക്കത്തക്കതായ അനുഭവമായിരിക്കും.

പ്രശ്നങ്ങൾ

1 ആനുകാലികങ്ങൾക്കാവശ്യമായ പണവും കറണ്ട് ചാർജും വഹിക്കുന്നത്കൊണ്ട് സാംസ്കാരിക സ്ഥാപനങ്ങൾ സാമ്പത്തിക പ്രശ്നങ്ങൾ നേരിടുന്നുണ്ട്.
2 കലാ-സാംസ്കാരിക രംഗം പ്രൊൽസാഹജനകമല്ല.
3 കലാവാസനയുള്ള കുട്ടികളുടെ വളർച്ച ഇല്ലാതാവുന്നത് സാമ്പത്തിക പരാധീനതകൊണ്ടാണ്.
4 നാടൻപാട്ടുകളും, നാടൻകലകളും അന്യംനിന്നുപോകുന്നു.

5 സാമ്പത്തിക പരാധീനത കാരണം കലാ-സമിതികളും നടത്തിക്കൊണ്ട് പോകാനാവുന്നില്ല.

6 ഗൗരവവായന കുറഞ്ഞു വരുന്നു.

7 സാസ്കാരിക കേന്ദ്രങ്ങളും രാഷ്ട്രീയവൽക്കരിക്കപ്പെടുന്നു.

8 കായിക-വിനോദ സൗകര്യങ്ങളുടെ അപര്യാപ്തത.

9 വിവാഹാദി ചടങ്ങളുടെ വർദ്ധിച്ച് വരുന്ന ആർഭാടം.

സാധ്യതകൾ

1 ഗ്രന്ഥാലയങ്ങളുടെ ആനുകാലിക പ്രസിദ്ധീകരണങ്ങൾക്ക് വേണ്ടിയുള്ള ചെലവും കരണ്ടുചാർജു ജധകീയസംഭാവനവഴി പരിഗണിക്കുന്നത് നന്നായിരിക്കും.

2 സർഗ്ഗ വാസനയുള്ള കുട്ടികൾക്ക് കലാപഠനത്തിന് സ്കോളർഷിപ്പുകൾ നൽകാവുന്നതാണ്.

3 കലാ-മൽസരങ്ങൾക്ക് വേദിയൊരുക്കുവാൻ സാംസ്കാരിക സ്ഥാപനങ്ങൾ പ്രദ്ധീക്കേണ്ടതുണ്ട്.

4 സാംസ്കാരിക സ്ഥാപനങ്ങൾക്ക് ഇലക്ട്രാണിക്ക് മാധ്യമങ്ങൾ ലഭ്യമാക്കുന്നത് ഗുണകരമായിരിക്കും.

5 നഷ്ടപ്പെട്ട കൃഷി സ്ഥലങ്ങൾ വീണ്ടെടുക്കുന്നതോടൊപ്പം നാടൻ കലകൾ പുനരുജ്ജീവിപ്പിക്കാം.

6 പഞ്ചായത്തിന്റെ ഹൃദയഭാഗമായ കൊട്ടയോടിയിൽ ഒരു കമ്യൂണിറ്റിഹാളും കല്യാണമണ്ഡപവും നിർമ്മിച്ച് വിവാഹ ചിലവും ആർഭാടവും കുറക്കാവുന്നതാണ്.

7 വായനശീലം പ്രോൽസാഹിപ്പിക്കുന്നതിന് 'സഞ്ചരിക്കുന്ന ലൈബ്രറി' കൾക്ക് രൂപം നൽകാവുന്നതാണ്.

8 കലാ-കായിക പരിശീലനകേന്ദ്രങ്ങൾ ആരംഭിക്കാവുന്നതാണ്.

9 വായനശാലകൾ കേന്ദ്രീകരിച്ച്കൊണ്ട് 'വായനാഗ്രൂപ്പ്' രൂപീകരിക്കാവുന്നതാണ്.

10 കുട്ടികളുടെ ലൈബ്രറി സ്ഥാപിക്കാവുന്നതാണ്.

★



സഹകരണം

പാടൃം ഗ്രാമ പഞ്ചായത്തിലെ ആദ്യത്തെ സഹകരണ സംഘാപനം പാടൃം സർവ്വീസ് സഹകരണ ബേങ്ക് ആണ് 1951 ഫെബ്രവരി 11ന് ഐക്യനാണയ സംഘം ആയി ആരംഭിച്ച് 1952 ൽ സഹകരണസംഘമായും പിന്നീട് സഹകരണ ബേങ്കുമായി മാറി ഇപ്പോഴും പാടൃം പഞ്ചായത്തിൽ പാടൃം സർവ്വീസ് സഹകരണ ബേങ്ക്, കൂത്തുപറമ്പ് അർബൻ ബേങ്കിന്റെ ഒരു ശാഖ (ചെറുവാഞ്ചേരി) പാടൃം വനിതാ സഹകരണ സംഘം, പൂക്കോട് വനിതാ സഹകരണ സംഘം, പാടൃം കരിങ്കൽ തൊഴിലാളി വ്യവസായ സഹകരണ സംഘം, പാടൃം വനിതാ സഹകരണ പ്രസ്, പാടൃം കൗഷീരോൽപാദക സഹകരണ സംഘം, കണ്ണവം ഗിരിജൻ സൊസൈറ്റി, 5 സ്കൂളും സഹകരണ സംഘങ്ങളും അടക്കം 13 സഹകരണ സ്ഥാപനങ്ങളും പ്രവർത്തിച്ചു വരുന്നു. 1951 മുതൽ 1974 വരെ പാടൃം സർവ്വീസ് ബേങ്ക് എന്ന ഒരു സഹകരണ സ്ഥാപനം മാത്രമാണ് പാടൃം പഞ്ചായത്തിൽ പ്രവർത്തിച്ചിരുന്നുള്ളു. 1974ൽ കണ്ണവം ഗിരിജൻ സൊസൈറ്റി നിലവിൽ വന്നു. 80ന് ശേഷമാണ് സഹകരണരംഗത്ത് പുതിയ സംഘങ്ങളും രൂപീകരിക്കാനുള്ള ശ്രമംനടന്നുവന്നത് പക്ഷെ രൂപീകരിക്കപ്പെട്ട ചില സംഘങ്ങളും ഏതാനും വർഷം മാത്രമെ പ്രവർത്തനം നടത്തിയിട്ടുള്ളു. പാടൃം നെയ്ത്ത് തൊഴിലാളി സഹകരണ സംഘം, സഹകരണ കേൻറീൻ, മാർക്കറ്റിങ്ങ് സൊസൈറ്റി എന്നിവ പ്രവർത്തനം നിലച്ച സംഘങ്ങളാണ്. ഇതിൽ നെയ്ത്ത് സൊസൈറ്റി ലിക്യുഡേറ്റ് ചെയ്യപ്പെടുകയുംചെയ്തു ചില സംഘങ്ങളും റജിസ്റ്റർ ചെയ്യപ്പെട്ടെങ്കിലും പ്രവർത്തനം ആരംഭിക്കാതെ നിൽക്കുന്ന സ്ഥിതിയും ഉണ്ട് കൊട്ടയോടി കൺസ്യൂമർ സ്റ്റോർ കിഴക്കെകതിരൂർ കൺസ്യൂമർ സ്റ്റോർ പാടൃം കേൻറീൻ സൊസൈറ്റി എന്നിവ പ്രവർത്തനം ആരംഭിക്കാത്ത സംഘങ്ങളാണ്.

● ക്രെഡിറ്റ് സംഘങ്ങൾ

ക്രെഡിറ്റ് സംഘങ്ങളിൽ പ്രധാനപ്പെട്ടത് പാടൃം സർവ്വീസ് കോ ഓപ്പറേറ്റീവ് ബേങ്ക് ആണ്. 1951 ൽ ആരംഭിച്ച ബേങ്കിന് എല്ലാ മെമ്പർ മാരുടെയും ആവശ്യങ്ങളും പൂർണ്ണമായും നിർവ്വഹിക്കാൻ കഴിയാറില്ല. ബേങ്കിന്റെ സ്വന്തം ഫണ്ടും ജില്ലാ ബേങ്കിൽ നിന്ന് വിവിധ ആവശ്യങ്ങൾക്കായി അനുവദിക്കുന്ന ഫണ്ടുമാണ് മെമ്പർമാർക്ക് കടമായി നൽകുന്നത്. എന്നാൽ ഡപ്പോസിറ്റിന്റെ വർദ്ധനവ് മെമ്പർമാരുടെ ആവശ്യവുമായി തട്ടിച്ചു നോക്കുമ്പോഴും പരിമിതമാണ്. നിക്ഷേപങ്ങളും പരമാവധി സമാഹരിക്കാൻ കഴിഞ്ഞാൽ ഒരളവോളം മെമ്പർമാരുടെ ആവശ്യങ്ങളും പരിഹരിക്കാൻ കഴിയും. അതുപോലെ മെമ്പർമാർ എടുത്തലോൺ കൃത്യസമയത്ത് തിരിച്ചടക്കുന്നതിൽ കാണിക്കുന്ന വിമുഖതയും ബേങ്കിന്റെ പ്രവർത്തനത്തെ സാരമായി ബാധിക്കുന്നുണ്ട്. വാഴ, കവുങ്ങ്, തെങ്ങ്, എന്നിവയ്ക്കുള്ള കാർഷിക വായ്പ, സ്വർണ്ണപ്പണയവായ്പ, പശുവിനെ വളർത്താനുള്ള വായ്പ, കിണർ, പമ്പ്സെറ്റ്വായ്പ ഐ. ആർ. ഡി. പി. പദ്ധതി പ്രകാരമുള്ളവായ്പ കുട്ടികളുടെ വിദ്യാഭ്യാസത്തിനുള്ള വായ്പ, കൺസ്യൂമർ വായ്പ, വീട് റിപ്പേറിനുള്ള വായ്പ, വ്യക്തിഗത വായ്പ എന്നിങ്ങനെയുള്ള വായ്പാപദ്ധതികളാണ് ഇപ്പോഴും നിലവിലുള്ളത്. ബേങ്ക് കുറച്ചുകാലം നഷ്ടത്തിലാണ് പ്രവർത്തിച്ചതെങ്കിലും ഇപ്പോഴും മൂന്ന്വർഷങ്ങളായി ലാഭത്തിലാണ്പ്രവർത്തിക്കുന്നത്. കൂടതൽ ഡപ്പോസിറ്റ് സംഭരിച്ച് പുതിയവായ്പാ പദ്ധതികളും ആവിഷ്കരിച്ച് വിശാലമായ മേഖലകളിലേക്ക് ബേങ്കിന്റെ പ്രവർത്തനം വ്യാപിപ്പിക്കാൻ സാധിക്കണം. ഇപ്പോഴും ബാങ്കിന് ഒരു ശാഖ ചീരാറ്റയിൽ ആരംഭിക്കാനുള്ള പ്രവർത്തനം നടന്നുവരികയാണ്. കാര്യാട്ടുപുറം,കിഴക്കെകതിരൂർ, ചെറുവാഞ്ചേരി എന്നീ സ്ഥലങ്ങളിൽ ബേങ്കിന് ശാഖകളും തുറക്കാനുള്ള സാധ്യത ഉണ്ട്. ഈ സാധ്യത ഉപയോഗപ്പെടുത്തി ശാഖകളും തുറന്ന് ഡപ്പോസിറ്റ് വർദ്ധിപ്പിക്കാനും. അതുപോലെ ജനങ്ങളുടെ ബേങ്കിടപാടിനുള്ള സൗകര്യങ്ങളും വർദ്ധിപ്പിക്കാനും സാധിക്കണം.

കൂത്തുപറമ്പ് അർബൻ ബേങ്കിന്റെ ഒരു ശാഖ ചെറുവാഞ്ചേരിയിൽ 1996 സപ്തമ്പർ മാസം മുതൽ ആരംഭിച്ചിട്ടുണ്ട്.

പട്ടിക–1

നമ്പർ	സ്ഥാപനത്തിന്റെ പേര്	ആരംഭിച്ച വർഷം	അംഗങ്ങളുടെ എണ്ണം	ജീവനക്കാർ പു	ജീവനക്കാർ സ്ത്രീ	മറ്റുള്ളവർ പു	മറ്റുള്ളവർ സ്ത്രീ	നിക്ഷേപം	പ്രവർത്തന മൂലധനം	വായ്പകം കാർഷികം	വായ്പകം കാർഷികേതരം	ലാഭം/നഷ്ടം
1	പാടൃം സർവ്വീസ് കോ-ഓപ്പറേറീവ് ബേങ്ക്	1951	6929	11	—	3	—	11849505	1,50,00,000	2166616	1,64,95,047	ലാഭം
2	അർബൻ ബേങ്ക് (ചെറുവാഞ്ചേരി ശാഖ)	വിവരങ്ങൾ ലഭ്യമല്ല										

പ്രധാന പ്രശ്നങ്ങൾ

1 ഫണ്ടിന്റെ ദൗർലഭ്യം.

2 ലോൺ തിരിച്ചടക്കുന്നതിൽ കാണിക്കുന്ന വിമുഖത

സാധ്യത

1 ചെറുവാഞ്ചേരി, കാര്യാട്ടുപുറം, കിഴക്കേ കതിരൂർ എന്നിവിടങ്ങളിൽ ബ്രാഞ്ച് തുറക്കാൻ സാധ്യതയുണ്ട്.

2 ഡയരക്ടർ ബോർഡിന്റേയും. ജീവനക്കാരുടെയും കൂട്ടായ പരിശ്രമത്തിലൂടെ ഡപ്പോസിറ്റ് വർദ്ധിപ്പിക്കാൻ കഴിയും.

പട്ടിക–2

നമ്പർ	സ്ഥാപനത്തിന്റെ പേര്	ആരംഭിച്ച വർഷം	അംഗങ്ങളുടെ എണ്ണം	ജീവനക്കാർ പു.	ജീവനക്കാർ സ്ത്രീ	മറ്റുള്ളവർ പു.	മറ്റുള്ളവർ സ്ത്രീ	പ്രവർത്തന മൂലധനം	ലാഭം/നഷ്ടം
1	പാടൃം കരിങ്കൽ തൊഴിലാളി സഹകരണസംഘം	1984	150	4	1	—	—	1,17,375	നഷ്ടം
2	പാടൃം വനിതാ സഹകരണ പ്രസ്	1996	44	2	—	—	4	1,80,000	നഷ്ടം

● വ്യവസായ സഹകരണ സംഘങ്ങൾ

പാടൃം കരിങ്കൽ തൊഴിലാളി വ്യവസായ സഹകരണസംഘം

പാടൃം പഞ്ചായത്തിൽ രണ്ട് വ്യവസായ സഹകരണ സംഘങ്ങളാണ് ഇപ്പോൾ പ്രവർത്തിക്കുന്നത്. പാടൃം കരിങ്കൽ തൊഴിലാളി സഹകരണ സംഘവും പാടൃം വനിതാ പ്രസ്സും 1984ൽ ആരംഭിച്ച കരിങ്കൽ തൊഴിലാളി വ്യവസായ സഹകരണ സംഘത്തിൽ 150മെമ്പർമാരും 117375 പ്രവർത്തന മൂലധനവും ഉണ്ട്. വേണ്ടത്ര തൊഴിലാളികളെ ലഭ്യമല്ല എന്നത് ഈ സംഘത്തിന്റെ പ്രവർത്തനത്തെ സാരമായി ബാധിക്കുന്നു. അതുപോലെ കരിങ്കൽ പൊട്ടിക്കുന്ന സ്ഫോടക വസ്തുക്കൾ സ്വകാര്യ വ്യക്തികളോട് കരാർവ്യവസ്ഥയിൽ വാങ്ങുന്നതാണ്. അതുകൊണ്ട് തന്നെ അത്തരം സ്വകാര്യ വ്യക്തികളുടെ സഹായമില്ലാതെ സംഘത്തിന് മുന്നോട്ട് പോവാൻ സാധിക്കില്ല തൊഴിലാളികളിൽ വലിയ വിഭാഗം തമിഴ് നാട്ടിൽ നിന്ന് വന്ന് ഇവിടെ ജോലിചെയ്യുന്നവരാണ്. സംഘത്തിന്റെ രൂപീകരണവും പ്രവർത്തനവും ഈ മേഖലയിലെ തൊഴിലാളികളെ സംബദ്ധിച്ചിടത്തോളം അവരുടെ സേവന വേതന നിലവാരത്തിൽ ഗണ്യമായ പുരോഗതി ഉണ്ടാക്കി എന്നത് നിസ്തർക്കമായ വസ്തുതയാണ്. പി. എഫ്, ഗ്രാറ്റുവിറ്റി, ലീവ് വിത്ത് വെയിജസ് ഉപകരണ അലവൻസ് ചികിൽസ സഹായം എന്നിവസംഘത്തിലെ തൊഴി

ലാളികരംക്ക് ഏർപ്പെടുത്തിയിട്ടുണ്ട്. സംഘം ഉൽപാദിപ്പിക്കുന്ന ജല്ലിയും, ബോളറും മാത്രം കൊണ്ട് സംഘത്തെ സമീപിക്കുന്ന ഉപഭോക്താക്കളെ തൃപ്തിപ്പെടുത്താൻ കഴിയില്ല. അതു കൊണ്ട് കമ്മീഷൻ വ്യവസ്ഥയിൽ സ്വകാര്യ ഉൽപാദകരിൽ നിന്നും ജല്ലിയും, ബോളറും സംഘം വാങ്ങിക്കാറുണ്ട്. സംഘത്തിന് 2 ലോറികളും സ്വന്തമായി ഉണ്ട്.

പാടൃം വനിതാ സഹകരണ പ്രസ്

1996ൽ ആരംഭിച്ച ഈ സ്ഥാപനം ഇപ്പോൾ നല്ലനിലയിൽ പ്രവർത്തിച്ചുവരുന്നു. കുറെ കൂടി സൗകര്യപ്രദമായ ഒരു കെട്ടിടത്തിൽ സ്ഥാപനം മാറ്റി പ്രവർത്തനം വിപുലീകരിക്കേണ്ടതുണ്ട്. നല്ല വികസന സാധ്യത ഇതിനുണ്ട്.

കണ്ണവം ഗിരിജൻ സൊസൈറ്റി

വിപുലമായ പ്രവർത്തന പരിധിയുള്ള ഒരു സംഘമാണ് ഇത്. മാത്രമല്ല വനവിഭവങ്ങൾ ശേഖരിക്കുന്നതിനും വിൽപന നടത്താനും അധികാരമുള്ള ഈസംഘം വലിയ വികസന സാദ്ധ്യത ഉള്ളതാണ്.

പ്രശ്നങ്ങൾ

1. മൂലധനത്തിന്റെ അപര്യാപ്തത
2. കാര്യക്ഷമമായ മേനേജ്മെൻറിന്റെ അഭാവം.
3. മെമ്പർമാരുടെ നിസംഗത,

സാധ്യത

1. വനവിഭവങ്ങളുടെ ശേഖരണം കാര്യക്ഷമമാക്കി വരുമാനം വർദ്ധിപ്പിക്കാൻ സാധിക്കും.
2. സർക്കാരിൽ നിന്ന് ഗ്രാൻറ് കിട്ടുന്നതിനുള്ള ധാരാളം സാധ്യതകളും ഉണ്ട്.
3. ഗിരിജൻ മേഖലകളിലെ വികസന പ്രവർത്തനങ്ങൾ കരാർഅടിസ്ഥാനത്തിൽ ഏറെടുത്തുനടത്താൻ സാധിക്കും.

പാടൃം ക്ഷീരോൽപാദക സഹകരണസംഘം

പാടൃം പഞ്ചായത്ത് മുഴുവൻ പ്രവർത്തന പരിധിയുള്ള ഈസംഘത്തിന്റെ പ്രവർത്തനം പഞ്ചായത്തിൽ മുഴുവൻ വ്യാപിച്ചു എന്നുപറയാൻ പറ്റില്ല. 1995-96 വർഷത്തിൽ 406551 ലിറ്റർ പാൽ ശേഖരിച്ചെങ്കിലും 72000ലിറ്റർ പാൽ മാത്രമാണ് പാടൃം പഞ്ചായത്തിൽ വിറ്റഴിച്ചത്. ശേഷിച്ച 334551 ലിറ്റർ പാലും മറ്റു പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലുമാണ് വിറ്റഴിച്ചത് അതുപോലെ ശേഖരിച്ച പാലിന്റെ ഗണ്യമായ ഭാഗം മറ്റ് പഞ്ചായത്തുകളിൽ നിന്നും ശേഖരിച്ചതാണ്. സംഘത്തിന്റെ കീഴിൽ ഒരു കൂംബാർ പാടൃം കൊട്ടയോടിയിൽ പ്രവർത്തിക്കുന്നു. കാലിത്തീറ്റ വിതരണം സംഘത്തിലൂടെ നടക്കുന്നുണ്ട്. സംഘത്തിൽ ഒരു സ്ഥിരം വെറ്റ്നറി ഡോക്ടർ ഉണ്ട്. ഡോക്ടറുടെ സേവനം അംഗങ്ങൾക്ക് സൗജന്യമായി ലഭിക്കുന്നു.

വനിതാ സഹകരണ സംഘങ്ങൾ

വനിതാ സഹകരണ സംഘങ്ങൾ എന്നനിലയിൽ കഡിറ്റ് മേഖലയിൽ 2 സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്. 1992ലും. 1994ലും ആരംഭിച്ച ഈ സംഘങ്ങളുടെ പ്രവർത്തനം ഡെയ്ലി ഡപ്പോസിറ്റ് കലക്ഷനും, അതിൽ നിന്ന് ലോൺ നൽകലും മാത്രമാണ്. മറ്റ് യാതൊരു പ്രവർത്തനവും ഈ രണ്ട് സ്ഥാപനവും നടത്തുന്നില്ല.

പട്ടിക-3

നമ്പർ	സ്ഥാപനത്തിന്റെ പേര്	ആരംഭിച്ച വർഷം	അംഗങ്ങളുടെ എണ്ണം	ജീവനക്കാർ		മറ്റുള്ളവർ		പ്രവർത്തന മൂലധനം	ലാഭം/ നഷ്ടം
				പു.	സ്ത്രീ	പു.	സ്ത്രീ		
1	കണ്ണവം ഗിരിജൻ സൊസൈറ്റി	1974	635	2	—	—	—	1,00,738	നഷ്ടം
2	പാടൃം ക്ഷീരോൽപാദക സഹകരണ സംഘം	1987	246	4	1	6	—	20000	ലാഭം
3	പാടൃം വനിതാ സഹകരണസംഘം	1992	235	—	1	—	3	50080	ലാഭം
4	പൂക്കോട് വനിതാ സഹകരണ സംഘം	1994	268	—	1	—	2	1,80,000	ലാഭം

നിലവിൽ പ്രവർത്തനം നിലച്ചുപോയ സംഘങ്ങൾ

1. പാടൃം മാർക്കറ്റിങ്ങ് സഹകരണ സംഘം
2. പാടൃം നെയ്ത്തു തൊഴിലാളി സഹകരണ സംഘം
3. പാടൃം ദിനേശ് ബീഡി തൊഴിലാളി സഹകരണ കേൻറീൻ

റജിസ്ട്രേഷൻ ലഭിച്ചെങ്കിലും പ്രവർത്തനം ആരംഭിക്കാത്ത സംഘങ്ങൾ

1. പാടൃം കേൻറീൻ സഹകരണസംഘം
2. കിഴക്കേകതിരൂർ സഹകരണ സ്റ്റോർ
3. കൊട്ടയോടി സഹകരണസ്റ്റോർ

(ആസ്ഥാനമോ, പ്രവർത്തനമോ ഇല്ലാത്തതു കൊണ്ട് വിവരങ്ങൾ ലഭ്യമല്ല)

● സ്ക്കൂൾ സഹകരണ സംഘങ്ങൾ

സ്ക്കൂൾ കുട്ടികൾക്ക് പുസ്തകങ്ങൾ എത്തിച്ചുകൊടുക്കുക എന്നപ്രവർത്തനം മാത്രം നടത്തുന്ന മെയ് മാസം മുതൽ ജൂലായ് മാസം വരെ മാത്രമാണ് സാധാരണ ഈ സംഘങ്ങളുടെ പ്രവർത്തനം.

പട്ടിക_4

നമ്പർ	സ്ഥാപനത്തിൻെറ പേര്	ഓഹരി മൂലധനം	ജീവനക്കാർ
1	പാടൃം ഗവൺമെൻറ് ഹൈസ്ക്കൂൾ	6100	
2	പാടൃം ഗോപാലൻ മെമ്മോറിയൽ പഞ്ചായത്ത് ഹൈസ്ക്കൂൾ	5000	
3	സൗത്ത് പാടൃം യു. പി. സ്ക്കൂൾ	5000	ജീവനക്കാരില്ല
4	ശങ്കരവിലാസം യു. പി. സ്ക്കൂൾ	5000	
5	ചെറുവാഞ്ചേരി യു. പി. സ്ക്കൂൾ	6120	

പൊതു നിർദ്ദേശങ്ങൾ

1. കാർഷികവായ്പക്ക് നീക്കിവെക്കുന്ന സംഖ്യ വർദ്ധിപ്പിക്കുകയും പലിശയിൽ ഇളവ് അനുവദിക്കുകയും ചെയ്യുക
2. വായ്പാ നിബന്ധനകൾ ലഘൂകരിക്കുക
3. ചെറുകിടവ്യവസായങ്ങൾക്കും, സ്വയംതൊഴിൽ കണ്ടെത്തുന്നതിനും ചുരുങ്ങിയ പലിശയ്ക്ക് കൂടം നൽകുക
4. വീട് നിർമ്മാണത്തിന് വായ്പ നൽകാൻ ഒരു ഹൗസിങ്ങ്സൊസൈറ്റി രൂപീകരിക്കുക
5. റജിസ്ട്രേഷൻ ലഭിച്ചിട്ടും ആരംഭിക്കാത്ത സഹകരണ സ്റ്റോറുകൾ അടിയന്തിരമായും ആരംഭിക്കുക.
6. സ്ക്കൂൾ സഹകരണ സംഘങ്ങൾ കുട്ടികൾക്ക് ആവശ്യമായ കുട, യൂനിഫോം, മറ്റ് സ്റ്റേഷനറി സാധനങ്ങൾ എന്നിവകൂടി വിതരണം ചെയ്യാൻ വേണ്ട നടപടികൾ സ്വീകരിക്കണം.

പൊതുജനാരോഗ്യവും കുടിവെള്ളവും

പൊതുജനാരോഗ്യം

ലോകാരോഗ്യ സംഘടനയുടെ പ്രഖ്യാപിത ലക്ഷ്യങ്ങളിൽ ഏറ്റവും പ്രധാനം ''രണ്ടായിരമാണ്ടോടെ എല്ലാവർക്കും ആരോഗ്യം'' എന്നതാണ്. ഈ മേഖലയിൽ ദേശീയ തലത്തിൽ ലക്ഷ്യമിട്ടിട്ടുള്ള പല കാര്യങ്ങളും ഇതിനകം നാം നേടിക്കഴിഞ്ഞിട്ടുണ്ട്. വൈദ്യ–സാമൂഹിക–ശാസ്ത്ര മേഖലകളിൽ ഇതിനെ 'കേരള മോഡൽ' എന്നു വിശേഷിപ്പിക്കുന്നു, എങ്കിലും നാം ഒട്ടനവധി ആരോഗ്യ പ്രശ്നങ്ങളെ അഭിമുഖീകരിക്കേണ്ടി വരുന്നു. മാത്രവുമല്ല നമ്മുടെ പൊതുജനാരോഗ്യ സംവിധാനമൊക്കെ പ്രതിസന്ധിയിലാണ്താനും ഇതിൽനിന്നും ഒട്ടും വിഭിന്നമല്ല നമ്മുടെ പഞ്ചായത്തിലെ പൊതുജനാരോഗ്യ സ്ഥിതിയും.

മരണനിരക്ക് കുറച്ച് കൊണ്ട് വരുവാനും ആയുർദൈർഘ്യം വർദ്ധിപ്പിക്കാനും കഴിഞ്ഞെങ്കിലും രോഗാതുരതയുടെ കാര്യത്തിൽ വർദ്ധനവാണ് ഉണ്ടാകുന്നത്. ഒരു ഭാഗത്ത് ദരിദ്ര രോഗങ്ങൾ എന്ന് വിശേഷിപ്പിക്കുന്ന പകർച്ച വ്യാധികളും മറുഭാഗത്ത് സമൃദ്ധിയുടേതെന്ന് വിളിച്ചു വരുന്ന രോഗങ്ങളും പഞ്ചായത്തിൽ വർദ്ധിച്ചു വരുന്നു. പരാദരോഗങ്ങൾ, വയറിളക്കരോഗങ്ങൾ, മഞ്ഞപ്പിത്തം, നിയന്ത്രിക്കപ്പെട്ടു എന്നു കരുതിയ മലേറിയ, കോളറ തുടങ്ങിയ രോഗങ്ങളും ഇവിടെ കണ്ടു വരുന്നു. മാത്രമല്ല ഈ നൂറ്റാണ്ടിന്റെ മഹാമാരിയായ എയ്ഡ്സ് [AIDS] നമ്മുടെ പഞ്ചായത്തിലും എത്തിയിരിക്കുന്നു. രക്തസമ്മർദ്ദം, ഹൃദയ സംബന്ധമായ രോഗങ്ങൾ, പ്രമേഹം, കാൻസർ തുടങ്ങിയ രോഗങ്ങളും വർദ്ധിച്ചുവരുന്നതായി കാണുന്നു. മഞ്ഞപ്പിത്തം, പൊട്ടി, കുരുവാൻ, മിണ്ടിവീക്കം തുടങ്ങിയ പകർച്ച വ്യാധികൾ കാലാവസ്ഥാ ഭേദങ്ങൾക്കനുസരിച്ച് കാണപ്പെടുന്നു.

ലോകാരോഗ്യ സംഘടനയുടെ കണക്കനുസരിച്ച് ഇന്ത്യയിൽ ഏറ്റവും കുറഞ്ഞ കലോറി ഊർജ്ജം അടങ്ങിയ ആഹാരം കഴിക്കുന്നവരാണ് കേരളീയർ. നമ്മുടെ പഞ്ചായത്തിലെ ജനങ്ങളും ഇതിൽ നിന്നും വിഭിന്നരല്ല. സാമ്പത്തിക ശേഷിയുള്ള കുടുംബങ്ങളിൽ പോലും പോഷക കുറവ് കാണുന്നു. പോഷണ കുറവ് എല്ലാ പ്രായത്തിലുള്ളവരിലും കണ്ടു വരുന്നു. വിളർച്ചരോഗം, കുട്ടികളിലെ നിശാന്ധത വളർച്ചാ മുരടിപ്പ്, പ്രായത്തിനനുസരിച്ച് തൂക്കമില്ലായ്മ പല തരത്തിലുള്ള പോഷക വൈകല്യ രോഗങ്ങളും കണ്ടുവരുന്നു.

ഏകദേശം 4780 വീടുകളിലായി 30000 ത്തോളം ജനങ്ങൾ നമ്മുടെ പഞ്ചായത്തിലുണ്ട്. ഇതിൽ 15000ത്തോളം സ്ത്രീകളാണ്. ജനനത്തേക്കാൾ താഴ്ന്ന മരണ നിരക്ക് ജനസംഖ്യാ വർദ്ധനവിന് കാരണമായി കൊണ്ടിരിക്കുന്നു. ഈ നൂറ്റാണ്ട് അവസാനിക്കുമ്പോൾ 20%ത്തോളം ജനങ്ങൾ അറുപത് വയസിന് മുകളിലുള്ളവരായിരിക്കും. ഇത് വലിയൊരു ആരോഗ്യ–സാമൂഹിക പ്രശ്നത്തിന് കാരണമായി തീർന്നേക്കാം. ചാപിള്ള ജനനവും ശിശുമരണ നിരക്കും വളരെ താഴ്ന്ന നിലയിലാണ് എന്നത് നമ്മുടെ മാതൃ–ശിശു സംരക്ഷണ പ്രവർത്തനങ്ങളുടെ കാര്യക്ഷമതയെ കാണിക്കുന്നു. നമ്മുടെ പഞ്ചായത്തിൽ രണ്ടിൽ കൂടുതൽ കുട്ടികളുള്ള അമ്മമാരുടെ എണ്ണം 1766ഉം ഇവരിൽ സ്ഥിരമായി കുടുംബാസൂത്രണ മാർഗ്ഗം സ്വീകരിച്ചവർ 1516ഉം ഒരു കുട്ടി മാത്രം ഉണ്ടായിട്ടും 20% ദമ്പതിമാർ താൽകാലിക കുടുംബാസൂത്രണ മാർഗ്ഗങ്ങളും സ്വീകരിച്ചു വരുന്നു.

കഴിഞ്ഞ മൂന്ന് വർഷത്തെ ജനനമരണ വിവരങ്ങൾ:

വർഷം	ജനനം	മരണം	ചാപിള്ള
1993–94	182	67	2
1994–95	178	56	1
1995-96	118	51	ഇല്ല

പി. എച്ച്. സി. [പ്രാഥമിക ആരോഗ്യകേന്ദ്രം]

ഒരു പഞ്ചായത്തിന്റെ പൊതുജനാരോഗ്യ സംവിധാനത്തിന്റെ കേന്ദ്രബിന്ദു പി. എച്ച്. സി യാണ്. പഞ്ചായത്തിന്റെ കീഴ്ക്ക് വശത്തായി ചെറുവാഞ്ചേരിയിലാണ് നമ്മുടെ പി. എച്ച്. സി സ്ഥിതിചെയ്യുന്നത്. എട്ടാംവാർഡിലും അഞ്ചാം വാർഡിലും രണ്ട് സബ് സെൻറുകളുമുണ്ട്. ആകെ 17 ജീവനക്കാർ പി. എച്ച്. സി. യുടെ കീഴിൽ പ്രവർത്തിച്ചു വരുന്നു. ഒട്ടനവധി പോരായ്മകളിലൂടെയാണ് ഇതിന്റെ പ്രവർത്തനം മുന്നോട്ട് പോകുന്നത്.

രോഗം വന്ന് ചികിൽസിക്കുന്നതിലും പ്രാധാന്യം കൊടുക്കേണ്ടത് രോഗം വരാതിരിക്കാനാണ്. പ്രതിരോധ പ്രവർത്തനങ്ങൾ പി. എച്ച്. സിയിലൂടെ കാര്യക്ഷമമായി നടപ്പിലാക്കേണ്ടിയിരിക്കുന്നു. അതുപോലെ തന്നെ സർക്കാരാശുപത്രിയിൽ നിന്നും, പ്രാഥമിക ആരോഗ്യ കേന്ദ്രത്തിൽ നിന്നും ലഭ്യമാകുന്ന സ്ഥിരവും താൽക്കാലികവുമായ ഗർഭനിരോധന മാർഗങ്ങളിൽ പൊതുജനത്തിന് വിശ്വാസക്കുറവുണ്ട്. പി. എച്ച്. സി യുടെ മേൽനോട്ടത്തിൽ നടത്തപ്പെടുന്ന സ്കൂൾ ഹെൽത്ത്, മഹിളാ സ്വാസ്ത് സംഘ് എന്നിവയുടെ പ്രവർത്തനങ്ങൾ നമ്മുടെ പഞ്ചായത്തിൽ വളരെ മോശമായ അവസ്ഥയിലാണ്. ബോധവൽക്കരണ പ്രവർത്തനവും കുറഞ്ഞ് വരുന്നു. അത്യാവശ്യം വേണ്ടുന്ന ഭൗതിക, മെഡിക്കൽ ഉപകരണ സൗകര്യങ്ങൾ പി. എച്ച്. സി യിൽ ഇല്ലതാനും. കൃത്യമായ വിവര ശേഖരണത്തിന്റെ അഭാവവും കണ്ടു വരുന്നു. പോളിയോ നിർമ്മാർജ്ജന പരിപാടി നമ്മുടെ പഞ്ചായത്തിൽ കാര്യക്ഷമമാണ്. മറ്റു പല രോഗനിർമ്മാർജ്ജന പരിപാടികളും വിജയിപ്പിക്കാൻ ഇത് മാതൃകയാക്കാവുന്നതാണ്.

പി. എച്ച്. സി യിൽ നിന്ന് ലഭ്യമായ കഴിഞ്ഞ മൂന്ന് വർഷത്തെ രോഗങ്ങളുടെ ഏകദേശ കണക്ക്

വർഷം	ജലജന്യ രോഗങ്ങൾ	വായുജന്യ രോഗങ്ങൾ	പ്രാണിജന്യ രോഗങ്ങൾ	എച്ച്. ഐ. വി. പോസിറ്റീവ്	മറ്റുള്ളവ
1993–94	192	22	6	ഇല്ല	4945
1994–95	185	26	8	ഇല്ല	4946
1995–96	177	29	4	1	3890

അംഗവൈകല്യം	എണ്ണം
അന്ധർ:	11
ബധിര മൂകർ:	36
ചലന വൈകല്യം ഉള്ളവർ:	21
മന്ദബുദ്ധികൾ:	18
ആകെ:	86

പ്രശ്നങ്ങൾ:

1 പി. എച്ച്. സി ക്ക് ആവശ്യമായ ഭൗതിക സാഹചര്യം ഇല്ല.

2 ആവശ്യത്തിന് ജീവനക്കാരില്ല.

3 അത്യാവശ്യം വേണ്ടുന്ന മെഡിക്കൽ ഉപകരണങ്ങളുടെയും മരുന്നുകളുടെയും അഭാവം.

4 മെഡിക്കൽ റിക്കാർഡുകളുടെയും സ്ഥിതി വിവരകണക്കുകളുടെയും അഭാവം

5 പ്രതിരോധ, ബോധവൽക്കരണ, കുടുംബാസൂത്രണ പ്രവർത്തനങ്ങളുടെ പോരായ്മകൾ.

6 വർദ്ധിച്ചു വരുന്ന പ്രവർത്തനങ്ങൾക്കനുസൃതമായി സ്വന്തമായി വാഹന സൗകര്യം ഇല്ലാത്തത് ഫീൽഡ് പ്രവർത്തനത്തെ ബാധിക്കുന്നു.

7 പൊതു ജനത്തിന് പി.എച്ച്.സിയിൽ നിന്നും, സബ് സെൻറുകളിൽ നിന്നും ലഭ്യമാകുന്ന

ചികിൽസയോടും, പ്രതിരോധ പ്രവർത്തനങ്ങളോടും, കുടുംബാസൂത്രണ മാർഗങ്ങളോടും താൽപര്യം കുറഞ്ഞുവരികയും സ്വകാര്യ മേഖലയെ അമിതമായി ആശ്രയിക്കുന്ന പ്രവണതയും കാണുന്നു.

8 ജനസംഖ്യാനുപാതികമായി സബ് സെൻറുകളുടെയും ഫീൽഡ് സ്റ്റാഫ് സിന്റെയും അഭാവം.

9 സ്കൂൾ ഹെൽത്ത്, മഹിളാസ്വാസ്ത് സംഘ് എന്നിവയുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമല്ല.

10 കാൻസർ, കുഷ്ഠം തുടങ്ങിയ രോഗ നിർമ്മാർജ്ജന പ്രവർത്തനം പഞ്ചായത്തിൽ കാര്യക്ഷമമല്ല.

11 പോഷകാഹാര വൈകല്യങ്ങൾ എല്ലാ പ്രായക്കാരിലും കണ്ടു വരുന്നു.

12 മുലയൂട്ടാനുള്ള മനോഭാവം കുറഞ്ഞുവരുന്നു. മുലപ്പാലിന്റെ പ്രാധാന്യത്തെക്കുറിച്ചുള്ള വ്യക്തമായ ധാരണ അമ്മമാരിൽ കുറഞ്ഞ് വരികയും ഇത് കുട്ടികളിലെ പോഷക വൈകല്യത്തിന് കാരണമാകുകയും ചെയ്യുന്നു.

13 കിടത്തി ചികിൽസിക്കാനുള്ള സൗകര്യം പി. എച്ച്. സിയിലുണ്ടാകേണ്ടിയിരിക്കുന്നു.

14 അടുത്ത കാലത്തായി കൊതുക് ശല്യം വർദ്ധിച്ചു വരുന്നു.

15 തെരുവ് നായ്ക്കളുടെ ശല്യം കൂടി വരുന്നു.

16 മലേറിയ രോഗം ഇടയ്ക്കിടെ കണ്ട് വരുന്നു.

സാധ്യതകൾ:

1 പി. എച്ച്. സി യുടെ അറ്റകുറ്റപണികൾ നടത്തുക, കോംബൗണ്ട് വാൾ നിർമ്മിക്കുക, അത്യാവശ്യം വേണ്ടുന്ന ഫർണ്ണിച്ചറുകൾ, മെഡിക്കൽ ഉപകരണങ്ങൾ തുടങ്ങിയ സൗകര്യങ്ങൾ പൊതുജന സഹകരണത്തോടെ ചെയ്യാവുന്നതാണ്.

2 പി. എച്ച്. സിയോടനുബന്ധിച്ച് ആരംഭിക്കാനുദ്ദേശിക്കുന്ന 'കെ. സി. മെമ്മോറിയൽ' ആശുപത്രിയുടെ പണി അടിയന്തിരമായി പൂർത്തിയാക്കുക.

3 മൂന്നാം വർഡിലെ പണി പൂർത്തിയായ സബ് സെൻററിന്റെ ഉദ്ഘാടനം അടിയന്തിരമായി നിർവ്വഹിക്കുക.

4 5000 പേർക്ക് ഒരു സബ് സെൻററും ഒരു ജെ. എച്ച്. ഐ– യെയും, 3000 പേർക്ക് ഒരു ജെ. പി. എച്ച് നെയും ആവശ്യമുള്ള സൂപ്പർവൈസർമാരെയും നിയമിക്കുക.

5 പി. എച്ച്. സി യിലും സബ് സെൻററുകളിലും അത്യാവശ്യം വേണ്ടുന്ന മരുന്നുകളും ഡ്രസിംഗ് സാമഗ്രികളും ലഭ്യമാക്കുക.

6 എല്ലാ സബ് സെൻററുകളിൽ വെച്ചും മാസത്തിലൊരിക്കൽ പ്രതിരോധ കുത്തിവെപ്പിനുള്ള സൗകര്യം ഉണ്ടാക്കുക.

7 വർഷത്തിലൊരിക്കൽ കമ്മ്യൂണിറ്റി ഹെൽത്ത് സെൻററിൽ വെച്ച് സ്ഥിരമായ ഗർഭനിരോധന ശാസ്ത്രക്രിയ രീതികളായ ലാപ്രോസ്കോപ്പിക്, വാസക്ടമി, ട്യൂബക്ടമി എന്നീ വന്ധ്യം കരണ ശാസ്ത്രക്രിയ ക്യാമ്പുകൾ സംഘടിപ്പിക്കുക.

8 പി. എച്ച്. സി യിലൂടെയും സബ്സെൻറിലൂടെയും ഗുണമേന്മയുള്ള താൽകാലിക ഗർഭനിരോധന മാർഗങ്ങൾ ലഭ്യമാക്കുക. ഈ മേഖലകളിൽ പൊതുജനത്തിനുള്ള വിശ്വാസകുറവ് പരിഹരിക്കേണ്ടിയിരിക്കുന്നു.

9 വർഷത്തിലൊരിക്കൽ എല്ലാ സ്കൂളുകളിലും ഹെൽത്ത് പരിപാടി നിർബന്ധമായി നടത്തുക. അത്യാവശ്യം വേണ്ടുന്ന മരുന്നുകൾക്കും ടെസ്റ്റുകൾക്കും വേണ്ടുന്ന സഹായങ്ങൾ രക്ഷാകർതൃ സമിതിയുടെ സഹായത്തിൽ ചെയ്യാവുന്നതാണ്.

10 അംഗൻ വാടികളിൽ മെഡിക്കൽ ഓഫീസർമാരുടെയും ഫീൽഡ് സ്റ്റാഫിന്റെയും സന്ദർശനം നടക്കാത്ത അവസ്ഥ ഒഴിവാക്കണം.

11 ഫീൽഡ് വർക്കുകൾ ആവശ്യമായ ജീവനക്കാരെ നിയമിച്ച് കാര്യക്ഷമമാക്കുക.

12 ജെ. പി. എച്ച്. എൻ മാരുടെ മേൽനോട്ടത്തിൽ എല്ലാ വാർഡുകളിലും എം. എസ്. എസിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുക.

13ഓരോ വാർഡിലും പരമാവധി ജനങ്ങളെ പങ്കെടുപ്പിച്ച് മൂന്ന് മാസത്തിലൊരിക്കൽ വിപുലമായ ആരോഗ്യ ക്ലാസ് സംഘടിപ്പിക്കാവുന്നതാണ്

14 തെരുവ് നായ്ക്കളെ നശിപ്പിച്ചും വളർത്തു നായ്ക്കൾക്ക് കുത്തിവെപ്പ് നടത്തിയും പഞ്ചായത്തിനെ പേ വിമുക്തമാക്കുക.

15 വിശദമായ കാൻസർ, ലെപ്രസി നിർണ്ണയവും ആവശ്യമെന്ന് കണ്ടാൽ ചികിൽസയ്ക്കും വേണ്ടുന്ന കാര്യങ്ങൾ പൊതുജന പങ്കാളിത്തത്തോടെ

നടപ്പാക്കേണ്ടിയിരിക്കുന്നു. മലേറിയാ നിർമ്മാർജ്ജനത്തിന് മുന്തിയ പരിഗണന നൽകണം.

16 എയ്ഡ്സിനെതിരെ ശക്തമായ ബോധവൽക്കരണം നടത്തി ജനങ്ങളിലെ ഭീതിയകറ്റണം.

17 എല്ലാ ദേശീയ–രോഗ നിർമ്മാർജ്ജന പരിപാടികളും കാര്യക്ഷമതയോടെ നടപ്പിലാക്കുക. വിറ്റാമിൻ എ, അയേൺ & ഫോളിക് ആസിഡ് ഗുളിക എന്നിവയുടെ വിതരണം സ്കൂളുകളിലൂടെയും ബാലവാടികളിലൂടെയും മുതിർന്ന വർക്ക്വേണ്ടി ഫീൽഡ് സ്റ്റാഫ് മുഖാന്തരം വീടുകളിലെത്തിച്ചും കാര്യക്ഷമമാക്കണം.

18 മുല കൂടിക്കാത്ത കുട്ടികൾക്ക് മുല കുടിക്കുന്ന കുട്ടികളെ അപേക്ഷിച്ച് രോഗ സാധ്യത 30% കൂടുതലാണ് എന്ന വസ്തുതയുടെ വെളിച്ചത്തിൽ മുലയൂട്ടലിന്റെ പ്രാധാന്യത്തെകുറിച്ച് ബോധവൽക്കരണം വേണം.

19 ഉച്ചക്കഞ്ഞിക്ക് പുറമെ സ്കൂൾ കുട്ടികൾക്കും അംഗൻവാടി കുട്ടികൾക്കും പാൽ, മുട്ട വിതരണത്തിന് പദ്ധതി ആവിഷ്കരിക്കുകയും പോഷക വൈകല്യത്തിന് പരിഹാരം കാണാവുന്നതുമാണ്.

20 പി. എച്ച്. സിയുടെ ഇപ്പോഴത്തെ വികസന സമിതി കൂടുതൽ ജനപങ്കാളിത്തത്തോടെ പ്രവർത്തിക്കേണ്ടിയിരിക്കുന്നു.

21 ബാർബർഷോപ്പിൽ വെച്ച് ഷേവ് ചെയ്യുമ്പോൾ എയ്ഡ്സ് രോഗം പകരാനുള്ള സാദ്ധ്യത തള്ളിക്കളയാനാവില്ല. ഷേവിംഗ് സെറ്റുകൾ ഓരോ പ്രാവശ്യം ഉപയോഗിക്കുമ്പോഴും സ്റ്റെറിലൈസ് ചെയ്യുക, തൊഴിലാളികൾക്ക് ബോധവൽക്കരണ ക്ലാസ് നൽകാവുന്നതുമാണ്.

പൊതുവായ ചില പ്രശ്നങ്ങൾ:

1 അവശ്യ മരുന്നുകളുടെ ദുർലഭ്യം, സ്പെഷലിസ്റ്റ് ആശുപത്രികൾ, ജില്ലാ – താലൂക്ക് ആശുപത്രികൾ, പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ എന്നീ മൂന്ന് തട്ടുകളിലും രൂക്ഷമാണ്.

2 രോഗ നിർണയത്തിനുള്ള നൂതന സാങ്കേതിക വിദ്യകളിൽ പലതും മെഡിക്കൽ കോളേജുകളിൽ പോലും ലഭ്യമല്ല. സ്വകാര്യ ആശുപത്രികളുടെ വളർച്ചയ്ക്ക് ഇത് കാരണമാവുകയും ചികിൽസാചിലവിൽ വർദ്ധനവുമുണ്ടാക്കുന്നു.

3 ശാസ്ത്രീയമായ ഒരു ആരോഗ്യനയത്തിന്റെ അഭാവം, ശാസ്ത്രീയ മാനേജ്മെൻറിന്റെ അഭാവം എന്നിവ ഒരുവലിയ പോരായ്മയാണ്.

4 സ്വകാര്യ മേഖലയുടെ അനിയന്ത്രിതമായ വളർച്ച, ചികിൽസാ ചെലവിലെ അമിത വർദ്ധനവ്, ദുർബല ജനവിഭാഗത്തിന് ചികിൽസ നിഷേധിക്കുന്ന അവസ്ഥഎന്നിവ കണ്ടുവരുന്നു.

5 സർക്കാർ മേഖലയിലെ ചികിൽസാ രീതിയോട് പൊതുജനത്തിന് താൽപര്യം കുറഞ്ഞ് വരികയും ഏറ്റവും ദരിദ്ര വിഭാഗങ്ങളിൽ നിന്ന് പോലും കേവലം 30% പേർ മാത്രം സർക്കാർ ആശുപത്രികളെ ആശ്രയിക്കുന്ന അവസ്ഥയും നമ്മുടെ സംസ്ഥാനത്ത് കാണുന്നു.

6 സേവനമേഖലകളിൽ ഗവ. വിഹിതം കുറഞ്ഞ് വരുന്നത് പൊതുജനാരോഗ്യ പ്രവർത്തനത്തെ മൊത്തത്തിൽ ബാധിക്കുന്നു.

സാധ്യതകൾ:

1 വിവിധ തട്ടുകളിലെ ആശുപത്രികൾക്കും, പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിലേക്കും, സബ് സെൻറുകളിലേക്കും വേണ്ടുന്ന മരുന്നുകളുടെ പട്ടിക പ്രത്യേകം തയ്യാറാക്കി ലഭ്യത ഉറപ്പുവരുത്തുക.

2 കെ. എസ്. ഡി. പിയെ വികസിപ്പിച്ച് ആരോഗ്യ വകുപ്പിന്റെ നിയന്ത്രണത്തിലാക്കി മരുന്നുകൾ, ലാബറട്ടറി സാധനങ്ങൾ, മെഡിക്കൽ ഉപകരണങ്ങൾ എന്നിവയുടെ നിർമ്മാണത്തിനായി ഉപയോഗപ്പെടുത്തണം.

3 സംസ്ഥാനത്ത് സർക്കാർ മേഖലയിൽ വിപുലമായൊരു മെഡിക്കൽ ഉപകരണ നിർമ്മാണ ഫാക്ടറി ആരംഭിക്കാവുന്നതാണ്.

4 ശാസ്ത്രീയമായൊരു ആരോഗ്യ നയത്തിന് രൂപം നൽകേണ്ടതുണ്ട്. 1983–ൽ പാർലിമെൻറ് അംഗീകരിച്ച ദേശീയ ആരോഗ്യ നയ പ്രഖ്യാപന രേഖയും, 1977ൽ കേരള ഗവൺമെൻറ് നിയോഗിച്ച ''പൈ കമ്മിറ്റി''[Py Committee] നിർദേശങ്ങളും ലോകാരോഗ്യ സംഘടനയുടെ 'അൽമ അട്ട' പ്രഖ്യാപനവും കേരളത്തിന് ഒരു ആരോഗ്യ നയം രൂപവൽക്കരിക്കുമ്പോൾ പരിഗണിക്കേണ്ട വിലപ്പെട്ട രേഖകളാണ്.

5 താലൂക്ക് – ജില്ലാ ആശുപത്രികൾ ജില്ലാ പഞ്ചായത്തിന്റെ പൂർണ്ണ നിയന്ത്രണത്തിൽ കൊണ്ടുവരികയും മെഡിക്കൽ കോളേജുകൾക്ക് സ്വതന്ത്ര പദവി നൽകാവുന്നതുമാണ്.

6 ഭീതിയുണ്ടാക്കുന്ന പുതിയ രോഗമായ

എയ്ഡ്സ് നിർമ്മാർജ്ജനത്തിന് മുന്തിയ പരിഗണന നൽകണം പി. എച്ച്. സിയിലൂടെ ശക്തമായ ബോധവൽക്കരണവും, എലിസ, വേസ്റ്റേൺ ബ്ലോട്ട് ടെസ്റ്റുകളും യഥാക്രമം താലൂക്ക്, ജില്ലാ ആശുപത്രികളിലൂടെ സൗജന്യമായി നടത്താനുള്ള സൗകര്യമുണ്ടാക്കുക, മെഡിക്കൽ കോളേജുകളിൽ പ്രത്യേകം വാർഡുകളും ഉണ്ടാകേണ്ടിയിരിക്കുന്നു.

7 കാലികമായ മാറ്റങ്ങൾക്കനുസരിച്ച് ഇൻസർവ്വീസ് ട്രെയിനിംഗ് നൽകി ജീവനക്കാരെ സുസജ്ജമാക്കണം.

8 സർക്കാർ ആശുപത്രികളുടെ എല്ലാ വിധ ശോചനീയാവസ്ഥ പരിഹരിച്ചും സഹകാര്യ മേഖലയുടെ തള്ളിക്കയറ്റത്തെ കടിഞ്ഞാണിട്ടും ചികിൽസാ സംവിധാനത്തെ കുറ്റമറ്റതാക്കാവുന്നതാണ്.

മറ്റ് ചികിൽസാ രീതികൾ:

ആയുർവേദം, ഹോമിയോ, പ്രകൃതിചികിൽസ, സിദ്ധവൈദ്യം തുടങ്ങിയ ചികിൽസാ രീതികളും നമ്മുടെ പഞ്ചായത്തിലെ ജനങ്ങൾ സ്വീകരിക്കുന്നുണ്ട്. ഇതിൽ ആയുർവേദത്തിനാണ് കൂടുതലായി പ്രാധാന്യം കാണുന്നത്. നമ്മുടെ പഞ്ചായത്തിലെ കണ്ണവം കോളനിയിൽ സർക്കാർ മേഖലയിൽ ഒരു ആയുർവേദ ഡിസ്പൻസറി പ്രവർത്തിക്കുന്നുണ്ട്. കഴിഞ്ഞ നാല് വർഷത്തിനിടയിൽ 27784 രോഗികൾ ചികിൽസ തേടി ഇവിടെയെത്തി എന്നത് ആയുർവേദത്തിന്റെ പ്രാധാന്യം കാണിക്കുന്നു.

ആയുർവേദ ഡിസ്പൻസറിയിൽ കഴിഞ്ഞ നാല് വർഷം ചികിൽസ തേടിയെത്തിയവരുടെ വിവരം ചുവടെ കൊടുക്കുന്നു.

വർഷം	ഇൻ പേഷ്യന്റ്	ഔട്ട് പേഷ്യന്റ്	ത്വക് രോഗം	വാത രോഗം	പകർച്ച വ്യാധി	വിഷ ചികിൽസ	മറ്റുള്ള രോഗങ്ങൾ	ആകെ
1992–93	ഇല്ല	6893	1541	1815	—	—	3537	6893
1993–94	ഇല്ല	7138	1367	2348	—	—	3423	7138
1994–95	ഇല്ല	6888	1482	1937	—	—	3469	6888
1995–96	ഇല്ല	6465	1466	1437	—	—	3562	6465

നാലോളം സഹകാര്യ ഹോമിയോ ഡോക്ടർമാർ നമ്മുടെ പഞ്ചായത്തിലുണ്ട് ഇവരിൽ രണ്ടു പേർ ബി.എച്ച്. എം. എസ്. ഡോക്ടർമാരാണ്. സർക്കാർ മേഖലയിൽ ഹോമിയോ ചികിൽസക്കായി യാതൊരു സ്ഥാപനവും നമ്മുടെ പഞ്ചായത്തിൽ ഇല്ല.

പ്രശ്നങ്ങൾ:

1 ആയുർവേദ ഡിസ്പൻസറി പഞ്ചായത്തിന്റെ ഏറ്റവും കിഴക്ക് വശത്തായതിനാൽ പഞ്ചായത്തിന്റെ മൊത്തം ജനവിഭാഗത്തിനും ഉപകരിക്കാൻ കഴിയാത്ത അവസ്ഥയുണ്ട്.

2 കിടത്തി ചികിൽസയ്ക്കുള്ള സൗകര്യമില്ലായ്മ, മരുന്നുകളുടെ ദൗർലഭ്യം, ജീവനക്കാരുടെ കുറവ് തുടങ്ങിയ പോരായ്മകളും ആയുർവേദ ഡിസ്പൻസറിയെ സംബന്ധിച്ചുണ്ട്.

സാധ്യതകൾ:

1 ആവശ്യത്തിനു ജീവനക്കാരെ നിയമിക്കുക, മരുന്നുകൾ അവശ്യത്തിനു ലഭ്യമാക്കി ആയുർവേദ ഡിസ്പൻസറിയുടെ പ്രവർത്തനം ശക്തമാക്കാവുന്നതാണ്.

2 പഞ്ചായത്തിന്റെ മദ്ധ്യഭാഗത്തുള്ള ഏതെങ്കിലും വാർഡിൽ കിടത്തി ചികിൽസക്കുള്ള സൗകര്യത്തോടെ ഒരു ആയുർവേദ ആശുപത്രി സ്ഥാപിക്കേണ്ടിയിരിക്കുന്നു.

3 ഒരു സഹകരണസംഘത്തിന് കീഴിൽ ആയുർ വേദ മരുന്ന് കൃഷിയും നിർമ്മാണവും നടത്താവു ന്നതാണ്. കണ്ണവം ഫോറസ്റ്റിൽ പച്ചമരുന്ന് കൃഷിക്ക് അനുയോജ്യമായ സ്ഥലം കണ്ടെത്താൻ പ്രയാസമുണ്ടാവില്ല.

4 സർക്കാർ മേഖലയിൽ ഒരു ഹോമിയോ ഡിസ് പൻസറി നമ്മുടെ പഞ്ചായത്തിൽ ആരംഭിക്കാവു ന്നതാണ്.

പരിസര ശുചിത്വം:

പരിസര ശുചിത്വം ആരോഗ്യത്തിന്റെ അടിസ്ഥാന വശങ്ങളിൽ ഒന്നാണ്. പൊതുസ്ഥ ലം, വ്യവസായ സ്ഥാപനങ്ങൾ, ബെയ്ക്കറി, ഹോട്ടൽ, വീടും പരിസരവും, ജലവും വായുവും മലിനമാകാത്ത അവസ്ഥ സംജാതമാക്കേണ്ടതുണ്ട്. പരിസര മലിനീകരണം നമ്മുടെ പഞ്ചായത്തിൽ ഇന്ന് ഒരു പ്രശ്നമായി മാറിയിരിക്കുന്നു. കാര്യാ ട്ടുപുറം, കൊട്ടയോടി, ചെറുവാഞ്ചേരി എന്നി വിടങ്ങളിൽ അറവുശാലയും, മൽസ്യ മാർക്കറ്റും ഇല്ലാത്തതിനാൽ പ്രസ്തുത പ്രദേശങ്ങളിൽ മലി നീകരണത്തിന്റെ തോത് കൂടുന്നു. പൊതുജനങ്ങ ൾ, കച്ചവടക്കാർ തുടങ്ങിയവർ പാഴ്വസ്തുക്കളും മലിന ജലവും പൊതു വഴിയിലേക്ക് തള്ളിവിടു ന്നതും പ്രശ്നം രൂക്ഷമാക്കുന്നു.

കക്കൂസ്:– പഞ്ചായത്തിലെ 40% ത്തോളം വീടു കൾക്ക് കക്കൂസ് സംവിധാനമില്ല. ഇത് പല പകർച്ച വ്യാധികൾക്കും പരിസര മലിനീകരണ ത്തിനും കാരണമാവുന്നു. അത് പോലെ തന്നെ പഞ്ചായത്തിന്റെ ചില ഭാഗങ്ങളിൽ പൊതുകക്കൂ സും മൂത്രപ്പുരയും വേണ്ടി വന്നിരിക്കുന്നു.

പ്രശ്നങ്ങൾ:

1 പരിസര മലിനീകരണം കൂടുതലുള്ള പൊതു സ്ഥലങ്ങൾ: a) പത്തായക്കുന്ന്, b) കൊട്ടയോടി, c) ഓട്ടച്ചിമാക്കൂൽ. d) കൊളുത്തുപറമ്പ്, e) കാര്യാ ട്ടുപുറം, f) വേളായി, g) ചെറുവാഞ്ചേരി.

2 കൊട്ടയോടി, കാര്യാട്ടുപുറം, ചെറുവാഞ്ചേരി എന്നീ പ്രദേശങ്ങളിൽ അറവുശാലയുടെയും മൽസ്യ മാർക്കറ്റിന്റെയും അഭാവം പരിസര മലി നീകരണം രൂക്ഷമാക്കുന്നു.

3 പഞ്ചായത്തിന്റെ മേൽനോട്ടത്തിൽ ശുചിത്വ പ്രവർത്തനങ്ങൾ നടക്കുന്നില്ല.

4 40% ത്തോളം വീടുകൾക്ക് കക്കൂസ് സംവി ധാനമില്ല എന്നത് പരിസര മലിനീകരണത്തിന് സാധ്യത കൂട്ടുന്നു.

സാധ്യതകൾ:

1 വരുന്ന 5 വർഷം കൊണ്ട് പഞ്ചായത്തിലെ എല്ലാ വീടുകൾക്കും അത്യാവശ്യം വേണ്ടുന്ന പൊതു സ്ഥലത്തും കക്കൂസ് സംവിധാനമുണ്ടാ ക്കുക. സാമ്പത്തിക പ്രയാസമനുഭവിക്കുന്നവർക്ക് ചുരുങ്ങിയ പലിശ നിരക്കിൽ വായ്പ അനുവ ദിച്ചും, പഞ്ചായത്ത് സബ്സിഡി നൽകിയും പ്രസ്തുത പരിപാടി നടപ്പാക്കാവുന്നതാണ്.

പഞ്ചായത്ത് തലത്തിൽ ഇതിന് വേണ്ടി ഒരു സമിതി രൂപീകരിച്ച് മേൽനോട്ടം വഹിക്കാ വുന്നതാണ്. കഴിഞ്ഞകാലങ്ങളിൽ പഞ്ചായത്ത് വിതരണം ചെയ്ത കോൺഗ്രീറ്റ് സ്ലേബുകൾ ചിലർ ഉപയോഗിക്കാതെ വീട്ടുവളപ്പിൽ ഉപേ ക്ഷിച്ച അവസ്ഥ ഒഴിവാക്കേണ്ടതായുണ്ട്.

2 എല്ലാ വീടുകളിലും കംപോസ്റ്റ് കുഴിയും മലിനജലം തിരിച്ചുവിടാനുള്ള സൗകര്യവും ഉണ്ടാ ക്കേണ്ടതുണ്ട്. ഗൃഹ സന്ദർശന വേളയിൽ ആരോ ഗ്യ പ്രവർത്തകർ വ്യക്തി ശുചിത്വത്തെ കുറിച്ചും പരിസര ശുചിത്വത്തെ കുറിച്ചും ബോധവൽക്ക രണം നടത്തി ശുചിത്വമില്ലായ്മയാലുണ്ടാകുന്ന രോഗങ്ങൾ തടയേണ്ടിയിരിക്കുന്നു.

3 ആവശ്യത്തിന് തൂപ്പുകാരെ നിയോഗിച്ച് ചപ്പുചവറുകൾ തൂത്ത് വാരി അവ ചെറുവാഹന ത്തിലാക്കി ഒരു കംപോസ്റ്റ് ഡിപ്പോ സൗകര്യ മുണ്ടാക്കി പരിസരപ്രശ്നമില്ലാത്ത രീതിയിൽ നിക്ഷേപിക്കുകയും അവ കംപോസ്റ്റ് വള മായി മാറാവുന്ന രീതിയിൽ ക്രമീകരണം നടത്തേ ണ്ടിയിരിക്കുന്നു.

4 ആവശ്യത്തിന് ബ്ലീച്ചിംഗ് പൗഡർ ലഭ്യമാക്കു കയും കൊതുക് ശല്യമുള്ളിടത്ത് ഡി. ഡി. റ്റി. സ്പ്രേ നടത്തിയും കൊതുക് നിർമ്മാർജ്ജന ത്തിന് 'വെക്ടർ കൺട്രോൾ' വിഭാഗത്തിന്റെ സേവനം ഉപയോഗിക്കേണ്ടതുമാണ്.

5 പരിസര പ്രശ്നം ഉണ്ടാകാത്ത ഒരു സ്ഥലം കണ്ടെത്തി പഞ്ചയത്തിന് ഒരു പൊതു സ്മശാനം പണിയാവുന്നതാണ്.

6 നിലവിൽ ഫസ്റ്റ് ഗ്രേഡ് പഞ്ചായത്തിൽ മാത്രമെ സാനിറ്ററി ഇൻസ്പെക്ടറുടെ മേൽനോ ട്ടത്തിൽ ശുചിത്വ പ്രവർത്തനങ്ങൾ നടക്കുന്നുള്ളൂ.

പഞ്ചായത്തിന് ഒരു സാനിറ്ററി ഇൻസ്പെക്ടറെ നിയമിക്കുകയും ശുചിത്വ പ്രവർത്തനങ്ങളും കാര്യക്ഷമമാക്കാവുന്നതുമാണ്. സാനിറ്ററി ഇൻസ്പെക്ടർ മാസത്തിലൊരിക്കൽ ബേക്കറി, ഹോട്ടൽ, ടീ സ്റ്റാൾ, കൂൾബാർ തുടങ്ങിയ സ്ഥലങ്ങൾ സന്ദർശിച്ച് ബോധവൽക്കരണവും ആവശ്യമെന്നു കണ്ടാൽ നടപടിയും എടുക്കാവുന്നതാണ്.

കുടിവെള്ളം

ജല ലഭ്യത:

ശുദ്ധ ജല ലഭ്യതയും ഉപയോഗവും ഒരു ജനതയുടെ ആരോഗ്യ കാര്യത്തിൽ നിർണ്ണായക സ്വാധീനം ചെലുത്തുന്ന ഘടകങ്ങളാണ്. ശുദ്ധ ജല ലഭ്യതയുടെ അഭാവത്തിൽ പലതരത്തിലുള്ള ജലജന്യ രോഗങ്ങളും, പകർച്ച വ്യാധികളും നമ്മുടെ പഞ്ചായത്തിൽ ഉണ്ടാകുന്നു. പ്രധാനമായും കാണുന്നത് വയറിളക്ക രോഗമാണ്. പഞ്ചായത്തിലെ 95% ജനങ്ങളും കുടിവെള്ളത്തിനായി കിണറുകളെയാണ് ആശ്രയിക്കുന്നത്. കൊട്ടയോടിയിൽ മാത്രമാണ് പൈപ്പ് ലൈൻ വഴിയുള്ള ശുദ്ധ ജല വിതരണ സമ്പ്രദായം നിലവിൽ ഉള്ളത്. മിക്ക വാർഡുകളിലും പഞ്ചായത്ത് വക ഓരോ കിണറുകളും ഏതാനും കുഴൽ കിണറുകളും പഞ്ചായത്തിലുണ്ട്.

പ്രശ്നങ്ങൾ:

1 20%-ത്തോളം വീടുകൾക്ക് കിണറില്ല.

2 അര കി. മീ. ദൂരം വരെ സഞ്ചരിച്ച് കുടിവെള്ളം ശേഖരിക്കുന്ന ഏതാനും കുടുംബങ്ങളും നമ്മുടെ പഞ്ചായത്തിൽ ഉണ്ട്.

3 കുഴൽ കിണറൊഴിച്ചുള്ള എല്ലാ കിണറുകളിലും വേനൽക്കാലത്ത് രൂക്ഷമായ ജലക്ഷാമം അനുഭവപ്പെടുന്നു.

4 ഭൂമിക്കടിയിൽ കരിമ്പാറ ഉള്ളതിനാൽ കൊളുത്ത്പമ്പ് പോലുള്ള പ്രദേശങ്ങളിൽ കിണർ കുഴിക്കാൻ പറ്റാത്ത അവസ്ഥയും ഉണ്ട്.

5 കൊട്ടയോടിയിലെ പൈപ്പ് ലൈൻ വഴിയുള്ള ജല വിതരണം കുറ്റമറ്റതല്ല. പ്രവർത്തന ക്ഷമമല്ലാത്ത ടാപ്പുകൾ, പൊട്ടിയൊലിക്കുന്ന ലൈനുകൾ, ആവശ്യമുള്ളിടത്ത് ടാപ്പുകളുടെ അഭാവം ഇതൊക്കെയാണിതിന്റെ പ്രധാന പോരായ്മകൾ. ശുദ്ധജല ലഭ്യതക്ക് വേണ്ടി ഉണ്ടാക്കിയ കുഴൽ കിണറുകളിലെ വെള്ളത്തിന് 'ഇരുമ്പ് ചുവ' കാരണം കുടി വെള്ളത്തിനായി ഉപയോഗിക്കാൻ പറ്റാത്ത സാഹചര്യമുണ്ട്.

6 പൊതു ജനത്തിന്റെ ആശ്രയകേന്ദ്രമായിരുന്ന പല കുളങ്ങളും, പൊതു കിണറുകളും, ചില നീരുറവകളും, പുഴകളും ദുരുപയോഗത്താൽ മലിനമാകുന്ന അവസ്ഥയും ഉണ്ട്.

7 പകർച്ച വ്യാധികൾ വ്യാപകമാകുന്ന സമയങ്ങളിൽ കിണറിലെ ജലം ക്ലോറിനേഷൻ നടത്താത്ത സാഹചര്യവും ഉണ്ട്.

വരൾച്ച രൂക്ഷമായ പ്രദേശങ്ങൾ:

1 ഒന്നാം വാർഡിലെ തിരുമംഗലത്ത് അംഗൻവാടി, കൊങ്കച്ചി പ്രദേശം.

2 കിഴക്കേ കതിരൂരിലെ ചില ഭാഗങ്ങൾ.

3 മൂന്നാം വാർഡിലെ കാലൂന്നിമൊട്ട

4 കോങ്ങാറയിലെ ചില ഭാഗങ്ങൾ.

5 IV-ാം വാർഡിലെ അനന്തൽ പീടിക ഭാഗം.

6 VI-ാം വാർഡിലെ പാട്യം ഗവ. ഹൈസ്കൂൾ പരിസരം.

7 VII-ാം വാർഡിലെ താനീന്റെകീഴിൽ, കളരിതാഴ, ചർക്ക പരിസരങ്ങൾ.

8 VIII-ാം വാർഡിലെ കാര്യാട്ടുപുറം, കൊളുത്ത്പറമ്പ്, ചന്ദൻകുന്ന് ഭാഗങ്ങൾ.

9 XI-ാം വാർഡിലെ ചീരാറയിലെ ചില ഭാഗങ്ങൾ, വലിയവെളിച്ചത്തെ വയലളം.

സാധ്യതകൾ:

1 ഭൂമിക്കടിയിലെ ജലവിധാനത്തിന്റെ അളവ് കൂട്ടുക എന്നതാണ് ജല ലഭ്യത വർദ്ധിപ്പിക്കാനുള്ള ആത്യന്തിക പരിഹാരം. എന്റെ മണ്ണിൽ പെയ്യുന്ന മഴവെള്ളം എന്റെ മണ്ണിൽ തന്നെ ആഴ്ന്നിറങ്ങട്ടെ എന്ന ബോധം നമ്മുക്ക് ഉണ്ടാകേണ്ടിയിരിക്കുന്നു.

2 എല്ലാ പൊതു-സ്വകാര്യ കിണറുകളും കുളങ്ങളും പോരായ്മ പരിഹരിച്ച് ഉപയോഗയോഗ്യമാക്കണം.

3 കൊട്ടയോടിയിൽ നിന്ന് വിതരണം ചെയ്യുന്ന പൈപ്പ് ജലത്തിന്റെ ഗുണവും ലഭ്യതയും കുറെ മറെതാക്കുകയും, പുതിയ തെരു, മണ്ണകം, ഹൈസ്കൂൾ പരിസരം, കോങ്ങാറെ എന്നീ ഭാഗങ്ങളിലേക്ക് പൈപ്പ് ലൈൻ നീട്ടി പ്രസ്തുത ഭാഗത്തെ ജല ക്ഷാമത്തിന് പരിഹാരം കാണേണ്ടിയിരിക്കുന്നു.

4 മഞ്ചക്കുണ്ടിലോ, ചരപ്പുറം പുഴയിലോ, കിണർകുഴിച്ച് കാരാളക്കുന്നിൻമേലോ കൊളുത്തുപറമ്പിലോ ടാങ്ക് കെട്ടി വിപുലമായ ഒരു ശുദ്ധ ജല വിതരണപദ്ധതി ആവിഷ്ക്കരിച്ചാൽ പാട്യം വില്ലേജിലെ മിക്ക ഭാഗത്തിനും ഉപയോഗിക്കാവുന്നതാണ്.

5 സരസ്വതീ വിലാസം സ്ക്കൂൾ, കിഴക്കേ കതിരൂരിലെ കുളമ്പത്ത് പീടിക എന്നിവിടങ്ങളിൽ ചെറിയ ജല വിതരണ പദ്ധതികൾ നടപ്പാക്കാവുന്നതാണ്.

6 എല്ലാ വാർഡുകളിലും ജലസംരക്ഷണ സമിതി രൂപീകരിച്ച് കുടിജല പ്രശ്ന പരിഹാരത്തിന് നേതൃത്വം കൊടുക്കാവുന്നതാണ്.

7 ചെറുവാഞ്ചേരിയിലെ മീമുട്ടിയിൽ സ്ഥാപിക്കാനുദ്ദേശിക്കുന്ന ശുദ്ധ ജല വിതരണ പദ്ധതി ചെറുവാഞ്ചേരി വില്ലേജിന് മൊത്തത്തിൽ ഉപയോഗിക്കത്തക്ക രീതിയിൽ വിപുലപ്പെടുത്താവുന്നതാണ്.

8 പാത്തിപ്പുഴയിൽ നിലവിലുള്ള ജല വിതരണപദ്ധതി നമ്മുടെ പഞ്ചായത്തിലാണെങ്കിലും നമ്മുടെ പഞ്ചായത്തിന് ഉപയോഗിക്കാൻ കഴിയുന്നില്ല. പത്തായക്കുന്ന്, കൊങ്കച്ചി ഭാഗത്തേക്ക് പ്രസ്തുത പദ്ധതി വ്യാപിപ്പിക്കേണ്ടതുണ്ട്.

9 പി. എച്ച്. സി. ജീവനക്കാരുടെ സഹായത്തിൽ നമ്മുടെ എല്ലാ കിണറുകളും വർഷത്തിൽ രണ്ടു പ്രാവശ്യം ക്ലോറിനേഷൻ നടത്തേണ്ടതാണ്.

10 പൊതു കിണറുകളുടെയും കുളങ്ങളുടെയും സമീപത്ത് വെച്ചും, ചില സ്ഥലത്ത് പുഴയിലിറക്കിയും വാഹനങ്ങൾ കഴുകുന്നത് തടയുകയാണെങ്കിൽ ജല മലിനീകരണം ഒരു പരിധി വരെ തടയാം.

11 താൽക്കാലിക പരിഹാരമായി വേനൽക്കാലത്ത് ടാങ്കർ ലോറികളിലൂടെ നടത്തുന്ന ശുദ്ധജല വിതരണം ക്ലബ്ബുകളുടെയും സന്നദ്ധ സംഘടനകളുടെയും സഹകരണത്തോടെ കാര്യക്ഷമമായി നടപ്പിലാക്കാവുന്നതാണ്.

ബോധ വൽക്കരണം:

സേവന മേഖലകളിൽ ഗവ. വിഹിതം കുറഞ്ഞ് വരുന്ന സാഹചര്യത്തിൽ കുടിവെള്ള–പൊതുജനാരോഗ്യ മേഖലകളിൽ ബോധവൽക്കരണ പ്രവർത്തനങ്ങൾക്ക് കാര്യമായ പങ്ക് നിർവ്വഹിക്കാനാവും. ആരോഗ്യ സിനിമാ പ്രദർശനം നടത്തുക, റേഡിയോ, ടി. വി, പത്രം തുടങ്ങിയ മാധ്യമങ്ങളെ ഫലപ്രദമായി ഈ മേഖലയിൽ ഉപയോഗിക്കേണ്ടതായും ഉണ്ട്. ആരോഗ്യ ക്ലാസുകൾക്ക് അധികൃതരും സന്നദ്ധ സംഘടനകളും മുന്തിയ പരിഗണന നൽകണം.

പൊതുജനാരോഗ്യ–കുടിവെള്ള മേഖലയിൽ സർക്കാർ ഏജൻസികളിൽ നിന്ന് വ്യത്യസ്തമായി ജനകീയ,ശാസ്ത്ര, ആരോഗ്യ പ്രസ്ഥാനങ്ങൾക്ക് പലതും ചെയ്യാനാകും. ആരോഗ്യ വിദ്യാഭ്യാസം നൽകുക, പ്രയോജനകരമായ ആരോഗ്യ പദ്ധതികളിലേക്ക് ജനങ്ങളെ ആകർഷിപ്പിക്കുക, ജനവിരുദ്ധ ആരോഗ്യ നയങ്ങൾക്കെതിരെ ചെറുത്ത് നിൽപ്പ് സംഘടിപ്പിക്കുക എന്നിവ ഇതിൽ പ്രധാനമാണ്. തെറ്റായ അടിത്തറയിൽ പടുത്തുയർത്തിയ നമ്മുടെ പൊതു ജനാരോഗ്യ സമ്പ്രദായത്തിന്റെ വൈകല്യം പരിഹരിച്ച് ആരോഗ്യ രംഗത്തെ 'കേരള മാതൃകയെ' കൂടുതൽ ദീപ്തമാക്കി ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങൾക്ക് ഒരിക്കൽകൂടി നമുക്ക് മാതൃകയാവാം.

പട്ടികജാതി-പട്ടിക വർഗ്ഗ ക്ഷേമം

ചരിത്രത്തിന്റെ പിൻപുറങ്ങളിലേക്ക് തിരിഞ്ഞുനോക്കുമ്പോൾ, അന്ധവിശ്വാസങ്ങളിലും അനാചാരങ്ങളിലും മുഴുകി ജീവിച്ച സമൂഹങ്ങളായിരുന്നു, നമ്മുടെ നാട്ടിലെ പട്ടികജാതി-പട്ടികവർഗ്ഗക്കാർ എന്നു കാണാനാവും. മാനസികമായ അടിമത്തം രൂപപ്പെടുത്തിയ ജീവിതചര്യകൾ സാമ്പത്തിക അരാജകത്വത്തിലേക്കും താളമില്ലാത്ത ജീവിതക്രമത്തിലേക്കും അവരെ തള്ളിവിട്ടു. 'ആധുനിക ലോകത്തി'ന്റെ കപടഭാവങ്ങളെ തിരിച്ചറിയാനാകാതെപോയ ആദിവാസികൾക്ക് പലപ്പോഴും 'നാട്ടുമാന്യൻമാ'രുടെ കൊടിയ വഞ്ചനകൾക്ക് വിധേയരാകേണ്ടി വന്നിട്ടുണ്ട്. തങ്ങളുടെ മണ്ണിലെ പ്രകൃതി വിഭവങ്ങളോടൊപ്പം അതുവരെ സരൂപിച്ചെടുത്ത സംസ്കാരവും അടിയറവെച്ച് വണങ്ങി നില്ക്കാൻ വിധിക്കപ്പെട്ട ഈ സമൂഹത്തെ സഹായിക്കാൻ പലരും മുന്നോട്ട് വന്നെങ്കിലും അവരുടെ പ്രവർത്തനങ്ങളൊന്നും പൂർണ്ണമായും ലക്ഷ്യം നേടിയില്ല. ആധുനിക സമൂഹവുമായി ബന്ധപ്പെടുകയും വിദ്യാഭ്യാസം നേടുകയും ചെയ്ത ചിലരെങ്കിലും പഞ്ചായത്തിലെ പട്ടികവർഗ്ഗക്കാരുടെ ഇടയിലുണ്ട്. എന്നാൽ തങ്ങളുടെ സമൂഹത്തിന്റെ പ്രശ്നങ്ങളെകുറിച്ച് പഠിക്കാനോ അവയ്ക്ക് പരിഹാരം നിർദ്ദേശിച്ചുകൊണ്ട് മുന്നോട്ടു വരാനോ ഇവർ തയ്യാറാകുന്നില്ല. വിദ്യാസമ്പന്നരുടെ ഈ നിഷ്ക്രിയത്വം ആദിവാസി സമൂഹത്തിന്റെ പിന്നോക്കാവസ്ഥയ്ക്കുള്ള പ്രധാന കാരണങ്ങളിൽ ഒന്നാണ്.

പട്ടികജാതിക്കാരുമായി താരതമ്യപ്പെടുത്തുമ്പോൾ, ഇന്നും പിന്നോക്കാവസ്ഥയിൽ കഴിയുന്നവരാണ് പഞ്ചായത്തിലെ പട്ടികവർഗ്ഗക്കാർ എന്നു കാണാം. കോളനിവൽക്കരണമാണ് ഇതിന്റെ കാരണങ്ങളിലൊന്നായി ചൂണ്ടിക്കാണിക്കപ്പെടുന്നത്. മറ്റു ജനവിഭാഗങ്ങളുമായി കൂടിച്ചേരാതെ കഴിയുമ്പോൾ, പിന്നോക്കവിഭാഗങ്ങളിൽ ഉറങ്ങിക്കിടക്കുന്ന മാനസികമായ അടിമത്തമാണ് അവരെ മുന്നോട്ട് നയിക്കുന്നത്. തങ്ങളുടെ ശീലങ്ങളേയും ആചാരങ്ങളേയും പിന്തുടരാൻ ഈ ചിന്താഗതി അവരെ പ്രേരിപ്പിക്കുകയും ചെയ്യുന്നു. നാടിന്റെ വിഭിന്നഭാഗങ്ങളിൽ വിഭിന്ന ജാതി - മത സംഘടനകളുമായി കൂടികഴിഞ്ഞു പോകാൻ സാധിച്ചിരുന്നുവെങ്കിൽ ഒരു പക്ഷെ, ഇത്തരമൊരു മനോഭാവം അവരിൽ ഉണ്ടാകുമായിരുന്നില്ല. പട്ടികജാതി വിഭാഗങ്ങളുടെ സാമൂഹ്യവും സാമ്പത്തികവുമായ ഉന്നമനത്തിനുള്ള കാരണങ്ങളിൽ പ്രധാനപ്പെട്ട ഒരു ഘടകം മുഖ്യധാരയിലേക്കുള്ള ഈ കൂടിച്ചേരലാണെന്ന് കാണാം. മാത്രവുമല്ല, പട്ടികവർഗ്ഗ വിഭാഗങ്ങളെ കോളനികളായി തിരിച്ചുനിർത്തുമ്പോൾ യഥാർത്ഥത്തിൽ അവരിലെ ജാതിചിന്തയെ നിലനിർത്തുകയാണ് നാം ചെയ്യുന്നത് എന്ന സത്യം വിസ്മരിച്ചുകൂടാ! ഗൗരവപൂർണമായ ഇത്തരം പ്രശ്നങ്ങൾ പരിഗണിച്ചുകൊണ്ട്, മാത്രമേ പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമ പ്രവർത്തനങ്ങൾ ആസൂത്രിതമായി നമുക്ക് നടപ്പിലാക്കാൻ കഴിയൂ.

1991-ലെ സെൻസസ് പ്രകാരം പാട്യം ഗ്രാമ പഞ്ചായത്തിലെ ആകെ ജനസംഖ്യയിൽ 5.36% പട്ടികജാതി - പട്ടികവർഗ്ഗ വിഭാഗങ്ങളാണ്. പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ പട്ടികജാതി കുടുംബങ്ങൾ താമസിക്കുന്നുണ്ടെങ്കിലും പട്ടികവർഗ്ഗ കുടുംബങ്ങൾ പത്ത്, പതിനൊന്ന് വാർഡുകളിലായി കേന്ദ്രീകരിച്ചിരിക്കുന്നു, സെൻസസ് പ്രകാരം പഞ്ചായത്തിലെ ആകെ ജനസംഖ്യ 27589 ആണ്. അവരിൽ 344 പേർ പട്ടികജാതിയിലും 1134 പേർ പട്ടികവർഗ്ഗ വിഭാഗത്തിലും പെടുന്നു. ജില്ലയിലും സംസ്ഥാനത്തും സ്ത്രീ-പുരുഷ അനുപാതം പരിശോധിക്കുമ്പോൾ, സ്ത്രീകളുടെ എണ്ണം പുരുഷന്മാരുടേതിനേക്കാൾ കൂടുതലാണെന്ന് കാണാം. എന്നാൽ പഞ്ചായത്തിലെ പട്ടികജാതി-പട്ടികവർഗ്ഗക്കാരുടെയിടയിൽ സ്ത്രീ-പുരുഷ അനുപാതം വിഭിന്നമാണ്. ഇവരിൽ സ്ത്രീകളുടെ എണ്ണം പുരുഷൻമാരുടേതിനേക്കാൾ കുറവായാണ് കാണുന്നത്. ഇവിടെ 767പട്ടികജാതി/വർഗ്ഗ പുരുഷൻമാരും 711 സ്ത്രീകളുമാണ് ഉള്ളത്. അതായത് 1000 പുരുഷൻമാർക്ക് 927 സ്ത്രീകൾ. മലയൻ,

വണ്ണാൻ, പെരുവണ്ണാൻ, പുലയൻ, വേലൻ എന്നീ വരാണ് പഞ്ചായത്തിലെ പ്രധാന പട്ടികജാതി വിഭാഗങ്ങൾ. കുറിച്ചിയരും പണിയരുമാണ് പാടൂം പഞ്ചായത്തിലെ സ്ഥിരതാമസക്കാരായ പട്ടിക വിഭാഗക്കാർ. IRDP സർവേ പ്രകാരം പഞ്ചായത്തിലെ 1836 കുടുംബങ്ങൾ ദാരിദ്ര്യ രേഖയ്ക്കു താഴെയുള്ളവരാണ്. അവരിൽ 242 പേർ പട്ടികജാതി/പട്ടികവർഗ്ഗത്തിൽപ്പെടുന്നു.

പട്ടികജാതി

പഞ്ചായത്തിലെ ഇതരവിഭാഗങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ, പട്ടികജാതി ജനവിഭാഗങ്ങൾ വിദ്യാഭ്യാസരംഗത്ത് പിന്നോക്കമല്ലെന്ന് കാണാം. ഉയർന്ന വിദ്യാഭ്യാസ യോഗ്യതയുള്ള പട്ടികജാതിക്കാർ പാടൂം പഞ്ചായത്തിൽ ധാരാളമുണ്ട്, എങ്കിലും ദരിദ്രകുടുംബങ്ങളിലെ കുട്ടികൾ ഇടക്കുവെച്ച് പഠനംനിർത്തി തൊഴിൽ മേഖലകളിലേക്ക് തിരിയുന്നതായി കാണാൻ സാധിക്കുന്നു. അനുകൂലമല്ലാത്ത ഗാർഹിക സാഹചര്യങ്ങളും കുട്ടികളുടെ പഠനത്തെ ബാധിക്കുന്നുണ്ട്.

പട്ടികജാതി കുടുംബങ്ങളിൽ തൊഴിൽ രഹിതർ ധാരാളമുണ്ടെങ്കിലും കാർഷിക മേഖലയിൽ ഇവരുടെ പങ്ക് കുറഞ്ഞുവരികയാണ്. ജോലിസ്ഥിരത ഇല്ലാത്തതുകൊണ്ടും, വിദ്യാസമ്പന്നരായ തൊഴിലന്വേഷകർ മറ്റു മേഖലകളിലേക്ക് തിരിയുന്നതിനാലുമാണ് ഇങ്ങനെ സംഭവിക്കുന്നത്. എങ്കിലും പരമ്പരാഗത തൊഴിലായ തിറയാട്ടത്തിന്, പുതിയ തലമുറ തയ്യാറായി മുന്നോട്ട് വരുന്നുണ്ട്. പഴയ കാലത്തെ അപേക്ഷിച്ച് പ്രതിഫലത്തിൽ ഏറെ മെച്ചമുണ്ടെങ്കിലും വർഷത്തിൽ വളരെകുറച്ച് വേദികളും മാത്രമാണ് തെയ്യം കലാകാരൻമാർക്ക് ലഭിക്കുന്നത്. അതേ സമയം കോമരം, വേടൻ തുടങ്ങിയ വേഷങ്ങൾ കെട്ടാൻ ചെറുപ്പക്കാർ താൽപര്യം കാണിക്കുന്നില്ല. ഒരു കല എന്നതിലുപരി വിശ്വാസങ്ങളിലും ആചാരങ്ങളിലും ബന്ധിതമായ മനസോടെ, ഒരു കടമയായാണ് പലരും തങ്ങളുടെ പരമ്പരാഗത തൊഴിലുകളെ നോക്കികാണുന്നത്. അതുകൊണ്ടുതന്നെ ഒരു കലാരൂപമെന്ന നിലയിൽ ലഭിക്കേണ്ടുന്ന പരിഗണനകളൊന്നും ഇത്തരം വേഷങ്ങൾക്ക് ലഭിക്കുന്നില്ല.

സാമൂഹികസമത്വം നേടിയെടുക്കുന്നതിൽ പട്ടികജാതി വിഭാഗങ്ങൾ ഒരു പരിധിവരെ വിജയിച്ചതായി കാണാം. പൊതുവേദികളിലും ചടങ്ങുകളിലും പണ്ടുകാലത്തുണ്ടായിരുന്ന വേർതിരിവുകൾ ഇന്ന്തീർത്തും ഇല്ലാതായിക്കഴിഞ്ഞു. വാഗ്ഭടാനന്ദ ഗുരുവിന്റെയും മറ്റ് പുരോഗമന പ്രസ്ഥാനങ്ങളുടേയും പ്രവർത്തനങ്ങൾ ഇക്കാര്യത്തിൽ ഏറെ പ്രധാനപ്പെട്ട പങ്ക് വഹിച്ചിട്ടുണ്ട്. വിദ്യാഭ്യാസ രംഗത്തെ നേട്ടങ്ങളും സാമ്പത്തിക രംഗത്തെ വളർച്ചയും ഇത്തരമൊരു സ്ഥിതി വിശേഷം സംജാതമാകുന്നതിന് കാരണമായിട്ടുണ്ട്. പൊതുവെ, പട്ടികജാതി വിഭാഗങ്ങളുടെ സ്ഥിതി ഇതാണെങ്കിലും ചില വിഭാഗങ്ങളിലെ പഴയ തലമുറക്കാർ ഇന്നും ഒരുതരം മാനസികമായ അടിമത്തത്തിന് വിധേയമാകുന്നതായി കാണാൻ സാധിക്കുന്നു. തങ്ങൾ മറ്റുള്ളവരെക്കാൾ താഴ്ന്നവരാണെന്ന ഈ മനോഭാവം വെച്ചുപുലർത്തുന്നവർ വിരലിലെണ്ണാവുന്നവർ മാത്രമേ ഉള്ളുവെങ്കിലും, സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് അവരെയും കൈപിടിച്ചുയർത്താൻ നാം ബാധ്യസ്ഥരാണെന്ന കാര്യം മറന്നുകൂടാ. ആസൂത്രിതമല്ലാത്ത ജീവിതവും മദ്യപാനവുമാണ് ഈ സമൂഹത്തിന്റെമേൽ പതിച്ച മറ്റൊരു ശാപം ! അതുകൊണ്ടുതന്നെ സാമ്പത്തിക വളർച്ച നേടുന്നതിൽ ഇവരിൽ പലരും പരാജയപ്പെടുന്നു.

മാറിമാറി വരുന്ന സർക്കാരുകൾ ഹരിജനക്ഷേമം ലക്ഷ്യമിട്ടുകൊണ്ട് നിരവധി പ്രവർത്തനങ്ങൾക്ക് രൂപം നൽകുന്നുണ്ടെങ്കിലും അവയിൽ പലതും സാധാരണക്കാരായ പട്ടികജാതിക്കാരിൽ എത്തിച്ചേരുന്നില്ല. പദ്ധതികളെ കുറിച്ചുള്ള അറിവില്ലായ്മയും ചുവപ്പുനാടകളുടെ കുരുക്കുകളും അർഹമായ ആനുകൂല്യങ്ങൾ ലഭിക്കുന്നതിൽ നിന്നും ഈ വിഭാഗത്തെ തടയുന്നു. ഭൂമിയുടേയും സ്വത്തുക്കളുടേയും കൈവശാവകാശം ഇവരിൽ കുറവായാണ് കാണുന്നത്. 30 സെൻറ് ഭൂമിയിൽ കൂടുതലുള്ള 8 പട്ടികജാതി കുടുംബങ്ങൾ മാത്രമാണ് പഞ്ചായത്തിലുള്ളത്. അതുകൊണ്ടു തന്നെ കൃഷിവകുപ്പിൽ നിന്നും മറ്റും ലഭിക്കേണ്ടുന്ന പല ആനുകൂല്യങ്ങളും ഇവർക്ക് ലഭിക്കാതെ പോകുന്നു. ആനുകൂല്യം ലഭിക്കാൻ കയ്യിലുണ്ടായിരിക്കേണ്ടുന്ന കുറഞ്ഞ ഭൂമിയുടെ അളവ് തിട്ടപ്പെടുത്തിയതിലെ അപാകതകളും പരിഹരിക്കേണ്ടതും വളരെ അത്യാവശ്യമാണ്.

പാടൂം പഞ്ചായത്തിലെ 42 പട്ടികജാതി കുടുംബങ്ങളിൽ 37 കുടുംബങ്ങൾ കൃഷിഭവനിൽ നിന്നുള്ള ആനുകൂല്യങ്ങൾ നേടിയവരാണ്. രാസവളം, പാത്രങ്ങൾ, സ്പെയർ, പമ്പ്സെറ്റ് എന്നിവ സൗജന്യമായും കുറഞ്ഞ നിരക്കിലും കൃഷിഭവനുകൾ വഴി വിതരണം ചെയ്തിട്ടുണ്ട്.

പട്ടികവർഗ്ഗം :

പാട്യം പഞ്ചായത്തിൽ 7 കുറിച്യ കോളനികളും (കണ്ണവം, വെങ്ങളം, കടവിൽ, അറക്കൽ, അത്യാറ, ഇളമാങ്കൽ, മുണ്ടയാട്) ഒരു പണിയ കോളനിയും (അമ്മാറമ്പിൽ) ഉൾപ്പെടെ മൊത്തം 8 പട്ടികവർഗ്ഗ കോളനികളാണ് നിലവിലുള്ളത്. പഞ്ചായത്തിലെ 238 പട്ടികവർഗ്ഗ കുടുംബങ്ങളും ഈ കോളനികളിലാണ് താമസിക്കുന്നത്. 1991 ലെ സെൻസസ് അനുസരിച്ച് ഇവരുടെ ജനസംഖ്യ 1134 ആണ്. സംസ്ഥാനത്തെ 48 ട്രൈബൽ എസ്റ്റൻഷൻ ഓഫീസുകളിൽ ഒന്ന് പാട്യം പഞ്ചായത്തിലെ കണ്ണവം കോളനിയിലാണ് സ്ഥിതി ചെയ്യുന്നത്.

1961-ലാണ് പട്ടിക വർഗ്ഗ വിഭാഗങ്ങളുടെ ഉന്നമനം ലക്ഷ്യമാക്കി കൊണ്ട് അവരുടെ സാംസ്കാരിക തനിമയെ അവഗണിക്കാതെ കണ്ണവം കോളനിക്ക് രൂപം നൽകിയത്. സമീപത്തെ ആദിവാസി മേഖലകളായ പറമ്പുകാവ്മല, ചെന്നപ്പൊയിൽ മല, നരിക്കോട് മല, പുന്നേരി മല, കടവ് മല, ഇടമാങ്കൽ, വെള്ളൂന്നി മല, കൊളക്കാട് മല, എന്നിവിടങ്ങളിൽ നിന്നു വന്ന കുടുംബങ്ങളാണ് കണ്ണവം കോളനിയിലെ താമസക്കാർ. നാട്ടിലേക്കിറങ്ങിയാൽ കൂട്ടത്തിൽ നിന്നു പുറത്താക്കുമെന്ന മലമൂപ്പന്മാരുടെ ഭീഷണികളെ വകവെക്കാതെയാണ്, ഈ കുടുംബങ്ങൾ കോളനിയിൽ എത്തിച്ചേർന്നത്. ശ്രീ. കെ. പാനൂരിന്റെയും അഞ്ചരക്കണ്ടി സ്വദേശിയായ ഫോറസ്റ്റ് ഗാർഡ് കൃഷ്ണൻ നമ്പ്യാരുടെയും പ്രവർത്തനങ്ങൾ ഈ അവസരത്തിൽ സ്മരണീയമാണ്.

പുനം കൃഷിയായിരുന്നു, ആദ്യകാലത്ത് ഇവരുടെ പ്രധാന വരുമാനമാർഗ്ഗം. ജല സമൃദ്ധമായിരുന്ന, കോളനിയുടെ താഴ്വരകളെ മുന്ന് പൂകൃഷി ചെയ്യാവുന്ന വയലേലകളാക്കി മാറ്റാൻ, കുറിച്ചിയ കർഷകർക്ക് പ്രയാസമുണ്ടായിരുന്നില്ല. എന്നാൽ ഇന്ന് സ്ഥിതി മാറുകയാണ്. വറ്റിവരണ്ടുകിടക്കുന്ന കുന്നിൻ ചരിവുകളിൽ ഒരു പൂ കൃഷി ചെയ്തു തൃപ്തിയടയേണ്ടുന്ന സ്ഥിതിയിലാണ് കർഷകർ ഇപ്പോൾ കഴിയുന്നത്. ഒരു വിഭാഗം കോളനിവാസികളെ പട്ടിണിക്കാരാക്കി മാറ്റിയതും ഈ സ്ഥിതി വിശേഷം തന്നെ! വനനശീകരണവും, പുഴയുടെ വീതികുറഞ്ഞ് ഒഴുക്കിന് വേഗത കൂടിയതുമാണ് നീരുറവകൾ വറ്റിപ്പോകാൻ കാരണമെന്ന് കർഷകർ ചൂണ്ടിക്കാട്ടുന്നു. തടയണകൾ നിർമ്മിച്ച് നീരൊഴുക്ക് തടയാൻ ശ്രമിക്കേണ്ടതിന്റെ ആവശ്യകതയെ കുറിച്ചും അവർ ഓർമ്മിപ്പിക്കുന്നു.

നിലവിലുള്ള 8 കോളനികളിൽ കണ്ണവം, വെങ്ങളം എന്നീ രണ്ട് കോളനികൾ ഒഴികെ ബാക്കിയുള്ള 6 കോളനികളിലും വൈദ്യുതി എത്തിയിട്ടില്ല. ഇവയിൽ അമ്മാറമ്പ്, അത്യാറ എന്നിവിടങ്ങളിൽ നേരിട്ട് വൈദ്യുതി എത്തിക്കേണ്ടതാണ്. എന്നാൽ അറക്കൽ, കടവിൽ, ഇളമാങ്കൽ മുണ്ടയോട് ഭാഗങ്ങൾ സംരക്ഷിത വനത്തിനകത്തായതിനാൽ, ഈ പ്രദേശങ്ങളിൽ വൈദ്യുതി എത്തിക്കുന്നതിന് സാങ്കേതിക തടസ്സങ്ങൾ ഉണ്ട്. ഈ പ്രശ്നം പരിഹരിക്കാൻ, സൗരോർജ്ജം ഉപയോഗിച്ചുകൊണ്ടുള്ള വൈദ്യുത പദ്ധതികളെ കുറിച്ച് ആലോചിക്കേണ്ടിയിരിക്കുന്നു. നിലവിൽ, കണ്ണവം കോളനിയിൽ 72 കുടുംബങ്ങൾക്കും വെങ്ങളത്ത് 18 കുടുംബങ്ങൾക്കും വൈദ്യുതി ലഭിച്ചിട്ടുണ്ട്. ഇവരിൽ കണ്ണവം കോളനിയിലെ 4 പേർ ഒഴിച്ച് ബാക്കിയുള്ളവരെല്ലാം തന്നെ സൗജന്യനിരക്കിൽ വൈദ്യുതി ഉപയോഗിക്കുന്നവരാണ്.

വിദ്യാഭ്യാസരംഗത്ത് നിലനിൽക്കുന്ന പിന്നോക്കാവസ്ഥ പരിഗണിച്ചുകൊണ്ട്, പട്ടികവർഗ്ഗവിഭാഗത്തിന് പല ആനുകൂല്യങ്ങളും സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. എന്നാൽ ഈ ആനുകൂല്യങ്ങൾ ഉപയോഗപ്പെടുത്തി, വിദ്യാഭ്യാസരംഗത്ത് നേട്ടങ്ങൾ കൈവരിക്കുന്നവരുടെ എണ്ണം തുലോം കുറവാണ്. പഞ്ചായത്തിലെ പട്ടികവർഗ്ഗവിഭാഗത്തിന്റെ സാക്ഷരതാ ശതമാനം വളരെ കുറവാണ്. അതിൽ തന്നെ സ്ത്രീ സാക്ഷരതാ നിരക്ക് വളരെ പിന്നിലായാണ് കാണുന്നത്. ദരിദ്രമായ ചുറ്റുപാടുകളും പഠനത്തോടുള്ള വിമുഖതയും വിദ്യാലയങ്ങളിൽ നിന്നും പണിയ വിഭാഗത്തിലെ കുട്ടികൾ കൊഴിഞ്ഞുപോകുന്നതിന് കാരണമായിത്തീരുന്നു. വിദ്യാഭ്യാസത്തോടുവച്ച് പുലർത്തുന്ന ഈ വൈമുഖ്യമാണ് പട്ടികവർഗ്ഗ സമൂഹത്തിന്റെ മൊത്തത്തിലുള്ള പിന്നോക്കാവസ്ഥയ്ക്ക് കാരണമായി എടുത്തുകാട്ടാവുന്നതാണ്.

ജില്ലയിലെ ഏക ട്രൈബൽ യു. പി. സ്കൂൾ, പാട്യം പഞ്ചായത്തിലെ കണ്ണവം കോളനിയിൽ 1957-ലാണ് സ്ഥാപിക്കപ്പെട്ടത്. പട്ടികവർഗ്ഗത്തിനായി ഏർപ്പെടുത്തിയ ജില്ലയിലെ ഏക നഴ്സറിസ്കൂളും 1967 മുതൽ

ഇവിടെ പ്രവർത്തിച്ചു വരുന്നു. ഇപ്പോഴും ഈ നഴ്സറി സ്കൂളിനെ കിൻറർഗാർടണാക്കി ഉയർത്തിയിട്ടുണ്ട്. 239 വിദ്യാർത്ഥികളും പഠിക്കുന്ന ടൈടബൽ യു. പി. സ്കൂളും 42 വിദ്യാർത്ഥികളുള്ള കിൻറർ ഗാർട്ടനും മാറി നിർത്തിയാൽ കോളനിയിലോ സമീപപ്രദേശത്തോ മറ്റ് വിദ്യാലയങ്ങളൊന്നുമില്ല. അതിനാൽ കിലോമീറ്ററുകൾക്ക് അപ്പുറമുള്ള ചിറ്റാരിപ്പമ്പ് ഹൈസ്കൂളിനെയും ചെറുവാഞ്ചേരി ഹൈസ്കൂളിനേയുമാണ് കുട്ടികൾ ആശ്രയിക്കുന്നത്. മുൻകാലങ്ങളെ അപേക്ഷിച്ച് വിദ്യാലയങ്ങളിൽ പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ ഹാജർനില വർദ്ധിച്ചതായി കാണാൻ കഴിയും. രക്ഷിതാക്കൾക്ക് വിതരണം ചെയ്യുന്ന ഇൻസൻറീവ് ഗ്രാൻറും ഭക്ഷണം, വസ്ത്രം, ലംപ്സംഗ്രാൻറ് എന്നിവ ഉൾപ്പെടെയുള്ള മറ്റ് ആനുകൂല്യങ്ങളും ഹാജർ വർദ്ധനവിന് കാരണമായി ചൂണ്ടിക്കാണിക്കാനാവും, കൂടിച്ചിയ വിഭാഗത്തിൽപ്പെട്ട മിക്കവാറും എല്ലാ കുട്ടികളും വിദ്യാഭ്യാസം നേടുന്നുണ്ട്.

കിൻറർ ഗാർട്ടൻ പ്രവർത്തിക്കുന്ന കെട്ടിടം അടിയന്തിരമായും അറ്റകുറ്റപ്പണികളും ചെയ്യേണ്ടതുണ്ട്. കെട്ടിടത്തോടനുബന്ധിച്ച് ഒരു കക്കൂസ് പണിയേണ്ടതും ആവശ്യമാണ്. എൽ. കെ. ജി, യു. കെ. ജി ക്ലാസുകളിലേക്ക് ആവശ്യമായ സ്റ്റാഫ് ഇല്ലാത്തതും നഴ്സറിയുടെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കുന്നു. യോഗ്യരായ ഉദ്യോഗാർത്ഥികളെ തിരഞ്ഞെടുത്തു കഴിഞ്ഞിട്ടും നിയമനം നടക്കുന്നില്ല എന്നതാണ് രക്ഷിതാക്കളുടെ പരാതി. ഇപ്പോഴും കുട്ടികളുടെ കൊഴിഞ്ഞുപോക്ക് താരതമ്യേന കുറവാണെന്നും കണക്കുകൾ സൂചിപ്പിക്കുന്നു. രക്ഷിതാക്കളുടെ ഇടയിൽ ഉണ്ടായ ബോധവത്ക്കരണം ഇതിന് കാരണമായി ചൂണ്ടിക്കാണിക്കപ്പെടുന്നു.

ജില്ലയിൽ പ്രവർത്തിച്ചുവരുന്ന 11 പ്രീമെട്രിക്ക് ഹോസ്റ്റലുകളിൽ ഒന്ന് പാടൂർ പഞ്ചായത്തിലെ 4-ാം വാർഡിൽ സ്ഥിതി ചെയ്യുന്നു. 40 പട്ടികവർഗ്ഗ വിദ്യാർത്ഥികളുണ്ടായിരിക്കേണ്ട ഹോസ്റ്റലിൽ നിലവിൽ 27 കുട്ടികൾ മാത്രമാണ് താമസിച്ച് പഠിക്കുന്നത്. വർഷങ്ങളായി വാടകകെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഈ സ്ഥാപനത്തിൽ ആവശ്യമായ ഫർണിച്ചർ സൗകര്യമില്ലെന്നത് വിദ്യാർത്ഥികളുടെ പഠനത്തെ പ്രതികൂലമായി ബാധിക്കുന്നുണ്ട്. ആകെയുള്ള 4 ജീവനക്കാരിൽ 3പേരും സ്ത്രീകളാണ്. അതുകൊണ്ടുതന്നെ വാച്ച്മേൻ അവധിയിൽ പ്രവേശിക്കുമ്പോൾ കുട്ടികൾ സംരക്ഷകരില്ലാതെയാവുന്നു എന്ന പരാതിയുണ്ട്. യാത്രാ സൗകര്യമില്ലാത്തതും ജലദൗർലഭ്യതയുമാണ് ഇവിടത്തെ പ്രധാനപ്പെട്ട മറ്റു രണ്ടു പ്രശ്നങ്ങൾ! സൗകര്യപ്രദമായ വഴിയില്ലാത്തതിനാൽ, സാധന സാമഗ്രികൾ എത്തിക്കാൻ പ്രയാസം നേരിടുന്നുണ്ട്. ജനവരി മാസമാകുമ്പോഴേക്കും കിണർ വറ്റുന്നതിനാൽ പിന്നീടുള്ള രണ്ടു മാസക്കാലം കുട്ടികളും ജീവനക്കാരും ഏറെ ബുദ്ധിമുട്ടുകൾ അനുഭവിക്കേണ്ടി വരുന്നു. ഹോസ്റ്റലിനെ സംബന്ധിച്ച് നിലനിൽക്കുന്ന ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം ഭക്ഷണമാണ്. ഒരു കുട്ടിക്ക് 10 രൂപയാണ് ഒരു ദിവസത്തെ ഭക്ഷണത്തിനു വേണ്ടി നീക്കിവെച്ചിട്ടുള്ളത്, അഞ്ചു വർഷം മുൻപ് (1992) നിലനിലിൽക്കുന്ന അതേ തുക തന്നെയാണ് ഇപ്പോഴും ഈ ആവശ്യത്തിനു നൽകിപ്പോരുന്നത്, സാധനങ്ങളുടെ വിലയിലുണ്ടായ വർദ്ധനവ് പരിഗണിക്കുമ്പോൾ ഈ തുക തികച്ചും അപര്യാപ്തമാണ്. ഈ കാരണത്താൽ, കുട്ടികൾക്ക് ആവശ്യമായ ഭക്ഷണം കൊടുക്കാൻ കഴിയാതെ വരികയും അത് കുട്ടികളും ജീവനക്കാരും തമ്മിലുള്ള അസ്വാരസ്യത്തിനു കാരണമാവുകയും ചെയ്യുന്നു. കായികരംഗത്ത് മികച്ച പ്രകടനം കാഴ്ചവെക്കുന്ന കുട്ടികളും ഈ ഹോസ്റ്റലിലുണ്ട്. കുട്ടികൾക്കുവേണ്ടി സ്പോർട്സ് ഉപകരണങ്ങൾ വാങ്ങുന്നതിനായി വർഷം 600 രൂപ ചെലവഴിക്കുന്നു. കുട്ടികളുടെ വിദ്യാഭ്യാസ കാര്യങ്ങളിൽ അവരെ സഹായിക്കാനായി ട്യൂഷൻ ഏർപ്പെടുത്തിയിട്ടുണ്ട്. ഇംഗ്ലീഷ്, കണക്ക്, സയൻസ് വിഷയങ്ങളിൽ ട്യൂഷനെടുക്കാൻ മൂന്ന് അദ്ധ്യാപകരുണ്ട്. എന്നിരുന്നാലും പഠനകാര്യങ്ങളിൽ കുട്ടികൾ വളരെ പിന്നിലാണെന്നു കാണാം. കഴിഞ്ഞ 10 വർഷങ്ങളായി, ഒരു കുട്ടിപോലും ഇവിടെ നിന്നും എസ്.എസ്.എൽ.സി പാസായിട്ടില്ലെന്നറിയുമ്പോൾ ചിത്രം വ്യക്തമാകുന്നു.

പഞ്ചായത്തിലെ പട്ടികവർഗ്ഗ വിഭാഗക്കാരുടെ ഇടയിലെ ഉയർന്ന വിദ്യാഭ്യാസയോഗ്യത പി. ഡി. സി. മാത്രമായി തുടരുന്നു. എസ്. എസ്. എൽ. സി. പാസായ എത്രാനും പേർ കോളനിയിലുണ്ട്. എന്നാൽ അവരിൽ 5 പേർ മാത്രമാണ് സർക്കാർ - സഹകരണ മേഖലകളിൽ ജോലി ചെയ്യുന്നത്. എസ്.എസ്.എൽ.സി

പാസ്സായ 3 വനിതകൾ ഇവരുടെ ഇടയിലുണ്ട്. എസ്. എസ്. എൽ. സി, പി. ഡി. സി പരീക്ഷകളും പാസാവാത്തവർക്ക് തുടർന്ന് ട്യൂട്ടോറിയൽ കോളേജുകളിൽ പഠനംനടത്താൻ ധനസഹായം നല്കുന്നുണ്ടെങ്കിലും അവ ഉപയോഗപ്പെടുത്തുന്നത് വളരെ കുറച്ചു പേർ മാത്രമാണെന്ന് കാണാം. കോളനിയോട് ഏറ്റവും അടുത്ത ഹൈസ്ക്കൂൾ ചെറുവാഞ്ചേരിയിലാണെങ്കിലും വാഹനസൗകര്യം കൂടുതലുള്ള ചിറ്റാരിപ്പറമ്പ് ഹൈസ്ക്കൂളിനെയാണ് കൂടുതൽ കുട്ടികളും ആശ്രയിക്കുന്നത്. വിദ്യാസമ്പന്നരായ ആളുകളെ ഉപയോഗപ്പെടുത്തിക്കൊണ്ട് ഒരു സൗജന്യട്യൂഷൻ സെൻറർ കോളനി പരിസരത്ത് ആരംഭിക്കുകയാണെങ്കിൽ, കുട്ടികളുടെ വിദ്യാഭ്യാസ നിലവാരം ഉയർത്താൻ സഹായകമാകുമെന്ന് വിശ്വസിക്കുന്നവരുണ്ട്.

പട്ടികവർഗ്ഗ വിഭാഗത്തിനുവേണ്ടിയുള്ള ജില്ലയിലെ ഏക പഠന ഉത്ബോധന കേന്ദ്രം കണ്ണവം കോളനിയിലായിരുന്നു. ഒരു ലൈബ്രറി വായനശാല എന്നിവയ്ക്ക് പുറമെ വിനോദോപാധികളായ ചെസ്, കാരംസ് എന്നിവയും ഈ സ്ഥാപനത്തിലുണ്ടായിരുന്നു. നിരക്ഷരർക്ക് ക്ലാസെടുക്കുന്നതിനായി ഒരു ഇൻസ്ട്രക്ടറെയും നിയമിച്ചിരുന്നു. 3 വർഷം പ്രവർത്തിച്ചതിനു ശേഷം ഫണ്ടില്ലാത്തതിനാൽ അടഞ്ഞുകിടക്കുന്നു.

കണ്ണവം പട്ടികവർഗ്ഗ സഹകരണസംഘം 1974-ൽ പ്രവർത്തനം ആരംഭിച്ചു. 635 കുറിച്ചിയ സമുദായംഗങ്ങൾ ഉൾപ്പെടുന്ന ഈ സഹകരണ സംഘത്തിന്റെ ഇപ്പോഴത്തെ പ്രധാന പ്രവർത്തനം ചവക്കായ, ചീനക്കായ, കുന്തിരുക്കം, കക്കുംകായ, കഴഞ്ചിക്കുരു തുടങ്ങിയ വനവിഭവങ്ങളുടെ ശേഖരണവും വിൽപ്പനയുമാണ്. സംഘാംഗങ്ങളിൽ നിന്ന് ശേഖരിക്കുന്ന ഈ വിഭവങ്ങൾ, കേരള സംസ്ഥാന പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ ഫെഡറേഷൻ മുഖാന്തിരം വിൽപ്പന നടത്തുന്നു. ഫെഡറേഷൻ തന്നെയാണ് ഈ സ്ഥാപനത്തിനാവശ്യമായ സാമ്പത്തിക സഹായവും നൽകുന്നത്. ആദ്യകാലത്ത് സംഘാംഗങ്ങൾക്ക് വായ്പകൾ നൽകിയിരുന്നുവെങ്കിലും അവയിൽ പലതും തിരിച്ചടക്കപ്പെടാതിരുന്നതിനാൽ വായ്പ കൊടുക്കുന്ന സമ്പ്രദായം നിർത്തിവെക്കാൻ സംഘം നിർബന്ധിതമായി. സംഘത്തിന്റെ കീഴിൽ നിലവിലുണ്ടായിരുന്ന മറ്റ് രണ്ട് സ്ഥാപനങ്ങൾ ഒരു മാവേലി സ്റ്റോറും ഒരു റബ്ബർവെട്ട് യൂണിറ്റുമായിരുന്നു. ലാഭകരമല്ലാത്തതിനാൽ അവയും നിർത്തേണ്ടി വന്നു. ബുക്ക് ബൈൻറിംഗ് യൂണിറ്റാണ് സംഘത്തിന്റെ പേരിൽ നിലനിൽക്കുന്ന മറ്റൊരു സ്ഥാപനം. പൊതുവിപണിയിലെ കടലാസിന്റെ വിലവർദ്ധനവ് കാരണം ലാഭകരമായി പ്രവർത്തിക്കാൻ ഈ സ്ഥാപനത്തിനും കഴിയുന്നില്ല. 1985-86മുതൽ 1989-90 വരെ മാത്രമാണ് ബുക്ക് ബൈൻറിംഗ് യൂനിറ്റ് പ്രവർത്തനം നടത്തിയത്. ആ അവസരത്തിൽ ആൺകുട്ടികളും പെൺകുട്ടികളുമടക്കം 5 വിദ്യാർത്ഥികളും ഒരു അദ്ധ്യാപകനും ഈ സ്ഥാപനത്തിലുണ്ടായിരുന്നു. കുറഞ്ഞ നിരക്കിൽ ഫെഡറേഷൻ വഴി പേപ്പർ വിതരണം ചെയ്യുകയും വിപണി ലഭിക്കുകയും ചെയ്താൽ ബൈൻറിംഗ് യൂണിറ്റിന് മുന്നോട്ട് പോകാൻ കഴിയും. സ്വന്തം ഫണ്ടില്ലാത്തതും വിപണി കണ്ടെത്താനാവാത്തതുമാണ് കണ്ണവത്തെ പട്ടികവർഗ്ഗ സഹകരണ സംഘം ഇന്ന് നേരിടുന്ന പ്രധാന പ്രശ്നങ്ങൾ. പ്രവർത്തന മൂലധനമില്ലാത്തതു കാരണം സീസൺ കാലത്ത് അംഗങ്ങൾക്ക് പണം നൽകാനാവുന്നില്ല. അതിനാൽ വനവിഭവങ്ങളുടെ ശേഖരണം കുറയുന്നതായി കാണാൻ സാധിക്കുന്നു.

പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് തൊഴിൽ പരിശീലനം നല്കുന്നതിനായി സ്ഥാപിച്ച ക്രാഫ്റ്റ് സെൻറർ കണ്ണവം കോളനിയിൽ പ്രവർത്തിക്കുന്നുണ്ട്. നിലവിൽ 12 വിദ്യാർത്ഥികൾ ഇവിടെ പരിശീലനം നടത്തുന്നു. പ്ലാസ്റ്റിക്ക് കൊണ്ടും ചൂരൽകൊണ്ടുമുള്ള ഗൃഹോപകരണങ്ങളും കൗതുകവസ്തുക്കളും നിർമ്മിക്കാനുള്ള പരിശീലനമാണ് ഇവിടെ നല്കി വരുന്നത്. അസംസ്കൃത വസ്തുവായ ചൂരൽ ലഭ്യമല്ല എന്നുള്ളതാണ് സെൻറർ നേരിടുന്ന ഒരു പ്രധാന പ്രശ്നം. നിർമ്മിക്കപ്പെട്ട ഉല്പന്നങ്ങൾ വിറ്റഴിക്കാൻ സാധിക്കാത്തത് മറ്റൊരു പ്രശ്നമാണ്. ക്രാഫ്റ്റ് സെൻററിൽ നിർമ്മിക്കപ്പെടുന്ന ഉൽപ്പന്നങ്ങൾ പ്രദർശിപ്പിക്കാനും വിറ്റഴിക്കാനുള്ള ഒരു കേന്ദ്രം പഞ്ചായത്തിൽ സ്ഥാപിക്കപ്പെടുകയാണെങ്കിൽ, ഈ കേന്ദ്രത്തിന്റെ പ്രവർത്തനം കൂടുതൽ സുഗമമാക്കാനാവും.

കോളനികളിലെ ജനവിഭാഗങ്ങൾ നേരിടുന്ന ഏറ്റവും പ്രധാനപ്പെട്ട ആരോഗ്യ പ്രശ്നം, ക്ഷയരോഗ ഭീഷണിയാണ്. പഞ്ചായത്തിലെ പട്ടികവർഗ്ഗക്കാരിൽ ഒരു വലിയ വിഭാഗം രോഗികളും ക്ഷയരോഗബാധിതരാണെ

പ്രശ്നം മദ്യപാനമാണ്. ചായ നിരോധനത്തോടെ കോളനി നിവാസികളിൽ പലരും വ്യാജവാറ് രംഗത്തേക്ക് തിരിഞ്ഞിരിക്കുകയാണ്. ഭൂപ്രകൃതിയും ജീവിത രീതിയുമടക്കമുള്ള അനുകൂല സാഹചര്യങ്ങളും ഉപയോഗപ്പെടുത്തിക്കൊണ്ടാണ് ഇവർ ചാരായം നിർമ്മിക്കുന്നതും ഉപയോഗിക്കുന്നതും! പഞ്ചായത്തിന് പുറത്തുനിന്നുള്ളവർപോലും ഈ സാഹചര്യം മുതലെടുക്കാൻ കോളനികളിലെത്തുന്നു. ചീട്ടുകളിയും മദ്യപാനവും കുടുംബങ്ങളുടെ സാമ്പത്തിക അടിത്തറ തന്നെ തകർക്കുന്നതായി ഗ്രാമീണർ പറയുന്നു. സ്ത്രീകളുടെ ഇടയിലും മദ്യപാനികളുണ്ടെന്നതാണ് ഈ പ്രദേശത്തിന്റെ മറ്റൊരു സവിശേഷത. അതുകൊണ്ടുതന്നെ മദ്യപാനത്തിന്റെ ദോഷവശങ്ങളെ കുറിച്ചും അതുയർത്തുന്ന സാമൂഹ്യ പ്രശ്നങ്ങളെ കുറിച്ചും മുഴുവൻ ജനങ്ങളേയും ബോധവല്ക്കരിക്കേണ്ടതുണ്ട്. പുകവലിയും വെറിലമുറുക്കുമാണ് ഇവിടങ്ങളിലെ മറ്റ് രണ്ട് ആരോഗ്യപ്രശ്നങ്ങൾ. കുട്ടികളിൽ പോലും കണ്ടുവരുന്ന പുകവലി ശീലത്തിനെതിരെ വ്യക്തമായ ബോധവൽക്കരണം ആവശ്യമാണ്. അമ്മാറമ്പ് കോളനിയിലെ കൊച്ചുകുട്ടികൾപോലും വെറിലമുറുക്ക് വിനോദമാക്കിയവരാണെന്ന് കാണുമ്പോൾ, ഈ അപകടകരമായ ശീലത്തിന്റെ രൂക്ഷത എത്രത്തോളമാണെന്ന് മനസിലാക്കാം.

കോളനികളിലെ ജനങ്ങളുടെ മറ്റൊരു പ്രധാനപ്പെട്ട പ്രശ്നം വാഹനസൗകര്യമില്ല എന്നുള്ളതാണ്. ആവശ്യമായ ബസ് സർവ്വീസ് ഇല്ലാത്തതിനാൽ സർക്കാർ ജീവനക്കാരും വിദ്യാർത്ഥികളും മറ്റു തൊഴിലാളികളും അനുഭവിക്കുന്ന കഷ്ടപ്പാടുകൾ വിവരണാതീതമാണ്. നിലവിലുള്ള ബസാവട്ടെ രാത്രിസമയത്ത് ട്രിപ്പ് ഒഴിവാക്കുകയും ചെയ്യുന്നു. കൂത്തുപറമ്പ്-പോരുവഴി റൂട്ടിലോടുന്ന പ്രവർത്തന മേഖലയായുള്ള ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസുമായി ബന്ധപ്പെടുന്നവർക്കും അനുഭവിക്കേണ്ടിവരുന്ന യാത്രാദുരിതം ചില്ലറയല്ല. ഈ പ്രശ്നങ്ങൾ കണക്കിലെടുത്തുകൊണ്ട്, ചെറുവാഞ്ചേരിവരെയുള്ള ബസുകൾ കോളനിവരെ ഓടിക്കാനുള്ള നടപടികൾ സ്വീകരിക്കണം. കൂടാതെ രണ്ട് കെ. എസ്. ആർ. ടി. സി. ബസുകളെങ്കിലും പുതുതായി അനുവദിക്കേണ്ടതുമുണ്ട്.

സംരക്ഷിത വനത്തിനകത്ത് കിടക്കുന്ന മുണ്ടയോട്, കടവിൽ, അറക്കൽ, ഇളമാങ്കൽ എന്നീ

കിലും ആശുപത്രികളെ സമീപിച്ച് രോഗ ചികിൽസ നടത്താത്തതിനാൽ അവരുടെ മുണ്ണും കൃത്യമായി കണ്ടെത്താനാവുന്നില്ല. പാരമ്പര്യ ചികിൽസകളിലും ഒറ്റമൂലികളിലും അമിത വിശ്വാസമർപ്പിക്കുന്നവരായതിനാൽ, സ്നേഹ മസൃണമായ ഉപദേശവും പ്രേരണയും കൊണ്ടു മാത്രമേ ഇവരെ ആധുനിക ചികിൽസയുടെ പാതയിലേക്ക് കൊണ്ടുവരാനാവു. പട്ടികവർഗ്ഗ വിഭാഗത്തിലെ ജനങ്ങൾക്കിടയിൽ കാണുന്ന മറ്റൊരു പ്രധാന രോഗം ചർമ്മവ്യാധികളാണ്. കോളനികളിലെ പട്ടികവർഗ്ഗ ജനവിഭാഗങ്ങളുടെ ചികിൽസാ സൗകര്യാർത്ഥം സ്ഥാപിക്കപ്പെട്ട ഒരു ആയുർവേദ ഡിസ്പെൻസറി കണ്ണവം കോളനിയിൽ പ്രവർത്തിക്കുന്നുണ്ട്. എന്നാൽ ഡിസ്പെൻസറിയുടെ പ്രവർത്തനങ്ങളെകുറിച്ച് ഗ്രാമവാസികൾക്ക് പരാതികൾ ഒട്ടേറെയുണ്ട്. ഒരു സ്ഥിരം ഡോക്ടറില്ല എന്നതാണ് ഡിസ്പെൻസറിയുടെ പ്രധാന പ്രശ്നം. ആറളം ആയുർവേദ അശുപത്രിയിലെ ഡോക്ടർക്കാണ് ഡിസ്പെൻസറിയുടെ ചുമതല. അദ്ദേഹം ആഴ്ചയിൽ ഒരു ദിവസം ഡിസ്പെൻസറിയിലെത്തി പരിശോധന നടത്തുന്നു.ഡിസ്പെൻസറിയിലെ ഫാർമസിസ്റ്റ് തുടർച്ചയായി അവധിയിലായതിനാൽ, രോഗികൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ ചില്ലറയല്ല. ഡിസ്പെൻസറിയിൽ സ്ഥിരം ജീവനക്കാരെ നിയമിക്കണമെന്നും ഡിസ്പെൻസറിയെ ഒരു ആയുർവേദ ആശുപത്രിയായി ഉയർത്തണമെന്നും ജനങ്ങൾ ആവശ്യപ്പെടാൻ തുടങ്ങിയിട്ട് കാലമേറെയായി. കണ്ണവം കോളനിയിൽ നേരത്തെ പ്രവർത്തിച്ചുവരികയായിരുന്ന മിഡ്വൈഫറി സെൻറർ കഴിഞ്ഞ 5 വർഷമായി അടഞ്ഞു കിടക്കുകയാണ്. സ്വന്തമായി കെട്ടിടവും മറ്റ് സൗകര്യങ്ങളുമുള്ള ഈ സ്ഥാപനം എത്രയും പെട്ടെന്ന് തുറന്ന് പ്രവർത്തിക്കേണ്ടതും ഒരാവശ്യമായി നാട്ടുകാർ എടുത്തു പറയുന്നു. അലോപ്പതി - ആയുർവേദ ചികിൽസകൾക്ക് പുറമെ നാട്ടുവൈദ്യൻമാരുടെ സേവനവും ഈ പ്രദേശത്ത് ലഭ്യമാണ്. പരമ്പരാഗത വൈദ്യൻമാരായ വള്ള്യാടൻ കേളപ്പൻ, പുനേരി ചന്തുസ്വാമി എന്നിവരുടെ പേരുകൾ ഇവിടെ എടുത്തുപറയേണ്ടതുണ്ട്. എങ്കിലും ഗർഭശുശ്രൂഷകൾക്കും മറ്റും ഇപ്പോൾ നഗരത്തിലെ സർക്കാർ ആശുപത്രികളെയാണ് കോളനിനിവാസികൾ കൂടുതലും ആശ്രയിക്കുന്നത്.

പാട്യം പഞ്ചായത്തിലെ പട്ടികവർഗ്ഗ കോളനികളിലെ പ്രധാനപ്പെട്ട ഒരു സാമൂഹ്യ

വീടുകളിലെ പട്ടികവർഗ്ഗക്കാരുടെ കൈവശമുള്ള ഭൂമിക്ക് പട്ടയം നല്കാത്തതിനാൽ, ഏറെ ബുദ്ധിമുട്ടുകളും അനുഭവിക്കേണ്ടിവരുന്നു. വീടുവെക്കാൻപോലും ഒട്ടേറെ ചുവപ്പുനാടകളും തരണം ചെയ്യേണ്ടതുണ്ട്. അതിനാൽ ഇവർക്ക് അടിയന്തിരമായും പട്ടയം വിതരണം ചെയ്യാനുള്ള സംവിധാനം ഉണ്ടാകേണ്ടതുണ്ട്. ഭവനനിർമ്മാണത്തിന് നല്കുന്ന സാമ്പത്തിക സഹായത്തിനു പുറമെ, പുര കെട്ടിമേയാൻ 500 രൂപ വീതം ധനസഹായം നല്കുന്നുണ്ട്. എന്നാൽ ജില്ലയ്ക്ക് അനുവദിക്കുന്ന ഫണ്ട് പരിമിതമാണെന്നതിനാൽ അർഹതപ്പെട്ട മുഴുവൻ പട്ടികവർഗ്ഗ കുടുംബങ്ങൾക്കും ഈ ധനസഹായം നല്കാൻ കഴിയുന്നില്ല. വീട് വൈദ്യുതീകരിക്കാൻ അനുവദിച്ചിട്ടുള്ള സഹായധനം 700 രൂപ മാത്രമാണ്. സാധനസാമഗ്രികളുടെ വിലയിൽ ഉണ്ടായ വർദ്ധനവ് പരിഗണിക്കുമ്പോൾ, ഈ തുക തികച്ചും അപര്യാപ്തമാണെന്ന് കാണാം. അതുപോലെ, വീടിന്റെ അറ്റകുറ്റപ്പണികൾക്കായി നല്കുന്ന 3000 രൂപയും വർദ്ധിപ്പിക്കേണ്ടതുണ്ട്. കോളനിയിലെ മുഴുവൻ വീടുകൾക്കും സ്വന്തമായി കക്കൂസ് നിർമ്മിച്ചു കഴിഞ്ഞിട്ടില്ല. മുഴുവൻ പട്ടികവർഗ്ഗ കുടുംബങ്ങൾക്കും കക്കൂസ് നിർമ്മിച്ചു നൽകുന്ന പദ്ധതി ഫലപ്രദമായി നടപ്പിലാക്കേണ്ടതും അത്യാവശ്യമാണ്. പഞ്ചായത്തിലെ കണ്ണവം, അമ്മാറമ്പ്, മുണ്ടയോട് കോളനികളെ ഒഴിച്ചു നിർത്തിയാൽ മറ്റു കോളനികളിൽ കുടിവെള്ളക്ഷാമം രൂക്ഷമാണെന്ന് കാണാം. കിണറുകൾകുഴിച്ചുനോക്കിയെങ്കിലും ജലലഭ്യത ഇല്ലെന്നതാണ് പ്രശ്നം. മുണ്ടയോട് കോളനിയിൽ വറ്റാത്ത ഒരു നീരുറവ ഉണ്ട്. താഴെ ചരിവിൽ ഒരു ടാങ്ക് കെട്ടുകയാണെങ്കിൽ ഇവിടെയും ഭാഗികമായി വിലവിലുള്ള കുടിവെള്ളപ്രശ്നം ഒഴിവാക്കി നിർത്താം. വെള്ളം കിട്ടുന്ന സ്ഥലങ്ങളിൽ കിണർ കുഴിക്കുകയും ടാങ്ക്കെട്ടി പൈപ്പ്ലൈൻ വഴി വെള്ളം വീടുകളിലെത്തിക്കുകയും വേണം. വീടുകൾ തമ്മിലുള്ള അകലം കൂടുതലായതിനാൽ പൊതുകിണർ സംവിധാനം ഇവിടെ അപര്യാപ്തമാണെന്ന് കാണാം.

മുണ്ടയോട് കോളനിയിലേക്ക് പ്രവേശിക്കുന്നതിനുമുൻപ് വനം വകുപ്പിന്റെ ചങ്ങലഗെയിറ്റ് കടക്കേണ്ടതുണ്ട്. എന്നാൽ ഗേറ്റിന്റെ താക്കോൽ, അങ്ങകലെ കണ്ണവം ഫോറസ്റ്റ് റെഞ്ച് ഓഫീസിലാണ്. അതിനാൽ അസുഖബാധിച്ചവരെ ആശുപത്രിയിലെത്തിക്കാനും മറ്റും ഏറെ വിഷമങ്ങൾ അനുഭവപ്പെടുന്നു. ചുരുങ്ങിയ പക്ഷം ഒരു ഓട്ടോറിക്ഷയെങ്കിലും കടന്നുപോകാനുള്ള വഴി അനുവദിക്കുകയോ, രാത്രിയും പകലും സമീപത്തെന്ന ഉണ്ടാവുന്ന ഒരു ഗാർഡിനെ നിയമിക്കുകയോ ചെയ്യണമെന്ന് ജനങ്ങൾ ആവശ്യപ്പെടുന്നു.

പഞ്ചായത്തിലെ പട്ടികവിഭാഗങ്ങളുടെ പൊതുവിലുള്ള ചിത്രം ഇങ്ങനെയാണെങ്കിലും കുറിച്ചിയ വിഭാഗത്തെ അപേക്ഷിച്ച് പണിയ വിഭാഗത്തിന്റെ ജീവിതം കൂടുതൽ ദുരിതപൂർണ്ണമാണെന്ന് മനസിലാക്കാം. അന്ധവിശ്വാസങ്ങളുടേയും അനാചാരങ്ങളുടേയും പുറംതോടിനുള്ളിൽ സുഷുപ്തി കണ്ടെത്തുന്ന ഈ ജനവിഭാഗത്തെ, സമൂഹത്തിന്റെ മുഖ്യധാരയോട് അടുപ്പിക്കാൻപോലും നമുക്ക് കഴിഞ്ഞിട്ടില്ലെന്നതാണ് സത്യം. നിലാവുള്ള രാത്രികളിൽ തുടികൊട്ടിപ്പാടുന്ന, മരണാനന്തര ചടങ്ങുകളിൽ സംഘനൃത്തം ചെയ്യുന്ന പണിയർ നല്ല കലാബോധമുള്ളവരാണ്. പുറംലോകത്തെ സംശയത്തോടെ മാത്രം നോക്കിക്കാണുന്ന ഇവർ പ്രകടിപ്പിക്കുന്ന കീഴാളഭാവം നൂറ്റാണ്ടുകൾക്ക് പിറകിലുള്ളതിൽ നിന്നും ഒട്ടും വിഭിന്നമല്ല. ദിവസങ്ങളോളം പട്ടിണി കിടക്കാൻ മടിയില്ലാത്ത ഇവർ പൊതുവെ അലസജീവിതം നയിക്കുന്നവരാണ്. വീട്ടിനകത്തു നിർമ്മിച്ച അഗ്നികുണ്ഡത്തിനു ചുറ്റും രാത്രിയും പകലും കിടന്നുറങ്ങുകയാണ് ഇവർക്ക് ഏറ്റവും ഇഷ്ടപ്പെട്ട വിനോദം. മരണമടഞ്ഞവരുടെ ശവശരീരം വീട്ടിനകത്തുതന്നെ മറവ് ചെയ്യുന്ന സമ്പ്രദായവും ഇവരുടെ ഇടയിൽ ഇന്നും ആർവ്വത്രികമായി നിലനില്ക്കുന്നുണ്ട്.

ഇങ്ങനെ, വിഭിന്നങ്ങളായ ജീവിതചര്യകളും മനോഭാവങ്ങളും നിലനിർത്തുന്ന പട്ടികജാതി - പട്ടികവർഗ്ഗങ്ങളുടെ ജീവിതനിലവാരം മെച്ചപ്പെടുത്താനാവശ്യമായ പ്രവർത്തനങ്ങൾക്ക് രൂപം നൽകാൻ നമുക്ക് സാധിക്കുമെന്നും അവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരാനാകുമെന്നു പ്രത്യാശിക്കാം.

പ്രശ്നങ്ങൾ, പരാതികൾ, ആവശ്യങ്ങൾ.

1 വർദ്ധിച്ച തൊഴിലില്ലായ്മ
2 സാമ്പത്തികമായ പിന്നോക്കാവസ്ഥ
3 വിദ്യാഭ്യാസം ചെയ്യുന്നതിലുള്ള വൈമുഖ്യവും നിരക്ഷരതയും.

4 ക്ഷേമ പദ്ധതികളെ കുറിച്ചുള്ള അറിവില്ലായ്മയും ചുവപ്പുനാടയുടെ കുരുക്കുകളും.

5 വിശ്വാസങ്ങളോടും ആചാരങ്ങളോടുമുള്ള അമിതമായ വിധേയത്വം.

6 ജലലഭ്യത ഇല്ലാത്തതിനാൽ നെൽകൃഷി ചെയ്യാനാവാത്ത അവസ്ഥ.

7 കണ്ണവം, വെങ്ങളം, കോളനികളൊഴികെ മറ്റ് 6 കോളനികളിൽ വൈദ്യുതിയുടെ അലഭ്യത.

8 കിൻഫ്രാർട്ടൻ സ്ഥിതിചെയ്യുന്ന കെട്ടിടം അറകുറപ്പണികൾ ചെയ്യുക, ആവശ്യമായ ജീവനക്കാരെ നിയമിക്കുക.

9 പ്രീ-മെട്രിക് ഹോസ്റ്റലിന്റെ ശോച്യാവസ്ഥ പരിഹരിക്കുക - കെട്ടിടം അറകുറപ്പണികൾ ചെയ്ത് സൗകര്യപ്രദമാക്കുക, ജലക്ഷാമം പരിഹരിക്കാനാവശ്യമായ പ്രവർത്തനങ്ങൾ ചെയ്യുക, കോഷണത്തിന് ആവശ്യമായ ഫണ്ട് അനുവദിക്കുക, വിജയശതമാനം ഉയർത്തുക.

10 കണ്ണവം കോളനി പ്രദേശത്തേക്ക് കൂടുതൽ KSRTC ബസ് സർവ്വീസുകൾ ആരംഭിക്കുകയോ ചെറുവാഞ്ചേരി വരെയുള്ള ബസുകൾ കോളനിവരെ ഓടിക്കുകയോ ചെയ്യുക.

11 അടഞ്ഞുകിടക്കുന്ന പഠന - ഉത്പ്രോത്സാഹന കേന്ദ്രം തുറന്നു പ്രവർത്തിക്കുക.

12 കണ്ണവം പട്ടികവർഗ്ഗ സഹകരണ സംഘത്തിന്റെ പ്രശ്നങ്ങൾ പരിഹരിക്കുക – കുറഞ്ഞ നിരക്കിൽ കടലാസ് ലഭിക്കാത്തതിനാൽ ബുക്ക് ബൈൻറിങ്ങ് യൂണിറ്റിന്റെ പ്രവർത്തനം നിലച്ചു. – പ്രവർത്തന മൂലധനമില്ലായ്മ കാരണം സീസൺ കാലത്ത് വിഭവസംഭരണം കുറയുന്നു.

13 ക്രാഫ്റ്റ് സെൻററിൽ ഗുണമേൻമയുള്ള ചൂരൽ ലഭ്യമാക്കണം – ഉല്പന്നങ്ങൾക്ക് വിപണി കണ്ടെത്തണം.

14 കോളനികളിലെ ക്ഷയരോഗ - ചർമ്മരോഗ ഭീഷണികൾക്ക് പരിഹാരം കാണണം.

15 നിലവിലുള്ള ആയുർവേദ ഡിസ്പെൻസറിയിൽ സ്ഥിരം ജീവനക്കാരെ നിയമിക്കണം. ഫാർമസിസ്റ്റ് സ്ഥിരമായി അവധിയായതിനാൽ മരുന്ന് ലഭിക്കാനും ബുദ്ധിമുട്ട് അനുഭവപ്പെടുന്നു.

16 ഡിസ്പെൻസറിയെ ആയുർവേദ ആശുപത്രിയായി ഉയർത്തുക.

17 5 വർഷമായി അടഞ്ഞു കിടക്കുന്ന മീഡ് വൈഫറി സെൻറർ തുറന്നു പ്രവർത്തിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുക.

18 റോഡ് നിർമ്മാണം നടക്കാത്തതു കാരണം ഉദ്ഘാടനം നടക്കാത്ത കമ്മ്യൂണിറ്റി ഹാൾ എത്രയും പെട്ടെന്ന് ഉദ്ഘാടനം ചെയ്യാനാവശ്യമായ പ്രവർത്തനങ്ങൾ നടത്തുക.

19 തടയണകൾ കെട്ടി തോടുകളിലെ ജലം സംരക്ഷിക്കുക.

20 വിദ്യാർത്ഥികളെ പഠന കാര്യങ്ങളിൽ സഹായിക്കുന്നതിനായി ഒരു സൗജന്യ ട്യൂഷൻ സെൻറർ കോളനി പരിസരത്ത് സ്ഥാപിക്കുക.

21 കിൻഫ്രാർട്ടനിൽ ഫസ്റ്റ് എയിഡ് ബോക്സ് നല്കുക.

22 പഞ്ചായത്തിന്റെ നേതൃത്വത്തിൽ അർഹമായ ആവശ്യങ്ങൾ കണ്ടറിഞ്ഞ് വായ്പകൾ അനുവദിക്കുകയും അവ ശരിയായ ആവശ്യങ്ങൾക്കുവേണ്ടി വിനിയോഗിക്കുന്നു എന്ന് ഉറപ്പു വരുത്തുകയും ചെയ്യുക.

23 വ്യാജവാറ്, മദ്യപാനം, പുകവലി തുടങ്ങിയ വയ്ക്കെതിരെ ബോധവല്ക്കരണം നടത്തുക.

24 പട്ടയം ലഭിക്കാത്ത കർഷകർക്ക് പട്ടയം നല്കുക,

25 പുറകെട്ടി മേയാനും വീട് റിപ്പയറിങ്ങിനും വൈദ്യുതീകരണത്തിനും അനുവദിച്ച തുക വർദ്ധിപ്പിക്കുക.

26 കുടിവെള്ള ക്ഷാമം രൂക്ഷമായ 5 കോളനികളിലും കുടിവെള്ളമെത്തിക്കാനുള്ള സംവിധാനം ഉണ്ടാക്കുക.

27 മുണ്ടയോട് കോളനിയിൽ ഒരു അംഗൻവാടി സ്ഥാപിക്കുക.

പരിഹാരങ്ങൾ . സാദ്ധ്യതകൾ : നിർദ്ദേശങ്ങൾ:

1 സഹകരണമേഖലയിൽ തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുക. വനവിഭവങ്ങൾ ഉപയോഗപ്പെടുത്തിക്കൊണ്ട് (ഉദാ: മുള, ചൂരൽ) ഉല്പന്നങ്ങൾ നിർമ്മിക്കാനാവശ്യമായ പ്രോത്സാഹനം നല്കുക.

2 ഔഷധസസ്യകൃഷി പ്രോത്സാഹിപ്പിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുക.

3 തൊഴിൽ പരിശീലന കേന്ദ്രത്തിൽ നിർമ്മിക്കുന്ന ഉല്പന്നങ്ങൾ പ്രദർശിപ്പിക്കാനും വിറ്റഴിക്കാനും അനുയോജ്യമായ ഒരു കേന്ദ്രം പഞ്ചായത്തിൽ കണ്ടെത്തുക. ഗുണമേൻമയുള്ള അസംസ്കൃത സാധനങ്ങൾ ഉപയോഗിക്കുകയും, പ്രാദേശിക തലത്തിൽ തന്നെ ഉല്പന്നങ്ങൾ വിറ്റഴിക്കാൻ സംഘടിതപ്രയത്നം നടത്തുകയും വേണം.

4 വായ്പകളും മറ്റ് സാമ്പത്തിക സഹായങ്ങളും നല്കുമ്പോൾ അവ അർഹമായ കൈകളിൽ എത്തുന്നുവെന്നും ശരിയായ വിധത്തിൽ വിനിയോഗിക്കുന്നുവെന്നും പഞ്ചായത്തിന്റെ നേതൃത്വത്തിൽ വിലയിരുത്തുക.

5 സംരക്ഷിത വനത്തിനകത്തു സ്ഥിതി ചെയ്യുന്ന കോളനികളിൽ സോളാർ ജനറേറർ പോലുള്ള പദ്ധതികൾ നടപ്പിലാക്കുക.

6 പട്ടികജാതി-പട്ടികവർഗ്ഗ ഫെഡറേഷൻ വഴി വിതരണം ചെയ്തിരുന്ന കടലാസ് തുടർന്നും വിതരണം ചെയ്ത് ബുക്ക് ബൈൻറിംഗ് യൂണിറ്റ് പ്രവർത്തന സജ്ജമാക്കുക. പുസ്തകങ്ങൾ പഞ്ചായത്തിലെ സ്കൂൾ സൊസൈറ്റികൾ വഴി വിതരണം ചെയ്യാനുള്ള സംവിധാനമുണ്ടാക്കുക.

7 പഠന ഉദ്ബോധന കേന്ദ്രത്തെ പ്രവർത്തനക്ഷമമാക്കുകയും അവിടെ കുട്ടികൾക്ക് സൗജന്യ ട്യൂഷൻ നൽകാനുള്ള സംവിധാനങ്ങൾ ആരംഭിക്കുകയും വേണം.

വനിതാ ക്ഷേമം

ജനാധിപത്യ സമൂഹത്തിന്റെ സാമൂഹ്യവും സാംസ്കാരികവുമായ മുന്നേറ്റത്തിനു പുരുഷനോടൊപ്പം തുല്യപങ്കാളികളാകേണ്ടവരാണ് സ്ത്രീകൾ എന്ന യാഥാർത്ഥ്യം ബോധ്യപ്പെടുന്നതുകൊണ്ടുതന്നെ, സമൂഹത്തിൽ സ്ത്രീകളുടെ പങ്കും പ്രാധാന്യവും വ്യക്തമാകുന്നു. ഒരു രാഷ്ട്രത്തിന്റെ സമഗ്രമായ പുരോഗതിക്കു സ്ത്രീ-പുരുഷ സമത്വം അത്യന്താപേക്ഷിതമാണ്. അതുകൊണ്ട് തന്നെ സർവ്വമേഖലകളിലും സ്ത്രീകളുടെ അവസരസമത്വം ഉറപ്പു വരുത്തേണ്ടത് സമൂഹത്തിന്റെ കടമയും ബാധ്യതയുമായിത്തീരുന്നു, വൈജ്ഞാനിക രംഗത്തും സാമൂഹ്യ-സാമ്പത്തിക-സാംസ്കാരിക രംഗത്തും വനിതകൾ നേരിടുന്ന അവഗണന അവസാനിപ്പിച്ചേ മതിയാകൂ. ഇന്നോളമുള്ള മാനവചരിത്രം പരിശോധിച്ചു നോക്കിയാൽ സ്ത്രീ-പുരുഷ സമത്വം നേടിയെടുക്കുന്നതിനുള്ള മുന്നേറ്റങ്ങൾ ഒട്ടേറെ നടത്തപ്പെട്ടതായി കാണാമെങ്കിലും ഇന്നും അതു പൂർണ്ണമായി സാധിതമായിട്ടില്ലെന്നതാണ് വസ്തുത. ഇനിയങ്ങോട്ടുള്ള നമ്മുടെ പ്രവർത്തനവും മുന്നേറ്റവും ഈ ലക്ഷ്യം നേടിയെടുക്കുവാൻ പര്യാപ്തമായിത്തീരട്ടെ. സ്ത്രീയും പുരുഷനും പരസ്പര പൂരകങ്ങളായി തീരട്ടെ. പഞ്ചായത്തടിസ്ഥാനത്തിൽ വസ്തുതകൾ നമുക്കൊന്നു വിശകലനം ചെയ്യാം.

പാടൂർ പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം ദശവർഷങ്ങളായി ജനസംഖ്യാനുപാതത്തിൽ സ്ത്രീ-പുരുഷ നിരക്ക് ചെറിയ ഏറ്റക്കുറച്ചിലുകളോടെ തുല്യമായി നിലനിൽക്കുന്നു. പുരുഷ മേധാവിത്വം ശക്തമായി നിലനിൽക്കുമ്പോഴും തന്നെ സ്ത്രീകളും സമൂഹത്തിൽ നിലനിന്നിരുന്ന അനാചാര-അനാചാര-അന്ധവിശ്വാസ-അസമത്വങ്ങൾക്കെതിരെ മുന്നിട്ടിറങ്ങുകയും പോരാടുകയും ചെയ്തു പോന്നിട്ടുണ്ട്. മഹിളാ സമാജങ്ങളും മഹിളാ പ്രസ്ഥാനങ്ങളും നാൽപ്പതുകളിൽ തന്നെ രൂപം കൊണ്ടുവന്നിട്ടുണ്ട്. എന്നാൽ കാലോചിതമായി സാമൂഹ്യ പ്രവർത്തനങ്ങളിലും പൊതുപ്രവർത്തനങ്ങളിലും സ്ത്രീകളുടെ താൽപര്യവും പങ്കാളിത്തവും ഉയർന്നുവന്നിട്ടില്ലെന്നുള്ള വസ്തുത കാണാതിരുന്നു കൂടാ. ഈ വിഷയത്തിൽ നാം ഏറെ മുന്നോട്ടുപോകേണ്ടിയിരിക്കുന്നു. എന്നിരുന്നാലും ജനാധിപത്യ മഹിളാ അസോസിയേഷൻ കേന്ദ്രക്കമ്മിറ്റി അംഗം പി. കല്ല്യാണി ടീച്ചർ ഈ രംഗത്തു ഏറെക്കാലമായി പ്രവർത്തിച്ചു വരികയാണ്. പാടൂർ പഞ്ചായത്തിൽ ഐ. എ. എസ്, നേടിയ ഒരേ ഒരു വ്യക്തി....സപ്ന വി. പി. എന്ന വനിതയാണെന്നത് ഇവിടെ പ്രസ്താവ്യമാണ്. പാടൂർ കുമാരൻ മാസ്റ്റർക്ക് സെലക്ഷൻ കിട്ടിയിരുന്നെങ്കിലും അദ്ദേഹത്തിന് I. A. S. പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടില്ല. ജനാധിപത്യ മഹിളാ അസോസിയേഷൻ ആണ് വനിതാ രംഗത്ത് പഞ്ചായത്തിൽ ഇന്നു പ്രവർത്തിക്കുന്ന സംഘടന. പുരുഷൻമാരുടെ ഇടയിലെ സങ്കുചിത മനോഭാവവും സ്ത്രീകളുടെ ഇടയിലെ പൊതുപ്രവർത്തന വൈമുഖ്യവും സമൂഹത്തിന്റെ തെറ്റായ ധാരണകളും മിഥ്യാ സങ്കൽപ്പങ്ങളും മാറ്റിയെടുക്കാൻ കഴിയാത്ത കാലത്തോളം സ്ത്രീകളെ പൂർണ്ണമായും പൊതു രംഗത്ത് ഇറക്കിക്കൊണ്ടുവരാൻ സാധ്യമല്ല. അതുകൊണ്ടുതന്നെ പുരുഷൻമാരേയും മൊത്തം സമൂഹത്തേയും ബോധവൽക്കരിക്കേണ്ടത് ഇന്നത്തെ ആവശ്യമായിമാറിയിരിക്കുന്നു.

1991-ലെ സെൻസസ് അനുസരിച്ചു പഞ്ചായത്തിലെ ജനസംഖ്യ 27589 ആണ്. പുരുഷൻമാർ ; 13221 ; സ്ത്രീകൾ 14368

സ്ത്രീ - പുരുഷ അനുപാതം

(1000 പുരുഷൻമാർക്ക്)

ഇന്ത്യ	:	1000 —	929
കേരളം	:	1000 —	1036
കണ്ണൂർ	:	1000 —	1101
പാടൂർ	:	1000 —	1087

പഞ്ചായത്തിന്റെ മൊത്തം ജനസംഖ്യയിൽ 52.08% സ്ത്രീകളാണെങ്കിലും തൊഴിൽ മേഖലയിൽ 7.2% സ്ത്രീകൾ മാത്രമാണ് പ്രവർത്തിക്കുന്നത്, വനിതകളെ മാത്രം പരിഗണിക്കുമ്പോൾ 14368 സ്ത്രീകളിൽ 1986 പേർ (13.82%) മാത്രമാണ് സ്ഥിര - താൽക്കാലിക ജോലികളിലേർപ്പെട്ടിരിക്കുന്നവർ.

	പു	സ്ത്രീ	ആകെ
സ്ഥിര ജോലിക്കാർ	5055	1733	6788
താൽക്കാലിക ജോലിക്കാർ	348	253	601
ആകെ	5403	1986	7889

സ്ഥിരജോലിക്കാരെ സംബന്ധിക്കുന്ന വിവരങ്ങൾ

		പു	സ്ത്രീ	ആകെ
കർഷകർ	:	324	47	371
കർഷകത്തൊഴിലാളികൾ	:	1040	674	1714
മൃഗപരിപാലനവും പ്ലാന്റേഷനും	:	261	12	273
കരിങ്കൽതൊഴിലാളികൾ	:	230	138	368
കുടിൽ വ്യവസായം	:	23	9	32
മറ്റു ചെറുകിട വ്യവസായം	:	689	259	946
നിർമ്മാണ തൊഴിലാളികൾ	:	325	57	382
വാണിജ്യ മേഖല	:	1006	128	1134
ട്രാൻസ്പോർട്ട്, കമ്മ്യൂണിക്കേഷൻ	:	503	34	537
മറ്റുള്ളവ	:	656	375	1037
ആകെ	:	5055	1733	6788

1991-ലെ സെൻസസ് പ്രകാരം മേൽപ്രസ്താവിച്ച കണക്കുകൾ ശരിയാണെങ്കിലും കാർഷിക മേഖലയിലെ സ്ത്രീകളുടെ പങ്കാളിത്തം കുറഞ്ഞു വരികയാണ്. അഭ്യസ്തവിദ്യരായ സ്ത്രീകൾ ഈ രംഗത്തു വരാതിരിക്കുന്നതും നിലവിലുള്ള വനിതാ തൊഴിലാളികൾ മറ്റു മേഖലകളിലേക്കു ചേക്കേറുന്നതുമാണ് ഇതിനുകാരണം. കരിങ്കൽ - കെട്ടിട നിർമ്മാണ മേഖലകളിൽജോലി ചെയ്യാനാണ്സ്ത്രീകൾകൂടുതൽ തയ്യാറാവുന്നത്. സഹകരണ മേഖലയിൽ ഡെഡിമെയ്ഡ് വസ്ത്ര യൂണിറ്റുകൾ, ചെരുപ്പ് നിർമ്മാണം, കോഴി, ആട്, പശു വളർത്തൽ, ഓർക്കിഡ്, കൂൺകൃഷി, പേക്കടക്ക നിർമ്മാണം തുടങ്ങിയവ ആരംഭിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ഉയർന്നു വന്നിട്ടുണ്ട്. വനിതാ പോലീസിലേക്ക് കൂടുതൽ പേരെ റിക്രൂട്ട് ചെയ്യുകയും പോലീസ് സ്റ്റേഷനുകളിൽ വനിതാ പോലീസിനെ നിർബന്ധമായും നിയമിക്കപ്പെടേണ്ടതും സ്ത്രീകളുടെ സുരക്ഷയ്ക്കും ക്ഷേമത്തിനും ആവശ്യമാണ്. സാമൂഹ്യമായും സാംസ്ക്കാരികമായും ഏറെ പുരോഗമിച്ചു എന്നവകാശപ്പെടുമ്പോഴും തന്നെ ഭൂരിപക്ഷം സ്ത്രീകളെയും അടുക്കളയിലും ഗൃഹജോലികളിലും ഇന്നും തളച്ചിട്ടിരിക്കുകയാണ്. സ്ത്രീകൾക്ക് പുറംലോകവുമായി ബന്ധപ്പെടാനുള്ള അവസരം ഉണ്ടാക്കികൊടുക്കേണ്ടതുണ്ട്.

മുസ്ലീം സ്ത്രീകളുടെ ഇടയിൽ സ്ത്രീധന സമ്പ്രദായവും അതോടുബന്ധപ്പെട്ട സ്ത്രീപീഡനവും ബാല്യവിവാഹവും ഇന്നും നിലനിൽക്കുന്നുണ്ട്. എല്ലാ സമുദായങ്ങളിലും അനുദിനം വർദ്ധിച്ചുവരുന്ന വിവാഹ ധൂർത്ത് പല കുടുംബങ്ങളെയും കടക്കെണിയിൽ കുടുക്കിയിരിക്കുന്നു.

ജനസംഖ്യയിൽ 95.9% പുരുഷന്മാരും 89.24% സ്ത്രീകളും സാക്ഷരരാണ്. വിദ്യാർ

ത്ഥികളുടെ കണക്ക് ഇപ്രകാരമാണ്. ആകെ 1 മുതൽ 10 വരെ ക്ലാസുകളിൽ വിദ്യാർത്ഥികൾ 5066 ഉം ഇതിൽ ആൺകുട്ടികൾ 2502 ഉം പെൺകുട്ടികൾ 2564 ഉം ആണ്, പൊതുവെ പഞ്ചായത്തിലെ സ്ത്രീകൾ പുരുഷൻമാരോടൊപ്പം എത്തുന്നുണ്ടെങ്കിലും 9, 10, 11 വാർഡുകളിൽ സ്ഥിതി മറിച്ചാണ്. വിദ്യാഭ്യാസപരവും സാമ്പത്തികവുമായ പിന്നോക്കാവസ്ഥ, ഭൂമിശാസ്ത്രപരമായ പ്രതികൂലാവസ്ഥ പിന്നോക്കവിഭാഗങ്ങളിലേയും മുസ്ലീംവിഭാഗങ്ങളിലേയും പ്രതികൂല മനോഭാവം എന്നിവയാണ് ഇതിനു കാരണമായ ഘടകങ്ങൾ. ബിരുദവും ബിരുദാനന്തര ബിരുദവും മറ്റു സാങ്കേതിക പരിജ്ഞാനവും പ്രൊഫഷണൽ യോഗ്യതകളും നേടിയ നിരവധി വനിതകൾ പഞ്ചായത്തിലുണ്ടെങ്കിലും ഇവരുടെ ഇടയിൽ ഭൂരിപക്ഷം പേരും തൊഴിൽരഹിതരും തൊഴിലന്വേഷകരുമായി അവശേഷിക്കുന്നു.

പഞ്ചായത്തിൽ വായനശാലകൾ വേണ്ടത്രയുണ്ടെങ്കിലും മഹിളാ വായനശാലകൾ ഇല്ലതന്നെ. നിലവിലുള്ള വായനശാലകളിൽ സ്ത്രീകൾക്ക് പ്രത്യേക വിഭാഗം ഉണ്ടാക്കുകയും, മഹിളാ വായനശാലകൾ സ്ഥാപിക്കുകയും, സഞ്ചരിക്കുന്ന ഗ്രന്ഥശാലകൾ ആരംഭിക്കുകയും ചെയ്യേണ്ടത് വനിതകളുടെ വായനാശീലം വളർത്തുന്നതിന് ആവശ്യമാണ്.

പഞ്ചായത്തിൽ ആകെ 16 അംഗൻവാടികളുണ്ട്. എന്നാൽ 3-ാം വാർഡിൽ ഒറ്റ അംഗൻവാടിപോലും ഇല്ല. ഇവിടെ ഒരു അംഗൻവാടിയെങ്കിലും സ്ഥാപിക്കേണ്ടതാണ്.

കണ്ണൂർ ജില്ലയിലെ മികച്ച മഹിളാ സമാജങ്ങളിലൊന്ന് പഞ്ചായത്തിലെ 5-ാം വാർഡിൽ പ്രവർത്തിക്കുന്നു. അതുപോലെ വ്യത്യസ്ത രീതിയിൽ പ്രവർത്തിക്കുന്ന രണ്ടു സമാജങ്ങൾ 2, 10 വാർഡുകളിൽ ഉണ്ട്. തുന്നൽ പരിശീലന കേന്ദ്രം, വനിതാ സഹകരണ പ്രസ്, പഴ സംസ്കരണ കേന്ദ്രം കുഷ്യൻറോൾപ്പന്ന യൂനിറ്റ് എന്നിവ ഇവയുടെനേതൃത്വത്തിൽ പ്രവർത്തിക്കുന്നു. പാട്ടും പുതിയതെരുവിലും പൂക്കോട്ടും ഓരോ വനിതാ സഹകരണസംഘങ്ങൾ പ്രവർത്തിക്കുന്നു. ഇവയുടെയെല്ലാം പ്രവർത്തനം വനിതകൾക്ക് ജോലി ലഭിക്കാൻ പര്യാപ്തമായിട്ടുണ്ട്, എന്നു മാത്രമല്ല സ്ത്രീകളുടെ ഇടയിൽ സമ്പാദ്യശീലം വളർത്താൻ പര്യാപ്തമാകുന്നുമുണ്ട്. മറ്റു വാർഡുകളിൽ മഹിളാ സമാജങ്ങൾ രൂപീകരിച്ചു പ്രവർത്തനം നടത്തിയാൽ കുറച്ചു വനിതകൾക്ക് തൊഴിൽ പരിശീലനം നൽകുവാൻ കഴിയും.

വിവിധതരം പെൻഷൻ ആനുകൂല്യങ്ങൾക്ക് അർഹരായ ധാരാളം വനിതകൾ പഞ്ചായത്തിലുണ്ട്. പദ്ധതികളെക്കുറിച്ചുള്ള ശരിയായ അറിവില്ലായ്മമൂലം അർഹരായ മിക്ക വനിതകളും ഇവയ്ക്ക് അപേക്ഷിക്കുകപോലും ചെയ്യുന്നില്ല. എന്നാൽ കർഷക തൊഴിലാളി പെൻഷൻ വാങ്ങുന്ന ധാരാളം സ്ത്രീകൾ നമ്മുടെ പഞ്ചായത്തിലുണ്ട്.

പഞ്ചായത്തിലെ സ്ത്രീകളിൽ ആരോഗ്യരംഗത്തുനിന്നുള്ള സഹായം ലഭിക്കുന്നവർ വളരെ ദുർലഭമാണ്. 10-ാം വാർഡിൽ മാത്രമാണ് ഒരു ഹെൽത്ത് സെൻറർ ഉള്ളത്. സ്ത്രീകളാണെങ്കിൽ പോഷകാഹാരക്കുറവ്, അനാരോഗ്യം എന്നിവകൊണ്ടു കഷ്ടപ്പെടുകയും ചെയ്യുന്നു.

ചാരായ നിരോധനം പൂർണ്ണമായും നടപ്പിലാക്കാത്തതുകൊണ്ട് കുടുംബങ്ങളും പൊതുവിലും സ്ത്രീകൾ പ്രത്യേകിച്ചും അനുഭവിക്കുന്ന ദുരിതങ്ങൾ കുറവല്ല. മദ്യവിൽപ്പനക്കും മദ്യപാനത്തിനും എതിരെയും പൂർണ മദ്യനിരോധനത്തിനുവേണ്ടിയും പോരാടാൻ സന്നദ്ധരായി നിൽക്കുന്നവരാണ് പഞ്ചായത്തിലെ സ്ത്രീകൾ പൊതുവെ. മുതിയങ്ങ പ്രദേശത്തെ സ്ത്രീകൾ ഈ അടുത്ത കാലത്തായി വ്യാജമദ്യ വാറ്റിനും വിൽപ്പനക്കും എതിരെ രംഗത്തിറങ്ങിയതു ഈ അവസരത്തിൽ ഓർക്കേണ്ടതാണ്.

വനിതാക്ഷേമം ഉറപ്പു വരുത്താത്ത കാലത്തോളം താളാത്മകമായ സമൂഹം കെട്ടിപ്പടുക്കാൻ കഴിയില്ല. നൂറ്റാണ്ടുകളായി പുരുഷൻറെ മേൽക്കോയ്മയിൽ ഒതുങ്ങി ജീവിച്ച സ്ത്രീ സമൂഹത്തെ പെട്ടെന്നൊരു സുപ്രഭാതത്തിൽ സമൂഹത്തിൻറെ മുൻപന്തിയിൽ എത്തിക്കാൻ കഴിയില്ല. ക്രമാനുഗതമായ പ്രവർത്തനങ്ങളും പദ്ധതികളും ദീർഘ ദൃഷ്ടിയോടെ ആവിഷ്ക്കരിച്ചു നിർബന്ധബുദ്ധ്യാ നടപ്പിലാക്കുകയാണെങ്കിൽ ക്രമാനുഗതമായി ലക്ഷ്യം നേടുവാൻ കഴിയും എന്നതിൽ സംശയമില്ല.

പ്രശ്നങ്ങൾ :

1 സ്ത്രീകൾക്കിടയിലെ രൂക്ഷമായ തൊഴിലില്ലായ്മ.

2 സ്ത്രീകൾക്ക് പുരുഷൻമാരോടൊപ്പം തുല്യ പദവിയും മാന്യതയും ലഭിക്കുന്നില്ല.

3 ചില സമുദായങ്ങളിൽ ഇപ്പോഴും നിലനിൽക്കുന്ന സ്ത്രീധന സമ്പ്രദായവും ബാല്യ വിവാഹവും.

4 വിവിധ സമുദായങ്ങളിൽ കാണപ്പെടുന്ന സ്ത്രീ പീഡനം.

5 വർദ്ധിച്ച തോതിലുള്ള വാജ്യവാറും വിദേശ മദ്യക്കടത്തും മദ്യപാനവും.

6 കോളനി മേഖലയിലെ സ്ത്രീകൾക്കിടയിലുള്ള വ്യാപകമായ മദ്യപാനം.

7 മുസ്ലീം-ആദിവാസി സ്ത്രീകൾക്കിടയിലുള്ള വിദ്യാഭ്യാസപരമായ പിന്നോക്കാവസ്ഥ.

8 വിവിധ തരം ആനുകൂല്യങ്ങളും പെൻഷനുകളും ലഭിക്കായ്മ.

9 വിവാഹ ധൂർത്ത്.

10 വായനശാലകളും ഗ്രന്ഥാലയങ്ങളും പ്രയോജനപ്പെടുത്തായ്മ.

11 അനാരോഗ്യാവസ്ഥ.

സാദ്ധ്യതകൾ :

1 കാർഷിക മേഖല അഭിവൃദ്ധിപ്പെടുത്തുകയും ആദായകരമാക്കി മാറ്റുകയുംചെയ്യുക.

2 സഹകരണാടിസ്ഥാനത്തിൽ റെഡിമെയ്ഡ് വസ്ത്ര നിർമ്മാണം, ചെരുപ്പ് നിർമ്മാണം ഓർക്കിഡ്, കൂൺകൃഷി, പെക്കടക്ക നിർമ്മാണം തുടങ്ങിയ ചെറുകിട വ്യവസായങ്ങൾ നടപ്പിലാക്കുക.

3 സഹകരണ സംഘങ്ങളുടെ സഹായത്തോടെ കോഴി, ആട്, പശു വളർത്തൽ സംഘടിപ്പിക്കുക.

4 എല്ലാ മേഖലകളിലും വനിതാ സംവരണം ഉറപ്പുവരുത്തുക.

5 സ്ത്രീകൾക്കിടയിൽ അവകാശബോധം വളർത്തുക. മഹിളാ സമാജങ്ങൾ രൂപവൽക്കരിക്കുക.

6 സ്ത്രീധന സമ്പ്രദായം, ബാല്യവിവാഹം എന്നിവയ്ക്കെതിരെ ബോധവൽക്കരണവും നിയമ നടപടികളും സ്വീകരിക്കുക.

7 അംഗൻവാടികൾ സ്ഥാപിക്കുക, നിലവിലുള്ള അംഗൻവാടികളിൽ കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തുക.

8 കുടുംബത്തിന്റെ സാമ്പത്തിക ഭദ്രത ഉറപ്പുവരുത്താൻ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക.

9 സാർവ്വത്രിക മദ്യ നിരോധനം നടപ്പിലാക്കുക

10 ആനുകൂല്യങ്ങൾ (പെൻഷൻ പദ്ധതികളും മറ്റും) ലഭിക്കുന്നതിനുള്ള നടപടികൾ ലളിത വൽക്കരിക്കുക.

11 വിവിധതരം ആനുകൂല്യങ്ങളെക്കുറിച്ച് ബോധവൽക്കരണം നടത്തുക.

12 വിവാഹ ധൂർത്ത് നിയന്ത്രിക്കാനാവശ്യമായ നിയമനിർമ്മാണം കൊണ്ടുവരണം.

13 സഞ്ചരിക്കുന്ന ഗ്രന്ഥശാലകൾ പ്രവർത്തിക്കുക.

14 ആരോഗ്യ കേന്ദ്രങ്ങൾ സ്ഥാപിക്കുക.

വിഭവസമാഹരണം

പരിമിതമായ വിഭവശേഷിയുള്ള ഒരു രണ്ടാം ഗ്രേഡ് ആണ് പാടൂം ഗ്രാമപഞ്ചായത്ത്. പഞ്ചായത്തിന്റെ തനതു നികുതി വരുമാനമായ കെട്ടിടനികുതി, വിനോദനികുതി, തൊഴിൽനികുതി എന്നിവ ഭരണചെലവിനു മാത്രമെ മതിയാകുകയുള്ളു. തനതുവരുമാനം ഭരണചെലവിനേക്കാൾ കുറയുന്ന അവസ്ഥയും വിരളമല്ല. പഞ്ചായത്ത് സമാഹരിക്കുന്നനികുതി വരുമാനത്തിനുപുറമെ സംസ്ഥാനസർക്കാരിൽനിന്നും കാലാകാലങ്ങളിൽലഭിച്ചുകൊണ്ടിരിക്കുന്ന വിവിധഗ്രാന്റുകളും മറ്റും ഉപയോഗിച്ചാണ് ഇതുവരെ വികസനപ്രവർത്തനങ്ങൾ നടത്തിയത്. 95 96ലെ ഭരണചെലവുവരുമാനത്തിന്റെ 35 ശതമാനമാണ്.

പഞ്ചായത്തിലെ 11 വാർഡുകളിലെയും വിശേഷാൽ ഗ്രാമസഭകളിൽ നിന്നുയർന്നുവന്നവികസനം ലക്ഷ്യമാക്കിയുള്ള നിർദ്ദേശങ്ങൾ ജനങ്ങളുടെ ആശയാഭിലാഷങ്ങൾ പ്രതിഫലിപ്പിക്കുന്നു. അവ നടപ്പിലാക്കാൻ നിലവിലുള്ള വരുമാനമാർഗ്ഗങ്ങൾ അപര്യാപ്തമാണെന്നു പട്ടികകൾ 1, 2 പരിശോധിച്ചാൽ മനസിലാകും.

ഇനം	1992—93	1993—94	1994—95	1995—96
കെട്ടിടനികുതി	95589_01	152995_11	155440_42	173968_75
സർച്ചീസ് ചാർജ്	ഇല്ല	ഇല്ല	ഇല്ല	ഇല്ല
തൊഴിൽ നികുതി	66549_00	91245_00	109543_00	135040_00
വാഹന നികുതി	ഇല്ല	ഇല്ല	ഇല്ല	ഇല്ല
വിനോദ നികുതി	48025_88	36280_84	68831_22	87797_75
അധിക വിനോദ നികുതി	29215_87	22024_91	41691_73	53150-70
പ്രദർശന നികുതി	1036_00	1779_00	1872_00	1864_00
പ്രദർശന നികിതിയിൻമേലുള്ള സർചാർജ്	266_50	444_79	468_00	466_00
ചന്ത വരവ്	ഇല്ല	ഇല്ല	ഇല്ല	ഇല്ല
ലാൻറ് സെസ്സ്	ഇല്ല	ഇല്ല	ഇല്ല	ഇല്ല
ലൈസൻസ് ഫീസ്	5766_00	6976_00	7588 50	8482_25
കെട്ടിടനികുതി സർചാർജ്	ഇല്ല	ഇല്ല	ഇല്ല	ഇല്ല
വസ്തുകൈമാറ്റ നികുതി	108120_00	182326_00	154714_00	169577_00
സർക്കാർ ഗ്രാൻറുകൾ	61960_49	179999_04	53399_53	558309_00
സംഭാവന	ഇല്ല	ഇല്ല	ഇല്ല	ഇല്ല
ഡെപ്പോസിറ്റ്	16960_25	4060_25	19042_95	19119_29
മറ്റുള്ളവ	—	—	—	175985_73
ആകെ	433519_00	678150_94	612591_35	1383760-47

ചിലവ് സംബന്ധിച്ച വിവരങ്ങൾ

ഇനം	വർഷം 92_93	വർഷം 93_94	വർഷം 94_95	വർഷം 95_96
ഭരണം	273636_70	300371_30	298193_85	444270_00
പൊതുമരാമത്ത്	284157_55	4819_00	452599_90	526158_00
വിദ്യാഭ്യാസം	11225_00	14348_35	17103_00	34015_00
ജലവിതരണം, ഓടകൾ, പൊതുജനാരോഗ്യം	68846_00	—	10000_00	70386_00
തെരുവ്വിളക്കുകൾ	37091_00	37319_00	38728_00	41950_00
മറ്റുള്ളവ	127085_06	137402_00	95826_55	181724_00
ആകെ	402041_31	594259_65	912451_30	1298503_00

അവലംബം : സെക്കൻറി ഡാറ്റാ

92_93 മുതൽ 95_96 വരെ 4 വർഷത്തെ വരവ് സംബന്ധിച്ച വിവരങ്ങൾ പട്ടിക 1 ൽകൊടുത്തിട്ടുണ്ട്.

കെട്ടിടനികുതി

92_93 വർഷത്തെ അപേക്ഷിച്ച് 95_96ൽ കെട്ടിടനികുതി 82% വർദ്ധിച്ചതായികാണാം. ഈ കാലയളവിലുണ്ടായ കെട്ടിടങ്ങളുടെ വർദ്ധനവും രൂപയുടെ മൂല്യശോഷണവും പരിഗണിക്കുമ്പോൾ പ്രസ്തുതവർദ്ധനവു തൃപ്തികരമല്ലെന്നു കാണാൻ കഴിയും.

വീടുകളും പീടികകളുമടക്കം 7287 കെട്ടിടങ്ങൾ പഞ്ചായത്തിലുണ്ട്. ഇതിൽ പഴയതും പുതിയതും ഓട് മേഞ്ഞതും കോൺക്രീറ്റ് കെട്ടിടങ്ങളുമുണ്ട്. ഒരു ചെറിയ ശതമാനം ഓലപ്പുരകളുമുണ്ട്. ഇത്രയും വൈവിധ്യമാർന്ന മേഖലക്ക് ശരാശരി കണ്ടുപിടിച്ച് ഒരു നിഗമനത്തിലെത്തുന്നത് ശരിയായിരിക്കയില്ലെങ്കിലും, ഈ പഞ്ചായത്തിലെ കെട്ടിടത്തിന്റെ ശരാശരി വാർഷിക നികുതി 24 ക. യോളമേ വരൂ. കെട്ടിട നികുതി ശാസ്ത്രീയമായി പരിഷ്ക്കരിക്കേണ്ട ആവശ്യകതയിലേക്കിത് വിരൽ ചൂണ്ടുന്നു.

വിനോദ നികുതി

വിനോദ നികുതി അധിക വിനോദ നികുതി വകയിൽ 95_96 വർഷത്തിൽ 140948.45ക. പിരിഞ്ഞ് കിട്ടിയിട്ടുണ്ട്. 1986 മുതൽ ഈ പഞ്ചായത്തിൽ പ്രവർത്തിച്ചുവന്ന ഏക സിനിമാ തിയേറ്റർ ഏപ്രിൽ 96 മുതൽ അടച്ച് പൂട്ടിയിരിക്കയാണ്. അതായത് 96-97 വർഷത്തിൽ ഈ വരുമാനം ഉണ്ടാവുകയില്ലെന്ന് കാണാൻ കഴിയും.

തൊഴിൽ നികുതി

സർക്കാർ, അർദ്ധസർക്കാർ സഹകരണ സ്ഥാപനങ്ങൾ എന്നിവയിലുള്ള ജീവനക്കാരിൽ നിന്നാണ് ഇപ്പോൾ തൊഴിൽ നികുതി പിരിക്കുന്നത്. 92_93 വർഷത്തെ അപേക്ഷിച്ച് 95-96ൽ 103% മായി നികുതി വർദ്ധിച്ചിട്ടുണ്ടെങ്കിലും ഈ മേഖലയിലുള്ള സാധ്യത പരിഗണിക്കുമ്പോൾ, വർധനവ് തൃപ്തികരമെന്ന് പറഞ്ഞുകൂടാ. കൂടുതൽ ജീവനക്കാരെ നികുതി വലയിൽ പെടുത്തി പഞ്ചായത്തിന്റെ വരുമാനം വർധിപ്പിക്കേണ്ടതാണ്.

ലേല വരുമാനങ്ങൾ

ചന്ത, സ്റ്റാൾ, മരങ്ങൾ, ഷോപ്പിംഗ് കോംപ്ലക്സ്, കടകൾ മുതലായ വകയിലുള്ള വരവ് ഇല്ല.

അൺടൈഡ് ഫണ്ട്, ജെ. ആർ. വൈ മുതലായവ

സർക്കാരിൽ നിന്നും വിവിധയിനം ഗ്രാന്റുകളായി 95_96ൽ 952537.00ക ലഭിച്ചിട്ടുണ്ട്, ഇതിൽ അൺ ടൈഡ് ഫണ്ട് 282000ക യാണ്. അതായത് ആകെ ഗ്രാന്റിന്റെ 30.5% ജെ. ആർ. വൈ. ഫണ്ട് 244786.00 ആണ്.

ഗ്രാന്റ് വിവരങ്ങൾ

റഫ: ഗ്രാന്റ് രജിസ്റ്ററും സ്പെഷ്യൽ ഗ്രാന്റ് രജിസ്റ്ററും

VRM രൂപ	MI രൂപ	VTC രൂപ	അടിസ്ഥാന നികുതി 25% രൂപ	അടിസ്ഥാന നികുതി 75% രൂപ	സ്പെ. ഗ്രാന്റ്	JRY രൂപ	അൺടൈഡ് ഫണ്ട്	ആകെ
16767	2500	206907	—	169577	Nil	244786.00	282000	922537.00

മറ്റു വകുപ്പുകളുൽ നിന്നു ലഭിച്ചതുക

പുതിയ പഞ്ചായത്തു് രാജു് നിയമപ്രകാരം 245592ക മറ്റുവകുപ്പുകളിൽ നിന്നും പഞ്ചായത്തിനുകിട്ടിയിട്ടുണ്ടു്. മൃഗസംരക്ഷണം, ആരോഗ്യം കൃഷി, ഹരിജനക്ഷേമം, ക്ഷീരവികസനം, ചെറുകിട ജലസേചനം, പെൻഷ്യൻ മുതലായവയാണു് പ്രസ്തുത വകുപ്പുകളും

എസ്റ്റാബ്ലിഷ്മെൻറു് ഗ്രാൻറുലഭിക്കുന്നുണ്ടു്. സംഖ്യകൂടിയിട്ടില്ല.

പഞ്ചായത്തു് രാജു് നിയമപ്രകാരം മറ്റു് വകുപ്പുകളിൽ നിന്നും അനുവദിച്ച തുക സംബന്ധിച്ച വിവരങ്ങൾ

വകുപ്പു്	തുക		
	പദ്ധതി വിഹിതം	പദ്ധതിയേതര വിഹിതം	ആകെ
മൃഗസംരക്ഷണം	11675.00	—	11675_00
ആരോഗ്യം	81278.00	—	81278_00
കൃഷി	51970.00	—	51970_00
പി. ഡബ്ല്യു. ഡി.	—	—	—
ഹരിജനക്ഷേമം	63144.00	—	63144_00
മറ്റുള്ളവ :			
ക്ഷീരവികസനം	19150.00	—	19150_00
ചെറുകിട ജലസേചനം	4700.00	—	4700_00
പെൻഷൻ	13675.00	—	13675_00
ആകെ	245592.00		245592_00

പൊതുമരാമത്തു് ചെലവു്

പൊതുമരാമത്തു പണിക്കുവേണ്ടി കഴിഞ്ഞ ധനകാര്യ വർഷത്തിൽ 2, 51143ക ചെലവഴിച്ചിട്ടുണ്ടു്. പഞ്ചായത്തിൻെറ വരുമാനം കൂടുതൽ ചെലവഴിച്ചിട്ടുള്ളതുപൊതുമരാമത്തു പണികൾക്കാണു് വിദ്യാഭ്യാസം, ശുദ്ധജലവിതരണം പൊതുജനാരോഗ്യം, തെരുവുവിളക്കുകളും മറ്റു വികസന പ്രവർത്തനങ്ങളും എന്നിവക്കുവേണ്ടി 328075കയും പഞ്ചായത്തു് ചെലവായിട്ടുണ്ടു്.

വി. ആർ. എം. ഗ്രാൻറു് ഉപയോഗിച്ചു ചെയ്യേണ്ടുന്ന മരാമത്തു പണികളും ടെൻഡർ വിളിച്ചും ജെ. ആർ. വൈഫണ്ടു് ഉപയോഗിച്ചുള്ള പണികൾ കോൺട്രാക്ടറുടെ മുഖേനയും അൺടൈഡ്ഫണ്ടുപണി പഞ്ചായത്തു നേരിട്ടും ചെയ്യുന്നു.

പ്രത്യക്ഷ ഉൽപാദന മേഖലയിൽ ഒരു പണിയും പഞ്ചായത്തു് ഏറെടുത്തു നടത്തിയിട്ടില്ല.

പഞ്ചായത്തിൻെറ വികസന പ്രവർത്തനങ്ങൾക്കുവേണ്ടിയുള്ള കടബാധ്യതയൊന്നുംഇല്ല.

പഞ്ചായത്തുരാജു് നിയമം പ്രാബല്യത്തിൽ വരുന്നതിനുമുമ്പു സംസ്ഥാനസർക്കാരിൻെറ ഒരു ഏജൻസിഎന്ന നിലയിൽ സംസ്ഥാനസർക്കാർനൽകുന്ന ഗ്രാൻറുകളും പഞ്ചായത്തുഫണ്ടും ഉപയോഗിച്ചാണു് പഞ്ചായത്തുകൾ പരിമിതമായവികസനപ്രവർത്തനങ്ങൾ ഏറെടുത്തുനടത്തിവന്നിട്ടുള്ളതു് പുതിയ നിയമപ്രകാരം ഓരോ പഞ്ചായത്തും താഴെതട്ടിലുള്ള ഭരണകൂടയൂനിറ്റു് എന്നനിലയിൽ സർക്കാർ ഗ്രാൻറിനു പുറമെ സ്വന്തമായി വിഭവസമാഹരണം നടത്തുകയും വികേന്ദ്രീകൃത ആസൂത്രണത്തിൻെറ പശ്ചാത്തലത്തിൽ വികസന പ്രവർത്തനങ്ങൾ ഏറെടുത്തുനടത്തേണ്ടതും ഉണ്ടു്.

പഞ്ചായത്തിലെ ധനകാര്യസ്ഥാപനങ്ങൾ

പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ധനകാര്യസ്ഥാപനങ്ങൾ ഇവയാണു്.

1 നോർത്തുമലബാർ ഗ്രാമീണബേങ്കു്–പൂക്കോടു്

2 നോർത്തുമലബാർഗ്രാമീണബേങ്കു്
(ചെറുവാഞ്ചേരി)

3 പാടൂം സർവ്വീസു് കോ–ഓപ്പറേറ്റീവു് ബേങ്കു്
(കൊട്ടയോടി)

4 കൂത്തുപറമ്പ് കോ-ഓപ്പറേറ്റീവ് അർബൻ ബേങ്ക്ശാഖ (ചെറുവാഞ്ചേരി)

5 വനിതാസഹകരണസംഘം (പൂക്കോട്)

6 വനിതാസഹകരണ സംഘം (പാട്യം പുതിയതെരു)

ചെറുകിട കർഷകരുടെയും ദുർബല വിഭാഗത്തിൽപ്പെട്ടവരുടെയും വായ്പാ ആവശ്യങ്ങൾ നിറവേറ്റുന്നതിൽ നേർത്തമലബാർ ഗ്രാമീണ ബാങ്കുകൾ പ്രധാനപങ്കുവഹിക്കുന്നു. സ്വയം തൊഴിൽ പദ്ധതിപ്രകാരമുള്ള വായ്പ, തൊഴിലില്ലാത്തയുവാക്കൾക്കു നൽകുന്നതും അവരുടെ പ്രവർത്തനത്തിന്റെഭാഗമാണ്. പൂക്കോട്ടെ ബേങ്കിന്റെ വായ്പാ നിക്ഷേപ അനുപാതം 1:1ആണ്. ചെറുവാഞ്ചേരിയുടേതു 1:1.5ഉം.

പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ധനകാര്യ സ്ഥാപനങ്ങളിൽ മുൻപന്തിയിൽ നിൽകുന്നതു പാട്യം സർവ്വീസ് കോ-ഓപ്പറേറ്റീവ് ബേങ്ക്ആണ്. ഈസ്ഥാപനത്തിന്റെ പിരിഞ്ഞുകിട്ടിയ ഓഹരിമൂലധനം 653390- ആണ് അംഗീകൃത മൂലധനം 15.5 ലക്ഷവും സ്വർണ്ണപ്പണയത്തിൻ മേൽ 1,13,33290 രൂപയോളം കടം കൊടുത്തിട്ടുണ്ട്. കാർഷിക വായ്പ 16,61,900 രൂപ വരും. വീട് റിപ്പേറിനു വ്യക്തിഗത ലോൺ 51,48,481 ക. കൊടുത്തിട്ടുണ്ട്. കിണർ, പമ്പ് സെറ്റ് എന്നിവക്ക് കൊടുത്ത വായ്പ 517992ക. യാണ്. കാലാവധി കഴിഞ്ഞ് കിട്ടാനുള്ളത് കാർഷികവായ്പ 798328.00ഉം സ്വർണവായ്പ 114158.00ഉം മറ്റ് വായ്പ 1132912.00ഉം ആണ്.

ബേങ്കിന്റെ വകയായി ഒരു വളം വിൽപ്പനസ്റ്റോറും ഒരു കൺസ്യൂമർ സ്റ്റോറും പ്രവർത്തിക്കുന്നുണ്ട്.

വളം വിതരണം, കൺസ്യൂമർ സ്റ്റോർ വഴി നിത്യോപയോഗ സാധനങ്ങളുടെ വിതരണം കാർഷിക വായ്പാ വിതരണം എന്നിവ ഫലപ്രദമാണ്. എന്നാൽ കാലാവധി കഴിഞ്ഞ് പിരിഞ്ഞ് കിട്ടാനുള്ള കാർഷിക വായ്പ 8 ലക്ഷത്തോളമുണ്ട് എന്നത് ഗ്രാമീണരുടെ ഋണ ബാധ്യതയെ പറ്റി ഒരു സൂചന നൽകുന്നു.

വിവിധ സാംസ്കാരിക സംഘടനകൾ നടത്തുന്ന പരസ്പര സഹായ നിധികൾ പഞ്ചായത്തിൽ ധാരാളമുണ്ട്. ഇത്തരം അനൗപചാരിക സമ്പാദ്യ സമ്പ്രദായങ്ങൾ അംഗീകൃതമല്ലെങ്കിൽ പോലും ലൈഫ് ഇൻഷുറൻസ്, ദേശീയ സമ്പാദ്യ പദ്ധതികൾ എന്നിവയ്ക്കൊപ്പം, ഇതും ഗ്രാമീണ ജനതയുടെ സമ്പാദ്യശീലത്തെ പ്രോൽസാഹിപ്പിക്കുന്നു എന്ന് കാണാം.

പഞ്ചായത്തിലെ 7, 8, 9, 10 വാർഡുകളിലാണ് ഗൾഫ് രാജ്യങ്ങളിൽ ജോലി ചെയ്യുന്ന ജീവനക്കാർ അധികമുള്ളത്. സിങ്കപ്പൂർ അമേരിക്ക എന്നീ രാജ്യങ്ങളിൽ ജോലി ചെയ്യുന്ന കുറച്ച് പേരും ഉണ്ട്.

വിദേശ മലയാളികൾ അയക്കുന്ന പണം പ്രത്യുൽപാദന മേഖലകളിൽ നിക്ഷേപിക്കപ്പെടുന്നില്ല. വീട് നിർമ്മിക്കുവാനും ആഡംബര വസ്തുക്കൾ വാങ്ങാനുമാണ് പണം മുഴുവനും ചിലവഴിക്കപ്പെടുന്നത്. ഗൃഹ നിർമ്മാണ മേഖലയിൽ നിർമ്മാണ തൊഴിലാളികൾക്ക് ജോലി കിട്ടുന്നുണ്ട് എന്ന പരിമിതമായ പ്രയോജനം മാത്രമെ ഗൾഫ് പണം കൊണ്ട് സമൂഹത്തിനുള്ളൂ എന്ന സ്ഥിതി മാറണം. വ്യക്തമായപദ്ധതികൾ ആവിഷ്കരിച്ചു നിക്ഷേപത്തിന്റെ സംരക്ഷണം ഉറപ്പാക്കികൊണ്ട് പഞ്ചായത്തിന്റെ കാർഷിക വ്യാവസായിക വളർച്ചക്ക്വേണ്ടി ഗൾഫ് പണം ഉപയോഗിക്കാൻ സാധിക്കണം അതിനുവേണ്ടിയുള്ള പ്രവർത്തനങ്ങൾ ജനകീയാസൂത്രണത്തിന്റെ ഭാഗമായിനിർവ്വഹിക്കേണ്ടതുണ്ട്.

രാഷ്ട്രീയമായും സാമൂഹ്യമായും ഉൽബുദ്ധതയുള്ള ഒരുജനത നിവസിക്കുന്ന പ്രദേശമാണ് പാട്യം പഞ്ചായത്ത്. സന്നദ്ധപ്രവർത്തനങ്ങളിൽ ഇവിടെയുള്ള ആളുകൾ അഹമഹമികയാ മുന്നോട്ടു വന്നിട്ടുള്ള ചരിത്രമാണ് ഈ പഞ്ചായത്തിനുള്ളത്. റോഡു് നിർമ്മാണം, മിനിസ്റ്റേഡിയംപണി, ശുചീകരണം എന്നിവയിൽ കൂടുതൽ റോഡുനിർമ്മാണത്തിന്നു് കഴിഞ്ഞകാലങ്ങളിൽ മനുഷ്യാധ്വാനം സംഭാവന ചെയ്തിട്ടുണ്ട്. ഏറ്റവും ഒടുവിലായി ഈ കൊല്ലം പുനരർപണദിനമായി ആചരിച്ച നവംബർ 1നുസൌജന്യമനുഷ്യാധ്വാനം നൽകി ഗവർമെണ്ട്ഹൈസ്കൂൾ റോഡും, കിഴക്കെകതിരൂരിൽ ചാലവയൽ-പാറേൽമുക്ക്റോഡും റിപ്പേർ ചെയ്യുകയുണ്ടായി. പഞ്ചായത്തിന്റെ വികസനത്തിനുവേണ്ടി സന്നദ്ധപ്രവർത്തനം വൻതോതിൽ ഉപയോഗിക്കാൻ കഴിയും എന്നകാര്യത്തിൽ സംശയമില്ല.

വികസനപ്രവർത്തനങ്ങൾ നടത്തുമ്പോൾ ജനങ്ങളിൽ നിന്നും സംഭാവനസ്വീകരിക്കുന്നരീതി ഉപയോഗപ്രദമായിരിക്കും വിഭവസമാഹരണത്തിൽ അതും ഒരുപ്രധാനഘടകമാണ്.

വരുമാനം വർദ്ധിപ്പിക്കുന്നതിനു് ചില നിർദ്ദേശങ്ങൾ

1 പഞ്ചായത്തിന്റെ കൈവശമുള്ള പുറമ്പോക്ക് സ്ഥലം കൃഷിനടത്താൻ താൽപര്യമുള്ളവർക്ക് ഓരോ കൊല്ലത്തേക്ക് പാട്ടത്തിനു് കൊടുത്ത് വരുമാനം വർധിപ്പിക്കാവുന്നതാണ്.

2 പഞ്ചായത്തിലെ പൊതുമരാമത്ത് പണി കരാറ്കാരെ കൊണ്ട് ചെയ്യിക്കുന്നതിനു പകരം, ജനകീയ കമ്മിറ്റികളെ ഏൽപ്പിക്കണം. സമയബന്ധിതമായി പണി പൂർത്തിയാക്കാനും, അഴിമതി അവസാനിപ്പിക്കാനും ഇത് സഹായിക്കും.

3 പഞ്ചായത്തിന്റെ വിവിധ സ്ഥലങ്ങളിൽ വാഹനങ്ങൾ പാർക്ക് ചെയ്യുന്നുണ്ട്. വാഹനങ്ങൾ പാർക്ക് ചെയ്യാനുള്ള ക്രമീകരണങ്ങളുണ്ടാക്കി പാർക്കിംഗ് ഫീ വസൂലാക്കേണ്ടതാണ്.

4 ദേശീയ സമ്പാദ്യപദ്ധതി പ്രകാരം പഞ്ചായത്തിൽ നിന്ന് സമാഹരിക്കപ്പെടുന്ന സംഖ്യ പരമാവധി വർദ്ധിച്ച് വരുമാനം കൂട്ടാവുന്നതാണ്.

5 അത്യാഡംബരത്തോടു കൂടി നടക്കുന്ന കല്യാണങ്ങൾ നിരുൽസാഹപ്പെടുത്തേണ്ടത് ഒരു സാമൂഹ്യ ബാധ്യത കൂടിയാണ്.

6 മുമ്പ് സൂചിപ്പിച്ചതു പോലെ കെട്ടിട നികുതി, തൊഴിൽ നികുതി എന്നിവ പരിഷ്ക്കരിച്ച് കൂടുതൽ നികുതി പിരിക്കേണ്ടതാണ്.

കെട്ടിട നികുതി 'അസസ്മെന്റ്' സമ്പ്രദായം ശാസ്ത്രീയമാക്കണം. വലിയ ചെലവുള്ള ഗാർഹിക കെട്ടിടങ്ങൾക്ക് പരിധി നിർണ്ണയിക്കുകയും പരിധിക്കപ്പുറം സർചാർജ് ചുമത്തുകയും ചെയ്യാവുന്നതാണ്.

7 ഇപ്പോഴുള്ള പഞ്ചായത്ത് ആപ്പീസ് കെട്ടിടം മഴക്കാലത്തു ചോർന്നൊലിക്കുന്നു. വില്ലേജ് ആപ്പീസും ഈ കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. ഈ സ്ഥലത്ത് ഒരു ഷോപ്പിംഗ് കോംപ്ലക്സ് – കം–പഞ്ചായത്ത് ആപ്പീസ് കെട്ടിടം നിർമ്മിച്ചു പഞ്ചായത്തിന്റെ വരുമാനം വർദ്ധിപ്പിക്കാൻ കഴിയുമോഎന്നു പരിശോധിക്കേണ്ടതാണ്.

8 ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും പഞ്ചായത്തു നേരിട്ടു നിക്ഷേപം സ്വീകരിച്ചു പദ്ധതികൾ നടപ്പിലാക്കാൻ ശ്രമിക്കണം.

9 പഞ്ചായത്തിലെ ഏറ്റവും വിലപെട്ട വിഭവമായ കായികാധ്വാനം പാഴായിപോകാതെ നാടിന്റെ കാർഷികവും വ്യാവസായികവുമായ വളർച്ചക്കുവേണ്ടി ഫലപ്രദമായി പ്രയോജനപ്പെടുത്താൻ കഴിയണം.

★

1996 നവംബർ 18ന് ചേർന്ന പാടൂർ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 18/96 നമ്പർ
തീരുമാനപ്രകാരം അംഗീകരിച്ചു പ്രസിദ്ധീകരിക്കുന്നു
അച്ചടി : പാടൂർ വാണിജ്യ കോംപ്ലക്സിലെ പ്രസ്, പാടൂർ